

പുളിക്കൽ ഗ്രാമപഞ്ചായത്ത്

ഭൂനമീയ ആനൂരുണം.....







സമഗ്ര വികസന രേഖ

പുളിക്കൽ ഗ്രാമ പഞ്ചായത്ത്.



ഭരണ സമിതി അംഗങ്ങൾ




സ്റ്റാഫംഗങ്ങൾ

112-7

പുളിക്കൽ ഗ്രാമ പഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



PULIKKAL GRAMA PANCHAYATH OFFICE
PO പുളിക്കൽ


വികസനസെമിനാർ

1996 നവംബർ 23 ശനി


ഗവ. ഹൈസ്കൂൾ കൊട്ടപ്പുറം

സമഗ്രവികസന റിപ്പോർട്ട്

പുളിക്കൽ ഗ്രാമപഞ്ചായത്ത്
മുൻകാല ഭരണ സാരഥികൾ



കെ. പി. കുർച്ചത്ത്
വീരാൻകുട്ടി സാഹിബ് (1963-69)



പുളക്കൽ ഖാദർ ഹാജി
(1969-79)

1979 മുതൽ ഇപ്പോഴത്തെ
ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്; **പി. മോയുട്ടി മൗലവി**
തൽസ്ഥാനത്ത് തുടരുന്നു.



എഡിറ്റർ

റസാക്ക് പയമ്പ്രോട്ട്

എഡിറ്റോറിയൽ സ്റ്റാഫ്

പി. മോയുട്ടി മൗലവി

കെ. പി. അബ്ദുറഹിമാൻ മാസ്റ്റർ

സി. മുഹമ്മദ് മാസ്റ്റർ


കെ. മുഹമ്മദ് ഷാഫി

എം. കാർത്തികേയൻ

കെ. പി. എ. റഷീദ്

കെ. നദീറ

ഡി. റ്റി. പി.
മൈക്രോനെറ്റ് ഗ്രാഫിക്സ്
കൊണ്ടോട്ടി
ലേഔട്ട്
വര പബ്ലിക്കേഷൻ കൊണ്ടോട്ടി
പ്രിൻറിംഗ് - മലബാർ പ്രിൻറിംഗ് &
പബ്ലിഷിങ്ങ് കമ്പനി - കോഴിക്കോട്
കവർ - കനകരാജ് പുളിക്കൽ



പുളിക്കൽ ഗ്രാമപഞ്ചാത്ത് സമഗ്രവികസന രേഖ


ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം
4. ഭൂപ്രകൃതയും വിഭവങ്ങളും
5. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകൾ
   - 5.1 കൃഷിയും ജലസേചനവും
   - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3 വിദ്യാഭ്യാസം
   - 5.4 കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.5 വ്യവസായം
   - 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും
   - 5.8 സംസ്കാരം
   - 5.9 വനിത
   - 5.10 സഹകരണസംഘങ്ങൾ
   - 5.11 പട്ടികജാതി ക്ഷേമം
   - 5.12 വിഭവസമാഹരണം
6. ഉപസംഹാരം

പ്രവർത്തന രേഖ

അനുബന്ധം


പുളിക്കൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



പ്രസിഡണ്ട്
പി. മോയുട്ടി മൗലവി



സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
എ. കെ. പോക്കരുട്ടി




വൈസ് പ്രസിഡണ്ട്
പി.പി. മൂസ്സ

പഞ്ചായത്തിൽ നിന്നുള്ളജനപ്രതിനിധികൾ

ലോക്സഭാംഗംഇ.അഹമ്മദ്
നിയമാസഭാംഗം
പി.കെ.കെ.ബാവ
ജില്ലാ പഞ്ചായത്ത് അംഗം
പി.ടി. അജയമോഹനൻ
ബ്ലോക്ക്പഞ്ചായത്ത് അംഗങ്ങൾ
എം.സി.മൂസ്സ
യു. നാണികുട്ടി ടീച്ചർ

ഭരണസമിതി അംഗങ്ങൾ




പി. അബ്ദുള്ള മാസ്റ്റർ




വാർഡ് - 11



കെ.പി. ബീരാൻ കുട്ടി
വാർഡ് - 6






സി. വേലായുധൻ



കെ. നദീറ
വാർഡ് - 3




പി. സുഭദ്ര
വാർഡ് - 8





സി. ഖദീജ




എം.സി. മൂസ്സ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ




എച്ച്.വി ഷെർളി ശോദന
സെക്രട്ടറി

പുളിക്കൽ ഗ്രാമപഞ്ചായത്ത് വികസന രേഖക്ക് പിന്നിൽ.....


അണിയറയിലും അരങ്ങത്തും




എഡിറ്റർ
റസാക്ക് പയമ്പ്രോട്ട്




കൺവീനർ
കെ.പി. അബ്ദുറഹിമാൻമാസ്റ്റർ




ടെക്നിക്കൽ അസിസ്റ്റന്റ്
കെ. മുഹമ്മദ് ഷാഫി






ഡി. ആർ. പി
കെ. പി. എ. റഷീദ്



ഡി. ആർ. പി
സി. മുഹമ്മദ് മാസ്റ്റർ



ഡി. ആർ. പി
എം. കാർത്തികേയൻ

കൃതജ്ഞത

പുളിക്കൽ ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖയുടെ പൂർണ്ണതക്കായി വിശ്രമമില്ലാത്ത അദ്ധ്വാനവും വിലമതിക്കാനാവാത്ത ത്യാഗവും സഹിക്കേണ്ടിവന്ന മനസ്സുകൾ ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിക്കപെടുകതന്നെചെയ്യും. ഇത് ഈ ഗ്രമത്തിന്റെ പകർപ്പും പാരമ്പര്യവുമാണ്. ഇതിൽ അന്യതയുടെ അംശങ്ങളില്ല. പോരായ്മകളുണ്ടെങ്കിൽ അതും അനവന്റേതുമാത്രമെന്നും തിരിച്ചറിയാൻ നമുക്കാവും

എഡിറ്റർ



I

ആമുഖം

അധികാരം ജനങ്ങളിലേക്ക് എന്ന പുത്തൻ ഭരണക്രമത്തിന്റെ സാക്ഷാൽകാരമാണ് പഞ്ചായത്ത്രാജ്. ജനങ്ങളിൽപ്രത്യാശക്ക് വകനൽകുകയും നാടിന്റെനാഡിമിടിപ്പുകളിൽ താൽപര്യം കൂടുകയും ചെയ്യുന്ന തലമുറയുടെവക്താക്കളായി പുതുസമൂഹത്തെ മാറ്റിമറിക്കുകയുമാണ് പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ലക്ഷ്യം. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യങ്ങളിൽ അടിവരയിട്ടു പരാമർശിക്കപ്പെട്ട ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയ പൂർത്തീകരണത്തിന്റെ ആഹ്ലാദവും ഇവിടെ നാം കാണുന്നു.

ഗ്രാമസഭകൾ നമുക്ക് പുതുമയുള വാക്കുന്നതാണ്. നാട്ടറിവിലൂടെ നമ്മളെപ്പൊഴോ കേട്ടറിഞ്ഞ നാട്ടുകൂട്ടം, പുതിയ സംവിധാനത്തിൽ ഗ്രാമസഭകളായി നമുക്കു മുന്നിൽ അവതരിച്ചിരിക്കുന്നു. വർഷത്തിൽ രണ്ടു തവണയിൽ കുറയാതെ ഓരോ വാർഡിലേയും മുഴുവൻ ജനങ്ങളും (വോട്ടർമാർ) അതതു കേന്ദ്രങ്ങളിൽ സമ്മേളിച്ചു സ്വന്തം നാടിനെക്കുറിച്ചും നാടിന്റെ പ്രശ്നങ്ങളെക്കുറിച്ചും സഹജീവികളുടെ ക്ഷേമത്തെക്കുറിച്ചും അറിയാനും പറയാനും അഭിപ്രായങ്ങൾ രേഖപ്പെടുത്താനുമുള്ള അവസരം. ആധുനിക യുഗത്തിൽ മനുഷ്യർക്കെപ്പോഴോ നഷ്ടപ്പെട്ടുപോയ കൂട്ടായ്മയും പ്രതികരണശേഷിയും അഭിപ്രായപ്രകടന താൽപര്യവും തിരിച്ചുപിടിക്കാനും മാനവസാഹോദര്യത്തിന്റെ പുത്തനുണർവുകൾ കക്ഷിജാതിമത ഭേദചിന്തകൾക്കതീതമായി ഉയർത്തിപ്പിടിക്കാനും നമ്മുടെ ഗ്രാമസഭകൾ തീർത്തും പര്യാപ്തമാണ്. നമ്മൾ നമ്മെ തന്നെ തിരിച്ചറിയുകയും നമുക്ക് നമ്മുടെ നാടിനെ സ്നേഹിക്കാം, സേവിക്കാം എന്ന പ്രതിജ്ഞ പുതുക്കലും പരോക്ഷമായി ഗ്രാമസഭകളിൽ നടക്കുന്നു.

പ്രാദേശികാസൂത്രണത്തിൽ ബഹുജനങ്ങളുടെ പങ്കാളിത്തമാണ് ഗ്രാമ സഭകളിൽ ദർശിക്കുന്നത്. പ്രാദേശികമായ ആവശ്യങ്ങളും അവയ്ക്കുള്ള പ്രശ്നപരിഹാരങ്ങളും കണ്ടെത്തുവാൻ കൂട്ടായ ചർച്ചകളിലൂടെ കഴിയുന്നു. വികസനത്തെക്കുറിച്ച് ഇന്നലെവരെയുണ്ടായിരുന്ന കാഴ്ചപ്പാടുകളിൽ ചിലതൊക്കെ തെറ്റായിരുന്നുവെന്നും സ്ഥായിയായ വികസനം സാധ്യമാക്കാൻ ബഹുജന പങ്കാളിത്തം അത്യന്താപേക്ഷിതമാണെന്നതും ഗ്രാമീണരുടെ കൂടിയിരിക്കലുകളിലൂടെ ഉരുത്തിരിഞ്ഞെത്തിയ പുതിയ അറിവാണ്.

കേരളത്തിന് കൂട്ടായ്മയുടെ ചരിത്രമാണുള്ളത്. കേരള ജനത സർവ്വ മേഖലകളിലും സംഘടിതരാണ്. നൂറ്റാണ്ടുകളായി നിലനിന്ന ദുഷ്പ്രഭുത്വത്തിന്റെ നാട്ടാചാരങ്ങൾക്കെതിരെ നിരന്തരമായ പോരാട്ടങ്ങൾ നടത്തി ഒട്ടനവധി നേട്ടങ്ങൾ കൊയ്ത അനുഭവമുള്ളവരാണ് കേരളീയർ. സാംസ്ക്കാരിക വിദ്യാഭ്യാസ

രാഷ്ട്രീയ കാര്യങ്ങളിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിൽ നിൽക്കുന്ന ഈ സംസ്ഥാനത്തിന് തനതായ ഒരു വികസന സംസ്കാരം തന്നെയുണ്ട്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെ ജനകീയ പ്രവർത്തനങ്ങൾക്ക് ലോകമാതൃക സൃഷ്ടിച്ച സംസ്ഥാനമെന്ന സ്ഥാനവും കേരളത്തിനുണ്ട്. വികസന പ്രവർത്തനങ്ങളിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒത്തൊരുമിച്ചുള്ള നീക്കങ്ങൾ കേരളത്തിന്റെ മാത്രം പ്രത്യേകതയാണെന്ന് പറയാം.

ഈ ഒരു പശ്ചാത്തലത്തിലാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളത്തിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പ്രസ്ഥാനമായി രൂപപ്പെടുത്തിയിരിക്കുന്നത്. 9-ാം പദ്ധതി ജനകീയ പദ്ധതി എന്നതാണ് കേരളത്തിന്റെ മുദ്രാവാക്യം. പദ്ധതി സംബന്ധമായ ബഹുജന ബോധവൽക്കരണ പരിപാടികൾ, വിശേഷാൽ ഗ്രാമസഭകൾ, പദ്ധതി നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിന്നാവശ്യമായ പ്രാദേശിക പരിശീലനങ്ങൾ അതതു മേഖലകളിലെ വൈദഗ്ദ്ധ്യമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രത്യേകം ക്ലാസ്സുകൾ തുടങ്ങിയ പരിപാടികൾ ഇതിനകം പഞ്ചായത്ത് മുൻസിപ്പൽ വാർഡുകളിൽ നടന്നുകഴിഞ്ഞു.

നിലവിലുള്ള ആസൂത്രണ വ്യവസ്ഥയുടെ അപാകത വിലയിരുത്തുകയും മുകളിൽ നിന്ന് താഴേക്ക് എന്ന പതിവു രീതിക്കു പകരം താഴേ തട്ടിൽ ആസൂത്രണം നടത്തി മുകളിലേക്ക് പരിപാടികൾ കൊടുത്ത് അംഗീകരിപ്പിക്കുകയും ചെയ്യുന്ന മാതൃകയാണ് കേരളത്തിന്റെ ജനകീയാസൂത്രണം. സാധാരക്കാരായ ആളുകൾക്കും പദ്ധതി ആസൂത്രണത്തിൽ ഇതിലൂടെ പങ്കാളിത്തമുണ്ടാകുന്നു. നൂതനവികസന സംസ്കാരത്തിലേക്കുള്ള വാതായനങ്ങൾ ഇതിലൂടെ തുറക്കപ്പെടുന്നു.

അധികാരം ജനങ്ങളിലേക്ക് എന്നതാണല്ലോ പഞ്ചായത്ത് രാജ് സംവിധാനം. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകളിലേക്ക് വികേന്ദ്രീകരിക്കപ്പെടുകയാണ്. ഫെഡറൽവ്യവസ്ഥയിൽ സംസ്ഥാനം കയ്യാളിയിരുന്ന അധികാരത്തിന്റെയും സമ്പത്തിന്റെയും 40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണാധികാരത്തിൽ നൽകുന്നതോടെ പഞ്ചായത്തുകൾക്കുള്ള സർക്കാർവിഹിതം 40%വും കേരളസർക്കാരിന്റെ 60%ൽപെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർഫണ്ട് ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധസംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ നികുതി വരുമാനം എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകളായ വിഭവങ്ങൾ, അദ്ധ്വാനം തുടങ്ങിയവയിലൂടെ ഗ്രാമീണ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പടുത്താൻ കഴിയും.

ഇതൊക്കെ സാദ്ധ്യമാക്കി പഞ്ചായത്തിനെ യഥാർത്ഥ ഗുണഭോക്താവാക്കണമെങ്കിൽ ജനകീയതലം സുശക്തമായിരിക്കണം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെപ്രഥമലക്ഷ്യം നിറവേറ്റത്തക്ക പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിൽ നടത്തേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ താഴെതട്ടിൽനിന്നും 9-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 40% തുകയ്ക്ക് വരുന്ന സ്കീമുകൾ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഏറ്റവും പ്രധാനം. കക്ഷി, രാഷ്ടീയത്തിനതീതമായി ബഹുജനസംഘടകളെയും ഉദ്യോഗസ്ഥൻമാരെയും വിദഗ്ദൻമാരെയും വിവിധ തട്ടുകളിലുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരുമിച്ച് അണിനിരത്തിക്കൊണ്ടുള്ളപ്രവർത്തനമാണ് സംസ്ഥാന ആസൂത്രണബോർഡ് നിർദേശിച്ചിട്ടുള്ളത്. പ്രാദേശിക വികസനപ്രശ്നങ്ങളെ സർക്കാരിന്റെ സഹായത്തോടുകൂടി പ്രാദേശിക മുൻകൈയോടെ പരിഹരിക്കുന്നതിനുള്ള ഒരു പ്രവർത്തനപദ്ധതിയാണ് രൂപം കൊണ്ടിരിക്കുന്നത്. അടിവരയിട്ടു നാം മനസിലാക്കേണ്ടകാര്യം സർക്കാരിൽനിന്ന് എന്ത് കിട്ടുമെന്ന് മാത്രമല്ല, നാടിന്റെ വികസനത്തിന് ഒത്തൊരുമിച്ച് നമുക്ക് എന്ത് ചെയ്യാമെന്ന്കൂടി ചിന്തിക്കുന്ന ഒരു പുതിയ ശൈലിക്ക് രൂപം നൽകുകയെന്നതാണ്, ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം.

ജനകീയാസൂത്രണ പ്രസ്ഥാനം - പ്രവർത്തനങ്ങൾ പുളിക്കൽ ഗ്രാമപഞ്ചായത്ത്

✪ 96 സെപ്തംബർ 14,15,16 തിയ്യതികളിൽ അരീക്കോട് ഗവ. യു.പി സ്കൂളിൽ നടന്ന

ജില്ലാ റിസോഴ്സ് പേഴ്സൺ (കൊണ്ടോട്ടി, അരീക്കോട് ബ്ലോക്കുകൾ, മഞ്ചേരി മുൻസിപാലിറ്റി) ഒന്നാം ഘട്ടം പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും 8പേർ പങ്കെടുത്തു.ഇതിനു പുറമേ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത് അംഗം, ഗ്രാമ പഞ്ചായത്ത് വനിതാ അംഗം എന്നിവരും മുഴുവൻ സമയം ക്യാമ്പിൽ പങ്കെടുത്തു. പങ്കാളിത്തം - 11 പേർ.

- പരിശീലനം - മൂന്നാം ദിവസം പഞ്ചായത്ത്തല പ്രാദേശിക പരിശീലനം, പ്ലാനിംഗ് - ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, ബ്ലോക്ക്പഞ്ചായത്ത് അംഗം - ഡി.. ആർ. പി.മാർ.

- ചുമതല - ഗ്രാമപഞ്ചായത്ത് ഡി. ആർ. പി. കൺവീനർ - കെ.പി. അബ്ദുൽ റഹിമാൻ, മാസ്റ്റർ കോഴ്സ് കോ - ഓർഡിനേറ്റർ - റസ്സാക്ക് പയമ്പ്രോട്ട്.

- പ്രാദേശികപരിശീലനത്തിലേക്ക് വാർഡുകളിൽനിന്നും പരിശീലകരെ പങ്കെടുപ്പിക്കാനുള്ള ചുമതല വാർഡ് അംഗങ്ങൾക്ക് - വാർ ഡിൽനിന്നും 5-6 പേരുടെ പങ്കാളിത്തം ഉറപ്പ് വരുത്തി. പരിശീലനം 19-9-96 പ്രാദേശിക പരിശീ ലനം - മുന്നൊരുക്കങ്ങൾ അവലോകനം - പഞ്ചാ യത്ത് ഭരണസമിതി അംഗങ്ങൾ - ഡി. ആർ. പി. മാർ കൂടിയിരിക്കൽ - ചർച്ച പ്ലാനിംഗ് പഞ്ചായത്ത് ഓഫീസ്.

- 19-9-96 പ്രാദേശിക പരിശീലനം (ഏക ദിനം) ആലുങ്ങൽ മദ്രസ്സാ ഹാൾ. എല്ലാ വാർഡുകളിൽനിന്നും പങ്കാളിത്തമുണ്ടായി. വാർഡു മെമ്പർമാർ, ഗ്രാമപഞ്ചായത്തു സെക്രട്ടറി എന്നി വർക്ക് പുറമെ 89 പേർ പങ്കെടുത്തു. (ആകെ 102 പേർ) കാലത്ത് 9 മണി മുതൽ വൈകുന്നേരം 6 മണിവരെ നടന്ന പരിശീലനത്തിൽ മുഴുവൻ വാർഡുമെമ്പർമാരും പരിശീലകരും മുഴുവൻ സമയവും പങ്കെടുത്തു. ഉച്ചയ്ക്ക് ശഷം നടന്ന വാർഡ്തല പ്ലാനിംഗ് - ഗ്രാമസഭ, പ്രചരണപ്രവർ ത്തനങ്ങൾ, സംഘാടനം, ചർച്ച - ഇടപെടൽ എല്ലാറ്റിനും ധാരണയായി. ഗ്രാമസഭകളിൽ പങ്കെ ടുക്കേണ്ട ഡി.ആർ.പി.മാർക്ക് ചുമതല കൊടുത്തു.

വിശേഷാൽ ഗ്രാമസഭകൾ.

27-9-96 വെള്ളി 1,3,5,8,12 വാർഡുകൾ

29-9-96 ഞായർ 2,4,7,9,10,11 വാർഡുകൾ

4-10-96 വെള്ളി 6-ാം വാർഡ്.

<u>വിശേഷാൽ ഗ്രാമസഭകളിൽ വിഷയം അവതരിപ്പിച്ച ഡി.ആർ.പി.മാർ</u>

വാർഡ് 1, 2, 6 റസാക്ക്പയമ്പ്രോട്ട്

വാർഡ് 3 കെ.പി. മൂസ കുട്ടി

വാർഡ് 4,5 സി മുഹമ്മദ് മാസ്റ്റർ

വാർഡ് 7 കെ. മുഹമ്മദ് ഷാഫി

വാർഡ് 8 കെ.പി. എ. റഷീദ്

വാർഡ് 9, 11 കെ.പി. അബ്ദുറഹിമാൻ മാസ്റ്റർ

വാർഡ് 10,12 എം. കാർത്തികേയൻ

വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം

ആകെ പങ്കെടുത്തവർ	സ്ത്രീ	പു.	പട്ടികജാതി
2553	591	1962	506

- ദ്വിതീയ വിവരശേഖരം ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന റിപ്പോർട്ടിനെ മാത്രം ആശ്രയിച്ചാൽ പഞ്ചായത്തുതല വികസന റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ലഭ്യമായ പ്രാഥമിക വിവരങ്ങൾക്ക് പുറമെ ദ്വിദ്വീയ വിവരശേഖരംകൂടി പൂർത്തിയാക്കേണ്ടതുണ്ട്. 5-10-96നു പഞ്ചായത്തുതലത്തിൽ ഡി.ആർ.പി., എൽ.ആർ.പി. ഒത്തുചേരൽ നടത്തി. ഒക്ടോബർ 10,11 തിയ്യതികളിൽ സംസ്ഥാന വ്യാപകമായി നടക്കുന്ന ദ്വിദ്വീയ വിവര ശേഖരപ്രവർത്തനം പുളിക്കൽ പഞ്ചായത്തിലും ഫലവത്തായി നടത്തുന്നതിനുള്ള

പരിപാടികൾ തയ്യാറാക്കി.

✪ ഡി.ആർ.പി. മാരും എൽ.ആർ.പി. മാരും വാർഡ് മെമ്പർമാരും 18-10-96 ന് പഞ്ചായത്ത് തലത്തിൽ കൂടിയിരുന്നു. 12 വാർഡുകളിലും നടന്ന വിശേഷാൽഗ്രാമസഭകളെകുറിച്ചും ദ്വിദ്വീയ വിവരശേഖരത്തെക്കുറിച്ചും അവലോകനം നടത്തി. 23-10-96 ന് മുമ്പ് ദ്വിദ്വീയവിവരശേഖരം പൂർത്തിയാക്കതക്ക പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തു.

ഒക്ടോബർ 26,27,28 തിയതികളിൽ കിഴിശ്ശേരി ഗണപത് യൂപി സ്കൂളിൽ നടന്ന ജില്ലാ റിസോഴ്സ് പേഴ്സൺ (കൊണ്ടോട്ടി, അരീക്കോട് ബ്ലോക്കുകൾ) രണ്ടാംഘട്ട പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും പുളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് വനിതാ അംഗം പുളിക്കൽ സെക്രട്ടറി ശ്രിമതി. ഷെർളി ശോഭനയടക്കം 9പേർ മുഴുവൻസമയവും പങ്കെടുത്തു.

✪ ജില്ലാ പരിശീലനം മൂന്നാം ദിവസമായ 28-10-96 ഉച്ചയ്ക്ക്ശേഷം പഞ്ചായത്ത് തല പ്ലാനിംഗ് റിപ്പോർട്ട് 29-10-96 ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ഡി.ആർ.പി.മാർ സംയുക്തയോഗം, 2-11-96 ന് പ്രാദേശിക പരിശീലനം രണ്ടാംഘട്ടം സംഘാടനം - ചുമതല ധാരണയായി. പഞ്ചായത്ത് സമഗ്ര വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് 12 വിഷയങ്ങളിലും കോർഗ്രൂപ്പ് ശക്തമാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു. വാർഡ് മെമ്പർമാരെ ചെയർപേഴ്സണും അതതുവിഷയങ്ങളിൽ വൈദഗ്ദ്യമുള്ള വരെ വൈസ് ചെയർപേഴ്സൺ കൺവീനർ, ജോ. കൺവീനർ, അംഗങ്ങൾ എന്നീ സ്ഥാനങ്ങളിൽ നിയോഗിച്ചു. നിശ്ചിതസമയത്തിനകം ചെയ്തു തീർക്കേണ്ടതായ കർമ്മപരിപാടികൾ തയ്യാറാക്കി.

✪ 29-10-96 പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ഡി.ആർ.പി. മാർ സംയുക്തയോഗം

✪ 30-10-96, 31-10-96 റിപ്പോർട്ട് കരട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ വിഷയ ഗ്രൂപ്പിനെയുംനയിക്കാനുള്ളചുമതല വാർഡ് മെമ്പർമാർക്ക്. ഡി.ആർ.പി. മാർ പഞ്ചായത്തിൽ കൂടിയിരുന്നു.

✪ 1-11-96 ന് പുനരർപണ പരിപാടി.

കേരളപ്പിറവിയുടെ 40-ാംവാർഷികദിനമായ നവംബർ 1ന് ഗ്രാമ പഞ്ചായത്തു വാർഡുകളിൽ പുനരർപ്പണ പരിപാടി ബഹുജന സഹകരണത്തോടെനടന്നു.

വാർഡുകളിൽ നടന്ന പ്രവർത്തനങ്ങൾ

വാർഡ്	പ്രവർത്തനം - വിവരം
1	കൊടിക്കുത്തിപറമ്പ് - തൊട്ടിയിൽ റോഡ് നിർമാണോദ്ഘാടനം.
2	ചുങ്കപ്പാറ - കൊട്ടപ്പുറം ഹൈസ്കൂൾ റോഡ് അറ്റകുറ്റപ്പണി
3	പാലപ്പറമ്പ് - കുറ്റികാവ് മഠത്തിൽപടി റോഡ് അറ്റകുറ്റപ്പണി
4	കൊടപ്പറമ്പ് - ചെമ്മലപ്പറമ്പ് റോഡ് അറ്റകുറ്റപ്പണി
5	ആലക്കപ്പറമ്പ് - ചരണി റോഡ് അറ്റകുറ്റപ്പണി.
6	ഉണ്ണ്യത്തിപ്പറമ്പ് - ചൂരത്തിൽ കൊട്ടപ്പുറം ഹൈസ്കൂൾ റോഡ്
7	ആലുങ്ങൽ - കൊടികുത്തിപ്പറമ്പ് റോഡ് രണ്ടാംഘട്ട നിർമ്മാണപ്രവർത്തനം
8	പൗരബസാർ - വലിയപറമ്പ് - മുട്ടയൂർ റോഡ് അറ്റകുറ്റപ്പണി
9	ചെവിട്ടാണിക്കുന്ന് നടുത്തൊടി ആലങ്ങാട് പോത്തുംപെട്ടി റോഡ് പ്രവൃത്തി ഉദ്ഘാടനം
10	പൈക്കാടത്ത് മൂല ഹരിജൻ കോളനി റോഡ് നിർമ്മാണം
11	ചുണ്ടോക്ക് കുട്ടപ്പച്ചാലി റോഡ് നിർമ്മാണം
12	വാലഞ്ചേരി മങ്ങാട്ടുമുറി റോഡ് അറ്റകുറ്റപ്പണി

- 2-11-96 ഏകദിന പ്രാദേശിക പരിശീലനം - കൊട്ടപ്പുറം ഗവ. ഹൈസ്ക്കൂൾ ഹാൾ. എല്ലാ വാർഡുകളിൽ നിന്നും പങ്കാളിത്തമുണ്ടായി. വാർഡ് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവരടക്കം 97 പേർ പങ്കെടുത്തു. ഉച്ചക്കു മുമ്പുള്ള സമയം വീഡിയോ ക്ലാസ് ആയിരുന്നു. ഉച്ചക്കുശേഷം പ്രാഥമികമേഖല, ദ്വിതീയമേഖല, തൃതീയമേഖല ക്ലാസുകൾ ഡി.ആർ.പി.മാർനടത്തി. കോർഗ്രൂപ്പു കൾ പ്രത്യേകം കൂടിഇരുന്ന് റിപ്പോർട്ട് രൂപപ്പെടുത്തുന്നതിന് സഹായകമായ ചർച്ചകൾ നടത്തി. വികസന സെമിനാറിന്റെ മുന്നോടിയായുള്ള വാർഡ് തല പൊതുയോഗങ്ങളുടെ പ്ലാനിംഗ് റപ്പോർട്ടിംഗ് ഡി.ആർ.പി. ചുമതല.
- 3-11-96 പഠനപര്യടനം- പഞ്ചായത്ത് അതിർത്തിയായ കളത്തുംപാറ അണക്കെട്ട് ഭാഗത്തുനിന്നും വയലിലൂടെ ഫുട്പാത്ത്- മൂത്തേടത്ത് ഇടവഴി റോഡ്- മെയിൻ റോഡ്- ഹൈസ്കൂൾ റോഡ്- സലഫി റോഡ്- ഉണ്യത്തി പ്പറമ്പ് ഇറക്കം- ഉണ്യത്തിപ്പറമ്പ്- പള്ളിപ്പീടിക- പൂളക്കത്തടം- അടിച്ചിനിക്കാട് (വടക്കുംമല- കൂട്ടിക്കുളമ്പ്)- വാക്കാട്- ആനക്കുഴി- ആലിൻ ചുവട് അത്താണി- ചെറുമുറ്റം- ഉരുണ്ടടി- മായക്കര- മലക്കംപാറ- വയൽ- വടക്കുംപിലാക്കൽ- വയൽ- പോത്തുംവെട്ടിക്കൽ ഇടവഴി- ഇളയിടത്ത് കാവ്- വയൽ- റോഡ്- വയൽ- മുണ്ടോളി വയൽ- മുണ്ടോളിമൂല- മുണ്ടോളിമല- കൂവത്തോട്ടത്തിൽ- ചിറ്റേരിമല താഴ്വര പഞ്ചായത്തിന്റെ വടക്കേ അറ്റവും വാഴക്കാട് പഞ്ചായത്തിന്റെ അതിർത്തിയുമായ ചിറ്റേരി മലയിൽ പഠനപര്യടനം അവസാനിച്ചു.
  പഞ്ചായത്ത് മെമ്പർമാർ ഉദ്യോഗസ്ഥന്മാർ വനിതകൾ അടക്കം 12 പേരടങ്ങുന്ന സംഘമാണ് പഠനപര്യടനത്തിൽ പങ്കെടുത്തത്. ഭൂപ്രകൃതി രേഖാചിത്രം തയ്യാറാക്കി. പഞ്ചായത്ത് ഭൂപടത്തിലേക്ക് വിവരങ്ങൾ പകർത്തി.
- 4-11-96 - കോർ ഗ്രൂപ്പ് -പ്രത്യേകംകൂടി ഇരുന്നു. പഞ്ചായത്ത്തല കരട് റിപ്പോർട്ട് തയ്യാറാക്കൽ തുടർന്നു.
- 5-11-96 - 12 വിഷയങ്ങളുടെയും പഞ്ചായത്ത് തല കരട് റിപ്പോർട്ട് പൂർണ്ണമായി എന്നുറപ്പു വരുത്തി.
- 6-11-96 - സമഗ്ര വികസന റിപ്പോർട്ട് - കോർ ഗ്രൂപ്പ് പഞ്ചായത്തിൽ സമർപ്പിച്ചു.
- 7-11-96 - ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം- വികസന റിപ്പോർട്ട് വായന- പരിശോധന- ബോധ്യപ്പെടൽ. വികസനരേഖ കൂട്ടിച്ചേർക്ക ലോടെ ഭരണസമിതി അംഗീകരിച്ചു.
- 8-11-96 - സമഗ്രവികസന രേഖ പ്രസ്സിലെത്തിച്ചു. (അച്ചടി)
- 8-11-96 മുതൽ 19-11-96 കൂടിയ തീയ്യതികളിൽ-വാർഡുകളിൽ വികസന സെമിനാർ പ്രചരണ പൊതുയോഗങ്ങൾ
- 20-11-96 - വികസന സെമിനാർ - സ്വാഗത സംഘ രൂപീകരണയോഗം.
- 21-11-96 - വികസന സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതായ 300 പേരെ കണ്ടെത്തി ഗ്രൂപ്പു തിരിച്ച് കത്തുകൾ നൽകിയെന്ന് ഉറപ്പുവരുത്തൽ.
- 22-11-96 - പഞ്ചായത്തിലെ വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ പ്രത്യേകയോഗം - പഞ്ചായത്ത് ഓഫീസ്.
- 23-11-96 പഞ്ചായത്ത് വികസന സെമിനാർ സ്ഥലം ഗവ.ഹൈസ്ക്കൂൾ കൊട്ടപ്പുറം (രാവിലെ 9.30 മുതൽ വൈ. 5.30വരെ.)

ഇനി പറയട്ടെ

73-ാം ഭരണഘടനാ ഭേദഗതിയും 1994-ലെ കേരളപഞ്ചായത്ത്രാജ് നിയമവും ഗ്രാമഭരണത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നുവെന്ന് നാം മനസ്സിലാക്കിയല്ലോ. ഗ്രാമസഭകളിലൂടെ നേരിട്ടും പഞ്ചായത്ത് മെമ്പർമാരിലൂടെ പരോക്ഷമായും അധികാരം കയ്യാളേണ്ടത് ജനങ്ങളാണ്. ഗ്രാമഭരണം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കാൻ എല്ലാവിഭാഗം ആളുകളും ഈ വിഷയത്തിൽ താല്പര്യമുള്ളവരാകണം. നമ്മുടെ സാമൂഹിക

സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഒക്കെയും ഒട്ടനവധി ഭീഷണികൾ നിലനിൽക്കുമ്പോഴും സ്വാശ്രയത്വത്തിനും സ്വയം രക്ഷയ്ക്കുമായി നമ്മൾ കണ്ടെത്തിയതാണ് "സ്വയം പൂർണ്ണമായ നമ്മുടെ ഗ്രാമം" എന്ന സങ്കല്പം. ഇത് കേവലമായ ഒരു സങ്കല്പമല്ല, ആഗോളവൽക്കരണത്തിന്റെ ആമോദയത്തിലേക്ക് ലോകം ചിറക് വിരിക്കുമ്പോൾ നമുക്ക് അന്യമാകുന്ന നമ്മുടെ മഹത്തര പൈതൃകത്തെ മുറുകെ പിടിക്കാനുള്ള ശീഘ്ര ശ്രമം. പരാശ്രയചിന്തയ്ക്കുള്ള ബദലാണ് സ്വാശ്രയത്വം. ഇത് സാധ്യമാക്കാൻ നമ്മൾ ഉണരണം. സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയിൽ സമൂഹത്തോടുള്ള വ്യക്തിപരമായ ഉത്തരവാദിത്ത്വം നിറവേറ്റാനുള്ള വലിയ ശ്രമം നമ്മുടെയൊക്കെ പക്ഷത്തുനിന്നുമുണ്ടാവണം.

ഇനി മുതലുള്ളനാളുകൾ ഇതുപോലുള്ള ഒത്തുചേരലുകളുടേയും കൂട്ടുതീരുമാനങ്ങളുടെയും കാലഘട്ടമാണ്. അതിനായുള്ള നാന്ദിയായി വേണം ഈവേളയെപോലും നാം ഓർമിക്കാൻ.നാടിന്റെ സ്വാതന്ത്ര്യത്തിനും ക്ഷേമത്തിനുമായി ജീവാർപ്പണം ചെയ്ത ത്യാഗികളുടെ നാടാണിത്. കാലഘട്ടം നമ്മോടാവശ്യപെടുന്നത് നിസ്വാർത്ഥമായ പുനരർപ്പണമാണ്. ത്യാഗസന്നദ്ധമായ പുനരർപണത്തിന് നമുക്ക് പ്രതിജ്ഞയെടുക്കാം.


കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാനുള്ള അവസരം ലഭിച്ചെന്ന ചാരിതാർത്ഥ്യത്തോടെ പുളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്രവികസന രേഖ ഇവിടെ സമർപ്പിക്കുന്നു. പുത്തൻ പുലരികളെ ചരിത്രദൗത്യമാക്കാൽ മഹത്തായ യജ്ഞത്തിൽ പങ്ക് ചേരാനുമുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ ഇന്ന് തന്നെ നമുക്ക് സ്വീകരിക്കാം





2

ഗ്രാമപഞ്ചായത്ത് പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്		:	പുളിക്കൽഗ്രാമ പഞ്ചായത്ത്
പഞ്ചായത്തിന്റെ ഗ്രേഡ്		:	രണ്ടാം ഗ്രേഡ്
ബ്ലോക്ക്പഞ്ചായത്ത്		:	കൊണ്ടോട്ടി
താലൂക്ക്		:	ഏറനാട്
അസംബ്ലിമണ്ഡലം		:	കൊണ്ടോട്ടി
വിസ്തീർണ്ണം		:	28.2 ച. കി. മി
അതിരുകൾ		:	
	വടക്ക്	:	ചിറ്റേരിമല - വാഴക്കാട് ചീക്കോട് പഞ്ചായത്ത്,
	കിഴക്ക്	:	കളരണ്ടി തോട് - കൊണ്ടോട്ടി - ചീക്കോട് പഞ്ചായത്ത്
	തെക്ക്	:	പള്ളിക്കൽ പഞ്ചായത്ത്
	പടിഞ്ഞാർ	:	ചെറുകാവ്, വാഴയൂർ പഞ്ചായത്ത്
വാർഡുകൾ		:	12
ജനസംഖ്യ -	1991	:	28565
	സ്ത്രീ	:	14331
	പുരുഷൻ	:	14234
ജനസംഖ്യ -	1996	:	32764
	സ്ത്രീ	:	16226
	പുരുഷൻ	:	16538
പട്ടികജാതി -	1991	:	2941
	സ്ത്രീ	:	1516
	പുരുഷൻ	:	1425
പട്ടികജാതി -	1996	:	3373
	സ്ത്രീ	:	1739
	പുരുഷൻ	:	1634
സാക്ഷരത -	1991	:	20908
	സ്ത്രീ	:	10230
	പുരുഷൻ	:	10678
സാക്ഷരത -	1996	:	25107
	സ്ത്രീ	:	12329
	പുരുഷൻ	:	12778
പ്രസിഡൻറ്		:	പി. മോയുട്ടി മൗലവി
വൈസ് പ്രസിഡൻറ്		:	പി.പി. മൂസ
സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ		:	എ.കെ. പോക്കരുട്ടി







3

സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

സാമൂഹിക സാംസ്കാരിക പൈതൃകങ്ങളുടെ പിന്നാംപുറങ്ങളിൽ നൂറ്റാണ്ടുകളുടെ ചരിത്ര പശ്ചാത്തലമാണ് പുളിക്കൽ പഞ്ചായത്തിനുള്ളത്. ചരിത്രം കുളമ്പടിച്ച് കടന്നുപോയ സുദീർഘമായ പടയോട്ടങ്ങളുടെ മഹാപഥങ്ങൾക്ക് മൂകസാക്ഷിയായി പ്രാചീന കടുങ്ങപുരം ഭൂമികയുടെ ആസ്ഥാനം ഇവിടെ നിലകൊള്ളുന്നു. കടുങ്ങും ചിറ, നീലിത്തോട്, പൂവത്തിക്കോട്ട, പറവൂർ, അരൂർ, ആന്തിയൂർകുന്ന്, ചെറുകാവ് പെരിങ്ങാവ് എന്നീസ്ഥലനാമങ്ങളിലുംമറ്റും ഗതകാല ചരിത്ര സത്യങ്ങൾ വീണുറങ്ങുന്നു. ഇന്ന് ജീവിച്ചിരിക്കുന്ന ചുരുക്കം വ്യക്തികളുടെ തുരുമ്പെടുത്ത സായാഹ്ന ഓർമ്മകളിൽ തെളിഞ്ഞുവരുന്ന പഴമൊഴികളിലും നാടൻ പാട്ടുകളിലുംകടുങ്ങോൻ എന്ന പിന്നോക്കരാജാവിന്റെ ഒളിഞ്ഞുകിടക്കുന്ന പെരുമകൾ നിറഞ്ഞുനിൽക്കുന്നു.

ചിരപുരാതനമായ കോഴിക്കോട് -പാലക്കാട് രാജവീഥിയിൽ സമൃദ്ധമായ പുളിമരങ്ങളുടെ സാന്നിദ്ധ്യംകൊണ്ടാണത്രേ സമൃദ്ധിയുടെ പൊന്നടയാളങ്ങളായി തെങ്ങിൻതോപ്പുകളും പാടശേഖരങ്ങളും നിറഞ്ഞു നിന്ന, ഊടുവഴികൾ നിറഞ്ഞ ഊരിന് പുളിക്കൽ എന്ന സ്ഥലനാമം കൈവന്നത്. ഈ വീഥിയുടെ നിർമ്മാണചരിത്രം ടിപ്പുസുൽത്താന്റെ പടയോട്ടവുമായി ബന്ധപ്പെട്ടു കിടക്കുന്നു. കുന്നുകളും, മലകളും, താഴ്വരകളും നിറഞ്ഞ ഭൂമിശാസ്ത്രപ്രകൃതിയാണ് പുളിക്കൽ പഞ്ചായത്തിനുള്ളത്.

20 ാംനൂറ്റാണ്ടിന്റെ ആരംഭദശയിൽ ദേശീയപ്രസ്ഥാനത്തിന് അമൂല്യ സംഭാവനകൾ നൽകിയ സ്വാതന്ത്ര്യസമര സേനാനികളുടെയും മറ്റ് സാമൂഹിക സാംസ്കാരിക സാമുദായിക വിദ്യാഭ്യാസ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും കർമ്മ മണ്ഡലമായിരുന്നു പുളിക്കൽ, ഒളവട്ടൂർ പ്രദേശങ്ങൾ. ഈ മഹൽസംരംഭങ്ങളുടെ തിളക്കമാർന്ന പ്രവർത്തനം കൊണ്ട് കൊട്ടപ്പുറം വലിയപറമ്പ്, അരൂർ, ഒളവട്ടൂർ മേഖലകളിൽ മാറ്റത്തിന്റെറതിരികൊളുത്താൻ ഒട്ടേറെ കാരണമായി. 1921-ൽ ബ്രിട്ടീഷുക്കാർക്കെതിരെ നടത്തിയ മലബാർ സമരത്തിൽ വെള്ളക്കാരന്റെ തോക്കിലും ബയണറ്റിലും കോർക്കപ്പെട്ട മനുഷ്യജീവനുകളുടെ കണക്കിലേക്ക് ഈ പ്രദേശത്തിൽനിന്ന് മാത്രം 60 ഓളം പേർ വരും. പഴയ ഓർമ്മകളുടെ സൂക്ഷിപ്പുകാരായുള്ള കാരണവൻമാരുടെ സാക്ഷി മൊഴികളിൽ മലപ്പുറത്തെ തുക്കടി സായിപ്പിനെ സഹായിക്കാൻ കോഴിക്കോട്ട് നിന്നും ക്യാപ്റ്റൻ മെക്കൻറോയിയുടെ നേതൃത്വത്തിൽ വന്ന 200ഓളം പട്ടാളക്കാർ അന്നത്തെ മാർഷൽ ലോ ഉത്തരവിന്റെ പ്രാരംഭംകുറിച്ചത് ഈ പ്രദേശത്തുനിന്നാണെന്ന് കാണുന്നു. സൈനൃത്തിന് മാർഗ്ഗതടസ്സമുണ്ടാക്കിയതിന്റെ പേരിൽ നടന്ന പട്ടാള നടപടിയിൽ കുടുക്കിൽ ചമ്മൻ തൊടി വീട്ടിൽ നിന്നു മാത്രം സ്ത്രീകളും കുട്ടികളുമടക്കം 23 പേർ വെടിയേറ്റു

മരിച്ചു. അന്നു ബ്രിട്ടീഷുക്കാർക്കെതിരെ സമരം നയിച്ച പ്രമുഖരിൽ M PCC (മലബാർ പ്രദേശ് കോൺഗ്രസ്സ് കമ്മറ്റി), ഖിലാഫത്ത് നേതാവുമായ കുടുക്കിൽ പട്ടർതൊടു ബീരാൻ ഹാജിയും ഉൾപ്പെടുന്നു. പിൽക്കാലത്ത് ഇ. എം. എസ്സി.നെ പോലുള്ള ദേശീയ നേതാക്കൾ ഇദ്ദേഹത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. ബീരാൻ ഹാജിയുടെ ഭാര്യ കദിയുമ്മ 21-ലെ പട്ടാള വെടിവെപ്പിലാണ് മരിച്ചത്. അന്ന് പട്ടാളക്കാരുടെ വെടിയേറ്റു മരിച്ചവരിൽ, കുടുക്കിൽ പുറ്റാണിക്കാട്ട് ബീരാൻ, കുടുക്കിൽ കോച്ചാംപള്ളി മമ്മദ്, ചൂരത്തിൽ വീരാൻ കുട്ടി, അറമ്പൻ വീരാൻകുട്ടി, അപ്പക്കാട്ടുകുഴി മുഹമ്മദ്, ചമ്മൻതൊടി ആയിശ, ചാലി നീലാണ്ടൻ, ചാലികണ്ണൻകുട്ടി, പരിയാരത്ത് നാവുട്ടി, പരിയാരത്ത് നീലാണ്ടൻ, കോതേരി ചാത്തൻ, ചെറോടൻ കീരൻ, കോതേരി ചേര, കോതേരി ഉണ്ണിപാപ്പൻ, കോതേരി നീലാണ്ടൻ, കാരിക്കുട്ടി, കാരി, കങ്കാടി ഉണ്ണിപാപ്പൻ തുടങ്ങി 12 ഹരിജനങ്ങളും, ചമ്മൻതൊടി ബീയാത്തുട്ടി, ആയിശകുട്ടി, കദീശകുട്ടി, ബീയ്യകുട്ടി, എന്നീ സഹോദരിമാരും അരൂരിലെ കമ്പറാക്ക ചേക്കു മമ്മദ് എന്നിവരും ഉൾപ്പെടുന്നു. പുറ്റാണിക്കാട്ടു ബീരാൻ സഹോദരൻ കുഞ്ഞാറു, അയ്യൻകുയ്യൻ അലവി മുസ്ല്യാർ, വാഴകുഴി അലവി, കക്കോട്ട് പുറത്ത് ഉണ്ണീൻകുട്ടി, സി.കെ. ഹസ്സൻ എന്നിവരെ അറസ്റ്റ് ചെയ്യുകയും, മുസ്ല്യാരെ പിന്നീട് സിലോണിലേക്ക് നാട് കടത്തുകയും ചെയ്തു. ഈ സമരത്തിൽ നാടിന്റെ നാനാഭാഗത്ത് നിന്നും ജാതി മതഭേതമന്യേ അരൂരിലെ പൂളക്കൽ കാദർ സാഹിബ്, കൊണ്ടോട്ടി തങ്ങൾ എന്നിവരുടെ അടുത്ത് അഭയാർത്ഥികളായി എത്തിയവരെ ഇംഗ്ലീഷ് പട്ടാളം ഉപദ്രവിച്ചിരുന്നില്ല. യാതൊരു വർഗ്ഗീയ ലഹളയും ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല എന്നുള്ളത് ഇവിടത്തെ മതസൗഹാർദ്ദത്തിന്റെ ഉദാത്തപാരമ്പര്യംവിളിച്ചോതുന്നു. കൂടാതെ ഒളവട്ടൂരിലെ ചക്കുംപൂളക്കൽമൊയ്തീൻ ഹാജി മൊടത്തിപറമ്പത്ത് മോയിൻ കുട്ടി എന്നിവരെ താമ്രപത്രം നൽകി ആദരിക്കുകയുണ്ടായി.

ജന സാമാന്യത്തിൽ ഭൂരിഭാഗം വരുന്ന മുസ്ലിംപിന്നോക്കക്കാരിൽ വിദ്യാഭ്യാസ നവോത്ഥാനത്തിനും തദ്ദോരാ രാഷ്ട്രീയ ജാഗരണത്തിനും വേണ്ടിയുള്ള സംഘടിതശ്രമങ്ങൾ നൂറ്റാണ്ടിൻറ ആദ്യദശകങ്ങളിൽ തന്നെ ഇവിടെ സജീവമായി. മലബാറിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണ് 1921- ലെ കലാപത്തിന്റെ മൂല കാരണമെന്ന കണ്ടത്തലുകൾ ഈ പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത അധികാരികളെ ബോധ്യപ്പെടുത്തി. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ കൊട്ടപ്പുറത്ത് ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചെങ്കിലും നിലനില്ക്കുകയുണ്ടായില്ല. ശേഷം 1900-ൽ ഇന്നത്തെ എൽ. പി. സ്കൂൾ കൊട്ടപ്പുറത്ത് സ്ഥാപിക്കപ്പെട്ടു. അങ്ങിനെ ആദ്യ എലമൻററി സ്കൂളിന്റെ സ്ഥാനം കൊട്ടപ്പുറത്തിന് കൈവന്നു. അതേ കാലയളവിൽ തന്നെ മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദാജിയുടെ മദ്രസ്സാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പുളിക്കലിൽ കവാക്കിബുനയ്യിറ സംഘം രൂപം കൊള്ളുകയും പുളിക്കൽ അൽ മദ്രസത്തുൽ മുനവ്വറ എലമെൻറി സ്കൂൾ സ്ഥാപിതമാവുകയും ചെയ്തു. 20-കളിൽ മുട്ടയൂർ, വലിയപറമ്പ് എന്നിവിടങ്ങളിൽ ബേസിക്ക് സ്കൂളുകളും 30-കളിൽ ഒളവട്ടൂർ മലക്കം പാറയിലും അരൂരിലും ഓരോ ഏകാദ്ധ്യാപക സ്കൂളുകളും സ്ഥാപിതമായി. പൂളക്കൽ തറവാട്ടിലെ കുട്ടികളുടെ പഠനത്തിനായി തുടങ്ങിവെച്ച സ്ഥാപനമാണ് പില്ക്കാലത്ത് അരൂർ യൂപിസ്കൂളായിത്തീർന്ന്. ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മുന്നണിപ്പോരാളികളായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ മാധവൻ, കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാർ, ഇ. മൊയ്തു മൗലവി, ഒളവട്ടൂർ കെ.സി. കോമുകുട്ടി മൗലവി, കെ.യം. മൗലവി തുടങ്ങി പലനേതാക്കൻമാരുടെയും പ്രവർത്തന കേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനം പുളിക്കലിനുണ്ട്. ഡോ. പട്ടാഭി സീതാ രാമയ്യ, ഡോ. സെയ്തുമുഹമ്മദ് തുടങ്ങിയ ദേശീയ നേതാക്കൻമാർക്ക് പുളിക്കൽ വേദിയൊരുക്കിയിട്ടുണ്ട്. ഖാദി പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സജീവമായി തുടർന്നുപോന്നു. ഗട്ട് നിർമ്മാണം, നൂൽനൂല്പ്, എന്നീ കർമ്മമണ്ഡലങ്ങളിൽ വ്യാപൃതരായിരുന്ന വ്യക്തിത്വങ്ങളിൽ പി.വി.കോയ, ആക്കത്തൊടി ചിന്നൻ നായർ, ഉബൈദുല്ല മൗലവി, കളത്തിൽ തങ്ങൾമാസ്റ്റർ തുടങ്ങിയവർ ഉൾപ്പെടുന്നു. സെക്കണ്ടറി വിദ്യാഭ്യാസത്തിനായി കാതങ്ങൾ

താണ്ടി മൊറയൂർ, ചെറുവണ്ണൂർ, ഫറോക്ക്, ചാലിയം, കോഴക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാഭ്യാസം നടത്തിയനരുന്ന ത്യാഗപൂർണ്ണമായ ചരിത്രമാണ് ഇവിടുത്തുകാരുടേത്. തുടർന്നുള്ള ദശകങ്ങളിൽ അഭൂതപൂർവ്വമായ മാറ്റത്തിന്റെ പിന്തുടർച്ചയെന്നോണം പുളിക്കൽ, ഒളവട്ടൂർ, തടത്തിൽ പറമ്പ്, കൊട്ടപ്പുറം എന്നിവിടങ്ങളിൽ ഹൈസകൂളുകൾ സ്ഥാപിതമായി. ഇതിൽ പഞ്ചായത്തിൽ അംഗീകാരം ലഭിച്ച ഹൈസ്കൂളിൽ ആദ്യത്തേത് എ.എം.എം.എച്ച്.എസ്സ്.പുളിക്കലാണ്. മതപഠന കേന്ദ്രങ്ങളായി 1946-ൽ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജും, ശേഷം ഒളവട്ടൂർ എൻ.ഐ.എ.കോളേജും സ്ഥാപിതമായി. പള്ളി ദർസുകളും, മദ്രസ്സകളും ധാർമികതയുടെ മൂല്ല്യാധിഷ്ഠിത ആത്മീയകേന്ദ്രങ്ങളായി പരിലസിച്ചു. കാലാനുസൃതപ്രയാണത്തിനൊത്ത് ഭൗതിക വിദ്യാഭ്യാസ പ്രാധാന്യത്തിന്റെ തിരിച്ചറിവിനെ പണ്ടു മുതൽക്കേ സ്വാഗതം ചെയ്തമഹത്വമായ പാരമ്പര്യമാണിവിടത്തേത്. ഫാറൂഖ് കോളേജ് സ്ഥാപക നേതൃത്വത്തിൽ സജീവമായിരുന്ന കോമുക്കുട്ടി മൗലവിയുടെ സേവനം ശ്ളാഘനീയമാണ്. അങ്ങിനെ ഫാറൂഖ് കോളേജ്, പി.എസ്.എം.ഒ. കോളേജ്, മലബാർ ക്യസത്യൻ കോളേജ്, തുടങ്ങിയ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് ആദ്യം മുതൽക്കേ വിദ്യാർത്ഥികൾ പോയിത്തുടങ്ങി.

സമൂഹത്തിൽ ഒടിയൻ, പുലാപ്പേടി, മണ്ണാപ്പേടി, ദുർമന്ത്രവാദം തുടങ്ങി പല തരത്തിലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നില നിന്നിരുന്നു. പണ്ടുമുതൽക്കേ സാമൂഹിക അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരിലുള്ള സംഘടിത പോരാട്ടശ്രമങ്ങൾ പുളിക്കലുണ്ടായിട്ടുണ്ട്. ഇതിൽ അറബിക്കവിയായിരുന്ന പി. വി. മുഹമ്മദ് മൗലവി, ഒളവട്ടൂർ കെ. സി. കോമുക്കുട്ടി മൗലവി, പി. പി. ഉണ്ണിമൊയ്തീൻ കുട്ടി മൗലവി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതാണ്. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകിയവരിൽ ഒളവട്ടൂർ കെ. കെ. ഹസ്സൻകുട്ടി, മേച്ചീരി അബൂബക്കർ മൗലവി, കെ. കെ. കുഞ്ഞാലൻകുട്ടി എന്നിവരുടെ സേവനങ്ങൾ കൂടി ചേർത്ത് വായിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ മൊത്ത സാംസ്കാരിക വളർച്ചക്ക് ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെ സംഭാവനകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. അൻപതുകളിൽ പുളിക്കൽ ആസാദ് വായനശാല, യുവജനവായനശാല, കൊട്ടപുറം അബ്ദുറഹിമാൻ സാഹിബ് സ്മാരക വായനശാല, ഒളവട്ടൂർ യുവജന ഗ്രന്ഥാലയം തുടങ്ങിയവയുടെ പ്രവർത്തനം അജ്ഞതയുടെ മരുഭൂവിൽ ഉഴലുന്നവർക്ക് വിജ്ഞാനവാടിയിലേക്കുള്ള പ്രത്യാഗമനത്തിന് വഴികാട്ടിയായി വർത്തിച്ച ചരിത്രമാണുള്ളത്. വായനശാലകളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന കയ്യെഴുത്ത് മാസികകൾ ജനങ്ങളുടെ ദേശീയബോധം സാംസ്കാരികനിലവാരം എന്നിവ ഉയർത്തുന്നതിന് മുഖ്യപങ്ക്വഹിച്ചു.

കോമുക്കുട്ടി മൗലവിയുടെ കാലശേഷം രചനാപാടവത്തിന്റെ അരങ്ങത്ത് ശൂന്യതയുടെ ചാരക്കൂനയിൽ നിന്നും ഊതിയെടുത്ത കനൽക്കട്ടയുടെ തിളക്കം കൈവിടാതെ സൂക്ഷിച്ച വ്യക്തിപ്രവർത്തനങ്ങളുടെ ആകെത്തുകയാണ് ഇന്ന് കാണുന്ന ഗ്രന്ഥാലയങ്ങളും വായനശാലകളും. വി. എം. കുട്ടി, പയമ്പ്രോട്ട് മുഹമ്മദലി മാസ്റ്റർ, തുടങ്ങി പലരുടേയും സേവനങ്ങൾ ഈ രംഗത്ത് മുതൽകൂട്ടായിട്ടുണ്ട്.

ജന്മി കുടിയാൻ വ്യവസ്ഥിതി നിലവിലിരുന്ന കാലഘട്ടത്തിൽ ഭൂസ്വത്തുക്കൾ മുഴുവനെന്നോണം നിലമ്പൂർ, തലയൂർ, സാമൂതിരി കോവിലകങ്ങളുടെ ജന്മാവകാശത്തിലായിരുന്നു. ഭൂമിയിൽ വിയർത്ത് കിട്ടിയ കർഷകന്റെ അധ്വാനഫലം സിംഹഭാഗവും അനുഭവിച്ച് പോന്ന പാരമ്പര്യമായിരുന്നു ജന്മിയുടേത്. ഇടനിലക്കാരായി കളങ്ങളിൽ കാര്യസ്ഥന്മാരുടെ ജോലിയിലേർപ്പട്ടിരുന്ന ഇടപ്രഭുക്കന്മാരും ചൂഷണവ്യവസ്ഥിതിയിലെ സർവ്വാധിപന്മാരായി വിലസി. ക്രമേണ കാണമായും, പാട്ടമായും കർഷകർ ഭൂമി സ്വന്തമാക്കുകയും ഭൂപരിഷ്കരണ കൂടി ഭൂരിഭാഗം കർഷകർക്കും കൃഷിഭൂമികളിൽ ഉടമസ്ഥാവകാശം പതിച്ച് കിട്ടുകയും ചെയ്തു. സാമൂഹിക രംഗത്തുണ്ടായ മാറ്റത്തിന്റെയും സാമ്പത്തിക അധികാര വികേന്ദ്രീകരണത്തിനും ആക്കം കൂട്ടിയ ഇന്ധനമായി പരിണമിച്ചത് ഒരളവോളം ഭൂപരിഷ്കരണ

നിയമമായിരുന്നെന്ന് പറയാം. "വെച്ചുകാണൽ" എന്ന സമ്പ്രദായപ്രകാരം വിശേഷാൽ ദിവസങ്ങളിൽ കാർഷിക വിഭവങ്ങൾ ജന്മിക്ക് കാഴ്ച വെയ്ക്കുന്ന രീതി പഴയ കാലത്തുണ്ടായിരുന്നു. പാരമ്പര്യമായി ആദി കാർഷിക പ്രയാണത്തിൽ കൃഷിഭൂമിയെ പച്ചപിടിപ്പിച്ച കാർഷിക വസ്തുക്കളായി മുഖ്യമായും കൃഷിചെയ്തിരുന്നത് നെല്ല്, ഇഞ്ചി, വാഴ, മരച്ചീനി, തുടങ്ങിയ ഭക്ഷ്യവിളകളും, തേങ്ങ, കുരുമുളക്, അടക്ക എന്നീ നാണ്യവിളകളുമായിരുന്നു. എള്ള്, ചാമ, ചൊളാണ്ടി, എന്നീ ഭക്ഷ്യധാന്യങ്ങളും സമൃദ്ധമായി കൃഷിചെയ്യപ്പെട്ടു. കശുമാവിൻ കൃഷിയുടെ പ്രചാരം വ്യാപകമായി സിദ്ധിച്ചത് ഈ നൂറ്റാണ്ടാരംഭത്തോട് കൂടിയാണ്. ഈയടുത്ത കാലത്തായി റബ്ബർ കൃഷിയും നടത്തിവരുന്നുണ്ട്. നാണ്യവിളകൾക്കും മറ്റും വിപണിതേടി പുളിക്കൽ വഴി കാളവണ്ടി മാർഗ്ഗവും, ചാലിയാർ വഴി ജല മാർഗ്ഗവും കർഷകർ കോഴിക്കോടുമായി ബന്ധപ്പെട്ടിരുന്നു. ഭക്ഷ്യധാന്യങ്ങളും, നാണയങ്ങളും കൂലിയായി നൽകിയിരുന്നു. ബാർട്ടർ സമ്പ്രദായവും നിലനിന്നു പോന്നു. സ്ത്രീകളുടെ കൂലിനിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

ഹരിജനോദ്ധാരണത്തിന് വ്യക്തിപ്രസ്ഥാന പ്രവർത്തനങ്ങൾ പ്രസ്ഥാവ്യമാണ്. ആക്കത്തൊടി ചിന്നൻനായർ, കുതിരക്കോട്ട് മൂസ്സ മൗലവി തുടങ്ങിയവർ ഇതിനായി മുൻകൈ എടുത്തിട്ടുണ്ട്. കുഞ്ഞിക്കാരി, ചെമ്പ, ചാത്തൻ, ചെറിയാത്തൻ തുടങ്ങിയ പേരുകൾ സ്മരിക്കേണ്ടതാണ്. പരിയാരത്ത് കൊറ്റൻ, പരിയാരത്ത് ചാത്തൻ എന്നിവർ 1921-ൽ ബ്രിട്ടീഷ് പട്ടാളക്കാരുടെ വെടിയേറ്റ് മരിച്ചഹരിജനങ്ങളെ മറവ് ചെയ്യാനും, പരിക്കേറ്റവരെ ആശുപത്രിയിലാക്കാനും മുൻകൈ എടുത്തു. വെടിയേറ്റ് പിടയുന്ന ഹരിജനങ്ങൾക്ക് പാളയിൽ വെള്ളം കോരിക്കൊടുത്ത് ആശ്വസിനിർവൃതിയടഞ്ഞ ആനടപ്പയിൽ ബീവാത്തുതാത്ത കാരുണ്യത്തിന്റെ മാനുഷിക മൂല്യങ്ങൾ കെടാതെസൂക്ഷിച്ച മഹതിയാണ്. അയിത്തോച്ചാടനത്തിന്റെ അലിഖിത നിയമങ്ങൾക്ക് അർഥവും, ഭാവവും രൂപപ്പടുത്തി ജാതീയത നിലനിർത്തപ്പോന്ന ആദ്യഘട്ടത്തിൽ ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദനീയമായിരുന്നില്ല. "കല്ലുമാല" സമ്പ്രദായം മാറ്റി ഹരിജൻ സ്ത്രീകളെ മാറുമറക്കാൻ "കുപ്പയമിടീക്കൽ" പ്രവർത്തനങ്ങൾ സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ഗ്രന്ഥസംഘങ്ങളുടെയും നേതൃത്വത്തിൽ നടത്തി. ഹരിജന വദ്യാഭ്യാസത്തിന് വിവിധ ഘട്ടങ്ങളിലായി ബോധവൽക്കരണവും നടത്തപ്പെട്ടു. തൊഴിൽ പരമമായ ഉച്ചനീചത്വങ്ങൾ സാമൂഹ്യമായ അസമത്വങ്ങൾക്കനുസൃതമായാണ് രൂപപ്പെടുത്തിയിരുന്നത്. പായ, കുട്ട, മൺകലം, തൊപ്പിക്കുട തുടങ്ങി കുടിൽ വ്യാവസായങ്ങളിലും ഇവർ ഏർപ്പട്ടിരുന്നു. ശിൽപചാരുതയിലും കൊത്തുപണികളിലും പാടവം തെളിയിച്ച തച്ചുശാസ്ത്രനിപുണരും ഇവിടെ കുറവായിരുന്നില്ല.

ആശുപത്രികളും മറ്റ് ചികിത്സാകേന്ദ്രങ്ങളും നിലവിലില്ലാത്ത കാലഘട്ടത്തിൽ പാരമ്പര്യ വൈദ്യന്മാരുടെ സേവനം നിസ്തുലമായിരുന്നു. മണ്ണാറക്കൽ ചാത്തുണ്ണി വൈദ്യർ, വേലൻ വൈദ്യർ, രാമൻകുട്ടി വൈദ്യർ, പീടികക്കണ്ടി മുഹമ്മദ് മുസ്ല്യാർ എന്നിങ്ങനെ പലരും ആതുര ശുശ്രൂഷാരംഗത്ത് സേവനംനടത്തി വന്നിരുന്നവരാണ്. ഇക്കാലത്ത് കോളറ, വസൂരി തുടങ്ങിയ മാരകരോഗങ്ങൾ ഈ പ്രദേശത്തെ ധാരാളം ജീവനപഹരിച്ചിട്ടുണ്ട്. ചികിത്സക്ക് മന്ത്രവാദികളുടെ സഹായം തേടിയിരുന്നവർ വിരളമായിരുന്നില്ല.

പഞ്ചായത്ത് ഭരണസമിതികൾ നിലവിൽ വരുന്നതിന് മുമ്പ് നികുതിപിരിവും ഭരണവും, നീതിന്യായ നിർവ്വഹണവും മറ്റ് അധികാരങ്ങളും നിക്ഷിപ്തമായിരുന്നത് പ്രമാണിമാരായ അധികാരിമാരിലായിരുന്നു. ഒളവട്ടൂർ, ആന്തിയൂർകുന്ന് എന്നീ ദേശങ്ങളുടെ ഭരണച്ചുമതല രണ്ടധികാരിമാർക്കായി വീതിച്ചിരുന്നു.

കലകളുടെ ഒരു ആദി സംസ്കാരചരിത്രം ഇവിടങ്ങളിൽ ഒളിഞ്ഞു കിടപ്പുണ്ട്. നാടൻ പാട്ടുകൾ, തെയ്യം, ചവിട്ടുകളി, കുഞ്ഞിക്കുതിര, നാട്ടിപ്പാട്ട്, കുറത്തിപ്പാട്ട്, പൂതംകളി, പൂതപ്പാട്ട് എന്നീ നാടൻകലകളും ഒപ്പന, കോൽക്കളി, ദഫ്ഫ്, അറവാന, ചെണ്ടമുട്ട് എന്നീകലകളുടെയും കാളപൂട്ട്, നായാട്ട് തുടങ്ങിയ വിനോദങ്ങളുടെയും വിളഭൂമിയായിരുന്നു ഇവിടം. മണ്ണടിഞ്ഞുപോയ പാരമ്പര്യകലകളുടെ പുനരാവർത്തന പ്രക്രിയയും ആദിഗോത്രചരിത്ര സംസ്കൃതിയിലേക്ക് വിരൽചൂണ്ടുന്നു.

പുളിക്കൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വിസ്മയകരവും ഗവേഷണാർഹവുമായ ചരിത്രസൂചനകൾ തെളിഞ്ഞു നിൽക്കുന്നു. ഒളവട്ടൂരിൽ ഇരുമ്പ്ഖനനവുമായി ബന്ധപ്പെട്ട കൊമ്പ്രമലയിലെ ഭൂഗർഭഅറകളും, വലിയപറമ്പിലെ ഇളകിമറിയുന്ന വെള്ളക്കുഴിയും, പൂവത്തിക്കോട്ട, പൊകോതിക്കുന്ന് എന്നിവിടങ്ങളിലെ ചരിത്രാവശിഷ്ടങ്ങളും, വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്ന ഗുഹാമുഖങ്ങളും പഴയകാല ആദിഗോത്ര ചരിത്രത്തിന്റെഅത്തന്നെ ഇരുളടഞ്ഞ സത്യങ്ങളിലേക്ക് വെളിച്ചം വീശുന്നു.

ഭരണ വികസന ചരിത്രത്തിലേക്കൊരെത്തിനോട്ടം

പുളിക്കൽ പഞ്ചായത്തിന്റെ ഇന്നത്തെ കെട്ടിടത്തിന് 1921 മെയ് 22 ന് ബഹുമാനപ്പെട്ട അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി. എച്ച്. മുഹമ്മദ് കോയ സാഹിബ് തറക്കല്ലിടുകയും 28-04-1972 ന് വെള്ളിയാഴ്ച അന്നത്തെ തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രി ജനാബ് അവുക്കാദർകുട്ടി നഹാ സാഹിബ് ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നിലവിലുള്ള ഇന്നത്തെ ഓഫീസ് കെട്ടിടം നിൽക്കുന്ന പത്ത് സെൻറ് സ്ഥലം സംഭാവന നല്കിയത് ആദ്യ പ്രസിഡണ്ട് കൂടിയായ കെ. പി. കുർച്ചത്ത് വീരാൻകുട്ടി സാഹിബാണ്. കെട്ടിടം നിലവിൽ വരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ആലുങ്ങൽ കെട്ടിടത്തിലായിരുന്നു ഓഫീസ് പ്രവർത്തിച്ചിരുന്നത്. ഉദാരമനസ്കരും, സാമൂഹിക, സാംസ്കാരിക, വുദ്യാഭ്യാസ നവോദ്ധാനമേഘലയിൽ വിപ്പെട്ട വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തിത്വങ്ങളുടെ പട്ടികയിൽ അരൂർ പൂളക്കൽ ഖാദർഹാജി, ഒളവട്ടൂർ ശേഖരൻ അധികാരി, കെ.സി.മോനുദ്ദീൻ ഹാജി, എം.കെ. മമ്മദിശഹാജി, വലിയപറമ്പ് കെ.പി. മൊയ്തീൻ കുട്ടി ഹാജി, പി.പി.മൊയ്തീൻ ഹാജി പുളിക്കൽ കോമു കുട്ടി മാസ്റ്റർ, കെ.പി. മുഹമ്മദ് ഹാജി, വലിയപറമ്പ് പറങ്ങോടൻ മാസ്റ്റർ, കരുമ്പൻ ഗുലാം മൊയ്തീൻ, കൊട്ടപ്പുറം ഹസ്സൻ ഹാജി, അഹമ്മദ് കുട്ടി മാസ്റ്റർ, അഹമ്മദ് കുട്ടി ഹാജി, പീടികകണ്ടി മുഹമ്മദ് മുസ്ല്യാർ, അപ്പക്കാട്ടുകുഴി മുഹമ്മദ് ഹാജി, പണിക്കർ മാസ്റ്റർ, കെ.പി.കുഞ്ഞഹമ്മദ്, കരുമ്പൻ മമ്മദ്കുട്ടി, പയമ്പ്രോട്ട് മമ്മദ്, കളതൊടി ഏന്തീൻകുട്ടി ഹാജി തുടങ്ങി പഴയ തലമുറയിലെ പലരേയും ഇന്നിവിടെ നാം സ്മരിക്കുന്നു. ഇന്നത്തെ പല പൊതു സാംസ്കാരിക നിലയങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്ഥലം നൽകി നാടിന്റെ വികസന പാത വെട്ടിത്തെളിച്ച ഉദാരമതികളുടെ പേര് സൂചിപ്പിക്കുന്നത് ഉചിതമായിരിക്കും. അരൂർ കമ്മ്യൂണിറ്റിഹാൾ- പൂളക്കൽ തലക്കോട്ടിരി ഖാദർ സാഹിബ്, അരൂർ കൃഷിഭവൻ ക്വാർട്ടേഴ്സ്, അബ്ദു റഹിമാൻ കുട്ടി ഹാജി, വലിയപറമ്പ് അംഗൻവാടി - രായിൻകുട്ടി മാസ്റ്റർ, വലിയപറമ്പ് ഐ.പി.പി. സെൻറർ - കെ.പി. മൊയ്തീൻ ഹാജി, കെ. കാരിക്കുട്ടി, കൊടിക്കു ത്തിപ്പറമ്പ് ഐ.പി.പി. സെൻറർ, ചെമ്മാടൻ വീരാൻ മൊയ്തീൻ, തടത്തിൽ പറമ്പ് ഗവ. ഹൈസ്കൂൾ ഡോ. ശങ്കരൻ നായരും, ഒ.പി. ഗോപാലകൃഷ്ണൻ നായരും കുടുംബവും, കൃഷിഭവൻ - അപ്പാട്ടുകുഴി മുഹമ്മദ് ഹാജി, കൊട്ടപ്പുറം ഐ.പി.പി സെൻറർ - മോയിൻകുട്ടി, ചൂലൻ, ഐ.പി.പി. സെൻറർ - സി.കെ. ആലിക്കുട്ടി, ചെന്നീരി അംഗൻവാടി - പി. കാളി, ഗവ. ആയുർവേദിക് ഡിസ്പൻസറി - പി.ടി കൃഷ്ണൻ നായർ, കെ.വി. അബൂബക്കർ ഹാജി, അരൂർ ഐ.പി.പി - പൂളക്കൽ അബു മാസ്റ്റർ ഒളവട്ടൂർ ഐ.പി.പി. സെൻറർ പി.കെ ഇസ്മായിൽ ഹാജി, പി. മൂസ്സ മൗലവി തുടങ്ങിയവരാണ്. പല സ്ഥാപനങ്ങളും ഉദാരമതികളാൽ നിർമ്മിക്കപ്പെട്ടു. തടത്തിൽ പറമ്പ് ഹൈസ്കൂൾ ബ്ലോക്ക് സി.കെ. ബീരാൻഹാജിയുടെ സംഭാവനയാണ്. ഇങ്ങനെ മൊത്തത്തിൽ പഞ്ചായത്തിന്റെ വികസനത്തിനും വളർച്ചക്കും ജീവിച്ചിരിക്കുന്നവരും മരിച്ച് പോയവരുമായ ഒട്ടേറെ വ്യക്തികളുടെ സേവനങ്ങളും ത്യാഗങ്ങളും അവിസ്മരണീയമാണ്.

പലഭാഗത്തും നാട്ടുകാർ തന്നെ റോഡുകൾശ്രമദാനമായി ഏറ്റടുത്ത് നിർമ്മിക്കുകയുണ്ടായി. ഇവയിൽ പ്രധാനപ്പെട്ടത് പുളിക്കൽ-ഒളവട്ടൂർ റോഡാണ്. പുളിക്കൽ നിന്ന് ദുഷക്കരമായ പാമ്പൂര്യൻപാറ വഴി ഒളവട്ടൂരിലേക്ക് ശ്രമദാനമായി റോഡ് നിർമ്മിക്കുന്നതിന് നേതൃത്വം നൽകിയത് ഒളവട്ടൂർ കക്കോട്ട്പുറത്ത് വീരാൻകുട്ടിയാണ്.

പതിറ്റാണ്ടുകൾ പഴക്കമുള്ള ഈ ഊടുവഴി പഞ്ചായത്ത് റോഡായി. എങ്കിലും വർഷങ്ങൾക്ക് മുമ്പ് പരേതരായ മർഹും, സി.എച്ചും, പി. സീതി ഹാജിയും ഈ റോഡ് പി.ഡബ്ല്യു.ഡി. യിൽ ഉൾപ്പടുത്താൻ വളരെ ശ്രമിച്ചിരുന്നെങ്കിലും പലസാങ്കേതിക കാരണങ്ങളാൽ അവർക്കത് പൂർത്തീകരിക്കാൻ സാധിച്ചില്ല. പിന്നീട് പഞ്ചായത്ത് പ്രസിഡണ്ട് പി.മോയുട്ടി മൗലവി, വൈസ്. പ്ര.. ഏ.കെ. പോക്കരുട്ടി, എം.എൽ.എ. കെ.കെ അബൂസാഹിബ്, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ.കെ. ബാവസാഹിബ് എന്നിവരുടെ 1990 മുതൽ 94 വരെയുള്ളകാലത്തെ അശ്രാന്ത പരിശ്രമഫലമായാണ് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈറോഡ് പുളിക്കൽ - ചെവിട്ടാണി കുന്ന് - വെട്ട്ക്കാട് റോഡ് എന്നപേരിൽ PWD ഏറ്റടുത്ത് പ്രവർത്തനം തുടങ്ങിയത് ഇത് ഈ പ്രദേശത്ത്കാരുടെ ഒരുചിരകാലാഭിലാഷമാ യിരുന്നു. മറ്റു റോഡുകളിൽ പ്രധാനപ്പെട്ടത് കൊട്ടപ്പുറം - ആൽപറമ്പ് റോഡ്, ആലുങ്ങൽ - നീറാഡ് റോഡ്, പുളിക്കൽ - ഒളുട്ടൂർ റോഡ്, വെട്ടുക്കാട് -പുതിയോടത്ത് പറമ്പ് റോഡ്, കരടുക്കണ്ടം - വള്ളിക്കാട് റോഡ്, ആലുങ്ങൽ-പാറക്കൽ, ആലുങ്ങൽ - പുവത്തിക്കോട്ട, പാണ്ടി യാലകണ്ടി - ഏച്ചിലാംകുഴി, പൗരബസാർ- ലക്ഷം വീട്-കൃഷിഭവൻ, വലിപറമ്പ്-കോളായി-ആന്തിയൂർകുന്ന് റോഡ്, ചെറുമുറ്റം-മായക്കര റോഡ് എന്നിവ ജനങ്ങൾ ശ്രമദാനമായി നിർമ്മിച്ചതിൽപ്പെടുന്നു. പഞ്ചായത്ത് തലത്തിൽ കാർഷിക വിദ്യാഭ്യാസസെമിനാറുകൾ സംഘടി പ്പിച്ചിട്ടുണ്ട്. ക്ലബ്ബുകളുടെ നിസ്വാർത്ഥസേവനം സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ വളർച്ചക്ക് ഉത്തേജനം നൽകി. ഒന്നും രണ്ടും ഘട്ട സാക്ഷ രതാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് കെ.കെ. ഹൈദർ മാസ്റ്റർ, പി.എം. ആറ്റക്കോയതങ്ങൾ എന്നിവരുമായി സഹകരിച്ചു പ്രവർത്തിച്ച ഒട്ടേറെ പ്രമുഖരും സേവന തൽപരരും ഇന്നും വികസനത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ കൊണ്ടോട്ടി പ്രൊജക്ട് തലത്തിൽ എറ്റവും നല്ല സബ് പ്രൊജക്ട് പ്രവർത്തനത്തിനുള്ള ട്രോഫി പഞ്ചായത്ത് നേടുകയണ്ടായി. സാക്ഷരതാ സംരംഭങ്ങൾക്ക് ജില്ലാ തലത്തിൽ ഒരു മാതൃകയായിതന്നെ പുളിക്കൽ പഞ്ചായത്ത് നിലകൊണ്ടിട്ടുണ്ട്. ഇവിടത്തെ C.B.N.P പ്രവർത്തനം മികച്ചതാണ്.

ആദ്യകാല ഭരണസാരഥികൾ

ഇന്ത്യൻനാഷണൽ കോൺഗ്രസും മുസ്ലീംലീഗും വെവ്വേറെ മത്സരിച്ച ആദ്യകാല ഭരണത്തിൽ 21-12-63 മുതൽ 16-7-1979 വരെ കെ.പി കുർച്ചത്ത് വീരാൻകുട്ടി സാഹിബ് പ്രസിഡണ്ടായി. അദ്ദേഹത്തിന്റെ മരണം മൂലം 18-12-1969 മുതൽ 16-6-1979 വരെ പൂളക്കൽ ഖാദർ ഹാജി വൈസ് പ്രസിഡണ്ട് സ്ഥാനത്ത് നിന്നും പ്രസിഡണ്ടായി തെരഞ്ഞടുക്കപ്പെട്ടു. മറ്റ് അംഗങ്ങൾ - ടി.പി. സൈത് മഹമ്മദ്, കെ.സി. മോനുദ്ദീൻ ഹാജി, കെ.വി. അലവികുട്ടി ഹാജി, എം. മോയിൻകുട്ടി ഹാജി, ഓട വെളുത്താത്തൻ, 18-1-64 ന് എം. വി ദേവകി വനിതാ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. 23-7-79 മുതൽ 28-9-79 വരെ സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഭരണം തുടർന്നു.

28-9-1979 മുതൽ 29-10-84 വരെയുള്ള ഭരണ സമിതിയിൽ പി. മോയുട്ടി മൗലവി പ്രസിഡണ്ടാ യി. അംഗങ്ങൾ - എം.കെ മമ്മദിശ ഹാജി (വൈ. പ്രസി.) കെ.പി. ബീരാകുട്ടി, ടി.പി മുഹമ്മദ്കുട്ടി, ടി. ഫാത്തിമ, കെ. പുതിയാണ്ടി, കെ.പി. മൊയ്തീ ൻ ഹാജി, കെ.പി. മുഹമ്മദ്കുട്ടി. കെ.എ. വീരാൻകുട്ടി.

29-10-84 മുതൽ 4-2-88 വരെ സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഭരണം തുടരുകയും 4-2-88 മുതൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ട സമിതി അധികാരത്തിൽ വരികയും ചെയ്തു. പി. മോയുട്ടി മൗലവി വീണ്ടും പ്രസിഡണ്ടായിതെരഞ്ഞെടു ക്കപ്പെട്ടു. അംഗങ്ങൾ - എ.കെ. പോക്കരുട്ടി (വൈസ് പ്രസി.) പി.വി. മുഹമ്മദ്കുട്ടി, ഭഗവതി ആലുങ്ങൽ ചൂലൻ, പി.സി. മോയിൻ കുട്ടി, കെ.ടി.സൈനബ, പൂളക്കൽ ചെറുതൊടിയിൽ അഹമ്മദ് കുട്ടി, മാവുങ്ങൽ മറിയകുട്ടി, പി.രായിൻ കുട്ടി, മരക്കാട്ടിൽ മുഹമ്മദ് കുട്ടി.

30-59-95 ന് നിലവിൽവന്ന ഇന്നത്തെ ഭരണ സമിതിയിൽ 3-ാം തവണയും പി. മോയുട്ടി മൗലവിതന്നെ പ്രസിഡണ്ടായി തെരഞ്ഞെടു ക്കപ്പെട്ടു. അംഗങ്ങൾ - പി.പി. മൂസ്സ (വൈ. പ്ര), എ.കെ പോക്കരുട്ടി (സ്റ്റാൻറിംഗ് കമ്മറ്റി

ചെയർമാൻ), എം. കെ. മമ്മദിശ്ശ ഹാജി, പി. സുഭദ്ര, സി.ഖദീജ മേച്ചേരി സൽമാബി, കെ.നദീറ, കെ.പി. വീരാൻകുട്ടി, പി. അബ്ദുള്ളമാസ്റ്റർ, വേലായുധൻ, പി.എം. അബ്ദുള്ളകുട്ടിമാസ്റ്റർ.

28-9-79 മുതൽ നിലവിൽ വന്ന ഭരണ സമിതിയിലും 29-10-84, 30-9-95 ലും തുടർച്ചയായി മൂന്നാം തവണയും **പി. മോയുട്ടി മൗലവി** പ്രസിഡണ്ടായി തുടരുന്നു.

പഞ്ചായത്തിൽ ആദ്യം

പ്രസിഡണ്ട് :കെ.പി.വീരാൻ കുട്ടിസാഹിബ്
വൈസ് പ്രസിഡണ്ട് : പൂളക്കൽ ഖാദർഹാജി
പട്ടികജാതി മെമ്പർ : ഓട വെളുത്താത്തൻ
വനിതാ ഇലക്ടഡ് മെമ്പർ : ഫാത്തിമ ടീച്ചർ
വനിതാ നോമിനേറ്റഡ് മെമ്പർ : എം. ദേവകി
മഹിളാ സമാജം : പുളിക്കൽ


ടെലഫോൺ സൗകര്യം : പുളിക്കൽ പഞ്ചായത്ത്
വൈദ്യുദീകരിച്ച ഉൾപ്രദേശം : വലിയപറമ്പ്
എൽ പി സ്കൂൾ : കൊട്ടപ്പുറം എൽ പി സ്കൂൾ
യൂപിസ്കൂൾ : പുളിക്കൽ യു.പി.സ്കൂൾ
ഹൈസ്കൂൾ : പുളിക്കൽ എ.എം.എം.ഹൈസ്കൂൾ
വനിതാടീച്ചർ : മുത്ത് ബീവി ടീച്ചർ

കെ. സി. കോമുകുട്ടി മൗലവി കാലഘട്ടത്തിന്റെ കർമ്മ സാക്ഷി.

ഏറനാടൻ കുന്നുകളിൽ വിജ്ഞാനത്തിന്റെ തെളിനീരൊഴുക്കിയ കെ. സി. കോമുകുട്ടി മൗലവി എന്ന പ്രതിഭാധനൻ ഒളവട്ടൂരിൽ ജനിച്ചു. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിലും വാഴക്കാട് ദാറുൽ ഉലൂം അറബിക്ക് കോളേജിലും വിദ്യാഭ്യാസം നടത്തി. കോഴിക്കോട് പരപ്പിൽ മദ്രസത്തുൽ ഇസ്ലാമിയ്യയിൽ ജോലി നോക്കി. ഉറുദു, അറബി, മലയാളം ഭാഷകളിൽ പ്രാവീണ്യം നേടി.

1942 ൽ കിറ്റ് ഇന്ത്യാ പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ടപ്പോൾ ബ്രിട്ടീഷ് വിരുദ്ധ സമീപനം വ്യാപകമാവുകയും വിദേശവസ്തുക്കളും, ജോലികളും, ബഹിഷ്കരണത്തിനാഹ്വാനം വരികയും ചെയ്തു. മൗലവി അദ്ധ്യാപക വൃത്തി രാജിവെച്ച് സ്വാതന്ത്യസമരത്തിൽ സജീവമായി പങ്ക് കൊണ്ടു. ദേശീയപ്രസ്ഥാത്തിൽ ഇ.എം.എസ്സ് നമ്പൂതിരിപാട്, എ.കെ. ഗോപാലൻ, യു.ഗോപാലമേനോൻ, മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കേളപ്പജി, കോഴിപ്പുറത്ത് മാധവമേനോൻ, കുട്ടിമാളുഅമ്മ, എന്നിവരുടെ സഹപ്രവർത്തകനായിരുന്നു. ഒരു വലിയ ശിഷ്യ ഗണം തന്നെ മൗലവിക്കുണ്ട്, ഇതിൽ ബീ.വി. അബ്ദുള്ളക്കോയ, പി.ഐ. ആലിക്കോയ, പി.ഐ. കുഞ്ഞമ്മുട്ടി ഹാജി. തുടങ്ങിയ പലപ്രമുഖരും പെടുന്നു. മുസ്ലിം നവോത്ഥാന രംഗത്ത്, കെ.എം സീതി സാഹിബ്, അബ്ദുറഹിമാൻ സാഹിബ്, കെ.എം. മൗലവി, എം.കെ. ഹാജി, എം.സി.സി അബ്ദുറഹിമാൻ മൗലവി എന്നിവരുടെകൂടെ മുന്നണി പോരാളിയായിതന്നെ നിലകൊണ്ടു. സാമൂഹ്യസാംസ്കാരികരംഗത്തും മൗലവി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. യശ്ശകശരീരനായ കെ.പി. കേശവമേനോനുമായുള്ള അടുപ്പം മാതൃഭൂമി ദിനപത്രത്തിൽ "മായാത്ത മാതൃക" എന്ന ഒരു പ്രത്യേകകോളം തന്നെ ജീവിതകാലം മുഴുവൻ കൈകാര്യം ചെയതു. കൂടാതെ രാഷ്ട്ര രാഷ്ട്രാന്തരീയ വിഷയങ്ങൾ അധികരിച്ചും സാമൂഹ്യ സാംസ്കാരീക രംഗത്തെക്കുറിച്ചും കനപ്പെട്ട ലേഖനങ്ങൾ എഴുതി മാതൃഭൂമിപത്രത്തെ പരിപോഷിപ്പിക്കുയുണ്ടായി. ഒളവട്ടൂരിനെകുറിച്ചും ഇവിടെത്തെ ഗ്രാമീണരെകുറിച്ചും എന്തിനേറെ പാമ്പുര്യൻ പാറയെക്കുറിച്ചു പോലും ലേഖനമെഴുതിയിട്ടുണ്ട്. കൂടാതെ ചന്ദ്രിക ദിനപത്രം, ആഴ്ചപ്പതിപ്പ്, മലയാള മനോരമ ദിനപത്രം എന്നിവയിൽ സ്ഥിരം ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ അൽ അമീൻ ദിനപത്രം ഏറ്റടുത്ത് നടത്തുകയും സ്വന്തമായി യുവലോകം എന്ന പത്രം തുടങ്ങുകയും ചെയ്തു. നാല്പതിലേറെ ഗ്രന്ഥങ്ങൾ മൗലവിയുടേതായിട്ടുണ്ട്. യൂണിവേഴ്സിറ്റി തലത്തിൽ ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ പാഠ്യവിഷ.യങ്ങളാക്കിയിട്ടുണ്ട്. റസൂൽ കരീം, നാല് ഖലീഫമാർ, സുയസ് കനാൽ, അബ്ദുൽ കലാം ആസാദ്, ഉമർഫാറൂഖ്, അന്ത്യ പ്രവാചകൻ, കാശ്മീർ കഥകൾ, ചേരമാൻ പെരുമാൾ, എന്നിങ്ങനെ ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ഉത്തമ രചനകളിൽ ചിലത് മാത്രം

സ്വാതന്ത്യ സമരകാലത്ത് ബ്രിട്ടീഷ് ഗവൺമെൻറ് അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുകയും തുടർന്ന് വാഴക്കാട് അബ്ദുള്ളകുട്ടി മൗലവിയുടെകൂടെ, കെ.എം. സീതി സാഹിബിന്റെ കൊടുങ്ങല്ലൂരിലുള്ള വസതിയിൽ ഒളിവിൽ പാർക്കുകയും ചെയ്തു. 1959-ൽ കണ്ടോട്ടി അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്നും കേരള നിയമ സഭയിലേക്ക് മത്സരിച്ചു. 1967-ൽ അന്തരിച്ചു.



4

ഭൂപ്രകൃതിയും വിഭവങ്ങളും

ഏറനാട് താലൂക്കിലെ കൊണ്ടോട്ടി ബ്ലോക്കിൽ കൊണ്ടോട്ടി, ചീക്കോട് വാഴക്കാട്, വാഴയൂർ, ചെറുകാവ്, പള്ളിക്കൽ പഞ്ചായത്ത് പ്രദേശങ്ങൾ അതിർത്തികൾ ആയിട്ടുള്ള 28.2 ച.കി.മി. വ്യാപിച്ചുകിടക്കുന്നതാണ് പുളിക്കൽ ഗ്രാമപഞ്ചാതത്ത്. ഉയർന്നും താഴ്ന്നും നിരപ്പായതും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് പഞ്ചാത്തിനുള്ളത്. ഭൂമിശാസ്ത്രപരമായി പ്രധാനമായും രണ്ട് മേഖലകളിൽ വ്യാപിച്ചു കിടക്കുന്നതാണ് പഞ്ചായത്ത് ഭൂപ്രദേശം.

ചെങ്കൽ കരിങ്കൽ പാറകളും കശുവണ്ടി തോട്ടങ്ങളും, കരിമ്പാറ കെട്ടുകളും, തെങ്ങ്, കമുങ്ങ് വളരുന്ന പ്രദേശങ്ങളും വയലുകളും കൊണ്ട് സമ്പുഷ്ടമാണിവിടം. കോഴിക്കോട് പാലക്കാട് റോഡ് 3 കിലോമീറ്റർ പഞ്ചായത്തിന്റെ തെക്കെ ഓരത്തെ രണ്ടായി ഭാഗിച്ച് കടന്ന് പോകുന്നു. വടക്ക് മലകളും, ചെറുകുന്നുകളും ചെരിവുകളും, പാടശേഖരങ്ങളും, കിഴക്ക് പടിഞ്ഞാറ് തെക്ക് ഭാഗങ്ങളിൽചെറുകുന്നുകളും, പറമ്പുകളും, വയലുകളുമാണ്.മുഴങ്ങല്ലൂർ, കൊട്ടപ്പുറം, നൂഞ്ഞല്ലൂർ, വലിയപറമ്പ്, ചെറുമുറ്റം, ഉണ്ണ്യത്തിപ്പറമ്പ്, ആലുങ്ങൽ, ആന്തിയൂർകുന്ന്, ചെവിട്ടാണികുന്ന്, മായക്കര, അരൂർ, തമ്പാരപ്പറമ്പ്, പുതിയോടത്ത് പറമ്പ്, പനിച്ചികപ്പള്ളിയാളി, മങ്ങാട്ട്മുറി, തോണിക്കല്ല്പാറ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങൾ. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിന് സമതലം, ചെറിയചെരിവ്, കുന്നിൻ മണ്ട, ഉയർന്നപ്രദേശം, കുത്തനെ ചെരിവ്, താഴ്വര എന്നിങ്ങനെ ആറായി തരം തിരിക്കാം. മൊത്തം ഭൂപ്രകൃതിയുടെ 52% സമതലവും 33% ചെരിഞ്ഞ മലമ്പ്രദേശങ്ങളും 15% കുന്നിൻ മണ്ടയും ആണ്.

ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ട് തന്നെ പഞ്ചായത്തിന്റെ ഒരറ്റത്ത്നിന്ന് മറ്റൊരു ഇടം വരെ എത്താൻ രണ്ടോ, മൂന്നോ പഞ്ചായത്തുകളിലൂടെ കിലോമീറ്ററുകളോളം യാത്രചെയ്യണം.

ഒരുകാലത്ത് വന സമ്പുഷ്ടമായിരുന്ന മേഖലകൾ ആയിരുന്നു പഞ്ചായത്തിന്റെ വടക്ക്, വടക്ക് പടിഞ്ഞാർ ഭാഗങ്ങൾ. നായാട്ടിന് പേരുകേട്ട പ്രദേശങ്ങൾ കൂടിയായിരുന്നു ഇത്.

കാടുകൾ വെട്ടിതെളിച്ച് ജനവാസയോഗ്യമാക്കിയെങ്കിലും അത്തരം പ്രദേശങ്ങളിൽ ഇപ്പോഴും പലതരം കാട്ടുജീവികൾ വിഹരിക്കുന്നുണ്ട്. എട്ടരക്കണ്ടി, വള്ളിക്കാട്, വടക്കൻമല, മണ്ണാത്തിച്ചാലിൽ മല തുടങ്ങിയ പ്രദേശങ്ങളിൽ ഇത്തരം ജീവികളെ ഇപ്പോഴും കണ്ടുവരുന്നു.

കൃഷിയോഗ്യമായ പ്രദേശങ്ങൾ ഭൂരിഭാഗവും സമതലപ്രദേശങ്ങളിലാണ്. ഇവിടെ നെല്ല്, വാഴ, തെങ്ങ്, കമുങ്ങ് മറ്റ് തോട്ടവിളകളും കൃഷി ചെയ്യുന്നു. ലാറ്ററൈറ്റ് സമതലങ്ങളിൽ പറങ്കിമാവിൻ കൃഷി കണ്ട്വരുന്നു. പുൽപ്രദേശങ്ങളായ സമ

തലങ്ങൾ വളരെ കുറവാണ്. സമുദ്രനിരപ്പിൽനിന്ന് 240മീ. ഉയരമുള്ള വടക്കൻമലയിലെ നാടുകുന്നാണ്. പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള പ്രദേശം ശരാശരി 110 മുതൽ 200 വരെ മീറ്റർ ഉയരമുള്ള മറ്റുമലകളും, 72 കുന്നുകളും അവയുടെ മലഞ്ചെരിവുകളും വടക്കും, വടക്ക്-കിഴക്ക്, വടക്ക്-പടിഞ്ഞാറായി വ്യാപിച്ചുകിടക്കുന്നു. ഉയർന്ന ഭാഗങ്ങളിലും മറ്റ് സമതല ഭാഗങ്ങളിലും കരിങ്കൽ പാറകളും കാണുന്നു. തെക്കും, തെക്ക്-പടിഞ്ഞാറ്, തെക്ക് - കിഴക്ക് ഭാഗങ്ങളിൽ ഏഴോളം ചെറുകുന്നുകളും അവയുടെ താഴ്വരകളും മറ്റ് സമതലപ്രദേശങ്ങളുമാണ്.

നിമ്നോന്നത മേഖലകളും മൺതര ഇനവും		
ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
സമതലം	1464.84	52
ചരിഞ്ഞ മലമ്പ്രദേശം	929.61	35
കുന്നിൻമണ്ടയും മറ്റു പ്രദേശങ്ങളും	422.55	15
മൺതരങ്ങൾ		
മൺതരങ്ങൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
സമതലപ്രദേശങ്ങളിലെ എക്കൽ മണ്ണ്	1260	45
ലാറ്ററൈറ്റ് പാറകൾ	205.10	7.4
കരിങ്കൽ പാറകൾ	298	10.5
ക്ലേ താഴ്ന്ന പ്രദേശങ്ങളിലെ ചെളിപ്രദേശം	205	7.4

ജനപ്രകൃതി

1962 ൽ നിലവിൽ വന്ന പുളിക്കൽ പഞ്ചായത്തിലെ 1991 ലെ സെൻസസ് പ്രകാരമുള്ളജനസംഖ്യ 28565 ആണ്. ഇതിൽ 14331 സ്ത്രീകളും 14234 പുരുഷൻമാരുമാണ്. 1996 ലെ കണക്ക് പ്രകാരം 32764 ജനസംഖ്യയുള്ളതിൽ 16226 സ്ത്രീകളും, 16538 പുരുഷൻമാരുമാണ്. 1991 ലെ സെൻസസ് പ്രകാരം പട്ടികവിഭാഗത്തിന്റെ ജനസംഖ്യ 2941 ഉം 1996 ലെ കണക്ക് പ്രകാരം ഈവിഭാഗത്തിന്റെ ജനസംഖ്യ 3373 ഉം ആണ്. 1739 സ്ത്രീകളും, 1634 പുരുഷൻമാരും ആണ്. 1991 ലെ സാക്ഷരത 20908 ആണെങ്കിലും 1996 ലെ സാക്ഷരത 25107 ആണ്. പഞ്ചായത്തിലെ ആകെ വീടുകൾ 6448 ആണ്.

വിദ്യാഭ്യാസപരമായി ഒരുകാലത്ത് വളരെ പിന്നോക്കമായിരുന്നു. ഈ പ്രദേശത്ത് 3 ഹൈസ്കൂളുകളും അധികം ദൂരമില്ലാത്തിടത്തൊക്കെ പൈമറി വിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടതോടെ വിദ്യാഭ്യാസനിലവാരം പൊതുവെമെച്ചപ്പെട്ട് വരുന്നുണ്ട്. സാംസ്കാരിക രംഗങ്ങളിൽ യുവജനങ്ങളുടേയും, സന്നദ്ധ സംഘടനകളുടേയും കൂട്ടായ പ്രവർത്തനം കൊണ്ട് ഒട്ടനവധി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളും ക്ലബ്ബുകളും സജ്ജീവമായി പ്രവർത്തിക്കുന്ന പ്രദേശങ്ങൾ തന്ന ഈ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസം നേടുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പട്ടിട്ടുണ്ടെങ്കിലും നിലവാരത്തിന്റെ കാര്യത്തിൽ വേണ്ടത്ര പുരോഗതിയില്ല. പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിൽ ഗ്രാമപഞ്ചായത്തിനുള്ള അധികാരങ്ങൾ വെച്ചുകൊണ്ട് പ്രൈമറി വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ രൂപപ്പെടുത്തേണ്ടതുണ്ട്.

മറ്റ് പലപ്രദേശങ്ങളെപോലെ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പുളിക്കൽ പഞ്ചായത്തിലും ഒരു പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ടുള്ള പഠനരീതി വളർത്തിയെടുക്കേണ്ടതുണ്ട്. കാർഷിക രംഗത്ത് ഉപജീവനം നടത്തിയിരുന്ന ഭൂരിഭാഗവും മറ്റു തൊഴിൽ മേഖലയിലേക്ക് പ്രവേശിച്ചത് കൊണ്ട് കാർഷികരംഗം തളർച്ചയിലാണ്. കൃഷി

ആധായകരമല്ല എന്ന വസ്തുതകൂടി കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ കാർഷികമേഖലയിലെ പ്രശ്നങ്ങൾ ഇരട്ടിക്കുകയാണ്. കാർഷിക മേഖലകളിൽജോലി ചൈയ്തിരുന്നവർ മറ്റ് നിർമ്മാണ പ്രവർത്തങ്ങളിലേക്ക് തിരിഞ്ഞതും കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചു.

സാംസ്കാരിക പിന്നോക്കാവസ്ഥ ഉണ്ടായിരുന്നെങ്കിലും ജാതിപരമായ ഉച്ചനീചത്തമോ തീണ്ടലോ അത്രരൂക്ഷമായിരുന്നില്ല. സമകാലീന മത രാഷ്ട്രീയ പ്രശ്നങ്ങൾ സമീപ പ്രദേശങ്ങളിലൊക്കെ സംഘർഷഭരിതമായ അവസ്ഥകൾ സൃഷ്ടിച്ചപ്പോഴും സമാധാനത്തിന്റെ സന്ദേശത്തോടെ തലയുയർത്തി നിന്നു.

ജനസഹസ്രങ്ങളിൽ മൺമറഞ്ഞ് പോയ മഹാരഥന്മാരിൽ പലരും ഇവിടെ പ്രചരിപ്പിച്ച മതനിരപേക്ഷതയുടെ സ്മൃതികൾ ഇന്നും ഈ ദേശത്ത് പ്രകമ്പനം കൊള്ളുന്നു. കലാകായിക വിഷയങ്ങളിൽ സമീപ പ്രദേശത്തെ അപേക്ഷിച്ച് കൂടുതൽ താൽപര്യമുള്ളവരും പല സാംസ്ക്കാരിക പരിപാടികൾക്കും വേദിയൊരുക്കുന്നതിൽ മുൻകൈയെടുക്കുന്നവരുമാണ് ഈ പ്രദേശത്തുക്കാർ.

സാമൂഹ്യ ആചാരങ്ങളിലും ചടങ്ങുകളിലും നിസ്വാർത്ഥമായ കൂട്ടായ്മ ഇവിടെ പ്രകടമാണ്. പ്രത്യേകിച്ചും പുതിയതലമുറ സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും കാര്യത്തിൽ മാതൃകകളാണ്. വിവാഹം, മരണംപോലുള്ള സാമൂഹ്യവിഷയങ്ങളിൽ ജാതിഭേതമില്ലാതെ കണ്ടറിഞ്ഞ്സഹകരിക്കുന്ന ജനങ്ങളാണിവിടെയുള്ളത്. നേതൃരംഗത്തേക്കും യുവജനങ്ങളുടെ വരവ് നല്ലതിന്റെ സൂചനനൽകുന്നു.

ജലപ്രകൃതി

ജലലഭ്യത

പുളിക്കൽ പഞ്ചായത്തിൽ ആകെ 4735 കിണറുകളും 241 കുളങ്ങളും 10 തോടുകളും ഉണ്ട്. ജല ലഭ്യതയുടെ കാര്യത്തിൽ പഞ്ചായത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളും വളരെ മോശമാണ്. തോടുകളിൽവെള്ളം എക്കാലത്തും അല്പമെങ്കിലും നിലനില്ക്കുന്നത് വടക്ക് പടിഞ്ഞാറുള്ള പ്രദേശങ്ങളിലാണ്. ഇവിടെ വർഷത്തിൽ വെള്ളം തിരിച്ച് പാടങ്ങളിൽ ശരാശരി രണ്ട്കൃഷിവരെ നടത്തിവരുന്നു.

വർഷത്തിൽ ശരാശരി 3098 മി.മി. വരെ മഴലഭിക്കുന്നുണ്ടങ്കിലും തുലാവർഷമഴയുടെ തോതനുസരിച്ചാണ് വേനൽകാലങ്ങളിൽ കിണറുകളിലേയും മറ്റും കുടി വെള്ളം നിലനില്ക്കുന്നത്. ജൂൺ മുതൽ സപ്തംബർ വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലാവസ്ഥയിലാണ് ഏറ്റവും അധികം വർഷപാതം ലഭിക്കുന്നത്. എല്ലാ ഭാഗങ്ങളിലും ശുദ്ധജലം കിട്ടുന്നുണ്ടെങ്കിലും ജലക്ഷാമം വളരെ രൂക്ഷമാണ്. മുമ്പ് നിലനിന്നിരുന്ന നീരുറവകൾ പലതും വേനൽകാലത്ത് വറ്റി വരളുന്ന അവസ്ഥയാണ് ഇന്നുള്ളത്. കൃഷിയോഗ്യമായ പാടങ്ങളിൽ വെള്ളമെത്തിക്കുന്നതിനും വെള്ളം കെട്ടിനിർത്തുന്നതിനുമുള്ള വേണ്ട സൗകര്യങ്ങളില്ല. ചിലഭാഗങ്ങളിലെ ലാറ്ററൈറ്റ്പാറകളിലേയും സമതല പ്രദേശങ്ങളിലും കിണറുകളിൽ വെള്ളം കൂടുതൽ കാണുന്നുണ്ടെങ്കിലും മറ്റ് ലഭ്യമല്ലാത്ത മേഘലകളിലെത്തിക്കാനുള്ള സംവിധാനമില്ല. പഞ്ചായത്തിൽ പൊതുകുളങ്ങളും, ഓരോ വാർഡുകളിലും പതിനാറോളം വരുന്ന സ്വകാര്യ കുളങ്ങളുമുണ്ട്.

വടക്കും വടക്ക് പടിഞ്ഞാറുമുള്ള കരിങ്കൽകോറികളിൽ വെള്ളം ലഭ്യമാണ്. ഇവയിൽ പ്രധാനപ്പെട്ടത് വലിയപറമ്പ് അരൂർ എന്നീ പ്രദേശങ്ങളിലാണ്.



5

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകൾ

ഇന്ത്യനിലകൊള്ളുന്നത്
ഗ്രാമങ്ങളിലാണ് .
ഗ്രാമസ്വരാജ് പൂവണിയട്ടെ



5.1 കൃഷിയും ജലസേചനവും



പുളിക്കൽ പഞ്ചായത്ത് പണ്ട് മുതൽക്കേ കാർഷിക ഗ്രാമമാണ്. ഭൂപ്രകൃതി അനുസരിച്ച് ഈപ്രദേശത്തെ സമതല പ്രദേശം, കുന്നിൻ പ്രദേശം, ചെരിവ് പ്രദേശം എന്നിങ്ങനെ പ്രധാനമായും മൂന്നായി തരം തിരിക്കാം. പൊതുവേ ചെമ്മണ്ണാണ് കൂടുതൽ, കൂടാതെ വെട്ടുപാറ, കരിങ്കല്ല്, കറുത്തമണ്ണും ചില സ്ഥലങ്ങളിൽ കാണുന്നു. പ്രധാന വിളകൾ നെല്ല്, തെങ്ങ്, കമുങ്ങ്, കശുമാവ്, വാഴ, പച്ചകറികൾ, കുരുമുളക്, വെറ്റില എന്നിവയാണ്. പഞ്ചായത്തിന്റെ മൊത്ത വിസ്തീർണ്ണം 2817 ഹെ. ആണ്. ഇതിൽ 2343.33 ഹെ. കൃഷി സ്ഥലമാണ്. ഭൂരിഭാഗം കർഷകരും ഒരു ഹെ. യിൽ താഴെ ഭൂമിയുള്ളവരുടെ ഗണത്തിൽ പ്പെടുന്നു. വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

പട്ടിക - 1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1.	ഒരു ഹെ. താഴെ	2701
2.	1 മുതൽ 2 ഹെ. വരെ	400
3.	2 ൽ കൂടുതൽ	145

പട്ടിക - 2

പ്രധാനപ്പെട്ട വിളകൾ കൃഷിചെയ്യുന്നതിന്റെ വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം(ഹെ.)
1.	തെങ്ങ്	1395
2.	നെല്ല്	245
3.	കമുങ്ങ്	221
4.	കശുമാവ്	220
5.	വാഴ	143
6.	പച്ചകറികൾ	30
7.	മറ്റുള്ളവ	89.33

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങും താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് പരമ്പരാഗതമായി കൃഷിചെയ്ത് വരുന്നതെങ്കിലും ഇന്ന് നെൽപ്പാടങ്ങൾ പലകാരണങ്ങളാൽ നികത്തിവരുന്നതായിട്ടാണ് കാണുന്നത്.

നെല്ല്

പരമ്പരാഗതമായി മുണ്ടൻകൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ ഇന്ന് മറ്റ് കൃഷികളാണ് ചെയ്യുന്നത്

നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഈ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഏകദേശം നാല്പത് ശതമാനത്തോളം കുറവ് വന്നിട്ടുണ്ട്.

പട്ടിക - 3

നെൽ കൃഷിയുടെ വിസ്തീർണ്ണം കൃഷി ഭവൻ രേഖ

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ
1	ഒന്നാം വിള	140
2	രണ്ടാം വിള	245
3	മൂന്നാം വിള	ഇല്ല

നെൽ കൃഷി ലാഭകരമല്ലാത്തതിനാലും, പുതിയ വിത്തിനങ്ങളുടെ കൃഷിരീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും, ജലസേചനത്തിന്റെ അപര്യാപ്തതയുമാണ് നെൽകൃഷി കുറഞ്ഞുവരുന്നതിനുള്ള പ്രധാനകാരണങ്ങൾ. നിലം നികത്തുന്നത് പ്രധാനമായും തെങ്ങ്, കമുങ്ങ് എന്നിവ കൃഷി ചെയ്യുന്നതിനും, വീട് വെക്കാനുമായിട്ടാണ്. കൃഷി ചെയ്യുന്ന ഇനങ്ങളിൽ 90 ശതമാനവും പഴയ ഇനം വിത്താണ് ഉപയോഗിക്കുന്നത്. ആര്യൻ ആര്യൻകാളി, കുമ്പളാൻ, മലപ്പുറൻ, വെള്ളരി, നെച്ചീര, പുഞ്ചച്ചീര എന്ന പഴയ ഇനങ്ങളും മോടൻ കൃഷികളായി കല്ലുരുന്നിയും പുതിയ ഇനങ്ങളായ ജ്യോതി, ജയ എന്നിവയുമാണ് സാധാരണ ഉപയോഗിക്കുന്നത്. പ്രധാനമായും നെൽകൃഷിക്കുണ്ടാകുന്ന കീടങ്ങൾ ഇലചുരുട്ടിപുഴു, തണ്ടുതുരപ്പൻ, ചാഴി, ഗാളീച്ച, മുഞ്ഞ എന്നിവയാണ്. ഇവയെ നിയന്ത്രിക്കുന്നതിനായി മുറം കൊണ്ട് വീശുക, കുമ്മായം, വെണ്ണീർ, ചാഴി പ്പൊടി വിതറൽ എന്നിവ പണ്ടു കാലത്ത് ഉപയോഗിച്ചിരുന്നു. ഇപ്പോൾ കൂടുതലും കീടനാശിനികളാണ് ഉപയോഗിക്കുന്നത്. പക്ഷെ ഇതിന്റെ ഉപയോഗം അശാസ്ത്രീയമായതിനാലാണ് പലപ്പോഴും വിജയിച്ചുകാണുന്നില്ല. രോഗനിയന്ത്രണത്തിനും രാസവസ്തുക്കളാണ് ഉപയോഗിച്ചു വരുന്നത്.

നെൽകൃഷി ലാഭകരമാക്കുന്നതിന് പുതിയ കൃഷി രീതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ശരിയായ മണ്ണ് പരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ള വളപ്രയോഗവും, സന്തുലിതമായ കീടനാശിനികളുടെ ഉപയോഗവും, ജലസേചനസൗകര്യം വർദ്ധിപ്പിച്ചും, ചെറുകിട കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ചും അനുവർത്തിക്കാവുന്നതാണ്.

പാടശേഖരസമിതികൾ

ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയികൾ രൂപീകരിച്ച മൂന്ന് സമിതികൾ പഞ്ചായത്തിലുണ്ട്. ഒന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കുറഞ്ഞു വരുന്ന നെൽകൃഷിതന്നെയാണ് പ്രധാന കാരണം

പാട്ടകൃഷി ചെയ്യുന്നതിന് വേണ്ടി സർക്കാർ സബ്സിഡി നിരക്കിൽ ഉല്പാദന ഉപാദികൾ (വിത്ത്, വളം, കളനാശിനി, കീടനാശിനി മുതലായവ) നൽകുന്നത് നെകൃഷി കാര്യക്ഷമമാക്കുന്നതിനും, തരിശായി കൊണ്ടിരിക്കുന്ന പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാനും സാഹായിക്കും.

തെങ്ങ്

പഞ്ചായത്തിലെ പ്രധാന വിള തെങ്ങാണ്. നെൽപാടങ്ങൾ നികത്തി തെങ്ങ് കൃഷി ചെയ്യുന്നത് വലിയ വിജയമായികാണുന്നില്ല. അശാസ്ത്രീയമായ പരിചരണരീതികൾ കൊണ്ട് തെങ്ങിൽനിന്നുമുള്ള ഉല്പാദനക്ഷമത കുറഞ്ഞു വരികയാണ്. ഉല്പാദന ചിലവിനനുസരണമായി തേങ്ങക്ക് വിലയില്ലാത്തതും, കൂലി വർദ്ധനയും, രോഗകീടബാധകളുടെ ഉപദ്രവം കൂടി വരുന്നതിനാലും, ഈ കൃഷിയിൽ നിന്നും കൃഷിക്കാർ പിന്നോക്കം പോവുകയാണ്.

പ്രധാന കീടബാധകൾ,

മണ്ടചീയൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ്, കൊമ്പൻ ചെള്ളി, തെങ്ങോലപ്പുഴു എന്നിവയാണ്.

ഈ കൃഷി വിജയിപ്പിക്കുന്നതിനായി ശാസ്ത്രീയ പരിചരണ മുറകളെ കുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുന്നതും, കൂട്ടു കൃഷി സമ്പ്രദായവും സമഗ്ര രോഗ കീടബാധ നിയന്ത്രണത്തിന്നായി കൃഷിക്കാർക്ക് പരിശീലനം നൽകി അതിന്നാവശ്യമായ ഉപരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതും, ജലസേചനസൗകര്യം ഉണ്ടാക്കുവാൻ സാധ്യമായ പ്രദേശങ്ങളിൽ അതിന്വേണ്ട നടപടികൾ സ്വീകരിക്കുന്നതും പരിഗണിക്കേണ്ട വിഷയങ്ങളാണ്. തെങ്ങോലപുഴുവിനെ നിയന്ത്രിക്കുന്നതിന് മിത്രപ്രാണികളുടെ വിതരണം കൃഷി ഭവൻ വഴി ലഭ്യമാക്കേണ്ടതുണ്ട്.

കമുങ്ങ്

കമുങ്ങ് കൃഷി ചെയ്യുന്നതിന്റെ 70% നിലം നികത്തി കൃഷിചെയ്തതാണ്. കൃഷിചെയ്യുന്ന ഇനങ്ങളിൽ 90% നാടനാണ്. ബാക്കി കാസർഗോഡും, മംഗളയും കൃഷിചെയ്തുവരുന്നു. പരിചരണം ശരിയായ രീതിയിൽ നടത്തിയാൽ കാസർഗോഡ് ഇനമാണ് നല്ലതെന്ന അഭിപ്രായമാണ് പൊതുവേ കൃഷിക്കാർക്കുള്ളത്. അതുപോലെ മംഗളയെക്കാൾ ആധായം തരുന്നത് കാസർഗോഡിനമാണെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കമുങ്ങിന്റെര പ്രധാന രോഗമായ മഹാളി ഈ പ്രദേശത്ത് കുറവാണ്. മഞ്ഞളിപ്പ് രോഗം കാണപ്പെടുന്നുണ്ട്.

കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ അടക്ക സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുവാനുള്ള ശ്രമങ്ങൾ ഫലപ്രദമായി നടത്തിയാൽ കൃഷിക്കാരന് അർഹപ്പെട്ട വില കിട്ടുവാൻ സഹായിക്കുമെന്നതിൽ സംശയമില്ല. അതുപോലെ ഉൽപാദനക്ഷമത കുറഞ്ഞ കമുങ്ങ് മുറിച്ചുമാറ്റി പകരം നല്ലയിനം തൈകൾ വെച്ചു പിടിപ്പിക്കാൻ സർക്കാർ സാമ്പത്തികസഹായം നൽകിയാൽ ഈ മേഖലയിലെ ഉൽപാദനം കൂട്ടുവാൻ കഴിയും.

പച്ചക്കറികൾ

പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് വളരെ സാധ്യതകളുള്ള പ്രദേശങ്ങളാണ് പഞ്ചാത്തിലെ മിക്കഭാഗവും. പാടത്ത് ചെറിയ കുളം കുഴിച്ച് ജലസേചന സൗകര്യമുണ്ടാക്കിയാൽ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് സാധ്യതയുണ്ട്. പ്രധാന പച്ചക്കറിയിനങ്ങൾ പയർ, കൈപ്പ, പടവലം, വെള്ളരി, ചീര എന്നിവയാണ്. രോഗ കീടനിയന്ത്രണത്തിന് പ്രധാനമായും കീടനാശിനിയും മറ്റുമാണ് ഉപയോഗിച്ചുവരുന്നത്.പണ്ട് കാലത്ത് കീടനിയന്ത്രണത്തിന് ഉപയോഗിച്ചിരുന്നത് നാട്ടറിവുകളായിരുന്നു. ഇന്ന് ലഭ്യമായ കീടനാശിനികളേക്കാൾ ചിലവുകുറഞ്ഞതും അപകടകരമല്ലാത്തതുമായ പഴയകാല കർഷകരുടെ അനുഭവക്കുറിപ്പുകൾ വരും തലമുറകളിലേക്കായി സൂക്ഷിക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായം പല കർഷകർക്കുമുണ്ട്. കീടങ്ങൾക്കെതിരായി ഉപയോഗിക്കാവുന്ന പുകയില കഷായം ഫലപ്രദമാണെന്നും കണ്ടിട്ടുണ്ട്.

വാഴകൃഷി

ആദ്യ വിളവെടുപ്പിന് ശേഷമുള്ള നെല്പാടങ്ങളിലാണ് പ്രധാനമായും വാഴ കൃഷിചെയ്യുന്നത്. നേന്ത്രവാഴയാണ് കൂടുതലായി കൃഷി ചെയ്യുന്ന ഇനം.പഴയ കാലത്ത്കൃഷി ചെയ്തിരുന്ന മൈസൂർ വാഴയുടെ വിത്ത് ആവശ്യപ്പടുന്ന കർഷകർ പലരും പഞ്ചായത്ത് പ്രദേശത്തുണ്ട്. കുറുനാമ്പ് രോഗം ഇലപ്പുള്ളിരോഗം എന്നിവയാണ് സാധാരണയായി കണ്ട് വരുന്ന രോഗങ്ങൾ .

കപ്പ

കപ്പ പല കർഷകരും വീട്ടിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. മലയൻ കപ്പയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഏകദേശം 6 കി. യോളം ഒരു മൂട്ടിൽനിന്ന് വിളവ് കിട്ടാറുണ്ട്.

കുരുമുളക്

കുരുമുളക് കൃഷി ഇന്ന് ദ്രുതവാട്ടം രോഗത്തിന് കീഴ്പ്പെട്ടിരിക്കുന്നതിനാൽ അതിൽനിന്നുമുള്ള ഉല്പാദനം കുറഞ്ഞുവരികയാണ്. ഈ കൃഷി വർദ്ധിക്കുവാനുള്ള മുൻകരുതലുകൾ കർശകർ ചെയ്യാറില്ല. വന്നു കഴിഞ്ഞു നടത്തുന്ന ബോർഡോ മിശ്രിതം തളിക്കൽ ഫലപ്രദമായും കാണുന്നില്ല. അതിനാൽ സ്വയം തൊഴിൽ അടിസ്ഥാനത്തിൽ ബോർഡോമിശ്രിതം തളിക്കുവാൻ തയ്യാറുള്ള യുവജനങ്ങളെ വാർഡുകൾ തോറും കണ്ടെത്തി പശീലനം നൽകി ചെറിയ വേതനം നൽകിക്കൊണ്ട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ചെയ്യിക്കുവാൻ കഴിഞ്ഞാൽ ഈ രോഗം തടയുവാൻ സാധിക്കും. എല്ലാ കമുങ്ങിലും തെങ്ങിലും കുരുമുളക് പടർത്തുന്ന സ്വഭാവം കർഷകരിൽ വളർത്തിയെടുക്കണം.

കശുമാവ്

ഈ കൃഷി നാൾക്കുനാൾ കുറഞ്ഞു വരികയാണ്. കശുമാവ് കൃഷിക്ക് പറ്റിയ ധാരാളം സ്ഥലമുണ്ട്. നല്ലയിനം തൈകളും, മറ്റു പ്രോത്സാഹനവും ചെയ്യണം. പൂ കരിഞ്ഞുപോവൽ, തണ്ടുതുരപ്പൻ പുഴു എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. ഇത് നിയന്ത്രിച്ചാൽ മാത്രമേ ഇതിന്റെ ഉത്പാദനം കൂട്ടുവാൻ സാധിക്കുകയുള്ളൂ.

വളം

സഹകരണ മേഘലയിൽ ഒന്നും സ്വകാര്യ മേഘലയിൽ രണ്ട് ഡിപ്പോകളുമാണ് പഞ്ചായത്തിലുള്ളത്. രാസവള ഉപയോഗം വളരെ കുറവാണ്. കാലിവളവും പച്ചിലവളവും ഉപയോഗിക്കുന്നുണ്ട്. കാലിവളം, കോഴിവളം മുതലായ ജൈവവളങ്ങൾ ഏകദേശം 50ലോറി ലോഡോളം അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ വിൽപനക്ക് എത്തുന്നുണ്ട്. ഇതു കൂടാതെ എല്ലു പൊടിയും, വേപ്പിൻ പിണ്ണാക്കും ഉപയോഗിക്കുന്നു.

പട്ടിക 7

വളത്തിന്റെ ഉപയോഗം	ശരാശരി മാസത്തിൽ കി. ഗ്രാം
1. ഫാക്ടം ഫോസ്	9551
2. മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	5325
3. 8:8:18 (Fact)	2747
4. 10:5:20 (Fact)	1800
5. Urea	2275
6. 8:8:16 (Stenes)	1700
8. 18:18:18	1500
9. 10:5:20	600
10. Neemcake	1200

ക്ഷീര വികസന മേഖല കൂടി ശക്തിപ്പെടുത്തുകയാണെങ്കിൽ, കാലി വളം കൂടുതൽ ലഭ്യമാക്കുവാനും, കൃഷി ലാഭകരമാക്കുവാനും സാധിക്കുമെന്നതിൽ സംശയമില്ല. പച്ചില വളം, കാലിവളം എന്നിവയാണ് കൂടുതലായി ഉപയോഗിക്കുന്ന ജൈവവളങ്ങൾ. മണ്ണിര, കംപോസ്റ്റ് കൂടുതൽ പ്രചാരത്തിൽ വരേണ്ടതുണ്ട്. രാസവളങ്ങളുടെ വിലവർധനവ് ഉല്പാദനച്ചിലവ് അധികരിക്കുന്നതിന് കാരണമാവുന്നു. ആയതിനാൽ വള സബ്സിഡിയുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭ്യമാക്കത്തക്കവിധം പദ്ധതി വിഹിതം കൂട്ടണം.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് പ്രധാനമായും കീടനാശിനി ഉപയോഗിക്കുന്നത്. കീടനാശിനി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രാഥമിക കാര്യങ്ങൾപോലും കൃഷിക്കാർ ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കീടനാശിനിയുടെ ഉപയോഗത്തെക്കുറിച്ചും അവ തളിക്കുന്ന ഉപകരണങ്ങളെക്കുറിച്ചും സ്വയം തൊഴിൽ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുവാൻ താല്പര്യമുള്ള യുവജനങ്ങളെ ആവശ്യമനുസരിച്ച് തെരഞ്ഞെടുത്ത് വിദഗ്ദ പരിശീലനം നല്കി പ്രോത്സാഹിപ്പിക്കുന്നത് അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ഇല്ലാതാക്കുവാനും, വിളകളുടെ ഉത്പാദനക്ഷമത കൂട്ടുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുമുതകുന്ന പദ്ധതികൾ പരിഗണിക്കേണ്ടതാണ്.

പട്ടിക 8

കീടനാശിനികളുടെ ഉപയോഗം	(ഒരു മാസത്തിൽ ശരാശരി)
1. മെറ്റാസിഡ്	½ (Lt.)
2. എക്കാലക്സ്	2 (Lt.)
3. ഫുറഡാൻ	50 (Lt.)
4. ഡൈമക്രോൺ	1 (Lt.)
5. കുമ്മായം	300 (Kg.)
6. കോപ്പർ സൾഫേറ്റ്	30 (Kg.)
7. Samsudin	1 (Lt.)

കാർഷികോപകരണങ്ങൾ : പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ രണ്ട് ട്രാക്ടർ, രണ്ട് ടില്ലർ, മൂന്ന് റോക്കർ സ്പ്രേയർ, പത്ത് നാവ് സാക് സ്പ്രേയർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾക്ക് പുറമെ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതും, അടുത്ത പഞ്ചായത്തിൽ ലഭ്യമായ കാർഷിക യന്ത്രോപകരങ്ങളും ഇപ്പോഴുപയോഗിക്കുന്നുണ്ട്. പണ്ടുകാലത്ത് ഉഴുവിനായി ഉണ്ടായിരുന്ന അഞ്ഞൂറ് ജോഡിയോളം ഉഴുവു കാളകൾ ഇന്ന് 50 ആയി ചുരുങ്ങിയിരിക്കുന്നു. ഒരു കാലത്ത് കൃഷിക്ക് പൂർണമായും ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങളായ കലപ്പ, ഊർച്ചമരം, നുകം,

കട്ടമുട്ടി, കട്ടചെരിപ്പ്, വരണ്ടി, ചെരണ്ടി മുതലായവ തികച്ചും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

പട്ടിക 9

കാർഷിക യന്ത്രോപകരണങ്ങളുടെ വാടക

1. ട്രാക്ടർ (1 മണിക്കൂറിന്)	- 170 രൂ.
2. ടില്ലർ (1 മണിക്കൂറിന്)	- 80 രൂ.
3. ഉഴുവു കാളകൾ (5 മണക്കൂറിന്)	- 200 രൂ.
4. റോക്കർ സ്പെയർ (1 ദിവസത്തേക്ക്)	- 25 രൂ.
5. നാഷ്നൽ സ്പെയർ (1 ദിവസത്തേക്ക്)	- 8 രൂ.

കൂലിനിരക്ക് : കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള താല്പര്യക്കുറവ് തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ. പഞ്ചായത്ത് പ്രവർത്തന മേഖലയിലുള്ള കൂലിനിരക്ക് പുരുഷന്മാർക്ക് 80 രൂ. മുതൽ 125 രൂ. വരെയും, സ്ത്രീകൾക്ക് 50 രൂ. മുതൽ80 രൂ. വരെയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

മണ്ണ് ജല സംരക്ഷണം : മുൻകാലങ്ങളിൽ വരമ്പുകളിട്ടും, മരങ്ങൾ അതിർത്തിയിൽ വെച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, ഭൂമിയുടെ തുണ്ടുവൽക്കരണവും, കാർഷികവൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിലാണെങ്കിലും 3 സർപ്പക്കാവുകൾ പഞ്ചായത്ത് മേഖലയിൽ ഇപ്പോഴും സംരക്ഷിച്ചു പോരുന്നുണ്ട്.

നഴ്സറികൾ : നടീൽ വസ്തുക്കൾ ലഭ്യമാകുന്നതിനുള്ള നഴ്സറികൾ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. തെങ്ങുതൈയ്ക്കായിട്ടുള്ള ഒരു നഴ്സറി നിലവിലുണ്ട്. ആയതിനാൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള നഴ്സറികൾ പഞ്ചായത്ത് മേഖലയിൽ അനിവാര്യമാണ്. കൃഷിഭവൻ മുഖേന കിട്ടുന്ന നടീൽ വസ്തുക്കൾ ആ സമയത്താകുന്നതുകൊണ്ട്, ഇതുപോലുള്ള നഴ്സറികൾക്ക് വളരെ പ്രസക്തിയുണ്ട്.

കാർഷിക വായ്പക : ഒരു സഹകരണ ബാങ്കും, ഒരു സഹകരണ ഹരിജൻ ബാങ്കുമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ബാങ്കിൽ നിന്നും കാർഷിക ലോണുകൾ അനുവദിച്ചു കിട്ടുന്നതിൽ വളരെയധികം ബുദ്ധിമുട്ട് കർഷകർ അനുഭവിക്കുന്നുണ്ട്. ഹരിജൻ ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ആശാവാഹമല്ല.

കൃഷിഭവൻ : വളരെ പ്രതിക്ഷകളോടെ 1987 നിൽ സെപ്തംബർ 1ന ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമെ എത്തിയിട്ടുള്ളു. ഒരുകൃഷി ഓഫീസറും, മൂന്നു കൃഷി അസിസ്റ്റന്റുമാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

ജലസേചനം : പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ 2 ഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും, ശരാശരി പഞ്ചായത്തിൽ 300 സെ.മി. ലധികം മഴ ലഭിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷം ലഭിച്ച മഴയുടെ വിവരങ്ങൾ പട്ടിക 10ൽ ചേർക്കുത്തു.

കുളങ്ങൾ : പഞ്ചായത്തിൽ ചെറുതും വലുതുമായി 240 ഓളം കുളങ്ങൾ ഉണ്ട്. ഇതിൽ മിക്കവയും വേനലിൽ വറ്റുന്നവയാണ്. ഈ കുളങ്ങൾ ശരിയായി സംരക്ഷിക്കപ്പെട്ടാൽ ജലസേചനത്തിനാവശ്യമായ വെള്ളം വേനൽക്കലത്ത് ലഭ്യമാകും.

വികസിപ്പിക്കേണ്ട കുളങ്ങൾ : പനച്ചിക പ്പള്ളിയാളി, മുടക്കേപ്പടി, കാട്ടുവെട്ടി, രാവാട്ടിരി, നെല്ലിത്തടം, മുണ്ടോളി, കൊരണ്ടിപറമ്പ്, മുണ്ടൻ ചോലയിൽ, ചാത്തൻ കുളം, ചരളക്കുണ്ട്, തെക്കേചാലിൽ, കരണി, അടിച്ചിനിക്കാട്, എക്കാളം, പറമ്പുകുത്ത് ചോലയിൽ, കളത്തൊടി, കണ്ണഞ്ചേരി, കൊമ്പ്രക്കുത്ത്, വെളുത്തപറമ്പ്, ഉരുക്കുംപുറത്ത്, ചോലക്കുംവയൽ, (ഈ പറഞ്ഞ 3 കുളങ്ങൾ പുതുതായി ഉണ്ടാക്കേണ്ടതാണ്), ചോലംപിലാക്കൽ, കുന്നത്തൊടി, കണ്ണംക്കുത്ത്, കാവുന്നപറമ്പിൽ, പള്ളിയാളി, അയ്യങ്കഴിക്കൽ, ചോല

പട്ടിക 10

മഴയുടെ അളവ് (മി.മി.) (Rain fall data CWRDM)

വർഷം	ജനു.	ഫിബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ഓഗസ്റ്റ്	സപ്തം.	ഒക്ടോ.	നവം.	ഡിസം.
1991	-	-	-	4	50	952.2	945.5	434.1	57.8	296.6	86.6	-
1992	-	-	-	77.3	124.3	1039.6	789.7	500.2	172.1	212.1	310.70	-
1993	-	18.3	20.2	77.8	117.2	450.22	770.5	336.7	126.1	418.1	195.6	28
1994	-	-	2.4	259.7	36.6	870.9	1435.0	437.5	220.7	588	42.1	-
1995	3.1	-	-	73.6	557.2	729.4	612.5	459.6	280.7	198.4	170.6	-

ക്കര, അത്തിക്കോടൻ കുഴി, പാളക്കുത്ത്, പാലാട്ടുപറമ്പിൽ, പുത്തൻപീടിയക്കൽ, പൂവത്തിയിൽ, അമ്പലത്തിങ്ങൽ, കണ്ടംകുളം, പാലക്കൽ, മുട്ടയൂർ, കുറിച്ചത്ത്, താഴെ തൊടുവിൽ, ചിറക്കത്തൊടു, പാലോത്ത്, അടുങ്ങുംപുറം, ചൂരത്തിൽകുളം, കരണി, അപ്പക്കാട്ടുകുഴി, പുറായ, കരിമ്പൻചോല, ചോലക്കൽ, വാരിയത്ത്, ആലക്കപ്പറമ്പ്, കരിക്കൻചോല, നാറാണത്തൊടി, അഴിയകം, ചാലിയിൽ, കായപ്പാടത്ത്, മാങ്ങാട്ടേരി (ഇത് മൂന്നും പതുതായി നിർമ്മിക്കേണ്ടതാണ്).

തോടുകൾ : പഞ്ചായത്തിലെ പ്രധാനപ്പെട്ട വടക്കുംപിലാക്കൽ, അരൂർ തോടിന് കുറുകെ രണ്ടോ മൂന്നോ വീതം തടയണ കെട്ടി വെള്ളം കൃഷിക്ക് തിരിച്ചുവിടാവുന്നതാണ്. കൂടാതെ മറ്റു പ്രധാനപ്പെട്ട തോടുകളായ ഒളവട്ടൂർ, ആന്തിയൂർകുന്ന്, വലിയപറമ്പ്, തലേക്കര, നൂഞ്ഞല്ലൂർ, ചോലക്കര, കലാട്ട് ചോല മുതൽ ഐക്കരത്തൊടി, മരുതാട്ട്, പനച്ചിപ്പള്ളിയാളി തോട് എന്നീ തോടുകൾക്ക് കുറുകെ ചിറകെട്ടി വെള്ളം തടഞ്ഞു നിർത്തി ഒരുപ്പൂകൃഷി ഇരുപ്പൂവായും, ഇരുപ്പൂ കൃഷി മുപ്പൂകൃഷിയാക്കുവാനും സാധിക്കും. ഇടപ്പയിൽപടി, മലയിൽപടി പ്രദേശങ്ങൾ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുവാനുള്ള മാർഗ്ഗം സ്വീകരിക്കണം. പ്രധാന തോടുകളിലും, കുളങ്ങളിലും പൊതു പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം കൂട്ടേണ്ടതുണ്ട്.

ഒളവട്ടൂരിലെ കാട്ടുവെട്ടി ഭാഗത്തെ തോട് വയലിനെക്കാൾ ഉയർന്നുനില്ക്കുന്നതുകൊണ്ട്, വെള്ളം പാടത്ത് കയറി കൃഷിക്ക് ബുദ്ധിമുട്ടാകാറുണ്ട്. ഇതൊഴിവാക്കുന്നതിനായി തോട്ടിലെ മണ്ണ് മാറ്റി ആഴം കൂട്ടി വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്.

അതുപോലെ ചോലയിൽ നിന്നും പൈപ്പുകൾ ഇട്ട് വെള്ളം ശേഖരിച്ച് ജലസേചനത്തിനായി ഉപയോഗിക്കുവാനുള്ള അനന്ത സാധ്യതകൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലുമുണ്ട്. അതിന് വേണ്ടി സർക്കാർ വകയിൽ പൈപ്പുകൾ സർക്കാർ സാമ്പത്തിക സഹായത്തോടുകൂടി വിതരണം നടത്തുന്നത് നന്നായിരിക്കും.

പ്രശ്നങ്ങൾ

1. കാലം ചെല്ലുന്തോറും കൃഷിസ്ഥലത്തിന്റെ ആളോഹരി വിസ്തീർണ്ണം കുറഞ്ഞുവരുന്നു.
2. ഉത്പാദന ചിലവിനനുസൃതമായി ഉല്പന്നങ്ങൾക്ക് വിലയില്ല.
3. നല്ലയിനം നടീൽ വസ്തുക്കളും യഥാസമയത്ത് ലഭ്യമല്ല.
4. വർദ്ധിച്ചതും ഏകീകൃതമല്ലാത്തതുമായ കൂലിനിരക്ക്.
5. അശാസ്ത്രീയമായ കൃഷിരീതി കൊണ്ടുള്ള ഉല്പാദനക്ഷമതക്കുറവ്.
6. രോഗ കീടബാധ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കാത്തത്.
7. കാർഷിക ഉല്പന്നങ്ങൾക്കുള്ള അസ്ഥിരമായ വിപണി.
8. പ്രകൃതിക്ഷോഭം.

9. രാസജൈവ വളങ്ങളുടെ ലഭ്യതക്കുറവും, ഉയർന്ന വിലയും.

10. മണ്ണൊലിപ്പ്.

11. ജലസേചനത്തിന്നായി വൈദ്യുതി എത്തിപ്പെടാത്ത സ്ഥലങ്ങൾ. ഒളവട്ടൂരിലെ 9, 10, 12 വാർഡുകൾ, 7-ാം വാർഡിലെ ചോലങ്ങോട്ട് തുടങ്ങിയ പ്രദേശങ്ങൾ.

നിർദ്ദേശങ്ങൾ

മുൻപ് പറഞ്ഞ നിർദ്ദേശങ്ങൾക്കുപുറമെ താഴെ പറയുന്നതുകൂടി പരിഹരിക്കേണ്ട വിഷയങ്ങളാണ്.

1. ഗുണമേന്മയുള്ള ഉല്പാദനോപാദികൾ (നല്ലയിനം വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ മുതലായവ) മിതമായനിരക്കിൽ കർശകന് ലഭ്യമാക്കുക.

2. രോഗപ്രതിരോധ സംവിധാനങ്ങളെ കുറിച്ച് കൃഷിക്കാരെ കൂടുതൽ ബോധവൽക്കരിക്കുക. അതിന്നാവശ്യമായ ഉപകരണങ്ങൾഅടക്കം കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടതുണ്ട്. പോത്തുംപെട്ടി, ആലങ്ങാട്, കരിയാത്തംകോട്ടവരെ കൃഷിയിടത്തിലേക്ക്ഒരു ട്രാക്ടർ റോഡും, പുതിയേടത്ത് പറമ്പ്, അരൂർ തുടങ്ങിയസ്ഥലങ്ങളിൽ ട്രാക്ടർ റോഡുകളും നിർമ്മിക്കുക.

3. വായ്പലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉദാരമാക്കിയാൽ (നടപടി ക്രമങ്ങളും, പളിശ നിരക്കും) മാത്രമേ എല്ലാ കർഷകർക്കും സ്ഥലപരിധി മാനദണ്ഡങ്ങൾ ഒഴിവാക്കികൊണ്ട് ഇതിന്റെ പ്രയോജനം ലഭ്യമാക്കുക.

4. കൃഷി ആദായകരമാക്കുന്നതിന് കൂട്ടുകൃഷി സമ്പ്രദായം അനുവർത്തിക്കണം.

5. വെള്ളം കെട്ടിനിന്ന് കൃഷിനാശം സംഭവിക്കാതിരിക്കാൻ നിർമ്മാർജന വഴികൾ വലുതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. പഞ്ചായത്തുതലത്തിൽ യഥാർത്ഥകർഷകരെ തെരഞ്ഞെടുത്ത് ആദരിക്കപ്പെടണം, അത് മറ്റുള്ളവർക്ക് കൂടിപ്രചോദനമായിരിക്കും.

7. കൃഷിഭവൻ ഉപദേശകസമിതിയിൽ യഥാർത്ഥ കൃഷിക്കാരെ തന്നെ നിയമിക്കണം.

8. കൃഷിഭവന്റെ പ്രവർത്തനം ഇന്ന് പരിമിതമായ സ്ഥലത്തുമാത്രം ഉള്ളതിനാൽ എല്ലാപ്രദേശങ്ങളിലും ഇതിന്റെ ഗുണഗണങ്ങൾ എത്തിക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കണം.

9. വാർഡുതലത്തിൽ കൃഷിഭവന്റെ മേൽനോട്ടത്തിൽ കർഷകസമ്പർക്കകേന്ദ്രങ്ങൾ സ്ഥാപിക്കണം

10. ഓരോ മാസവും കൃഷിയിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങളെ ആധാരമാക്കിക്കൊണ്ട് പരീശീലന പരിപാടികൾ സംഘടിപ്പിക്കണം.

11. ആന്തിയൂർകുന്ന്, അരൂർ, ഒളവട്ടൂർ, മുട്ടയൂർ, തുടങ്ങിയ മണ്ണൊലിപ്പിന് സാധ്യതയുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് കൂടുതൽ ബോധവൽക്കരണം നടത്തി, അതിന്നാവശ്യമായ സഹായങ്ങൾ കർഷകന് ചെയ്തുകൊടുക്കുവാനുള്ള സൗകര്യം വേണം.

12. അരൂർ, ഒളവട്ടൂർ എന്നീ സ്ഥലങ്ങൾ ഉൾപ്പെടെ റബ്ബർ വെക്കുവാൻ സാധ്യതയുള്ള മറ്റു പ്രദേശങ്ങൾ കണ്ടത്തി, ഈ കൃഷി വ്യാപിപ്പിക്കണം. ടാപ്പിംഗ്, ഷീറ്റ് നിർമ്മാണം തുടങ്ങിയവയെ കുറിച്ച് കർശകർക്ക് പരിശീലനം നൽകണം.

13. അസമയത്തുള്ള വിത്തുകളുടേയും മറ്റും വിതരണം ഇല്ലാതാക്കി, ശരിയായ സമയത്ത് കൃഷിക്കാരന് എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം വേണം.

14. പുളിക്കൽ, അരൂർ, ഒളവട്ടൂർ, കൊട്ടപ്പുറം, ആന്തിയൂർകുന്ന് തുടങ്ങിയ നെൽകൃഷികുറച്ചെങ്കിലും കൃഷിചെയ്യുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ മുൻഗണന കൊടുത്തുകൊണ്ട് പാടശേഖര കമ്മറ്റികൾ ഉണ്ടാക്കുക.

15. മണ്ണ് പരിശോധനയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളപ്രയോഗങ്ങൾ നടപ്പിൽ വരുത്തുന്നതിന് സഞ്ചരിക്കുന്ന ലബോർട്ടറി സംവിധാനത്തിന്റെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കുക.

16. അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന കിഴങ്ങ് വർഗ്ഗത്തിൽപെട്ട കാച്ചിൽ, നനക്കിഴങ്ങ്, മധു

രകിഴങ്ങ്,ചേന, ചേമ്പ്, മേകാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗകൃഷി പ്രോൽസാഹിപ്പിക്കണം

17. പഞ്ചായത്തിൽ ഒരു ഏകീകൃത കൂലിനിരക്ക് നിലവിലില്ല. അത് ഏകീകരിച്ചു നടപ്പിൽ വരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

18. മായക്കര, വടക്കുംപിലാക്കൽ, ചെവിട്ടാണിക്കുന്ന്, കരട് കണ്ടം, അരൂർ, പനച്ചികപ്പള്ളിയാളിൽ, ഒളവട്ടൂർ തുടങ്ങിയ വൈദ്യുതിയില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചാൽ ജലസേചന സൗകര്യത്തോടുകൂടി കൃഷി ചെയ്യുവാൻ സാധിക്കും.

19. പ്രകൃതിക്ഷോഭം കൊണ്ടും, മറ്റു കാരണങ്ങളാലും, അവിചാരിതമായി സംഭവിക്കുന്ന കൃഷിനാശത്തിന്റെ നഷ്ടത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി വിള ഇൻഷൂറൻസ് പ്രായോഗികമായ രീതിയിൽ നടപ്പിലാക്കുക.

20. ക്വാറി പ്രദേശങ്ങളിലും, ടാങ്കുകൾ കെട്ടിയും ജലം സംഭരിക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

21. ട്രാക്ടർ, ടില്ലർ എന്നീ കാർഷിക ഉപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ വാങ്ങി കൃഷിക്കാർക്ക് ന്യായമായ നിരക്കിനു പരിശീലനം സിദ്ധിച്ച തൊഴിലാളികളെക്കൊണ്ട്, ചെയ്യിക്കുവാനുള്ള സംവിധാനം വേണം.

22. ഇടത്തട്ടുകാരെ ഒഴിവാക്കികൊണ്ടുള്ള സംഭരണ സംസ്കരണ വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

23. ആന്തിയൂർകുന്ന്, ഒളവട്ടൂർ, അരൂർ, കൊടികുത്തിപ്പറമ്പ്, വലിയപറമ്പ്, മുഴങ്ങല്ലൂർ, മുട്ടയൂർ, നൂഞ്ഞല്ലൂർ തുടങ്ങിയ പഞ്ചായത്തിലെ പ്രദേശങ്ങളെ നീർമറി പദ്ധതിയിൽ ഉൾപ്പടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

24. വയലു നിരത്തി തെങ്ങ്, കവുങ്ങ് വെച്ചിട്ടുള്ള സ്ഥലങ്ങളിൽ നീർക്കെട്ട് ഉള്ളതിനാൽ വിളവ് കാര്യമായി ലഭിക്കുന്നില്ല. ആയതിനാൽ ഇതിനകം തെങ്ങുവച്ച വയലുകളിൽ മണ്ണിടുന്നതിനു വേണ്ട സഹായം നൽകിയാൽ നാളികേരത്തിന്റെ ഉല്പാദനം കൂട്ടുവാൻ സാധിക്കും.

25. തെങ്ങ്, കവുങ്ങ് കയറ്റ് തൊഴിലാളികളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരികയാണ്. പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ സാമ്പത്തിക സഹായവും പരിശീലനവും നൽകുക.

26. വിദേശ സാമ്പത്തിക സഹായം നൽകി നിർമ്മിക്കുന്ന കുളങ്ങൾക്കുള്ള സ്ഥലപരിധി എടുത്തു കളയുക.

27. വെറ്റിലക്കൃഷിക്കുള്ള ധനസഹായം തെങ്ങിലും കവുങ്ങിലുംപടർത്തിയുണ്ടാക്കുന്നതിന് കൂടി നൽകണം.

28. മലപ്പുറം ജില്ലയിൽ വ്യാപകമായി കശുമാവ് കൃഷിചെയ്യുന്നതുകൊണ്ട് ഒരു സംസ്കരണശാല പുളിക്കൽ കേന്ദ്രമായി പ്രവർത്തിക്കുന്നത് കർഷകന് നല്ലവില കിട്ടുവാൻ സഹായിക്കും.

29. പച്ചിലവളങ്ങൾ ധാരാളമുള്ള ഏരിയയിലെ പച്ചിലയുടെ സിംഹഭാഗവും വർദ്ധിച്ച കൃഷിച്ചിലവ് മൂലം കൃഷിയിടങ്ങളിൽ എത്തുന്നില്ല. അവയത്രയും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള ധനസഹായം നല്കുക.

30. പാഠ്യപദ്ധതിയിൽ കൃഷിവിദ്യാഭ്യാസം നല്കുക. കൃഷിക്കാരന്റെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നല്കുക.

31. തരിശുഭൂമികൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രോത്സാഹനം നല്കേണ്ടതാണ്.

32. 2-ാം വാർഡിലെ അഴിയകം എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുകയും, തോടിന്റെ പാർശ്വങ്ങൾ കെട്ടി കൃഷിയിടങ്ങളിലെ വിളനാശം തടയുകയും, മണ്ണൊലിപ്പ്തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

33. 7-ാം വാർഡിലെ "പരപ്പ്" തോടു മുതൽ പുളിക്കൽ വരെ തോടിന്റെ പാർശ്വങ്ങൾ കെട്ടി കൃഷിയിടങ്ങളിലെ വിളനാശം തടയുകയും, മണ്ണൊലിപ്പ് തടയുകയും ചെയ്യുക.

34. 3-ാം വാർഡിൽ കളരുണ്ടി തൊട്ട് ഉപ്പിണിവരെ തോടിന്റെ സൈഡ് കെട്ടി കൃഷിനാശം തടയുകയും ജനസേചനം എളുപ്പമാക്കുകയും വേണം.

35. 8,9 വാർഡുകളിൽ കൃഷി സബ്സെൻറർ സ്ഥാപിക്കുക.

36. വർഷകാലത്ത് കവിഞ്ഞൊഴുകി കൃഷിനാശം വരുത്തുന്ന വടക്കുംപിലാക്കൽ, ആലങ്ങാട്, കരിയാത്തം കോട്ട, മായക്കര തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുകയും, മണ്ണൊലിപ്പ് തടയുകയും ചെയ്യുക.

37. ഈ പഞ്ചായത്തിൽ വ്യാപകമായുള്ള വഖഫ് ഭൂമികൾ അന്യാതീനപ്പെടാതെ സംരക്ഷിക്കുകയും, ഇത്തരം ഭൂമികളിലും കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുകയും ചെയ്യുക.

പഴയ ഒളവട്ടൂർ അംശവും, ആന്തിയൂർകുന്നംശവും ചേർന്നതാണ് ഇപ്പോഴത്തെ പുളിക്കൽ പഞ്ചായത്തും വില്ലേജും.


പഞ്ചായത്തിന്റെ ഏറ്റവും വടക്കെ അറ്റമായ പനിച്ചികപ്പള്ളിയാളിയിൽനിന്ന് (12-ാം വാർഡ്) വില്ലേജ്, പഞ്ചായത്ത് ഓഫീസുകളിലേക്ക് 12 കിലോമീറ്റർ ദൂരമുണ്ട്.


ഒളവട്ടൂർ അംശം 3640.93 ഏക്കർ വിസ്തീർണ്ണവും ആന്തിയൂർകുന്ന് അംശം 3312.88 ഏക്കറുമാണ് വില്ലേജിന്റെ ആകെ വിസ്തീർണ്ണം. എന്നാൽ താരതമ്യേന കുറഞ്ഞ വിസ്തീർണ്ണം വരുന്ന ആന്തിയൂർകുന്ന് അംശത്തിന്റെ തെക്കെ അറ്റത്താണ് ഈ രണ്ട് ഓഫീസുകളും. ആകെ വിസ്തീർണ്ണത്തിന്റെ ഏറിയ ഭാഗവും ഉൾക്കൊള്ളുന്ന ഒളവട്ടൂർ അംശത്തിൽനിന്ന്മേൽ ഓഫീസുകളിലെത്താൻ ബഹുദൂരം താണ്ടണം. ഭൂമിശാസ്ത്രപരമായ കിടപ്പും കൂടുതൽ വിഷമങ്ങൾ ഉണ്ടാക്കുന്നു.

ആയതിനാൽ ഇപ്പഴത്തെ പുളിക്കൽ പഞ്ചായത്തും, വില്ലേജും വിഭജിച്ച് പുതിയ വില്ലേജും പഞ്ചായത്തും ഒളവട്ടൂർ ആസ്ഥാനമാക്കി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

കഠിനയത്നം ചെയ്യാനുള്ളആഗ്രഹമാണ്
ഏറ്റവും വലിയ ബുദ്ധി തൊഴിൽ
ദൈവത്തിന്റെ ഔഷധമാണ്
മക്കാർതർ

സ്വയം പരിവർത്തനം ചെയ്യുന്നത് വരെ
ഒരു സമൂഹത്തെയും ദൈവം
പരിവർത്തിപ്പിക്കുകയില്ല.
മഹൽ വചനം





5.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണ മേഖലക്ക് അനുയോജ്യമായ ഭൂമിശാസ്ത്ര പ്രത്യേകതകൾ നിറഞ്ഞുനിൽക്കുന്ന പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾ മുഖ്യമായും പശു, ആട്, എരുമ, പോത്ത്, ഉഴവുകാളകൾ, മുയൽ എന്നിവയും: വളർത്തുപക്ഷികളായി കോഴി, താറാവ്, പ്രാവ്, കാട (ജപ്പാനീസ് കുഴിൽ) ടർക്കി കോഴികൾ മുതലായവയാണ്. ഇതിൽ ആകെ, 905 പശുക്കളും, 315 കാളകളും, 83 എരുമകളും 77 പോത്തുകളും 1678 ആടുകളും, 400 നായകളും 80 മുയലുകളും, 10178 കോഴികളും, 20 കാടകളും, 8 ടർക്കി കോഴികളും ഉണ്ട്.

പൊതുവെ ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും മൃഗസംരക്ഷണത്തിൽ തൽപരരാണ്. പശുവളർത്തൽ മുഖ്യതൊഴിലായും, ഉപതൊഴിലായും സ്വീകരിച്ചവരുണ്ട്. ആട് വളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ള ചില കുടുംബങ്ങളെങ്കിലും ഈ പഞ്ചായത്തിൽ ഉണ്ട്. രണ്ട് ആട് ഫാമുകൾ സ്വകാര്യമേഖലയിൽത്തന്നെ ഈ പഞ്ചായത്തിലെ ആന്തിയൂർകുന്ന്, വള്ളിക്കാട് എന്നീ സ്ഥലങ്ങളിൽ ഉണ്ടായിരുന്നത് സാങ്കേതിക പരിജ്ഞാനമില്ലായ്മയും, രോഗങ്ങൾക്ക് തക്കസമയത്ത് ചികിത്സ കിട്ടാതെയും നഷ്ടത്തിലായതിനാൽ നിർത്തേണ്ടതായി വന്നിട്ടുണ്ട്.

പശുവളർത്തലിൽ പൊതുവ തൽപരരാണെങ്കിലും, കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും വൈക്കോലിന്റെ ദൗർലഭ്യവും പുൽകൃഷിയുടെ അഭാവവും, പാൽ വിപണനത്തിനുള്ള ബുദ്ധിമുട്ടും കാരണം മിക്കവരും ഈ രംഗത്തു നിന്നും പിൻമാറാൻ നിർബന്ധിതരാവേണ്ട അവസ്ഥയാണിന്നുള്ളത്.

കൂടാതെ മൃഗസംരംക്ഷണവകുപ്പിന്റെ വിവിധ പദ്ധതികൾ എന്തെന്നുള്ള അറിവില്ലായ്മയും, ഗ്രാമീണ മേഖലകളിൽ അവ വേണ്ടവിധത്തിൽ പ്രാവർത്തികമാക്കാൻ കഴിയാത്തതും, ശാസ്ത്രീയമായി വളർത്താനുള്ള അറിവില്ലായ്മയും ഈ മേഖലയെ പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നതിന് കാരണമായിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മൃഗാശുപത്രി കൊട്ടപ്പുറം എന്ന സ്ഥലത്ത് വാടകകെട്ടിടത്തിൽ 1996 മാർച്ച് 31-ാം തിയതി ആരംഭിച്ചു. ഈ പഞ്ചായത്തിലെ 4-ാം വാർഡിൽ വലിയ പറമ്പ് എന്ന സ്ഥലത്ത് 1993 മുതൽത്തന്നെ ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതും ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൃഗാശുപത്രിയിൽ ഒരു സ്ഥിരം ഡോക്ടർ ഇല്ലാത്തത് കൊണ്ടും, സബ്സെൻററിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതും ആവശ്യമായ മരുന്നുകൾ ലഭ്യമല്ലാത്തതും കാരണം ഈ സ്ഥാപനങ്ങളുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നില്ല.

ഇപ്പോഴുള്ള മൃഗാശുപത്രി (കൊട്ടപ്പുറം വാർഡ് 2) എന്ന സ്ഥലത്താണ്. ഇത് മറ്റുള്ള വാർഡുകളിൽ നിന്നും വളരയെറെ ദൂരെയാണ്.

ഈ പഞ്ചായത്തിൽ മൃഗങ്ങളിൽ കണ്ടുവരുന്ന പ്രധാനരോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരസംബന്ധമായ രോഗങ്ങൾ, പനി, (കാലാവസ്ഥക്കനുസരിച്ച്) എന്നിവയാണ്.

സങ്കരയിനം പശുക്കൾ ഈ പഞ്ചായത്തിൽ കുറവാണ്. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ വിപണനത്തിന് ഈ പഞ്ചായത്തിൽ സൊസൈറ്റിയോ മറ്റു സംവിധാനങ്ങളോ ഇല്ല.

ഈ പഞ്ചായത്തിൽ തീറ്റപ്പുൽ കൃഷിക്ക് വളരെയധികം സൗകര്യമുണ്ടെങ്കിലും തീരെ പ്രയോജനപ്പെടുത്തിയിട്ടില്ല. ഈ മേഖലയിലും ജനങ്ങൾക്ക് പരിജ്ഞാനം കുറവാണ്.

ഇറച്ചിയുടെ കാര്യത്തിലും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ ആധുനിക അറവുശാലകളോ വിൽപനശാലകളോ ഇല്ല. മൃഗങ്ങളെ തുറസ്സായ സ്ഥലങ്ങളിൽ അനാരോഗ്യകരമായ അന്തരീക്ഷത്തിലാണ് അറക്കുന്നത്. അവയുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കാനായുള്ള സൗകര്യം ഒന്നുംതന്നെയില്ല. കശാപ്പു ചെയ്യുന്ന മൃഗങ്ങൾക്ക് മനുഷ്യർക്ക് പടർന്നുപിടിക്കാവുന്ന രോഗങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തിയല്ല വിൽക്കപ്പെടുന്നത്.

മിക്കവീടുകളിലും ആട് വളർത്തുന്നുണ്ട്. വർദ്ധിച്ച ആട്ടിറച്ചിയുടെ വില, വളർത്താനുള്ള സൗകര്യം, പാലും കിട്ടും എന്നുള്ള കാര്യത്താൽ മിക്കവരും ആട് വളർത്തലിൽ താല്പര്യം കാണിക്കുന്നു.

ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമായാൽ പലരും ചെറുകിട ആട് വളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ തയ്യാറാണ്.

പേപ്പട്ടി ശല്യം മിക്ക വാർഡുകളിലും അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്ത് പേവിഷബാധ നിർമ്മാർജ്ജനത്തിനെതിരെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുകയും, വീടുകളിൽ വളർത്തുന്നവക്ക് ലൈസൻസ് ഏർപ്പെടുത്തി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിൽ പൊതുവെ കോഴി വളർത്തലിൽ താല്പര്യം ഉള്ളവർ ഉണ്ടെങ്കിലും 2,5 വാർഡുകളിൽ ചെറിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഒഴിച്ച് പറയത്തക്ക കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇല്ല. സ്വന്തം ആവശ്യത്തിനായി അടുക്കള മുറ്റത്ത് കോഴി വളർത്തുന്നുണ്ടെങ്കിലും ഇതിന് നേരിടുന്ന പ്രധാന പ്രശ്നം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന 'കോഴിവസന്ത' എന്ന രോഗമാണ്.

പഞ്ചായത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ ആഗ്രഹമുള്ളവർ ഉണ്ട്. മേൽത്തരം കോഴിക്കുഞ്ഞുങ്ങളെയും സബ്സിഡി നിരക്കിൽ കോഴിത്തീറ്റയും ലഭ്യമാക്കുകയാണെങ്കിൽ പലരും കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ താല്പര്യം കാണിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ആവശ്യമുള്ള കോഴിമുട്ടയും, കോഴിഇറച്ചിയും അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. എന്നാൽ സർക്കാറിന്റെ സാമ്പത്തിക സഹായം കിട്ടുകയാണെങ്കിൽ സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാനും, മുട്ട വിരിയിപ്പിച്ച് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും താല്പര്യമുള്ളവരുമുണ്ട്.

കാട (ജപ്പാനീസ് കുഴിൽ) കുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള സംവിധാനം എർപ്പെടുത്തുകയാണെങ്കിൽ കാട വളർത്താനും താല്പര്യമുള്ളവരുണ്ട്.

വളരെ കുറച്ചുപേർ ഓമന മൃഗങ്ങളായാണ് മുയലുകളെ വളർത്തുന്നത്, എന്നാൽ സങ്കരയിനം മുയൽ കുഞ്ഞുങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ പലരും ഇതിനു താല്പര്യം കാണിക്കുന്നുണ്ട്.

സ്വയം തൊഴിൽ, ഉപതൊഴിൽ എന്ന നിലക്ക് തേനീച്ച വളർത്തി ഉപജീവനം നടത്താൻ താല്പര്യമുള്ള കുടുംബങ്ങളും ഇവിടെയുണ്ട്, എന്നാലിവർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിക്കുവാനുള്ള സാഹചര്യം നിലവിലില്ല. ഇത് ലഭ്യമാക്കിയാൽ ധാരാളം കുടുംബങ്ങൾ ഈ രംഗത്തേക്കും കടന്നുവരും.

പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വില.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം.
3. മൃഗചികിത്സയുടെ അപര്യാപ്തതയും, സാങ്കേതിക പരിജ്ഞാനക്കുറവും.
4. അധികം വരുന്ന പാൽ വിപണനത്തിനുള്ള സൗകര്യക്കുറവ്.
5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്നതിനുള്ള പ്രയാസം.

6. ഉൾപ്രദേശങ്ങളിൽ സങ്കരയിനം പശുക്കളുടെയും കൃത്രിമബീജദാന സൗകര്യങ്ങളുടെയും കുറവ്.
7. മൃഗങ്ങൾക്കുള്ള മാരകരോഗങ്ങൾ.
8. ശാസ്ത്രീയമായി പശുവളർത്തുന്നതിനുള്ള അറിവില്ലായ്മ.
9. മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്, അവ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള അറിവില്ലായ്മ.

സാദ്ധ്യതകളും നിർദ്ദേശങ്ങളും.

1. കാലിവളർത്തലിലൂടെ ഒട്ടേറെ പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും, ഉപജീവന മാർഗ്ഗം തേടുന്നതിനും ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്നവരുടെ വരുമാനമാർഗ്ഗം ഉയർത്തുന്നതിനും സാധിക്കും.
2. പഞ്ചായത്ത് തലത്തിൽ മൊത്തപ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക.
3. ഓരോ വാർഡിലും ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിച്ചു പാൽ ഉൽപന്നങ്ങളാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.
5. പാലിന്റെ കാര്യത്തിൽ പഞ്ചായത്തിൽ സ്വയം പര്യാപ്തത നേടുന്നതിന്, താല്പര്യമുള്ളഎല്ലാ കർഷകരുടെയും വീടുകൾ തോറും ഓരോ പശുവിനെ വീതം വളർത്തുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുക.
6. തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
7. മൃഗചികിത്സാ സൗകര്യങ്ങൾ എല്ലാ വാർഡിലും എത്തിക്കുന്നതിനായി മാസത്തിൽ ഒരിക്കൽ വാർഡുകളിൽ ക്യാമ്പ് സംഘടിപ്പിക്കുക.
8. സഹകരണാടിസ്ഥാനത്തിൽ മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.
9. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
10. പശു, ആട്, എരുമ, ഉഴവുകാള എന്നിവക്ക് സമഗ്ര ഗ്രൂപ്പ് ഇൻഷൂറൻസും വരുമാന പരിധിക്ക് താഴെയുള്ളവർക്ക് മിനിമം ഇൻഷൂറൻസ് പദ്ധതിയും ഏർപ്പെടുത്തുക.
11. കന്നുകാലി കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.
12. ഉഴവുകാളകളെ ഉപയോഗിച്ച് ഉപജീവനം കഴിക്കുന്നതിനായി അതിൽ താല്പര്യം ഉള്ളഎല്ലാ കർഷകർക്കും സബ്സിഡിയായ് ധനസഹായം ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.
13. മൃഗസംരക്ഷണത്തിൽ താല്പര്യമുള്ള കർഷകർക്ക് മൃഗസംരക്ഷണ പരിപാടികളിൽ പരിശീലനം നൽകുക.
14. മൃഗാശുപത്രിയിലും, സബ്സെൻററിലും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം.
15. കൊട്ടപ്പുറത്ത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തം സ്ഥലം എടുക്കുന്നതിനും, എല്ലാ വിധ സൗകര്യങ്ങളോടും കൂടി (ലാബ് സൗകര്യമടക്കം) കെട്ടിടം പണിയുന്നതിനും ഫണ്ട് അനുവദിക്കുക.
16. പഞ്ചായത്തിലെ മിച്ചഭൂമി ഏറ്റെടുത്ത് ആവശ്യമായ സ്ഥലത്ത് തീറ്റപ്പുൽ കൃഷി നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുക.
17. ഭൂമിശാസ്ത്രപരമായി ഉൾപ്രദേശമായതിനാൽ ഒളവട്ടൂർ പുതിയേടത്ത് പറമ്പ എന്ന സ്ഥലത്ത് ഒരു മൃഗാശുപത്രിയും കൂടെ സ്ഥാപിക്കേണ്ടതാണ്.
18. മൃഗസംരക്ഷണവകുപ്പിന്റെ പറ്റുന്ന എല്ലാ നടപ്പു പദ്ധതികളും ഈ പഞ്ചായത്തിലും കൊണ്ട്വരിക.
19. പഞ്ചായത്തിൽ ഒന്നോ രണ്ടോ അറവുശാല സ്ഥാപിക്കുകയും പഞ്ചായത്തിലെ മറ്റു സ്ഥലത്തേക്ക് മാംസം ഇവിടെനിന്നും കൊണ്ടു

പോകാൻ സൗകര്യം ചെയ്യേണ്ടതുമാണ്. മാംസപരിശോധന നിർബന്ധമാക്കേണ്ടതുമാണ്.

20. മൃഗങ്ങളെ കശാപ്പുചെയ്യുന്നവർക്ക് ലൈസൻസും ബോധവൽക്കരണവും, പരിശീലനവും ഏർപ്പെടുത്തേണ്ടതാണ്.

21. അനാരോഗ്യകരവും, മലീമസവുമായി ഗ്രാമാന്തരീക്ഷത്തിൽ കശാപ്പുചെയ്ത് അവശിഷ്ടങ്ങൾ പരിസരമലിനീകരണത്തിനിടയാകുന്നത് തടയുന്നതിനായ് മുഴുവൻ കശാപ്പും പഞ്ചായത്ത് അറവുശാലയിൽ വെച്ച് നടത്തേണ്ടതാണ്.

22. പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ കേന്ദ്രും, കോഴിക്കുഞ്ഞുങ്ങളെ വിരിയിപ്പിച്ചെടുക്കുന്നതിനുമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

23. അടുക്കള മുറ്റത്തെ കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക.

24. പഞ്ചായത്തിൽ കോഴി, ആട് അറവുകേന്ദ്രങ്ങൾ ആധുനിക രീതിയിൽ ഏർപ്പെടുത്തുകയും, അവശിഷ്ടങ്ങൾ ശരിയാംവണ്ണം സംസ്ക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

25. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകി പഞ്ചായത്തിൽ ചിലവു കുറഞ്ഞ കാലിത്തീറ്റനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കണം.

26. പഞ്ചായത്തിൽ കന്നുകാലിച്ചന്ത സ്ഥാപിക്കുക.

മത്സ്യബന്ധനം

പുളിക്കൽ ഗ്രാമപഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്ത് അല്ലാത്തതുകൊണ്ട് മത്സ്യബന്ധനം ഉപജീവനമായിട്ട് സ്വീകരിച്ച ജനങ്ങൾ വിരളമാണ്. അതെസമയം ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് (പുഴകളിലും തോടുകളിലും) ഏതാനും കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ മത്സ്യകൃഷിക്ക് ഉപയുക്തമാക്കാവുന്ന ധാരാളം ജലാശയങ്ങൾ നിലവിലുണ്ട്. ശാസ്ത്രീയ മത്സ്യകൃഷിക്ക് യോജിച്ച ഒരു ഹെക്ടർ വിസ്തീർണണം വരുന്നതും വെള്ളം കെട്ടിനിൽക്കുന്നതുമായ 20-ൽ അധികം കരിങ്കൽ ക്വാറികൾ ഇവിടെയുണ്ട്. മൊത്തം 30 സെൻറ് വരുന്ന 4 പൊതുകുളങ്ങളും കൂടാതെ കുളിക്കാനും ജലസേചനത്തിനും മറ്റുമായി നിർമ്മിച്ചിട്ടുള്ള സ്വകാര്യകുളങ്ങളും ഇവിടെ ധാരാളമുണ്ട്. ചുരുങ്ങിയ ചിലവിൽ, മത്സ്യം വളർത്താൻ പ്രാപ്തമായ കുളങ്ങളാക്കി മാറ്റാവുന്ന ഏകദേശം 2 ഹെക്ടർ ചതുപ്പുനിലങ്ങളും ഒരുപ്പു കൃഷിചെയ്യുന്ന വയലുകളും ഇവിടെ ലഭ്യമാണ്.

ഇവിടെ നാടൻ മത്സ്യങ്ങളായ കണ്ണൻ, മൂശി, കാരി, വരാൽ, വാള, കടു, ഈൽ എന്നിവ കുളങ്ങളിൽ നിന്നും തോടുകളിൽ നിന്നും ലഭിക്കുന്നു. ഈ മത്സ്യങ്ങൾക്ക് ചില സ്ഥലങ്ങളിൽ 'ചീയൽ' അസുഖം അനുഭവപ്പെടുന്നതായി കാണുന്നു. ഈ അസുഖം ജനങ്ങളെ പരിഭ്രാന്തരാക്കിയിരിക്കുകയാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയുംമറ്റും അമിതോപയോഗമാണിതിന് കാരണമെന്ന് കരുതപ്പെടുന്നു. പലതരം മത്സ്യങ്ങളും തവളും ഇതിനാൽ വംശനാശഭീഷണി നേരിടുകയാണ്. ഇവിടെ ഇപ്പോൾ ലഭ്യമാകുന്ന കടൽ മത്സ്യങ്ങൾക്ക് ഉയർന്നവിലയും താഴ്ന്ന ഗുണനിലവാരവുമാണ്. ഈ പഞ്ചായത്തിൽ ലഭ്യമായ ജലവിഭവങ്ങൾ ഉപയോഗപ്പെടുത്തി ശാസ്ത്രീയ അടിസ്ഥാനത്തിൽ മത്സ്യകൃഷി നടപ്പിലാക്കുകയാണെങ്കിൽ മത്സ്യത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിനെ സ്വയം പര്യാപ്തിയിലേക്ക് നയിക്കാവുന്നതാണ്. കൂടാതെ മത്സ്യകൃഷി ഒരു തൊഴിൽ ആയോ, ഉപതൊഴിലായോ, വിനോദമായോ സ്വീകരിക്കാവുന്നതും അതുവഴി ഈ പഞ്ചായത്തിൽ തൊഴിൽ രഹിതരായ ഒട്ടേറെ പേർക്ക് തൊഴിൽ ലഭ്യമാക്കാവുന്നതും, ഈ പഞ്ചായത്തിലെ ആളോഹരി വരുമാനം കൂട്ടാവുന്നതുമാണ്. മത്സ്യബന്ധനവകുപ്പിൻെറ പദ്ധതികളെക്കുറിച്ച് ഇവിടത്തെ ജനങ്ങൾ ബോധവാന്മാരല്ല. അതുകൊണ്ട് പ്രസ്തുത മേഖലയിലെ പദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. എന്നാലും മത്സ്യകൃഷിയിൽ താല്പര്യമുള്ള ഏതാനും വ്യക്തികൾ കുളങ്ങളിലും കരിങ്കൽ ക്വാറികളിലുമായി മൊത്തം 5 ഇടങ്ങളിൽ ഈ വർഷം മുതൽ കൃഷി നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ നിന്നും മത്സ്യകൃഷിക്ക് 20

സെൻറ് സ്ഥലത്ത് കുളം നിർമ്മിക്കാൻ ഒരു പദ്ധതി ബേങ്കിൻെറ ധനസഹായത്തിന് അയച്ചിട്ടുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. ശാസ്ത്രീയ മത്സ്യ കൃഷിക്കുള്ള അജ്ഞത.
2. പുതിയ സംരംഭമായത് കൊണ്ട് സാമ്പത്തിക പരാജയം വരുമെന്ന ഭീതി.
3. മത്സ്യരോഗം വരുമെന്ന ഭീതി.
4. ഉൾനാടൻ പഞ്ചായത്ത് ആയതുകൊണ്ട് തീര പ്രദേശത്തുള്ളവരെപ്പോലെ വകുപ്പുദ്യോഗസ്ഥരുമായി ബന്ധപ്പെടാനുള്ള പ്രയാസം.

സാധ്യതകൾ


1. മത്സ്യകൃഷി തൊഴിലായോ, ഉപതൊഴിലായോ, വിനോദമായോ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലില്ലായ്മ പരിഹരിക്കുന്നു.
2. പഞ്ചായത്തിൽ ഇപ്പോൾ ഉപയോഗശൂന്യമായി വെള്ളം കെട്ടിക്കിടക്കുന്നതും സ്വകാര്യ മേഖലയിലുള്ളതുമായ കരിങ്കൽ ക്വാറികൾ ശാസ്ത്രീയ മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
3. പൊതുകുളങ്ങൾ മത്സ്യകൃഷിക്ക് സന്നദ്ധരായവർക്ക് ലേലം ചെയ്ത് കൊടുത്ത് ശാസ്ത്രീയ മത്സ്യകൃഷി നടപ്പിലാക്കാവുന്നതാണ്.
4. പഞ്ചായത്തിൽ വരുന്ന 200-ഓളം സ്വകാര്യ കുളങ്ങളിൽ മത്സ്യകർഷക വികസന ഏജൻസി മുഖേന ശാസ്ത്രീയ മത്സ്യ കൃഷി നടപ്പിലാക്കുക.
5. ചുരുങ്ങിയ ചിലവിൽ മത്സ്യകൃഷിക്ക് ഉപയുക്തമാക്കാവുന്ന പഞ്ചായത്തിലെ ചതുപ്പു നിലങ്ങൾ, ഒരുപ്പു കൃഷിനിലങ്ങൾ, വയലുകൾ എന്നിവ ഫിഷറീസ് വകുപ്പിൻെറ സഹായത്തോടെ ശുദ്ധജല ചെമ്മീൻ കൃഷി നടപ്പിലാക്കാവുന്നതാണം.
6. ഫിഷറീസ് വകുപ്പിൻെറ സഹായത്തോടെ ഒരു മാതൃകാ മത്സ്യക്കുളം ആരംഭിക്കുക.
7. പഞ്ചായത്തിൽ നിന്നും ശാസ്ത്രീയ മത്സ്യകൃഷിക്ക് താല്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുക.
8. മത്സ്യവകുപ്പിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വർഷത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്തിൽ ബോധവൽക്കരണ കേമ്പ് സംഘടിപ്പിക്കുക.
9. പഞ്ചായത്തിൽ സാധ്യതയുള്ള കേന്ദ്രങ്ങളിൽ സംയോജിത മത്സ്യകൃഷി നടപ്പിലാക്കുക. (മത്സ്യത്തിൻെറ കൂടെ കോഴി, താറാവ്, മുയൽ എന്നിവയിൽ ഏതെങ്കിലും സംയോജിപ്പിച്ച് വളർത്തുക.) ആയതിലേക്ക് വേണ്ട സാമ്പത്തിക സഹായങ്ങൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കുക.

4.1 വളർത്തു മൃഗ സംഖ്യ

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവദ്ധനവ്	മറ്റുള്ളവ	വംശവദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവഇല്ലാത്തത്	കറവ ഉള്ളത്	കറവഇല്ലാത്തത്	കറവ ഉള്ളത്	കറവഇല്ലാത്തത്				
1.	2	3	4	5	6	7	8	9	10	11	12	13	14	15
Total	15	200	20	80	480	425	200	125	25	8	77	1678	400	

4.2 വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
Total	1200	3150	5650	12	54	188



5.3
വിദ്യാഭ്യാസം

16538 പുരുഷന്മാരും 16226 സ്ത്രീകളും ഉൾപ്പെടെ 32764 ജനസംഖ്യയുള്ളതിൽ 25107പേർ സാക്ഷരായുള്ള പുളിക്കൽ പഞ്ചായത്ത് 28.2 ച. കി.മീറ്റർ വ്യാപ്തിയുള്ളതാണ്. വിദൂരമായ ഗ്രാമങ്ങളും ഉൾനാടൻ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രദേശത്തെ ജനത സാമ്പത്തിക സാമൂഹിക രംഗത്ത് ഏറെ പിന്നോക്കമാണ്. ബ്രിട്ടീഷുകാരുടെ ഭീകരഭരണവും, വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികളുടെ നീരാളിപ്പിടുത്തവും ജനങ്ങളുടെ സാമൂഹിക സാമ്പത്തിക രംഗത്തെ തകർച്ചക്ക് കാരണമായി. ഇതേ കാരണത്താൽ തന്നെ ജനങ്ങൾ വിദ്യാഭ്യാസപരമായും പിന്നോക്കം പോകുകയുണ്ടായി. ബ്രിട്ടീഷ് ഭരണകൂടത്തോടുള്ള പൊതുജനങ്ങളുടെ എതിർപ്പ് അവരുടെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നകന്ന് നിൽക്കാൻ കാരണമായി. സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി 1900ൽ കൊട്ടപ്പുറത്തെ മണരങ്കോട്ട് പഞ്ചായത്തിലെ പ്രഥമ വിദ്യാലയം സ്ഥാപിതമായി. ഈ വിദ്യാലയം സ്ഥാപിക്കുന്നതിൽ പ്രമുഖ പങ്കുവഹിച്ച പയമ്പ്രോട്ട് മമ്മദ് സാഹിബ് പ്രത്യേകം സ്മരണീയനാണ്. വിദ്യാലയങ്ങളിലെ സ്ഥിതിവിവരക്കണക്ക് (പട്ടിക - 1)

ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിലാണ് ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. വിജ്ഞാനതൽപരരായ ഏതാനും വ്യക്തിത്വങ്ങളുടെ സേവനതൽപരതയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഇന്ന് പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും പതിനൊന്ന് ലോവർ പ്രൈമറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഈ സ്കൂളുകളിൽ 4266 ആൺകുട്ടികളും 4104 പെൺകുട്ടികളും ഉൾപ്പെടെ 8370 വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. ഇവരെ പഠിപ്പിക്കുന്നതിനായി 308 അധ്യാപകർ സേവനം ചെയ്തുവരുന്നു. വിശദവിവരങ്ങൾ പട്ടിക 1ൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളും രണ്ടു പ്രൈമറി സ്കൂളുകളുമാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്നത്. ആവശ്യമായ കെട്ടിട സൗകര്യങ്ങൾ, ഫർണീച്ചർ,മറ്റു ഭൗതിക സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത ഈ സ്ഥാപനങ്ങളുടെ ലക്ഷ്യം നേടുന്നതിൽ തടസ്സമായി നിൽക്കുന്നു. യഥാസമയം അധ്യാപക നിയമനം നടക്കാതിരിക്കുന്നതും, ക്ലാസ്സുകളിലെ വിദ്യാർത്ഥിബാഹുല്യം തുടങ്ങിയവയും സർക്കാർ സ്കൂളുകളുടെ പിന്നോക്കാവസ്ഥക്ക് പ്രത്യേക കാരണങ്ങളാണ്.

കൊട്ടപ്പുറം ഗവ. ഹൈസ്കൂളിന് പുതിയ ഒരു കെട്ടിടം ലഭ്യമായെങ്കിലും, ആവശ്യത്തിന് മതിയാവാതെ വരുന്നു. പത്തുമുറികൾ അടിയന്തിരമായി വേണ്ടതുണ്ട്.

തടത്തിൽ പറമ്പ ഗവ. ഹൈസ്കൂളിന് സർക്കാറിൽ നിന്നും ഇതുവരെ ഒരു കെട്ടിടം പോലും അനുവദിക്കപ്പെട്ടിട്ടില്ല. നാട്ടുകാർ നിർമ്മിച്ച കെട്ടിടം മാത്രമാണുള്ളത്. ഇത് ആവശ്യത്തിന് ഒട്ടും തികയുന്നില്ല. മറ്റു അടിസ്ഥാന സൗകര്യങ്ങളും ഈ വിദ്യാലയത്തിലില്ല.

ആൽപറമ്പ് ഗവ' എൽ.പി.സ്കൂൾ സ്വന്തമായ ഒരു കെട്ടിടം പോലും ഇല്ലാതെ പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിലാണ് വിദ്യാലയം വ

വിദ്യാലയങ്ങളിലെ സ്ഥിതിവിവരക്കണക്ക്

വിദ്യാർത്ഥികളും അധ്യാപകരും

ക്രമനമ്പ്ര്	സ്കൂൾ	മാനേജ്	വിദ്യാർത്ഥികൾ			അധ്യാപകർ		
		മെൻറ്	ആ	പെ	ആകെ	സ്ത്രീ	പുരു	ആകെ
1	H.I.O.H.S. ഒളവട്ടൂർ!	എയ്ഡഡ്	614	637	1351	49	-	49
2	G.H.S. തടത്തിൽ പറമ്പ!	ഗവ:	226	213	439	10	9	19
3	G.H.S. കൊട്ടപ്പുറം	ഗവ:	788	835	1623	31	23	54
4	ഇർശാദിയ A.U.P.S. വലിയപറമ്പ	എയ്ഡഡ്	264	246	510	14	6	20
5	P.T.M.A.U.P.S ചെറുമുനം	എഡ്ഡഡ്	272	232	504	12	8	20
6	A.M.U.P.S. അരൂർ	എയ്ഡഡ്	372	343	715	20	5	25
7	A.M.L.P.S. വലിയ പറമ്പ വെസ്റ്റ്	എയ്ഡഡ്	225	240	465	7	7	14
8	A.M.L.P.S. വലിയ പറമ്പ ഈസ്റ്റ്	എയ്ഡഡ്	172	134	306	6	6	12
9	A.M.L.P.S. ആന്തിയൂർകുന്ന്	എയ്ഡഡ്	141	137	278	5	5	10
10	A.M.L.P.S. പുളിക്കൽ	എയ്ഡഡ്	362	323	685	5	13	18
11	A.M.L.P.S. മുട്ടയൂർ	എയ്ഡഡ്	96	62	158	3	3	6
12	A.M.L.P.S. കൊട്ടപ്പുറം	എയ്ഡഡ്	500	443	943	10	18	28
13	G.L.P.S. ആൽപറമ്പ	എയ്ഡഡ്	141	144	285	3	4	7
14	A.L.P.S. മങ്ങാട്ടുമുറി	എയ്ഡഡ്	83	73	156	3	3	6
15	A.M.L.P.S. ചെവിട്ടാണിക്കുന്ന്	എയ്ഡഡ്	48	59	107	4	1	5
16	A.M.L.P.S. ഒളവട്ടൂർ	എയ്ഡഡ്	109	119	228	6	3	9
17	G.L.P.S. തടത്തിൽ പറമ്പ	എയ്ഡഡ്	94	71	165	4	2	6
18	സലഫി ഇംഗ്ലീഷ്മീഡിയം സ്കൂൾ	അൺ എയ്ഡഡ്	-	-	-	-	-	-
	ആകെ		**4266**	**4104**	**8370**	**192**	**116**	**308**

ർഷങ്ങളായി നടന്നു വരുന്നത്.മറ്റു അടിസ്ഥാന സൗകര്യങ്ങളും ഈ സ്ഥാപനത്തിന് അന്യമാണ്.

പ്രസ്തുത കാരണങ്ങളാൽ പഞ്ചായത്തിലെ ഗവ; ഹൈസ്കൂളുകളിലെ S.S.L.C വിജയശതമാനം താരതമ്യേന കുറവാണ്. വിശദ വിവരം പട്ടിക (2,3)-ൽ. സർക്കാരും, അധ്യാപക രക്ഷാസമിതിയും സജീവമായി ശ്രദ്ധ പതിപ്പിച്ചാൽ ഈ പിന്നോക്കാവസ്ഥ പരിഹരിക്കാം.

പട്ടിക 2

പഞ്ചായത്തിലെ സർക്കാർ വിദ്യലയങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം	അധ്യാപകരുടെ എണ്ണം	കെട്ടിടസൗകര്യം	ഫർണീച്ചർ
1	ജി.എച്ച്.എസ്. കൊട്ടപ്പുറം	1623	54		50 ബെഞ്ചും ഡസ്കും കൂടിവേണം
2	ജി.എച്ച്.എസ്. തടത്തിൽപറമ്പ	439	19	9 ക്ലാസ്മുറികൾ കൂടി നിർമ്മിക്കണം	30 ബെഞ്ചും, ഡസ്കും വേണം
3	ജി.എൽ.പി.എസ്. ആൽപറമ്പ്	285	7	സ്വന്തമായ കെട്ടിടം തന്നെ ഇല്ല	10ബെഞ്ച് കൂടി വേണം
4	ജി.എൽ.പി.എസ്. തടത്തിൽ പറമ്പ	165	6	പുതിയ കെട്ടിടം ആവശ്യമില്ല	പുതിയ ഫർണിച്ചർ ആവശ്യമില്ല

പട്ടിക 3

കഴിഞ്ഞ 5 വർഷത്തെ S.S.L.C പരീക്ഷയുടെ വിജയശതമാനം

വർഷം	ഗവ; ഹൈസ്കൂൾ കൊട്ടപ്പുറം	ഗവ; ഹൈസ്കൂൾ തടത്തിൽ പറമ്പ്	HIOHS ഒളവട്ടൂർ
മാർച്ച് 1992	25.5	35	75.4
മാർച്ച് 1993	24.3	34	71.5
മാർച്ച് 1994	15.7	33	66
മാർച്ച് 1995	19.9	31	35
മാർച്ച് 1996	14.1	30	46

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

പഞ്ചായത്തിൽ 20 ഹരിജൻ കോളനികൾ ഉൾക്കൊള്ളുന്നു. വിവിധ വിദ്യാലയങ്ങളിലായി 786 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നു. വിശദവിവര പട്ടിക 4 ൽ.

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാലയങ്ങൾക്കുപുറമെ ആറു ഗ്രന്ഥശാലകളും ആറു വായനശാലകളും പത്തൊൻപതു അംഗൻവാടികളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കൊട്ടപ്പുറം, വലിയ പറമ്പ, പുളിക്കൽ, ഒളവട്ടൂർ എന്നിവിടങ്ങളിൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരത്തോടുകൂടി ഗ്രന്ഥശാലകൾ പ്രവത്തിക്കുന്നു. കൂടാതെ അഞ്ചു ജനവിദ്യാ കേന്ദ്രങ്ങൾ കൊട്ടപ്പുറം, ആലുങ്ങൽ, വലിയ പറമ്പ്, നൂഞ്ഞല്ലൂർ, അരൂർ പ്രദേശങ്ങളിൽ പ്രവർത്തികഉകന്നു.

മത വിജ്ഞാനകേന്ദ്രങ്ങൾ

ഇസ്ലാംമത വിജ്ഞാനപഠനങ്ങൾക്കായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അമ്പതോളം മദ്രസകളും പത്തിലധികം പള്ളി ദർസുകളും നടന്നുവരുന്നു. സമൂഹത്തിൽ ധാർമ്മികത നിലനിർത്തുന്നതിൽ മതവിജ്ഞാന സ്ഥാപനങ്ങൾ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. അഞ്ഞൂറിലധികം അധ്യാപകർ ഈ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

പട്ടിക 4

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	പട്ടികജാതി-പട്ടികവർഗ്ഗം			
			ആൺ	പെൺ	ആകെ	ശതമാനം
1	H.I.O.H.S. ഒളവട്ടൂർ	1351	35	40	75	9
2	G.H.S. തടത്തിൽ പറമ്പ	439	14	7	21	5
3	G.H.S. കൊട്ടപ്പുറം	1623	90	118	208	13
4	ഇർശാദിയ A.U.P.S. വലിയപറമ്പ	510	35	37	72	14
5	P.TM.A.U.P.S. ചെറുമുറ്റം	504	27	23	50	10
6	A.M.U.P.S. അരൂർ	715	45	51	96	13
7	A.M.L.P.S. വലിയപറമ്പ വെസ്റ്റ്	465	222	25	47	10
8	A.M.L.P.S. വലിയപറമ്പ ഈസ്റ്റ്	306	2	2	4	1
9	A.M.L.P.S. ആന്തിയൂർകുന്ന്	278	7	7	14	5
10	A.M.L.P.S. പുളിക്കൽ	685	25	38	63	9
11	A.M.L.P.S. മുട്ടയൂർ	158	6	9	15	10
12	A.M.L.P.S. കൊട്ടപ്പുറം	943	41	42	83	9
13	G.L.P.S. ആൽപറമ്പ	285	7	3	10	4
14	A.L.P.S. മങ്ങാട്ടുമുറി	156	6	11	17	11
15	A.M.L.P.S. ചെവിട്ടാണിക്കുന്ന്	107	0	5	5	5
16	A.M.L.P.S. ഒളവട്ടൂർ	228	1	1	2	1
17	G.L.P.S. തടത്തിൽ പറമ്പ	165	4	0	4	2

അനാഥാലയം

ഒളവട്ടൂർ ഹയാത്തുൽ ഇസ്ലാം ഓർഫനേജ് ആണ് പഞ്ചായത്തിലെ ഏക അനാഥാലയം. 1966ൽ പി.എം.എസ്.എ.പൂകോയ തങ്ങൾ ഉദ്ഘാടനം ചെയ്ത പ്രസ്തുത സ്ഥാപനത്തിന്റെ സ്ഥാപക നേതാക്കൾ എം. മോയിൻകുട്ടി ഹാജിയും എം.കെ. മമ്മതിശ്ശാഹാജിയുമാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ 150 വിദ്യാർത്ഥികളുണ്ട്. സംസ്ഥാനത്തെ അനാഥശാലാ വിദ്യാർത്ഥികളിൽ 1985, 90, 91 വർഷങ്ങളിൽ S.S.L.C.ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയത് ഈ അനാഥശാലയിലെ വിദ്യാർത്ഥികളാണ്. കലാ സാഹിത്യ രംഗങ്ങളിലും ഈ സ്ഥാപനം വിവിധ അവാർഡുകൾ നേടിയിട്ടുണ്ട്. ഒരു അറബികോളേജും ഈ സ്ഥാപനത്തോടനുബന്ധമായി നടന്നു വരുന്നു. 75 വിദ്യാർത്ഥികളും 5 അധ്യാപകരും ഈ സ്ഥാപനത്തിൽ ഉണ്ട്.

ജാമി അ:സലഫിയ്യ

പുളിക്കൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു വിജ്ഞാനകേന്ദ്രമാണ് "ജാമി അ:സലഫിയ്യ". സലഫി ഗ്രാമത്തിലാണ്

പട്ടിക 5

സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

ക്രമനമ്പർ	സ്കൂളിന്റെ പെര്	മൊത്തം വിദ്യാർത്ഥികൾ	ലപ്സംഗ്രാന്റ് വാങ്ങുന്നവർ	മുസ്ലിം ഗോൾഡ് സ്കോളർഷിപ്പ്	ആകെ
1	H.I.O.H.S. ഒളവട്ടൂർ	803	75	466	541
2	G.H.S. തടത്തിൽ പറമ്പ	439	21	138	159
3	G.H.S. കൊട്ടപ്പുറം	1623	208	520	728
4	ഇർഷാദിയ A.U.P.S. വലിയപറമ്പ	510	72	164	236
5	P.T.M.A.U.P.S. ചെറുമുറ്റം	504	50	55	105
6	A.M.U.P.S. അരൂർ	715	96	119	215
7	A.M.L.P.S. വലിയപറമ്പ വെസ്റ്റ	465	47	-	47
8	A.M.L.P.S. വലിയപറമ്പ ഈസ്റ്റ്	306	4	14	18
9	A.M.L.P.S. ആന്തിയൂർകുന്ന്	278	14	-	14
10	A.M.L.P.S. പുളിക്കൽ	685	63	-	63
11	A.M.L.P.S. മുട്ടയൂർ	158	15	-	15
12	A.M.L.P.S. കൊട്ടപ്പുറം	943	83	63	146
13	G.L.P.S. ആൽപറമ്പ	285	10	-	10
14	A.L.P.S. മങ്ങാട്ടുമുറി	156	17	-	17
15	A.M.L.P.S. ചെവിട്ടാണിക്കുന്ന്	107	5	-	5
16	A.M.L.P.S. ഒളവട്ടൂർ	228	2	-	2
17	G.L.P.S. തടത്തിൽ പറമ്പ	165	4	-	4

പട്ടിക 5

പുളിക്കൽ ജാമീഅസലഫി സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനങ്ങളും കോഴ്സുകളും	വിദ്യാർത്ഥികൾ	അധ്യാപകർ	അധ്യാപകേതരർ
ഹൈസ്കൂൾ, പ്രീപ്രൈമറി	268	19	4
ഇംഗ്ലീഷ് മീഡിയം			
പ്രീപ്രൈമറി ടീച്ചേഴ്സ് ട്രൈനിങ്ങ്	10	1	-
ശറഇയ കോളേജ്	119	14	2
ഹിഫ്സ് കോഴ്സ്	31	2	1
ത'യ'ഞ' പൈൻറിങ്ങ്	8	2	-
ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ	35	4	1
എയർ കണ്ടീഷനിങ്ങ്, റഫ്രിജറേഷൻ			
കമ്പ്യൂട്ടർ കോഴ്സ്	133	4	2
ഷോർട്ട് ടേം കോഴ്സ് ജേർണലിസം	-	-	-
മദ്രസ്സ അധ്യാപകരുടെ ട്രൈനിങ്ങ്	-	-	-

ഇത് സ്ഥിതി ചെയ്യുന്നത്. ഇംഗ്ലീഷ് മീഡിയം,പ്രീ പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, പ്രീ പ്രൈമറി ട്രെയ്നിംഗ് സെൻറർ, വിവിധ സാങ്കേതിക കോഴ്സുകൾ, ശറഇയ്യ കോളേജ്, ഹിഫ്ള് കോഴ്സ് തുടങ്ങി ഒട്ടെറെ കോഴ്സുകൾ ഈ കേന്ദ്രത്തിൽ നിലവിലുണ്ട്. 600ലധികം വിദ്യാർത്ഥികളും അമ്പതോളം അധ്യാപക-അധ്യാപകേതര ജീവനക്കാരേയും ഈ സ്ഥാപനം ഉൾക്കൊള്ളുന്നു.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയവിവരങ്ങളുടെയും പഞ്ചായത്തിലെ 12 ഗ്രാമസഭകളിലും സജീവമായി ചർച്ചകളിൽ നിന്ന് ഉയർന്നുവന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമസഭകളിലും സജീവമായിത്തന്നെ ഉന്നയിക്കുകയുണ്ടായി.

പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോട് കൂടി വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്തിന് ഇടപെടാൻ അധികാരം ലഭിച്ചിരിക്കുകയാണ്. ഇത് മൂലം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനത്തിന് തുടക്കം കുറിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. പൊതുജന പങ്കാളിത്തത്തോട് കൂടി ഈ രംഗത്ത് മാറ്റം വരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി തുടക്കം കുറിച്ചിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ സ്കൂൾ കോംപ്ലക്സ് വിളിച്ചു ചേർത്ത് പൊതുപഠന നിലവാരം ഉയർത്താനും S.S.L.C.യുടെ വിജയശതമാനം ഉയർത്താനും സാധിക്കും.

വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും ഒട്ടേറെ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. അക്കാദമിക്ക് നിലവാരത്തകർച്ച, സമരം മൂലമുണ്ടാകുന്ന അദ്ധ്യയന നഷ്ടം, ക്ലാസ്മുറികളിലെ വിദ്യാർത്ഥി ബാഹുല്യം, അധ്യാപക തസ്തികകളിലെ ഒഴിവ് തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ പോരായ്മ നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. പഞ്ചായത്തിലെ പല സ്കൂളുകളും ആവശ്യത്തിന് കെട്ടിടങ്ങളില്ലാതെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തടത്തിൽ പറമ്പ് ഗവ. ഹൈസ്കൂൾ, ആൽപറമ്പ് ഗവ. എൽ.പി. സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങളില്ല. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പല വിദ്യാലയങ്ങളും പഞ്ചായത്തിലുണ്ട്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. കഴിഞ്ഞ അഞ്ച് വർഷത്തെ S.S.L.C. വിജയശതമാനം പട്ടികയായി ചേർത്തിരിക്കുന്നു. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള അനഭിലഷണീയ പരിപാടികളും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളും വിദ്യാർത്ഥികളിൽ അധാർമിക പ്രവണത വളർത്തുന്നു. ഇത് പഠനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

നിലവിലുള്ള പാഠപുസ്തകങ്ങളിൽ പലതും കുട്ടികളുടെ മുന്നറിവ് അടിസ്ഥാനപ്പെടുത്തിയല്ല തയ്യാറാക്കിയത്. അതിൻെറ ഫലമായി കുട്ടികൾക്ക് പാഠങ്ങൾ വേണ്ടതുപോല ഉൾക്കൊള്ളാൻ കഴിയാതെ വരുന്നു. ഇത് കുട്ടികൾക്ക് പഠനത്തിൽ താല്പര്യം കുറയാനും ഇടക്ക് വെച്ച് പഠനം നിർത്താനും പ്രേരകമാവുന്നു. 6,7, എന്നീ സ്റ്റാൻേറർഡുകളിലെ ഇംഗ്ലീഷ് പാഠപുസ്തകം ഇതിന് ഉദാഹരണമായി എടുക്കാം.

പാഠപുസ്തകങ്ങളുടെയും നോട്ടുബുക്കുകളുടെയും അമിതമായ വില വർദ്ധന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണ ജനതക്ക് വിഷമം സൃഷ്ടിക്കുന്നു. S.S.L.C. പാസ്സാകുന്ന പല കുട്ടികൾക്കും തുടർന്നുള്ള വിദ്യാഭ്യാസത്തിന് ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാതെ വരുന്നതിനാൽ കൂടുതൽ വിദ്യാർത്ഥികളും S.S.L.C. യോട് കൂടി പഠനം നിർത്തേണ്ടിവരുന്നു. ഉന്നതവിദ്യാഭ്യാസത്തിന് ദീർഘദൂരയാത്രചെയ്യേണ്ടി വരുന്നതിനാൽ ഗ്രാമത്തിൻെറ പല ഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികൾ വളരെയധികം വിഷമിക്കുന്നുണ്ട്.

വിദ്യാലയങ്ങിൽ ലാബ് സൗകര്യങ്ങൾ ആവശ്യത്തിന് ഇല്ലാത്തതും ഉള്ളത് വേണ്ട വിധം ഉപയോഗപ്പെടുത്താത്തതും ശാസ്ത്രപഠനത്തെ ബാ

ധിക്കുന്നു. ഇത് വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി ഇല്ലാതാക്കുന്നു. മിക്ക വിദ്യാലയങ്ങളിലും ലൈബ്രറി സൗകര്യങ്ങൾ വേണ്ടത് പോലെ ഇല്ലാത്തത് കാരണം വിദ്യാർത്ഥികൾക്ക് പൊതുവിജ്ഞാനം കുറയാൻ കാരണമാകുന്നുണ്ട്. ഗവ; സ്കൂളുകളിൽ യഥാസമയം അധ്യാപകനിയമനം നടത്താതിരിക്കുകയും ഉള്ള അധ്യാപകർ മറ്റു ഡ്യൂട്ടികൾക്ക് പലപ്പോഴും നിയമിതരാകുമെന്നതിനാലും വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയങ്ങൾ ക്രമാനുഗതമായി ലഭിക്കാതെ പോകുന്നു. ഇത് പല പ്രധാനവിഷയങ്ങളിലും കുട്ടികൾക്ക് പല അടിസ്ഥാന അറിവുകളും ലഭിക്കാതിരിക്കാൻ കാരണമാകുന്നു. തുടർന്നുള്ള പഠനത്തിൽ കുട്ടികൾക്ക് വെറുപ്പുണ്ടാകാൻ ഇത് കാരണമാകുന്നു.

ഒന്നു മുതൽ ഒമ്പത് വരെയുള്ള ക്ലാസുകളിലെ ഇപ്പോഴത്തെ പരീക്ഷാരീതിയും പ്രമോഷൻ സമ്പ്രദായവും വിദ്യാർത്ഥികൾക്ക് പ്രതികൂലമായി ഭവിച്ചുകൊണ്ടിരിക്കുന്നു. പരീക്ഷകൾക്ക് അർഹമായ പരിഗണന നൽകാതെയുള്ള ഈ പ്രമോഷൻ രീതി വിദ്യാഭ്യാസ നിലവാരം തന്നെ തകർക്കുന്ന വിധത്തിലാണ്.

കുടുംബസമാധാനം വിദ്യാർത്ഥികളുടെ പഠനത്തിന് അനിവാര്യമാണ്. ലഹരി സാധനങ്ങളും മയക്കുമരുന്നുകളും വ്യാപകമായ രീതിയിൽ ഉപയോഗിക്കുന്നതുമൂലം പല കുടുംബാംഗങ്ങളും കുടുംബസമാധാനം തകർക്കുന്നു. ഇത് കുട്ടികളുടെ വിദ്യാഭ്യാസത്തിനും മാനസികവളർച്ചക്കും ഒരു ഭീഷണിയായി നിലനിൽക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുകയും പൊതുജനപങ്കാളിത്തത്തോട് കൂടി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും പൂർണ്ണമായ നിരോധനം ഒരു പരിഹാരമാണ്.

വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥി രാഷ്ട്രീയം എടുത്തുകളയേണ്ടതാണ്. അധ്യാപകരെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ഡെപ്യൂട്ടേഷൻ മുഖേന മറ്റു ജോലിക്കായി നിയമിക്കുന്നതും തടയുകയും പകരം അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്തവരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.

ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്ന അധ്യാപക രക്ഷാകൃത്ത് സമിതികളും മാതൃസംഗമവും ഫലപ്രദമായ രീതിയിൽ വിളിച്ചു ചേർക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ നിലവിലുള്ള പ്രമോഷൻ സമ്പ്രദായം നിർത്തലാക്കുകയും പകരം പരീക്ഷായോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം പ്രമോഷൻ നൽകുകയും 4,7 എന്നീ സ്റ്റാന്റേർഡുകളിൽ പൊതുപരീക്ഷാസമ്പ്രദായം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

ഒഴിവ് വരുന്ന അധ്യാപക തസ്തികകളിലേക്ക് യഥാസമയം നിയമനം നടത്തുകയും അധ്യാപകർക്ക് കാലീകമായി സബ്ജക്ട് തലത്തിൽ പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല അധ്യാപകനെ ആദരിക്കുന്ന സമ്പ്രദായം നടപ്പിലാക്കുകയും സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അധ്യാപകരും രക്ഷിതാക്കളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടുന്ന ഒരു മോണിറ്ററിങ്ങ് കമ്മിറ്റി പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്.

4,7,10 എന്നീ സ്റ്റാന്റേർഡുകളിൽ നിന്ന് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പൊതുപരിപാടി സംഘടിപ്പിച്ചുകൊണ്ട് അവാർഡുകൾ വിതരണം ചെയ്യേണ്ടതാണ്.

യോഗ്യതയും താല്പര്യവുമുള്ള അധ്യാപകരെ വിദ്യാലയങ്ങളിൽ നിയമിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും അധ്യാപകർക്ക് ഹാൻറ് ബുക്കുകൾ നൽകുകയും ചെയ്യേണ്ടതാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും മറ്റും നൽകി സഹായിക്കുകയും ഹൈസ്കൂൾതലം വരെ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പൊതുജനങ്ങളെ വിദ്യാഭ്യാസപരമായി

ബോധവൽക്കരിക്കുന്ന വിദ്യാഭ്യാസ സെമിനാറുകളും മറ്റു വിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടികളിൽ മാതാക്കളുടെ പങ്കാളിത്തത്തിന് പ്രാധാന്യം നൽകേണ്ടതുമാണ്.

പ്രാദേശിക വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഉതകുന്ന പരിശീലനക്ലാസുകൾ നിർബന്ധമായും സ്കൂൾ തലത്തിൽ പ്രാവർത്തികമാക്കേണ്ടതും ഇതിനായി സ്കൂൾ പീരേഡുകളുടെ എണ്ണം കൂട്ടുകയും ചെയ്യേണ്ടതാണ്. നോട്ട്ബുക്ക് നിർമ്മാണ്, ഇലക്ട്രോണിക് സാധനങ്ങൾ ഉണ്ടാക്കൽ അവയുടെ റിപ്പയറിംഗ് പോലുള്ള തൊഴിൽ പരിശീലനം സ്കൂൾ തലത്തിൽ ലഭിച്ചാൽ ഭാവിയിൽ തൊഴിൽ ചെയ്ത് ജീവിക്കാൻ വിദ്യാർത്ഥികൾ പ്രാപ്തരായിത്തീരും.

DPEP മുഖേന സൗജന്യമായി നൽകുന്ന പാഠപുസ്തകങ്ങൾ പെൺകുട്ടികളെപ്പോലെ ആൺകുട്ടികൾക്കും ലഭ്യമാക്കുക, സ്വകാര്യ വിദ്യാലയങ്ങൾക്കും DPEP നൽകുന്ന എല്ലാ സഹായങ്ങളും എത്തിക്കുക, LSS, USS എന്നീ പരീക്ഷകളുടെ പ്രാധാന്യമനുസരിച്ച് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുക. പഠനനിലവാരം ഉയർത്തുന്നതിന്നും മതസ്ഥാപനങ്ങളുടെ സഹായം തേടുകതുടങ്ങി വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഉതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

1:30 എന്ന അനുപാതം കണിശമായി പാലിച്ചുകൊണ്ട് ക്ലാസ്മുറിയിലെ വിദ്യാർത്ഥികളുടെ ബാഹുല്യം കുറക്കേണ്ടതാണ്. പൊതുവാർത്താ മാധ്യമങ്ങളായ ടി.വി., റേഡിയോ തുടങ്ങിയ സൗകര്യങ്ങൾ വിദ്യാലയങ്ങൾ, വായനശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. വൈദ്യുതീകരിക്കാത്ത വിദ്യാലയങ്ങൾ നിർബന്ധമായും വൈദ്യുതീകരിക്കുകയും ടെലഫോൺ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതുമാണ്. വിദ്യാലയങ്ങൾ പോലുള്ള സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷന് മുൻഗണന നൽകേണ്ടതാണ്.

നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും പട്ടികജാതി. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപുരോഗമനത്തെ ലക്ഷ്യമാക്കി നിലവിലുള്ളതിനേക്കാളും കൂടുതൽ സൗകര്യങ്ങൾ നൽകേണ്ടതും ലപ്സം ഗ്രാൻറ്, മുസ്ലീ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്, വികലാംഗസ്കോളർഷിപ്പ് പോലെയുള്ള ഗ്രാൻറുകൾ ഇരട്ടിയിലധികം വർദ്ധിപ്പിക്കേണ്ടതുമാണ്.

അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടർ സൗകര്യവും മറ്റു തൊഴിലധിഷ്ഠിത കോഴ്സുകളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഹൈസ്കൂളുകളിൽ വൊക്കേഷനൽ ഗൈഡൻസ് ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. നവോദയ, കേന്ദ്രീയ വിദ്യാലയങ്ങളിൽ പ്രവേശനപരീക്ഷക്ക് പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് പരിശീലനം ഉറപ്പുവരുത്തേണ്ടതാണ്.

പ്രൈമറി സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിന് ഇപ്പോൾ നൽകിവരുന്ന അരിയും പയറും 100% കുട്ടികൾക്കും നൽകുകയും അത് പാചകം ചെയ്യുന്ന തൊഴിലാളിക്ക് ഗവർമെൻറ് നേരിട്ട് വേതനം നൽകുകയും ചെയ്യേണ്ടതാണ്. വിറകു പോലെയുള്ള സാധനങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ നൽകുന്ന സഹായം മതിയാകുന്നില്ല. കാലോചിതമായ വർദ്ധനവ് പ്രസ്തുത കാര്യത്തിന് ലഭിക്കേണ്ടതാണ്.

ഗ്രാമസഭകളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലക്കാലത്തേക്ക്വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിലെ 1-ാം വാർഡിലെ കൊടികുത്തിപറമ്പ്, 2-ാം വാർഡിലെ മക്കക്കാട്, 4-ാം വാർഡിലെ നൂഞ്ഞല്ലൂർ 9-ാം വാർഡിലെ മായക്കര 6-ാം വാർഡിലെ ഉണ്ണിയത്തിപറമ്പ് എന്നിവിടങ്ങളിൽ ഒരോ എൽ.പി. സ്കൂൾസ്ഥാപിക്കുക.

2. 1,2,8,9,12, എന്നീ വാർഡുകളിൽ ഓരോ യു. പി. സ്കൂൾ സ്ഥാപിക്കുക.

3. 5,6, വാർഡുകളിൽ ഹൈസ്കൂളുകൾ സ്ഥാപിക്കുക.

4. 4,5,7,8,9,11,12 എന്നീ വാർഡുകളിൽ ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിക്കുക.

5. പഞ്ചായത്തിലെ ഹൈസ്കൂളുകൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളാക്കി ഉയർത്തുക.

6. പൊതുമേഖലയിൽ ഒരു പാരാമെഡിക്കൽ കോഴ്സ് സെൻറർ സ്ഥാപിക്കുക.

7. വിസ്തൃതമായ ഈ പഞ്ചായത്തിൽ നിന്നും കോളേജ് വിദ്യാഭ്യാസത്തിന് ദീർഘദൂര യാത്ര ചെയ്യേണ്ടിവരുന്നു. ഇതിന് പരിഹാരമായി ആധുനിക വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരുഡിഗ്രി കോളേജ് സ്ഥാപിക്കുക.

8. ടീച്ചേഴ്സ് ട്രെയിനിങ്ങ് സെൻറർ, പ്രീ പ്രൈമറി ടീച്ചേഴ്സ് സെൻറർ, ബി.എഡ്. സെൻറർ എന്നിവ സ്ഥാപിക്കുക.

9. 10-ാം വാർഡിലെ തടത്തിൽ പറമ്പ് ഗവ; ഹൈസ്കൂൾ, 1-ാം വാർഡിലെ ആൽപറമ്പ് ഗവ; എൽ.പി. സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല. പ്രസ്തുത വിദ്യാലയങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിക്കുക. തടത്തിൽ പറമ്പ് ഗവ; ഹൈസ്കൂളിലും കൊട്ടപ്പുറം ഗവ; ഹൈസ്കൂളിലും പി.ടി.എ. വക നിർമ്മിച്ച ഓല മേഞ്ഞ ഷെഡുകൾ ഓട് മേഞ്ഞ് സൗകര്യപ്പെടുത്തുക. പ്രസ്തുത വിദ്യാലയങ്ങളിൽ കോമ്പൗണ്ട് വാൾ, മല മൂത്രവിസർജ്ജന സൗകര്യം, ശുദ്ധജലവിതരണം, ഫർണീച്ചറുകൾ, കളിസ്ഥലം, വൈദ്യുതി തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ ലഭ്യമാക്കുക.

10. 1-ാം വാർഡിൽ ഗവ; എൽ.പി. സ്കൂളിന് സ്വന്തമായി സ്ഥലമില്ല. പ്രസ്തുത സ്കൂളിന് സ്ഥലം വാങ്ങി ബിൽഡിങ്ങ് നിർമ്മിക്കുക.

11. 11-ാം വാർഡിൽ ഒരു എൽ.പി. സ്കൂളും 3,6,7 എന്നീ വാർഡുകളിൽ ഓരോ പ്രീ പ്രൈമറി സ്കൂളുകളും സ്ഥാപിക്കുക.

12. 3-ാം വാർഡിലെ കൊട്ടപ്പുറം ഗവ; ഹൈസ്കൂളിന് ആവശ്യമായ ബിൽഡിങ്ങ് സൗകര്യമില്ല. സ്കൂൾ ബിൽഡിങ്ങുകൾ മുഴുവൻ വൈദ്യുതീകരിക്കുകയും, കോമ്പൗണ്ട് വാൾ, ശുദ്ധജലവിതരണം, ടെലഫോൺ സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുക. പ്രസ്തുത സ്കൂൾ ഗ്രൗണ്ടിൻെറ മദ്ധ്യഭാഗത്ത് കൂടി ഒഴുകുന്ന നീർച്ചാൽ ഗ്രൗണ്ടിൻെറ പടിഞ്ഞാറെ ഭാഗത്തുകൂടി തിരിച്ചുവിടുക. സ്കൂളിൽ ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുക.

13. 9-ാം വാർഡിലെ എൽ.പി. സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. പഞ്ചായത്ത് ഏറ്റെടുത്ത 30 സെൻറ് സ്ഥലത്ത് നഴ്സറി സ്കൂൾ സ്ഥാപിക്കുക.

12-ാം വാർഡിലെ എൽ.പി.സ്കൂളിലേക്ക് വഴി സൗകര്യം ഉണ്ടാക്കുകയും കളിസ്ഥലം നിർമ്മിക്കുകയും ചെയ്യുക.

15. അംഗണവാടികൾക്ക് സ്വന്തമായ സ്ഥലമോ, കെട്ടിടമോ ഇല്ല. 1,2,4,5,6,7,8,9,10,11,12എന്നീ വാർഡുകളിലെ അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടവും സ്ഥലവും ലഭ്യമാക്കുക. 3,5,7,9, 10,11,12 എന്നീ വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗനവാടികൾ സ്ഥാപിക്കുക. നിലവിലുള്ള അംഗനവാടികളിൽ തന്നെ ആവശ്യമായ ഫർണീച്ചുകൾ, കളിക്കോപ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുകയും എല്ലാ അംഗനവാടികൾക്കും നിർബന്ധമായും കക്കൂസ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

16. കുട്ടികളുടെ ആരോഗ്യരക്ഷാ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിന് ആരോഗ്യസ്ഥാപനങ്ങളുടെപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

17. മന്ദബുദ്ധികളും വികലാംഗരുമായ കുട്ടികൾക്ക് പ്രത്യേക വിദ്യാലയങ്ങൾ പഞ്ചായത്തിൻെറ മൂന്നോ നാലോ കേന്ദ്രങ്ങളിൽ സ്ഥാപിക്കുകയും 3-ാം വാർഡിൽ നടത്തിക്കൊണ്ടിരിക്കുന്ന മന്ദബുദ്ധി വിദ്യാലയത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുക.

18. പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും ഉച്ചഭക്ഷണം വിതരണം കൂടുതൽ കാര്യക്ഷമമാക്കുകയും അതിനുവേണ്ട ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.


19. 5-ാം സ്റ്റാൻഡേർഡ് ഉൾപ്പെടുന്ന കൊട്ടപ്പുറം AMLP വലിയ പറമ്പ് ഈസ്റ്റിലെ AMLP എന്നീ സ്കൂളുകളിൽ രാഷ്ട്രഭാഷയായ ഹിന്ദി പഠിപ്പിക്കാൻ യോഗ്യരായ അധ്യാപകനിയമനം നടത്താൻ നിയമം അനുവദിക്കാത്തത് കൊണ്ട് കുട്ടികൾ ഹിന്ദി ഭാഷ പഠിക്കാൻ പ്രയാസപ്പെടുന്നു. പ്രസ്തുത ഭാഷയുടെ അടിസ്ഥാന പഠനം ആരംഭിക്കുന്ന പ്രസ്തുത ക്ലാസ്സിൽ അധ്യാപകനെ നിയമിക്കാൻ നടപടി സ്വീകരിക്കുക, അല്ലെങ്കിൽ സ്കൂളുകൾ യു. പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക.


വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിനെ ക്രിയാത്മകമായ പ്രവർത്തനപരിപാടികളിലൂടെ മുന്നോക്കം കൊണ്ടുവരാൻ നമുക്ക് സാധിക്കും. സമൂഹപുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ കൂട്ടായ പ്രവർത്തനവും സഹകരണങ്ങളും അത്യന്താപേക്ഷിതമാണ്. അധ്യാപകരക്ഷാകർതൃ സമിതികളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകാത്തത് കൊണ്ടാകാം നമ്മുടെ വിദ്യാഭ്യാസനിലവാരം എന്നും ഒരേ അവസ്ഥയിൽ പുരോഗതിയില്ലാതെ തുടരുകയാണ്. വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞത് കൊണ്ട് മാത്രമായില്ല, നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രൈമറിതലം മുതൽ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം. പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും പ്രതിവിധികൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ അടിസ്ഥാന-ഭൗതിക സൗകര്യങ്ങൾ പരിശോധിക്കാനുള്ള പഞ്ചായത്ത്തല സംവിധാനം ഉണ്ടാകണം. പ്രൈമറിതലം മെച്ചപ്പെട്ടാൽ സ്വാഭാവികമായും തുടർവിദ്യാഭ്യാസവും മെച്ചപ്പെടും.

ആധുനിക കാലഘട്ടത്തിൽ ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസനിലവാരം പ്രസ്തുത പ്രദേശത്തുകാരുടെ അഭിമാനപ്രശ്നം കൂടിയാണ്. വരുംകാലങ്ങളിൽ നമുക്കൊക്കെ അഭിമാനപൂർവം തലയുയർത്തി നീൽക്കാൻ നമ്മുടെ പഞ്ചായത്തിനെ വിദ്യാഭ്യാസപുരോഗതിയുടെ പൊൻപടവുകളിലേക്ക് പിടിച്ചുയർത്താൻ നാം തന്നെ സജ്ജമാകുക. ഈ രംഗത്തേക്ക് ഊർജ്ജസ്വലമായ പ്രവർത്തനം നമ്മുടെ പക്ഷത്തുനിന്നുമുണ്ടാകട്ടെ.

സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച്
നേടിയതിനേക്കാൾ ഉത്തമമായ
ഒരാഹാരവും ആരും കഴിച്ചിട്ടില്ല.

മഹൽവാക്യം





5.4 കുടിവെള്ളപ്രശ്നവും പൊതുജനാരോഗ്യവും

ഈ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ പ്രശ്നം കുടിവെള്ളക്ഷാമംതന്നെയാണ്. 'പ്രാണ' വായു കഴിഞ്ഞാൽ ശുദ്ധജലത്തിനാണല്ലോ ജീവന്റെ നിലനിൽപ്പിന് പ്രാധാന്യമർഹിക്കുന്നത്. ആരോഗ്യത്തിന്റെ പ്രധാനഘടകവും ശുദ്ധജലംതന്നെ. ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ 6448 വീടുകൾ ഉള്ളതിൽ 4735 കിണറുകളാണ് ഉള്ളത്. ഇതിൽ തന്നെ 1718 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ പകുതിയോളം സ്ഥലങ്ങളിൽ രൂക്ഷമായി ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 29 കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും ഇവ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ വേണ്ടസ്ഥലങ്ങളിൽ ആവശ്യാനുസൃതം കുഴൽ കിണറുകൾ ഇല്ല. ഉള്ളതിൽതന്നെ 12 എണ്ണം കേടുവന്നിരിക്കുകയാണ്. ഇതുകൊണ്ടെല്ലാം ജനസംഖ്യയുടെ 40% പേരും രൂക്ഷമായ ജലക്ഷാമത്തിന് വിധേയരാവുന്നു.

വേനൽകാലത്ത് കുടിവെള്ളം ശേഖരിക്കുന്നതിനായി 2 കിലോമീറ്റർ ദൂരം യാത്രചെയ്യേണ്ട അവസ്ഥ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഉണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്ത്തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതുമായ നിർദ്ദേശങ്ങൾ വിശകലനത്തിനായി ഇതിൽ ചേർക്കുന്നു. വർഷകാലത്ത് പോലും വെള്ളം ലഭിക്കാത്ത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

പ്രശ്നമേഖലയുടെയും നിർദ്ദേശങ്ങളുടെയും പട്ടിക അടുത്തപേജുകളിൽ....

കുടിവെള്ളക്ഷാമവും പരിഹാരമാർഗ്ഗങ്ങളും

1ാം വാർഡ്:

അങ്ങാടിപറമ്പ്, ചെനപറമ്പ്, ആൽപറമ്പ്, ചൂരിപുറം, തൊട്ടിയിൽ, കള്ളാടിയിൽ, കുന്നേക്കാട്ട്, മങ്ങാണിക്കാട്, കണ്ടംമ്പാട്ടിൽ ചോലയിൽ, മക്കക്കാട്, ആലുങ്ങൽ, പിലാത്തോട്ടം പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ അയൽപഞ്ചായത്തായ ചെറുകാവ് ഒന്നാം വാർഡിൽപെട്ട നുഞ്ഞിപാടത്ത് നിന്ന് ജലമെടുത്ത് മക്കക്കാട്ഭാഗത്ത് ഒരു ജലസംഭരണി സ്ഥാപിച്ച് ടാപ്പ്വഴി ജലവിതരണം നടത്തുക.

2ാം വാർഡ്:

ചാലിപാടത്തുള്ള ജലസ്രോതസ്സ് ഉപയോഗപ്പെ

പട്ടിക - 1

ശുദ്ധജലകിണറുകൾ

കിണറുകൾ						ആകെ
പൊതുകിണർ		സ്വകാര്യ കിണറുകൾ		കുഴൽ കിണറുകൾ		
വെള്ളമുള്ളത്	ഇല്ലാത്തത്	വെള്ളമുള്ളത്	ഇല്ലാത്തത്	ഉപയോഗിക്കുന്നത്	ഉപയോഗിക്കാത്തത്	
19	21	2948	1718	17	12	4735

വാർഡ്	പ്രശ്നമേഖല	നിർദ്ദേശങ്ങൾ
I	അങ്ങാടിപറമ്പ്, ചെനപറമ്പ്, നൂൽപറമ്പ്, ചൂരിപുറം, തൊട്ടിയിൽ, കള്ളാടിയിൽ, കുന്നേക്കാട്, മങ്ങാണിക്കാട്, കണ്ടം ബാട്ടിൽ, ചോലയിൽ, മക്കക്കാട്, ആലുങ്ങൽ, പിലാത്തോട്ടം.	അയൽ പഞ്ചായത്തായ ചെറുകാവിലെ നൂഞ്ഞി പാടത്ത്നിന്ന് ജലം ശേഖരിച്ച്, മക്കക്കാട് ഭാഗത്ത് സംഭരിച്ച് വിതരണം ചെയ്യുക. പുളിക്കൽപഞ്ചായത്തിലെ കാരാട്ടുപടി വയലിൽനിന്നും വെള്ളം ലഭ്യ മാകുന്നതാണ്.
II	ചോയക്കാട്, വെട്ടുകുത്തിമല, പാണ്ടിയാട്ടുപുറം ഭാഗങ്ങളിൽ	ചാലിപാടത്ത് വലിയ ഒരു കിണറോ കുളമോ കുഴിച്ച് പാലപറമ്പിൽ ഒരു ടാങ്കെട്ടി അതിൽനിന്ന് പൈപ്പ് ലൈൻവഴി പ്രശ്നമേഖലയിൽ വിതരണം ചെയ്യുക. കൊട്ടപ്പുറം, ചോയക്കാട്, പാണ്ടിയാട്ടുപുറം, ചോലയിൽപുറായ് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക.
III	നവരിക്കുത്ത്, പാണ്ടിയാട്ടു പുറം, പാലപ്പറമ്പ്, പുളിച്ചിരി, ചുക്ക്പാറ, കൈത്തിരി, മഠത്തിൽപടി (കുറ്റിക്കടവ്) കാരീരി ഭാഗം	ചാലിപാടത്ത് വെള്ളം സംഭരിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുക. നവരിക്കുന്ന് - മിനി വാട്ടർ സപ്ളൈ സ്കീം തുടങ്ങുക. ചുക്കുപാറയിൽ കുഴൽകിണർ കുഴിക്കുക.
IV	ആലക്കപറമ്പ്, കൊട്ടപ്പുറം, മൂത്തേടത്ത് മൂല ഹരിജൻകോളനി, നെല്ലിക്കുന്ന്, മൂലയിൽപുറായ്, അക്കരപുറത്ത്പുറായ്, ഓട്ടുപാറ, ചെമ്പകുഴി, മേച്ചീരി, മലാട്ടിക്കൽ ചെറുത്ത്,	വാരിയത്ത് കുളത്തിനോട് അനുബന്ധിച്ച് അതിന്റെ മേൽഭാഗത്ത് ടാങ്കെട്ടി പൈപ്പ്ലൈൻ മുഖേന വിതരണം ചെയ്യുക. നെല്ലിക്കുന്ന്, അക്കരപുറായ്, ഓട്ടുപാറ, മേച്ചിരി, ചെമ്പക്കുഴി, ആലക്ക പറമ്പ്, കൊടപ്പറമ്പ്, മലാട്ടിക്കൽ എന്നീ ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. കൊടപ്പറമ്പ്, മലാട്ടിക്കൽ മേച്ചീരി ഭാഗങ്ങളിൽ കുഴൽ കിണറുകളും കുഴിക്കുക. മൂലയിൽപുറായി സാധാരണ കിണർ കുഴിക്കുക.
V	പൂളക്കത്തടം, ചാലി, പാലപറമ്പ്, തോരക്കാട്, ചെറുമുറ്റം, കീരൻകുഴി, ആനക്കുഴി, വെട്ടുകാട്, കോമ്പറമ്പ്, നരിത്തോട്, പാലക്കലകണ്ടി, ചെറുമൻതൊടി, ആലക്കപ്പറമ്പ്, കരണി, ചാളക്കണ്ടി, മസ്ജിദ് ബസാർ, അടിച്ചിനിക്കാട്, കൂട്ടശ്ശേരി, മാക്കൽ, കീരംകുഴി, വലിയപറമ്പ് വെസ്റ്റ് എ.എം. എൽ. പി. സ്കൂൾ.	കല്ലാട്ടിരി ചോലയിൽനിന്നും വെള്ളം ശേഖരിച്ച് കോമ്പറമ്പിൽ ടാങ്കെട്ടി പൈപ്പ്ലൈൻ ഏർപ്പെടുത്തുക. സാധാരണ കിണറുകളും, കുഴൽകിണറുകളും ഈ ഭാഗങ്ങളിൽ സ്ഥാപിക്കുക. പൂളക്കത്തടം, ആലക്കപറമ്പ്, ചാലി, പാലപ്പറമ്പ്, മണക്കാട്ടുകുഴി, വെട്ടുകാട്, ചെറുമുറ്റം കാലത്തോട്
VI	ഉണ്ണിയത്തിപറമ്പ്, ഹരിജൻകോളനി, ചെന്നീരി, കാഞ്ഞിരതടായി, കൃഷിഭവന് സമീപം, പാലപ്പറമ്പ്, കുന്നത്ത് (ചങ്കരത്ത് പുറായ്), പുല്ലൂർപുറായ്, ചെറിയപ്പാട്ടിപുറായ്	കെരണിയിൽ ഇപ്പോഴുള്ള പൊതുകിണർ ആഴം കൂട്ടി ഉണ്ണിയത്തിപറമ്പ് ഭാഗത്ത്ടാങ്ക് കെട്ടി ഉണ്ണിയത്തി പറമ്പ്, ചെന്നീരി ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. കാഞ്ഞിരതാടം പടിഞ്ഞാറ് ഭാഗത്ത് ഒരു കുഴൽകിണർ കുഴിക്കുക.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശങ്ങൾ
VII	പുവ്വത്തികോട്ട, പുല്ലൂർപുറായ്, മുന്നിയൂർ കുന്ന് ഹരിജൻകോളനി, മക്കക്കാട് ഹരിജൻകോളനി, ചോലങ്ങാട്പ്രദേശം, ആശാരിപ്പടി, ആലുങ്ങൽ	പ്രത്യേകം മിനിവാട്ടർ സപ്ളൈ സ്കീമുകൾ നടപ്പാക്കുക. അടുംങ്ങുംപുറം ഭാഗത്ത് കിണർകുഴിച്ച് പൂവ്വത്തികോട്ടയിൽ ടാങ്ക്നിർമ്മിച്ച് പൂവ്വത്തികോട്ട, പുല്ലൂർപുറായ് ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം. ആശാരിപ്പടി, ആലുങ്ങൽ, എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുക. കട്ടാളിപടിയിൽ കിണർകുഴിച്ച് മണിയൂർകുന്നത്ത് ടാങ്ക് നിർമ്മിക്കുക. മുട്ടയൂർ ഭാഗത്ത് കിണർ കുഴിച്ച് ആശാരിപടിയിൽ ടാങ്ക്നിർമ്മിച്ച് വെള്ളം വിതരണം ചെയ്യുക.
VIII	മാണാകുത്ത്പുറായ്, ചെനപ്പറമ്പ്, പറക്കുന്നത്ത്, വലടിക്കൽ, പുതിയ പറമ്പത്ത് പുറായ, കീരിക്കുന്ന്, കുടുക്കിൽ ഒറ്റപുലാക്കൽ, പാലക്കാളിൽ ചങ്കരത്ത്പുറായ്, മണ്ണാറക്കൽ, ദേവർതൊടി, പുള്ളിച്ചോല, പനേക്കിണ്ണി, കച്ചിലുങ്ങൽ, ചാമാല മലയിൽ, മൂലബസാർ, പൗരബസാർ, മലയിൽപുറായ്, ചെമ്പാട്ടപ്പാറ, പുളിക്കൽ അങ്ങാടി.	പ്രത്യേകം മിനിവാട്ടർ സ്കീമുകൾ നടപ്പാക്കുക, മൂലബസാറിൽ കിണർകുഴിച്ച് ചെമ്പാട്ടപാറ ഭാഗത്ത് ടാങ്കെട്ടി ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുക. ചെമ്പാട്ടുപാറ പ്രദേശത്ത് ഒരു കുഴൽ കിണർ കുഴിക്കുക.
IX	പറക്കുന്ന്, പാറന്മൽ, ചക്കന്മാട്, പാണ്ടിയാലകണ്ടി, പാലക്കുഴി, നടുത്തൊടി പുറായ്, മായക്കരചോലയിൽ, മായക്കരതടം, ഏച്ചിലാക്കുഴി, പുല്ലാണിപ്പാറ	കുഴൽകിണറുകൾ കുഴിച്ച് ടാങ്കുകൾ സ്ഥാപിക്കുക. ഡാനിഡാ പദ്ധതി ഈ പ്രദേശത്തേക്ക് വ്യാപിപ്പിക്കുക. നീലാട്ടുതൊടിയിൽനിന്നും വെള്ളം എടുത്ത് പറക്കുന്നുമ്മൽ ടാങ്ക് സ്ഥാപിക്കുക. മായക്കര പള്ളിയാളിയിൽ കിണർകുഴിച്ച് ഇരുണ്ടടിയിൽ ടാങ്ക്സ്ഥാപിച്ച് ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുക.
X	ഇട്ടൂട്ടിൽ ഏരിയ, പൈക്കാടത്ത് മൂലയിൽ, എട്ടെന്നിൽ, നീരൊപ്പിൽ, നെട്ടേംകുഴി, ചോലക്കര ഹരിജൻകോളനി, കരിയാത്തംകോട്ട ഹരിജൻകോളനി, തമ്പികണ്ടം ലക്ഷംവീട് കോളനി, നെല്ലിക്കുന്ന്മല, കൊലയൻപാലത്തിങ്ങൽ പുറായ്	കുഴൽകിണറുകളും പഞ്ചായത്ത്കിണറുകളും സ്ഥാപിക്കുക. ഉപയോഗിക്കാതെ കിടക്കുന്ന ഡാനിഡയുടെ രണ്ട് കുഴൽകിണറുകളിൽനിന്ന് വെള്ളം എടുത്ത് കുന്നിൻ മുകളിൽ ടാങ്ക് സ്ഥാപിക്കുക, പരപ്പിൽപാടത്തും തമ്പാറപറമ്പിലും കിണർകുഴിച്ച് പൈക്കാടത്ത് മൂല കുന്നിലും കരിയാത്തൻകോട്ട, ചോലക്കര എന്നിവിടങ്ങളിലും ടാങ്കുകൾസ്ഥാപിക്കുക. നെല്ലിക്കുന്ന്മലയിൽ ഒരു കുഴൽകിണർ കുഴിക്കുക.
XI	കാട്ടുപീടിക, ഉരുണ്ടടി, ചെറുതൊടിപുറായ്, പറമ്പ്കുത്ത്മല, തെങ്ങേമുച്ചി, കൊമ്പ്രകുത്ത്, ചക്കിക്കുഴി	ചെവിടൻ തൊഴൽ, തോണി കല്ലുപാറയിലെ കുഴൽ കിണർ എന്നിവ ഉപയോഗിച്ച് പമ്പ്ഹൗസ് സ്ഥാപിക്കുക. വാർഡിലെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കുക. ചെവിടൻതൊഴലിൽനിന്നും വെള്ളം ശേഖരിച്ച് ഉരുണ്ടടിയിൽ ടാങ്ക് നിർമ്മിച്ച് ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുക. തോണിക്കല്ല് പാറയിൽ കുഴൽകിണർ കുഴിക്കുക. പറമ്പ്കുന്ന്മല ഭാഗങ്ങളിൽ ജലംസംഭരിച്ച് വിതരണം നടത്തുക. കുഴൽകിണറിന്റെ അടുത്ത് വൈദ്യുതി സൗകര്യമുണ്ട്.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശങ്ങൾ
XII	കോട്ടക്കോട്, മരുതം കുഴി, നെല്ലിതടം, മണ്ണാത്തി കല്ലുങ്ങൽ, കാട്ടുവെട്ടിപുറായ്, രാവാട്ടിരിമൂല, മുണ്ടോളി മല.	ഈ പ്രദേശങ്ങളിലെ അടിഭാഗത്തുള്ള ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വാട്ടർസപ്ളൈസ്കീമുകൾ സ്ഥാപിക്കുക. അമ്പാഴത്തൊടി, രാവാട്ടീരിമൂലയിലും കുഴൽകിണറുകൾ കുഴിക്കുക.

ടുത്തി. ഒരു വാട്ടർ സപ്ളൈ സ്കീം ആരംഭിച്ചാൽ ഈ വാർഡിൽ മാത്രമല്ല 3, 5, 6, 7 വാർഡുകളിലെ 200 ഓളം കുടുംബങ്ങൾ അനുഭവിച്ചുവരുന്ന കുടിനീർക്ഷാമത്തിന് പരിഹാരമാകും.

3 ാം വാർഡ്

നവരിക്കുന്ന്, പാണ്ടിയാട്ടുപുറം, പാലപറമ്പ്, പുളിച്ചീരി, ചുക്ക്പാറ, കൈത്തീരി, മഠത്തിൽപടി (കുറ്റിക്കാവ്, കാതീരി ഭാഗം) എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ ചാലിഭാഗത്തെ വെള്ളം സംഭരിച്ചാൽ സാധിക്കുന്നതാണ്. കൂടാതെ വെള്ളമുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകളും, സാധാരണ കിണറുകളും കുഴിച്ച് ഉയർന്ന സ്ഥലങ്ങളിൽ ടാങ്കെട്ടി പൈപ്പ്ലൈൻ സ്ഥാപിക്കുക. നിർദ്ധിഷ്ട ചാലിപദ്ധതി വിപുലമാക്കുക.

4ാം വാർഡ്

കുടി വെള്ളക്ഷാമം അനുഭവപ്പെടുന്ന അക്കരപുറായി, ഓട്ടുപാറ, മേച്ചീരി, ചെറുത്ത്, ചെമ്പക്കുഴി, ആലക്കപ്പറമ്പ്, കൊടപ്പറമ്പ്, മലാട്ടിക്കൽ ഭാഗങ്ങളിൽ ഓരോ കുഴൽ കിണർ കുഴിച്ച് വെള്ളം ലഭ്യമാക്കുക. മൂലയിൽ പുറായ് ഹരിജൻ കോളനിയിൽ ഒരു സാധാരണ കിണർ കുഴിക്കുക. വാരിയത്ത് കുളത്തിനോട് അനുബന്ധിച്ച് അതിന്റെ മേൽഭാഗത്ത് ടാങ്ക് കെട്ടിയാൽ വളരെ ചുരുങ്ങിയ ചിലവിൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

5ാം വാർഡ്:

കിണർ കുഴിക്കുന്നതിന് കൃഷിഭവൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കുള്ള സ്ഥലപരിമിതി ഒഴിവാക്കിയാൽ ഒട്ടേറെപേർക്ക് വളരെ സഹായകരമാവുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആലക്കപറമ്പ് കല്ലാട്ടീരി ചോലയിൽനിന്നോ, കരണിയിൽനിന്നോ വെള്ളം ശേഖരിച്ച് കോമ്പറമ്പിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. ഉപരിതല ജലം ലഭ്യമാകുന്ന പൂളക്കതടം, ആലക്കപറമ്പ്, ചൂണ്ടത്തിൽ, ചാലി, പാലപ്പറമ്പ്, മണക്കാട്ടുകുഴി, വെട്ടുകാട്, ചെറുമുറ്റം, കലങ്ങോട് എന്നിവിടങ്ങളിൽ സാധാരണ കിണറുകൾ സ്ഥാപിക്കുക.

6ാം വാർഡ്

ചെന്നീരി, ഉണ്ണിയത്തിപ്പറമ്പ്, കാഞ്ഞിരതടം, പാലപറമ്പ് (കൈനിക്കര) കുന്നത്ത് ചങ്കരത്ത്പുറായ് (ആന്തിയൂർ കുന്ന്) എന്നീ പ്രദേശങ്ങളിലാണ് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. കൊരണിയിൽ പഞ്ചായത്ത് വക കുഴിച്ച കിണർ ഉപയോഗമില്ലാതെ കിടക്കുന്നു. കൊരണികിണർ ആഴംകൂട്ടി നിർദ്ദിഷ്ട കൊരണി ഉണ്ണിയത്ത്പറമ്പ് മിനി വാട്ടർ സപ്ളൈ സ്കീം പ്രാവർത്തികമാക്കിയാൽ ഉണ്ണിയത്തിപ്പറമ്പ് ഹരിജൻ കോളനി, കാഞ്ഞിരതടം ലക്ഷം വീട് കോളനി തുടങ്ങിയ സ്ഥലങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. ലക്ഷംവീടിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള കുഴൽകിണറിൽനിന്ന് വെള്ളം ശേഖരിച്ച് പൈപ്പ് ലൈൻ വഴി ആന്തിയൂർ കുന്ന് ഭാഗത്തേക്ക് വെള്ളം കൊണ്ടുപോകാവുന്നതാണ്. ഉടുംമ്പ്ര കുഴൽകിണർ റിപ്പയർ ചെയ്തും തൊട്ടടുത്തുള്ള ഹാർബർ കോനി വക കുഴൽകിണർ ഉപയോഗിച്ചും ചെന്നീരി, മലയിൽ ഭാഗത്തേക്ക് പൈപ്പ് ലൈൻവഴി ജലമെത്തിക്കാവുന്നതാണ്. ഉപരിതലജലം ലഭ്യമാകുന്ന പ്രദേശങ്ങളിൽ സാധാരണ കിണറുകളും, ചില സ്ഥലങ്ങളിൽ കൂടി കുഴൽകിണറുകളും നിർമ്മിക്കേണ്ടതാണ്. ചരലൊടി ഭാഗത്ത് ഒരു കുഴൽ കിണർ നിർമ്മിക്കേണ്ടതാണ്.

7ാം വാർഡ്

പൂവ്വത്തിക്കോട്ട്, പുല്ലൂർ പുറായി, മൂന്നിയൂർകുന്ന് ഹരിജൻകോളനി, മക്കക്കാട് ഹരിജൻകോളനി, ചോലങ്ങോട്, ആശാരിപ്പടി, ആലുങ്ങൽ എന്നിവിടങ്ങളിലാണ് ഈ വാർഡിലെ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ. ആശാരിപ്പടിയിലും ആലുങ്ങലും ഓരോ കുഴൽ കിണറുകൾ സ്ഥാപിക്കുക. അടുങ്ങും പുറായ് ഭാഗത്ത് കിണർ കുഴിച്ച് പൂവത്തിക്കോട്ടയിൽ ടാങ്ക് നിർമ്മിച്ച് പൂവ്വത്തിക്കോട്ട, പുല്ലൂർപുറായ് എന്നീ സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ വഴി ജലമെത്തിക്കുക. ആലുങ്ങൽപഞ്ചായത്തിൽ പഞ്ചായത്ത്കിണർ

നന്നാക്കുക, കാട്ടാളി പടിയിൽ ഒരു കിണർകുഴിച്ച് മൂന്നിയൂർകുന്ന് ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ മുഖേന ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

8ാം വാർഡ്:

മലയിൽപ്പുറായ്, ചങ്കരത്ത്, പൗരബസാർ, പുളിക്കൽ അങ്ങാടി, മൂലബസാർ, മാണാകുത്ത് പുറായ്, ചെനപ്പറമ്പ്, പറക്കുന്നത്ത്, വലടിക്കൽ, ഹരിജൻകോളനി, പുതിയറമ്പത്ത്പുറായ്, കീരിക്കുന്ന്, കുടുക്കിൽ ഒറ്റപുലാക്കൽ, പാലകാളിൽ, മണ്ണാറക്കൽ, ദേവർതൊടി, പുള്ളിച്ചോല, പനേക്കിണി, കയ്യാലുങ്ങൽ, ചാമലയിൽ, ചെമ്പാട്ടപാറ, മലയിൽ പുറായ് എന്നിവയാണ് ഈ വാർഡിലെ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ. പ്രത്യേകം പ്രത്യേകം മിനി വാട്ടർ സ്കീം സപ്ളൈ നടപ്പാക്കുകയാണ് ഇതിനുള്ള ഏക പരിഹാരമാർഗ്ഗം. ഇവക്ക് നാട്ടുകാരുടെ പങ്കാളിത്തം ലഭിക്കുന്നതാണ്.

9ാം വാർഡ്

ഈ വാർഡിലെ പറക്കുന്ന്, പാറമ്മൽ, ചക്കമാട്, പാണ്ടിയാല കണ്ടി, പാലക്കുഴി, നടുത്തൊടിപ്പുറായ്, മായക്കരചോലയിൽ, മായക്കരതടം, പുല്ലാണിപാറ, എന്നിവിടങ്ങളിലാണ് ജലക്ഷാമം അനുഭവപ്പെടുന്നത്. ഈ വാർഡിലെ പറക്കുന്ന്, ചെവിട്ടാണി കുന്ന്, മായക്കരചോലയിൽ തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് നീലാട്ടുതൊടിയിൽ നിന്നും വെള്ളം ശേഖരിച്ച് ജലക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങളിൽ വെള്ളമെത്തിക്കുക. കുഴൽ കിണറുകൾ കുഴിച്ച് ടാങ്കുകൾ സ്ഥാപിക്കുക; ഡാനിഡ പദ്ധതികൾ ഈ പ്രദേശത്തേക്ക് വ്യാപിപ്പിക്കുക.

10ാം വാർഡ്

വാർഡിലെ ഇട്ടൂട്ടിൽ, തമ്പാറ, പൈക്കാടത്ത് മൂല, എട്ടൊന്നിൽ, നീരൊപ്പിൽ, നെട്ടേൻ കുഴി, ചോലക്കര ഹരിജൻകോളനി, കരിയാത്തംകോട്ട ഹരിജൻകോളനി, തമ്പികണ്ടം ലക്ഷംവീട്കോളനി എന്നിവയാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. കുഴൽകിണറുകളും, പഞ്ചായത്ത് പൊതുകിണറുകളും സ്ഥാപിക്കുക. ഉപയോഗിക്കാതെ കിടക്കുന്ന ഡാനിഡയുടെ 2 കുഴൽകിണറുകളിൽ നിന്നും വെള്ളമെടുത്ത് കുന്നിൻ മുകളിൽ ടാങ്ക്സ്ഥാപിക്കുക. പരിപ്പിൻപാടത്തും, തമ്പാറപറമ്പിലും കിണർകുത്തി പൈക്കാടത്ത്മൂലക്കുന്നിലും, കരിയാത്തം കോട്ട, ചോലക്കര, തമ്പാറ എന്നിവിടങ്ങളിലും ടാങ്കുകൾ സ്ഥാപിക്കുക എന്നിവയാണ് പരിഹാരമായി നിർദ്ദേശിക്കുന്നത്.

11ാം വാർഡ്

കാട്ടുപീടിക, ഉരുണ്ടടി, ചെറുതൊടിപുറായ് പറമ്പ് , കുന്നത്ത്മല, തെക്കേമുച്ചി, കൊമ്പ്രക്കുത്ത്, ചക്കിക്കുഴി, തടത്തിൽപറമ്പ്, പൂവ്വത്തിക്കൽകണ്ടി എന്നിവയാണ് ഈ വാർഡിലെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. ചെവിടൻ തൊഴൽ ഉപയോഗപ്പെടുത്തി വാട്ടർ സപ്ളൈ സ്കീം നടപ്പാക്കുക. തോണിക്കല്ലുപാറയിലെ കുഴൽകിണർ ഉപയോഗിച്ച് പൈപ്പ്ലൈൻവഴി ജലവിതരണം നടത്തുക, തടത്തിൽ പറമ്പും, കൊമ്പ്രം കുത്തും കുഴൽകിണർ കുഴിക്കുക. ചക്കിക്കുഴി മല, പൂവ്വത്തിക്കൽകണ്ടി, പറമ്പ്കുത്ത്മല എന്നിവിടങ്ങളിൽ പൊതുകിണറോ കുഴൽകിണറോ കുഴിക്കുക. തോണിക്കല്ല്പാറയിലും കുഴൽകിണർ കുഴിക്കുക. പറക്കുന്നത്ത്മലഭാഗങ്ങളിൽ ജലം സംഭരിച്ച് വിതരണം നടത്തുക. കുഴൽകിണറുകൾക്ക് പമ്പ്സെറ്റ്വെച്ച് ജലവിതരണം നടത്തുന്നതിന് ഇലക്ട്രിസിറ്റി സൗകര്യങ്ങളുമുണ്ട്. ഇവയെല്ലാമാണ് പരിഹാരമായി നിർദ്ദേശിക്കുന്നത്.

12ാം വാർഡ്

കോട്ടലക്കാട്, മരുതംകുഴി, നെല്ലിതടം, മണ്ണാത്തിക്കല്ലുങ്ങൽ, കാട്ടുവെട്ടി പുറായ്, രാവാട്ടീരി മൂല, മുണ്ടോളിമൂല, എന്നിവിടങ്ങളിലാണ് വെള്ളംകിട്ടാൻ പ്രയാസമുള്ളത്. ഈ ഭാഗത്തുള്ള ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വാട്ടർസപ്ളൈസ്കീമുകൾ സ്ഥാപിക്കുക. അമ്പാഴത്തൊടി, രാവാട്ടീരിമൂലയിൽ കുഴൽകിണറുകൾ കുഴിക്കുക എന്നിവയാണ് ജലക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദേശിക്കാനുള്ളത്.

ചെറുകിട ഇടത്തരം പദ്ധതികൾ

1. നൂഞ്ഞിപ്പാടം മക്കക്കോട്പദ്ധതി:-

ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ 1,7,2 എന്നീ മൂന്ന് വാർഡുകളിലെ അനവധി കുടുംബങ്ങൾക്ക് പ്രയോജനം കിട്ടുന്നതാണ്.

2. ചാലി വാട്ടർസപ്ളൈസ്കീം:-

നിർദ്ദിഷ്ട ചാലി ജലപദ്ധതി പൂർണ്ണമായും നടപ്പാക്കിയാൽ 2,3,4,5 വാർഡുകളിലെ നൂറുകണക്കിന് പേരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

3. കല്ലാട്ടുചോല കുളം:-

ആഴവും വീതിയുംകൂട്ടി ആലക്കപറമ്പിൽ ഒരു ജലസംഭരണിനിർമ്മിച്ച് പൈപ്പ്ലൈൻവഴി ശുദ്ധ ജലം വിതരണം ചെയ്യാവുന്നതാണ് 4, 5 വാർഡുകളിലെ 250 വീടുകൾക്ക് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കും.

4. ചെപ്പിടം - തൊഴൽ:-

ഈ സ്ഥലത്ത്നിന്ന് വെള്ളംശേഖരിച്ച് പുതിയേടത്ത്പറമ്പ് ടാങ്കെട്ടി ജലംസംഭരിച്ച് വിതരണം ചെയ്യാവുന്ന ഈ പദ്ധതികൊണ്ട് 100 ൽപരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

പഞ്ചായത്ത്തല പദ്ധതി:-

ഈ പഞ്ചായത്തിലെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏറ്റവും കൂടുതൽ ജലസ്രോതസ്സുള്ള ഒരു പ്രദേശമാണ് കൊരണിപാടം. പണ്ട് നെല്ലിമുട്ടികൾ താഴ്ത്തിയാണ് ഇവിടങ്ങളിലെ വയലുകളിൽ കൃഷി ചെയ്തിരുന്നത്. ഇതിന്റെ ഉയർന്ന ഭാഗമായ ഉണ്ണിയത്തിപ്പറമ്പിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിക്കുന്ന ഒരു വാട്ടർപദ്ധതിക്ക് നേരത്തെ നിർദ്ദേശമുണ്ടായിരുന്നു. അതിന് സ്ഥലവും അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത്വക കിണർ നിർമ്മിക്കുകയും ചെയ്തു. പക്ഷെ ഫണ്ടിന്റെ പരിമിതിമൂലം പണിപൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കുറേക്കൂടി ഈ പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിയാൽ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിനീർക്ഷാമം അനുഭവപ്പെടുന്ന ഉണ്ണിയത്തിപ്പറമ്പ് ഹരിജൻകോളനി, ചെന്നീരി ഹരിജൻകോളനി, ലക്ഷംവീട്കോളനി, പൂളക്കതടംകോളനി ഇതുപോലെ വിവിധ വാർഡുകളിൽപ്പെട്ട അനവധി പ്രശ്നങ്ങളിലെ കുടിനീർ പ്രശ്നം പരിഹരിക്കാൻ കഴിയും. കരിമ്പൽചോല, ഗവ: കമ്മാറി, ആശാരിപ്പടി, പാലപ്പറമ്പ്, ആന്തിയൂർകുന്ന്, പുല്ലൂർ പുറായി, പുവ്വത്തികോട്ട തുടങ്ങിയ സ്ഥലങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും.

മറ്റു നിർദ്ദേശങ്ങൾ:-

ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾകുഴിച്ചും, വരമ്പുകൾ കെട്ടിയും കല്ലുംകമ്മാറികളിൽ വെള്ളം സംഭരിച്ചും മഴവെള്ളം സംഭരിക്കാവുന്നതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുക എന്നിവയാണ് നിർദ്ദേശിക്കാനുള്ള മറ്റു നിർദ്ദേശങ്ങൾ.

ആരോഗ്യം

1980 കാലഘട്ടംവരെയും പാരമ്പര്യ വൈദ്യരീതിയാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ചികിൽസക്ക് ആശ്രയിച്ചിരുന്നത്. ആധുനിക ചികിൽസാസമ്പ്രദായങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. അന്ധവിശ്വാസത്തിനടിമയായ ചികിൽസാസമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. ആധുനിക ശാസ്ത്രവും ചികിൽസാരീതിയും വളരെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചിലരെങ്കിലും ഇത്തരം പ്രാകൃതരീതികൾ അവലംഭിക്കുന്നുണ്ട്. ഇന്ന് ഒരു ഗവൺമെൻറ് ആയുർവേദ ആശുപത്രി, ഒരു പ്രൈമറി ഹെൽത്ത്സെൻറർ, IPPH വകയുള്ള 7 സബ്സെൻററുകൾ എന്നിവയാണ് സർക്കാർവകയുള്ള ആരോഗ്യകേന്ദ്രങ്ങൾ. സ്വകര്യമേഖലകളിലുള്ള 4 അലോപ്പതി ആശുപത്രികളും 4 ആര്യവൈദ്യൻമാരും 5 ഹോമിയോ ഡോക്ടർമാരുമാണ് സേവനം നടത്തിവരുന്നത്.

ഇതൊക്കെയാണെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ ഇതനുസരിച്ചുള്ള ഗുണപരമായ വ്യതിയാനം കാണുന്നില്ല. 1995 - 96 വർഷത്തിൽ പഞ്ചായത്തിലെ ഏക ആയുർവ്വേദ ആശുപത്രിയിൽമാത്രം 5600 പ്രക്ക് രോഗങ്ങളും 21,600 വാതരോഗങ്ങളും 40 പകർച്ചവ്യാധികളും 1370 പേർക്ക് മറ്റു രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെടുന്നു. പഞ്ചായത്തിലെ ജനനനിരക്ക് 32ഉം മരണനിരക്ക് 9.5ഉം ആണ്. ശരാശരി കുടുംബവലുപ്പം 6 ആണ്. പഞ്ചായത്തിൽ കിടത്തി ചികിൽസിക്കാനുള്ള ആശുപത്രി 4 എണ്ണമുണ്ടെങ്കിലും അവ സ്വകാര്യ മേഖലയിലാണ്. വിദഗ്ധ ചികിൽസക്കായി 26 കി.മീ ദൂരെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടിവരുന്നു. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി തയ്യാറാക്കി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

പുളിക്കൽ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ -	1
ആയുർവ്വേദ ആശുപത്രി -	1
IPPസബ്സ് സെൻറർ -	7

ഇവയിലെല്ലാംകൂടി 18 ജീവനക്കാരാണ് ഉള്ളത്.

1995-96 ൽ 21,600 വാതരോഗികൾ പഞ്ചായത്തിലുള്ള ഏക ആയുർവ്വേദആശുപത്രിയിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 50 ബെഡ്ഡുള്ള ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതുണ്ട്.

ആരോഗ്യകാര്യത്തിൽ മരുന്നുകളും അതിലുപരി പ്രാധാന്യം പൊതുജനങ്ങളെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമുണ്ട്. എന്നാൽ പിൻതലമുറക്കാരിൽ ഭൂരിഭാഗത്തിലും കാണുന്ന പ്രവർത്തന മാന്ദ്യം ഈ രംഗത്ത് സാരമായി ബാധിക്കുന്നു. പൊതുജനാരോഗ്യസ്ഥാപനങ്ങൾ ഉപോയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും. ഇവ യഥാക്രമം ബന്ധപ്പെടുത്തി വേണ്ടപ്പെട്ട ക്രമീകരണങ്ങൾ ചെയ്താൽ ഒരളവുവരെ ചികിൽസാരംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും. ഡോക്ടർമാരുടെ സേവനം ഈ കുഗ്രാമത്തിന്റെ പല ഭാഗത്തും കിട്ടാൻ പ്രയാസമായതിനാൽ പാരാമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

അനുബന്ധം

പ്രകൃതിചികിത്സ

ചിലവ്ചുരുങ്ങിയ ആരോഗ്യസംരക്ഷണമാർഗ്ഗം എന്നനിലക്ക് പ്രകൃതിചികിത്സയെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ആന്തിയൂർകുന്ന്, വലിയപറമ്പ്, ഒളവട്ടൂർ എന്നീ സ്ഥലങ്ങളിൽ പ്രകൃതിചികിത്സാകേന്ദ്രങ്ങൾ സ്ഥാപി ക്കുകയും ചെയ്യേണ്ടതാണ്.

കക്കൂസുകൾ

കുടിവെള്ളം കഴിഞ്ഞാൽ പൊതുജനാരോഗ്യത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ശുചിത്വം. പരിസരശുചിത്വം പാലിക്കുവാൻ വളരെ പ്രധാനപ്പെട്ടതാണ് കക്കൂസുകൾ. പഞ്ചായത്തിലെ 6778 വീടുകളിൽ നിലവിൽ 2889 വീടുകൾക്ക് കക്കൂസില്ല (40%) ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന വളരെയധികം പഞ്ചായത്തിന്റെ മിക്കസ്ഥലങ്ങളിലും അനുഭവപ്പെടുന്നു. 1995 - 96 വർഷത്തെ കണക്ക്പ്രകാരം പഞ്ചായത്തിൽ 21,600 പേർക്ക് പല രോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യുന്നു.

ഗ്രാമസഭകളുടെ ചർച്ചകളിൽ ഉണ്ടായ അനുഭവത്തിൽ, കക്കൂസ് നിർമ്മാണത്തിനനുഭവപ്പെടുന്ന പ്രയാസങ്ങൾ അവക്കുള്ള പരിഹാരങ്ങൾ എന്നിവ സംഗ്രഹിക്കാം.

പട്ടിക - 2 (ആരോഗ്യം)

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	വർഷം	ജീവനക്കാരുടെ എണ്ണം.
1	P.H.C പുളിക്കൽ പഞ്ചായത്ത്	5	1994	9
2	ആയുർവേദ ആശുപത്രി	12	1967	4
3	I.P.P സബ്ബ് സെൻറർ	1		1
4	I.P.P "	4		1
5	I.P.P "	5		1
6	I.P.P "	9		0
7	I.P.P "	10		1
8	I.P.P "	11		1
9	I.P.P "	2		1
	ആകെ		20	

പട്ടിക - 3		
	തടസ്സകാരണം	*പരിഹാരം*
1	സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തികസമാഹരണം നടത്താവുന്നതാണ്.
2	സ്ഥല പരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും)	പൊതുവായി ഒരു Septic Tank നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
3	ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ	ചർച്ചാക്ലാസുകൾ, ഫീൽഡ്‌വർക്കേഴ്സിന്റെ-പ്രവർത്തനം മെച്ചപ്പെടുത്തുക, ഫീൽഡ്പബ്ലിസിറ്റി വിഭാഗത്തിന്റെ ചിത്രപ്രദർശനങ്ങൾ.

പരിസരശുചിത്വം

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം അത്ര ഗുരുതരമായ പ്രശ്നമല്ല. എന്നിരുന്നാലും പഞ്ചായത്തിന്റെ പലഭാഗത്തും ശുചീകരരണ കാര്യത്തിൽ വളരെ പിന്നിലാണ്. ആളുകൾ തിങ്ങിതാമസിക്കുന്നിടത്തും, അങ്ങാടികളിലും, വിവിധ കോളനികളിലും പഞ്ചായത്തിന്റെവക ശുചിത്വപാലകരെ നിയമിക്കാത്തത് പരിസരമലിനീകരണത്തിന് പ്രധാന കാരണമാണ്. നേരത്തെ പഞ്ചായത്തിലെ രണ്ട് മൂന്ന് കേന്ദ്രങ്ങളിൽ മാത്രം നടപ്പാക്കിയ ക്ളീനിംഗ് പരിപാടി പഞ്ചായത്തിലുടനീളം നടപ്പാക്കേണ്ടതാണ്.

ഗ്രാമസഭകളിൽ ഈ വിഷയത്തെക്കുറിച്ച് ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ പറയുന്നവയാണ്.

രണ്ടാം വാർഡിൽ കൊട്ടപ്പുറം, 7ാം വാർഡിൽ പുളിക്കൽ അങ്ങാടി, 5ാം വാർഡിൽ ആലക്കപറമ്പ് എന്നിവിടങ്ങളിൽ റോഡരുകിൽ മത്സ്യകച്ചവടം നടത്തുന്നത് നിർത്തലാക്കുക. പുളിക്കൽ അങ്ങാടിയിൽ തുടങ്ങാനുദ്ദേശിക്കുന്ന മത്സ്യമാർക്കറ്റിന്റെ പണി ഉടനെ പൂർത്തിയാക്കുക. കൊട്ടപ്പുറം അങ്ങാടിയിൽ മത്സ്യമാർക്കറ്റ് ഉണ്ടായിട്ടും മൽസ്യകച്ചവടം എയർപോർട്ട് - കോഴിക്കോട് റോഡിന്റെ എപ്പോഴും ജനത്തിരക്കുള്ള അങ്ങാടിയുടെ സൈഡിൽ മൽസ്യകച്ചവടം നടത്തുന്നത് കർശനമായി തടയുക. ആലക്കപറമ്പ് അങ്ങാടിയിൽ ഒരു മിനി മത്സ്യമാർക്കറ്റ് നിർമ്മിക്കുക. മത്സ്യം, മാംസം എന്നിവ വിൽപ്പന നടത്തുന്നത് വ്യത്തിയുള്ള രീതിയിലാക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കുക. രോഗങ്ങൾ വന്നതും ചീത്തതുമായ മത്സ്യ മാംസങ്ങൾ വിൽപ്പന നടക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കുക. ഇത്തരം കാര്യങ്ങൾക്ക് ഒരു അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട പ്രശ്നങ്ങളാണ്. കൊട്ടപ്പുറം അങ്ങാടിയിലെ മത്സ്യമാർക്കറ്റിന് 12 സെൻറ് സ്ഥലം സ്വന്തമായുണ്ട്. പ്രസ്തുത മാർക്കറ്റ് ഇപ്പോൾ തകർന്നിരിക്കുകയാണ്. പ്രസ്തുത സ്ഥലത്ത് കോംപ്ലക്സ് മോഡൽ ബിൽഡിംഗ് നിർമ്മിച്ച് അടിഭാഗം മാർക്കറ്റും, മറ്റു മുറികൾ പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുന്ന തരത്തിൽ വാടകക്ക് കൊടുക്കുകയും ചെയ്യുന്ന രീതിയിൽ പുതിയ ബിൽഡിംഗ് നിർമ്മിക്കുക. ഒളവട്ടൂർ പുതിയേടത്ത് പറമ്പിൽ മിനിമാർക്കറ്റ് നിർമ്മിക്കുക. അരൂരിൽ ഒരു മാർക്കറ്റ് നിർമ്മിക്കേണ്ടതാണ്. പുളിക്കൽ, കൊട്ടപ്പുറം, ആലക്കപറമ്പ്, പുതിയേടത്ത് പറമ്പ്, എന്നീ അങ്ങാടികളിൽ ഹോട്ടലുകളിൽനിന്നുംവരുന്ന മലിനജലം ഗുരുതരമായ ആരോഗ്യപ്രശ്നം ഉളവാക്കുന്നവയാണ്. ചപ്പുചവറുകളും, മാലിന്യങ്ങളും അങ്ങാടികളിൽ കൂമ്പാരമായി കിടക്കുന്നു. അങ്ങാടിയിലെ രണ്ട് റോഡരികിലും നിർമ്മിച്ച അഴുക്കുചാൽ, കച്ചവടക്കാർ ചപ്പ്ചവറുകൾ നിറക്കുന്നത് തടയുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കുക. ചപ്പുചവറുകൾ നിക്ഷേപിക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. ഇറച്ചിക്കോഴിക്കച്ചവടം നടത്തുന്ന ആളുകൾ മാലിന്യങ്ങൾ തോടുകളിൽ ഒഴുക്കിവിടുന്നതും തുറന്നസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതും കർശനമായും നിരോധിക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കുക. അതുപോലെ ഹോട്ടലുകളിലെ ഭക്ഷണപാനീയങ്ങൾ കർശന പരിശോധന നടത്തുന്നതിന്വേണ്ട നടപടികൾ

പട്ടിക – 4

പഞ്ചായത്തിലെ വാർഡുതല ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗവും

വാർഡ്	*പൊതുസ്ഥാപനങ്ങൾ*	*പ്രവർത്തനം വിലയിരുത്തൽ*	*മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ*
1	ഒരു IPPH സബ്സെൻറർ മാത്രം	പ്രതിരോധ കുത്തിവെപ്പുകളിലും മറ്റും ശ്രദ്ധിക്കാൻവേണ്ട സ്റ്റാഫില്ല. സൗകര്യക്കുറവുണ്ട്. ഡോക്ടർ ഇല്ല. വൈദ്യുതി ഇല്ല.	ഒരു സ്ഥിരം ഡോക്ടറുടെ സേവനം ഉണ്ടാവണം. അത്യാവശ്യ മരുന്നുകളും വേണം.
2	IPPH സബ്സ് സെൻറർ ഉണ്ട്	കറൻറ് ഇല്ല– മിഡ് വൈഫ്പോലും ഇല്ല	വൈദ്യുതിയും വെള്ളവും ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കണം. ആവശ്യമായ ജീവനക്കാരും മരുന്നും വേണം. ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
3	ഒരു ആരോഗ്യകേന്ദ്രം പോലും ഇല്ല	–	മിനിമം സൗകര്യത്തോടെയുള്ള ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.
4	ഒരു IPPH സബ്സ് സെൻറർ ഉണ്ട്	കറൻറും വെള്ളവും ഇല്ല ആവശ്യമായ ജീവനക്കാരും ഇല്ല.	വൈദ്യുതിയും വെള്ളവും ലഭ്യമാക്കി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.
5	PHC യും IPPH സബ്സ് സെൻററും ഉണ്ട്.	PHC യിൽ വെള്ളം ഇല്ല. വൈദ്യുതി ഇല്ല. 300ഓളം രോഗികൾ നിത്യേന വരുന്നു. പഞ്ചായത്തിലെ ഏക ആശുപത്രിയാണ്. ലാബ് ഇല്ല. ലാബ്ടെക്കനീഷ്യനില്ല.	നിരവധി സ്ത്രീതൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് PHC യിൽ ഒരു ഗൈനക്കോളജിസ്റ്റ് അനിവാര്യമാണ്. 10 ബെഡ്ഡെങ്കിലും ഉള്ള ഒരു ആശുപത്രിയായി ഉയർത്തുക. വൈദ്യുതി സൗകര്യം ഉടൻ ഏർപ്പെടുത്തണം. 7 വാർഡുകളിലെ ജനങ്ങൾ നിത്യേന ബന്ധപ്പെടുന്ന ഈ ആശുപത്രിക്ക് ഒരുഏക്കർ സ്ഥലം ഉണ്ട്. അടിയന്തിരമായി ശ്രദ്ധിക്കപ്പെടണം.
6	ഒരു ഉപകേന്ദ്രം പോലും ഇല്ല	–	കരിങ്കൽ– ചെങ്കൽ ക്വാറികളിലായി ആയിരക്കണക്കിന് തൊഴിലാളികൾ ഉള്ള ഈ പ്രദേശത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കണം. അതിനാവശ്യമായ സ്ഥലം നാട്ടുകാർ വിട്ടുതരും.
7	ഒരു ഉപകേന്ദ്രം പോലും ഇല്ല	––	ഒരു സബ്സെൻറർ എങ്കിലും ആരംഭിക്കണം.
8	ഒരു ഉപകേന്ദ്രം പോലും ഇല്ല	– – –	നിരവധി രോഗികൾക്ക് ഏക ആശ്രയകേന്ദ്രം പുളിക്കലുള്ള സ്വകാര്യ ആശുപത്രിയാണ്. അതിനാൽ ഒരു ഡോക്ടറുടെ സേവനമെങ്കിലും ലഭിക്കുന്ന സബ്സ് സെൻറർ സ്ഥാപിക്കണം.

പട്ടിക - 4

പഞ്ചായത്തിലെ വാർഡുതല ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗവും

വാർഡ്	*പൊതുസ്ഥാപനങ്ങൾ*	*പ്രവർത്തനം വിലയിരുത്തൽ*	*മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ*
9	ഒരു IPPH ഉണ്ട്	പ്രവർത്തനം ഇല്ല- ബിൽഡിംഗ് ഇടിഞ്ഞു പൊളിഞ്ഞു നാശമാകുന്നു.	അടിയന്തിരമായി ഒരു IPPH കേന്ദ്രം പ്രവർത്തനമാക്കണം.
10	ഒരു IPPH ഉണ്ട്	കറൻറ് ഇല്ല. വെള്ളം ഇല്ല. ജീവനക്കാരുടെ അപര്യാപ്തമൂലം കൃത്യമായി പ്രവർത്തനം നടക്കുന്നില്ല.	IPPH പ്രവർത്തനം കാര്യക്ഷമമാക്കണം സ്ഥിരം ഡോക്ടർ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും വന്നുപോകുന്ന അവസ്ഥ ഉണ്ടാവണം.
11	ഒരു IPPH ഉണ്ട്	കറൻറ് ഇല്ല. ഡോക്ടർ ആഴ്ചയിൽ ഒരിക്കൽ പോലും വരാത്തതിനാൽ പ്രവർത്തനം നടക്കുന്നില്ല.	വെള്ളവും കറൻറും ലഭ്യമാക്കണം. പൈപ്പ്ലൈൻ ഏർപ്പെടുത്തുക. ഒരു ഡോക്ടറെ ആഴ്ചയിൽ ഒരിക്കലെങ്കിലും വരാൻ സൗകര്യം ഏർപ്പെടുത്തുക. മിഡ്വൈഫ് മുഴുവൻ സമയവും ഉണ്ടായിരിക്കണം. പ്രഥമശുശ്രൂഷയ്ക്കുള്ള മരുന്ന് എത്തിക്കുക.
12	ഒരു ഗവൺമെൻറ് ആയുർവ്വേദ ആശുപത്രിയുണ്ട്.	കിണർ ഇല്ല. വൈദ്യുതിയും ഇല്ല കിടത്തി ചികിൽസിക്കാൻ സൗകര്യം ഇല്ല	21000ത്തോളം വാതരോഗികൾ നിപ്പോർട്ടു ചെയ്ത ഈ ആശുപത്രി 25 ബെഡ്ഡുള്ള ഒരു ആശുപത്രിയായി ഉയർത്തണം. കിണർ, വൈദ്യുതിസൗകര്യം എന്നിവ ഏർപ്പെടുത്തണം. ഒരു IPP സബ്ബ് സെൻററിൻെറ ആവശ്യം വാർഡിൽ ഉണ്ട്.

സ്വീകരിക്കുക. പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നത് കണ്ടുപിടിക്കുക. കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുക്നശീകരണം എന്നിവയും രാഷ്ട്രീയ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ചെയ്യാവുന്നതാണ്.

ചെറുകിട വ്യവസായങ്ങൾമൂലം ഉണ്ടാവുന്ന പ്രശ്നങ്ങൾ:-

പഞ്ചായത്തിലെ ആൽപറമ്പ്, വലിയപറമ്പ്, ആന്തിയൂർകുന്ന് , അരൂർ, ഒളവട്ടൂർ, ആലക്കപറമ്പ്, എന്നീ സ്ഥലങ്ങളിൽ വ്യാപകമായി പ്രവർത്തിക്കുന്ന കരിങ്കൽ- ചെങ്കൽ ക്വാറികളിൽനിന്നുംവരുന്ന പൊടിശല്യം പൊതു ജനങ്ങൾക്ക് ആരോഗ്യത്തിന് വളരെ ഹാനികരമായിത്തീർന്നിട്ടുണ്ട്. വേനൽകാലത്ത് ക്വാറികളിൽ മറകൾ സ്ഥാപിച്ച് കൊണ്ട് ഇതിന് പരിഹാരം കാണാവുന്നതാണ്. വീടിനടുത്ത് ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും അതുപോലെ വിലപിടിപ്പുള്ള പല വസ്തുക്കളും പൊടിയിൽ കുതിർന്നപോലെ കണ്ടു വരുന്നു. പിഞ്ചുകുഞ്ഞുങ്ങളുടെ വളർച്ചവരെ പൊടിപടലങ്ങൾ മൂലം മുരടിക്കുന്നു. ഇത് ശ്വാസകോശ രോഗങ്ങൾക്കു കാരണമാവുന്നു. ഗവൺമെൻറ് ക്വാറികളിൽ 10ഉം 20ഉം കുഴികൾ ഒറ്റയടിക്ക് പൊട്ടിക്കുന്നത്മൂലം സമീപത്തുള്ള വീടുകൾക്കും ജീവജാലങ്ങൾക്കും വളരെയധികം ഭീഷണി നിലനിൽക്കുന്നു. കുഴികളുടെ എണ്ണം കുറച്ച് പാറപൊട്ടിക്കുന്ന ശക്തി പരമാവധി കുറക്കാൻ സാധിക്കും. ഇതിന്വേണ്ട കർശനമായ നടപടികൾ സ്വീകരിക്കുക. വീടുകളുടെ സമീപത്ത് ക്വാറികൾ നടത്തുന്നത് കർശനമായും തടയുക. ചുരുങ്ങിയ ദൂരപരിധി നിശ്ചയിക്കുക. കരിങ്കൽക്രഷർമൂലമുള്ള മലിനീകരണം തടയാൻ വെള്ളം ചേർത്ത് ക്രഷർ പ്രവർത്തിപ്പിക്കുക. ഇത്തരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അത് വലിയ സാമൂഹ്യപ്രശ്നമായി മാറും. പല വീടുകളുടേയും തറയും ഭിത്തിയും ശക്തിയേറിയ സ്ഫോടനം ഉണ്ടാകുമ്പോൾ കുലുങ്ങുന്നത് ഈ പ്രദേശത്ത് നിത്യസംഭവമാണ്.

പഞ്ചായത്ത് തലത്തിൽ പ്രയോഗിക്കാവുന്ന നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിലെ ഒളവട്ടൂർ, വലിയ പറമ്പ് എന്നീ മേഖലകളിലെ ആവശ്യങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി കളിസ്ഥലങ്ങൾ സ്ഥാപിക്കുക.

2.പൊതുശ്മശാനം

നമ്മുടെ പഞ്ചായത്തിലെ ഒളവട്ടൂർ, അരൂർ പ്രദേശം, വലിയ പറമ്പ്- പുളിക്കൽ പ്രദേശങ്ങളിലും ഓരോ പൊതു ഹരിജൻ ശ്മശാനങ്ങൾ സ്ഥാപിക്കുക.

3. ഹെൽത്ത് കാർഡ്

ആരോഗ്യപ്രവർത്തരേയും ക്ലബ്ബുകളെയും സംഘടിപ്പിച്ച് രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് കൊണ്ട് പഞ്ചായത്തിൽ ഒരു ഹെൽത്ത് കാർഡ് സംവിധാനം പരീക്ഷിക്കാവുന്നതാണ്.

വികലാംഗ/മന്ദബുദ്ധി വിദ്യാലയം

നമ്മുടെ പഞ്ചായത്തിലെ കൊട്ടപ്പുറത്ത് പ്രവർത്തിച്ചുവരുന്ന മന്ദബുദ്ധികൾക്കും വികലാംഗർക്കുമുള്ള വിദ്യാലയങ്ങൾ പഞ്ചായത്ത് വക ഒരു കെട്ടിടം പണിത് പ്രസ്തുത വിദ്യാലയത്തിൻെറ ശോചനീയാവസ്ഥ പരിഹരിക്കുക.

പൊതുആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ

പുകവലി, മദ്യപാനം, പുകയില കൂടിയുള്ള മുറുക്കൽ, ഗഞ്ചാവ്വലി, എന്നിവക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും നടത്തേണ്ടതുണ്ട്. കൂടാതെ രക്തദാനം, നേത്രദാനം എന്നിവയെക്കുറിച്ചുള്ള ഭയാശങ്കകൾ ദുരീകരിക്കുന്നതിനും ബോധവൽക്കരണം നടത്തേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളെല്ലാം വമ്പിച്ച ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുന്നതാണ്. നമ്മുടെ പഞ്ചായത്തിനെ മലിന രോഗമുക്ത പഞ്ചായത്താക്കിമാറ്റാൻ മുഴുവൻ ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പുവരുത്താവുന്നതാണ്.

പാഴ്വസ്തു സംസ്കരണം


പഞ്ചായത്തിലെ വിവിധ അങ്ങാടികളിലും മറ്റും അടിഞ്ഞ് കിടക്കുന്ന ചപ്പുചവറുകളും മറ്റു പാഴ്വസ്തുക്കളും സംസ്കരിച്ച് ജൈവവളമാക്കി മാറ്റാനും അതുവഴി ശുചിത്വപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനും ബൃഹത്തായ പദ്ധതിക്ക് സർക്കാർ തലത്തിൽ പരിഹാരം കാണേണ്ടതാണ്. 'ശുചിത്വ പുളിക്കൽ' അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.


പൊതു നിർദ്ദേശങ്ങൾ

1. കൊട്ടപ്പുറം IPP Sub Centre പ്രവർത്തനയോഗ്യമല്ലാത്തവിധം അവതാളത്തിലായിരിക്കുകയാണ്.

അടുത്ത Compound ൽ നടക്കുന്ന അനധികൃത അറവുശാലയിൽനിന്നുള്ള അവശിഷ്ടങ്ങൾ സെൻററിലും തൊട്ടടുത്തും dump ചെയ്യുന്നതും ആണ് ഒരു പ്രധാന കാരണം. ഇത് എന്തു വില കൊടുത്തും നിർത്തണം.

2. പാണ്ഡ്യാലക്കണ്ടിയിൽ നിർമ്മിച്ച IPP Sub Centre ഉം പൊളിഞ്ഞ നിലയിലാണ്. ഉടനെത്തന്നെയുള്ള റിപ്പയർ അത്യന്താപേക്ഷിതമാണ്.
3. Jr.H.Iയുടെ രണ്ട് പോസ്റ്റ് vacant ആണ്. ആളെ നിയമിക്കണം.
4. PH സെൻററോടനുബന്ധിച്ച് 10 ബെഡ് വാർഡ് നിർമ്മിക്കാനുള്ള സൗകര്യമുണ്ട്. അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുക.
5. PHC സെൻററിൽ സാധാരണയായി ഒരു JPHN ൻെറ പോസ്റ്റ് ഉണ്ടാവാറുണ്ട്. പുളിക്കൽ PHC യിൽ അത് ഇപ്പോൾ ഇല്ല. അത് ഉണ്ടാക്കാനുള്ള സംവിധാനം ആവശ്യമാണ്.





5.5 വ്യവസായം

1962-ൽ സ്ഥാപിച്ച രണ്ടാം ഗ്രേഡ് പഞ്ചായത്തായ പുളിക്കലിൽ വർഷങ്ങൾക്ക് മുമ്പ് തന്നെ വ്യവസായങ്ങൾക്ക് തുടക്കമിട്ടുവെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. വ്യവസായ രംഗത്ത് പുളിക്കൽ ഖാദി-ഗ്രമവ്യവസായ യൂണിറ്റിന്റെ കീഴിൽ എല്ല് പൊടിക്കുന്ന ഒരു കമ്പനി സ്വന്തമായ കെട്ടിടത്തോടെ പ്രവർത്തിച്ചിരുന്നു .വീടുകളിൽ നൂൽനൂൽപ് കേന്ദ്രവുമുണ്ടായിരുന്നു. സ്വന്തമായുള്ള കെട്ടിടം ഇന്ന് വാടകകെട്ടിടങ്ങളായി മാറിയിരിക്കുകയാണ്. പുളിക്കൽ ഖാദി ഗ്രാമയൂണിറ്റിന്റെ കീഴിൽ ചെറുകാവ് പഞ്ചായത്തിൽ ഒരു ഏക്കർ സ്ഥലം സ്വന്തമായുണ്ട്. ഈ സ്ഥലവും പുളിക്കൽ അങ്ങാടിയോട് തൊട്ടുചേർന്നു നിൽക്കുന്ന കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ യൂണിറ്റുകൾ തുടങ്ങിയാൽ 300 ഓളം തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാൻ സാധിക്കും. കൂടാതെ പഞ്ചായത്ത് കെട്ടിടവും വൈദ്യുതിയും ജലസൗകര്യവുമുള്ള 60 സ്ത്രീകൾ തൊഴിൽ ചെയ്തിരുന്ന കോഴിക്കോട് ഖാദി-ഗ്രാമ വ്യവസായ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യം മൂലം പൂട്ടിക്കിടക്കുകയാണ്.

വ്യവസായരംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്ന മറ്റു രണ്ടു മേഖലകളാണ് കരിങ്കൽ, ചെങ്കൽ വ്യവസായം. വലിയപറമ്പിൽ കേന്ദ്രഗവണ്മെൻറ് ബേപ്പൂർ ഹാർബർ എഞ്ചിനിയറിംഗിനു വേണ്ടി കരിങ്കൽ ശേഖരിക്കുന്നതിന് 9 ഏക്കർ സ്ഥലം അക്വയർ ചെയ്ത് 100 ഓളം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ചെയ്തുവരുന്നു. ആന്തിയൂർകുന്നിൽ ഒരു ക്രഷർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികൾ സംഘം ചേർന്ന് 40 ഓളം കരിങ്കൽ ക്വാറികളും അത്രതന്നെ ചെങ്കൽ ക്വാറികളും നടത്തുന്നുണ്ട്. ഈ മേഖലയിൽ 500 ഓളം സ്ത്രീ പുരുഷ തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ട്.

ജിയോളജിയുടെ ലൈസൻസ് Explosive, Royalty എന്നീ വകുപ്പുകൾമൂലം ഈ രംഗം സ്തംഭനാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. നിയമം ഉദാരമാക്കി ഗ്രാമപഞ്ചായത്തുകളിലേക്ക് കരം ചുമത്തിയാൽ ഈ മേഖല തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും പഞ്ചായത്തിന്റെ നാനോന്മുഖമായ വികസനത്തിന് മുതൽക്കൂട്ടാക്കുവാനും സാധിക്കും.

കാർഷികമേഖലയിൽ വ്യവസായരംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ ഈ പഞ്ചായത്തിന് സാധ്യതകൾ ഏറെയുണ്ട്. ഒരു സീസണിൽ 20 ലക്ഷത്തിലേറെ നാളികേരം പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാൽ വ്യവസായരംഗത്ത് ഏറെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നാളികേര (ഡയർ) യൂണിറ്റുകൾ സ്ഥാപിച്ച് ഈ രംഗം പുരോഗതിപ്പെടുത്താൻ സാധിക്കും.

നാളികേരം കഴിഞ്ഞാൻ പ്രധാന കാർഷികോൽപന്നമായ അടയ്ക്ക, വർഷം 3000 ടൺ ഓളം ഉൽപാദനം കണക്കാക്കപ്പെടുന്നു. ഈ പ്രദേശങ്ങളി

ൽ തന്നെ ഇത് സംസ്ക്കരിച്ച് വിദേശ കമ്പോളങ്ങളും മറ്റും സൃഷ്ടിക്കാൻ സാധ്യതകൾ ഏറെയുണ്ട്. ഇത്മൂലം ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കപ്പെടും.

മരച്ചീനി, നേന്ത്രക്കായ, ചക്ക എന്നിവയും സുലഭമാണ്. ചിപ്സ് മുതലായ ബേക്കറി സാധനങ്ങളും അച്ചാറുകളും ജാമുകളും സ്ക്വാഷുകളും മറ്റും ഉണ്ടാക്കി വിപണിയിലെത്തിക്കാൻ ഇതുകൊണ്ട് സാധിക്കും.

പഞ്ചായത്തിൽ ഉയർന്നപ്രദേശങ്ങളിൽ (ഒളവട്ടൂർ, അരൂർ) റബ്ബർ കൃഷി ഊർജിതപ്പെട്ടു വരുന്നു. അതുമായി ബന്ധപ്പെട്ട് റബ്ബർ സംസ്കരണ കേന്ദ്രവും ആട്, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾക്കും സാധ്യതകളുണ്ട്. ക്ഷീരോൽപാദന വിപണനകേന്ദ്രങ്ങൾക്കും ധാരാളം സാധ്യതകളുണ്ട്. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, തടിവ്യവസായം കൈത്തൊഴിൽ വ്യവസായം ചെറുകിടകുടിൽ വ്യവസായയൂണിറ്റുകൾ എന്നിവക്കും സാധ്യതകൾ ഏറെയുണ്ട്. ഇവയ്ക്കനുയോജ്യമായ സ്ഥലവും മിക്ക അസംസ്കൃതവസ്തുക്കളും ജോലി തൽപരരായ യുവതീയുവാക്കളും മറ്റു ഘടകങ്ങളും ഇവിടെ ലഭ്യമാണ്.

വ്യവസായ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം.

മൊത്തം തൊഴിൽ രംഗത്ത് പുരുഷന്മാരുടെ ആധിപത്യം കാണുമെങ്കിലും വ്യവസായതൊഴിലാളികളിൽ സ്ത്രീകൾക്കും നല്ലൊരു പങ്കുണ്ട്. കരിങ്കൽ തൊഴിൽ രംഗത്തും പ്ലാസ്റ്റിക്, ചെരുപ്പ് നിർമ്മാണരംഗത്തും സ്ത്രീകൾ തൊഴൽ ചെയ്യുന്നു.

സഹകരണാടിസ്ഥാനത്തിൽ ജല്ലി നിർമ്മിക്കുന്ന ആറ് യൂണിറ്റുകളിലായി 60 പേർ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പ്രധാന വ്യവസായ ശാലകൾ

1. ജാക്സൺ റബ്ബേഴ്സ് കൊട്ടപ്പുറം
2. അയ്യൂബി പോളിമേഴ്സ് കൊട്ടപ്പുറം
3. സെഞ്ച്വറി ബ്രിക്സ് ആലുങ്ങൽ
4. പാലക്കൽ സോമിൽ ആലുങ്ങൽ
5. ബാറ്റക്സ് പോളിമേഴ്സ് ആലുങ്ങൽ
6. ബീറ്റാ ക്രഷർ യൂണിറ്റ്സ് ആന്തിയൂർകുന്ന്, ചെമ്പാട്ടുപാറ.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ
1.	നാളികേരം	7	18	-	18
2.	തടിവ്യവസായം	1	5	-	5
3.	ആയൂർവേദമരുന്ന്	1	4	-	4
4.	അച്ചടി	1	1	1	2
5.	കരിങ്കൽ	40	100	200	300
6.	ചെങ്കൽ	40	150	50	200
7.	ചെരുപ്പ്	4	25	11	36
8.	ഇഷ്ടിക	1	3	5	8
9.	എഞ്ചിനിറിംഗ്	5	10	-	10
10	അലൂമിനിയം ഫാബ്രിക്കേഷൻസ്	1	2	-	18
11.	വുഡൻ ഫർണിച്ചർ	6	18	-	18
12.	മറ്റുള്ളവ	13	23	13	36

വ്യവസായ സഹകരണ സംഘങ്ങൾ

പട്ടിക 11

ക്രമ നമ്പർ	ഇനം	മെമ്പർമാർ	പു	തൊഴിലാളികളുടെ സ്ത്രീ	ആകെ	ലാഭം നഷ്ടം
1.	നാളികേരസംഭരണം	ഏജൻസികളിൽ നിന്നും സംഭരിക്കൽ				ലാഭം
2.	ജില്ലിനിർമ്മാണം	60	-	60	60	ലാഭം
3.	ആടുവളർത്തൽ പായ നെയ്ത്ത്	10	-	10	10	ലാഭം

പട്ടിക 111

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം പുരു	സ്ത്രീ	ആകെ
1	കൊല്ലപ്പണി	20	-	20
2	കൈതോലാപായ നെയ്ത്ത്	-	15	
3.	ആശാരി	143	-	143
4.	കൽപണി	114	-	114
5.	കൊശവൻ	2	2	4
	ആകെ	277	15	192

ചെറുകിട മേഖല പ്രാഥമിക മേഖലകളായ നാളീകേരം, അടക്ക, മരം, കരിങ്കൽ, എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷം യൂണിറ്റുകളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്

പ്രശ്നങ്ങൾ

പുളിക്കൽ പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് പള്ളിക്കൽ ചെറുകാവ്, പഞ്ചായത്തും വടക്ക് വാഴയൂ

രും വാഴക്കാടും കിഴക്ക് ചീക്കോട് പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തുകൾക്കിടയിൽ 28.2 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണവും ആകെ ജനസംഖ്യയായ 32764-ൽ 16538 പുരുഷന്മാരും 16226 സ്ത്രീകളുമാണ്.

ഈ പഞ്ചായത്തിൽ കൂടി കടന്ന് പോകുന്ന കോഴിക്കോട്-പാലക്കാട് സ്റ്റേറ്റ് ഹൈവേ റോഡും നാഷണൽ ഹൈവേ 17 ലേക്ക് എത്തിച്ചേരുന്നു. പി.ഡബ്ല്യു.ഡി റോഡും തൊട്ടടുത്ത് കിടക്കുന്ന കാലിക്കറ്റ് എയർപോർട്ടും ഉള്ളത്കൊണ്ട് വ്യാവസായികമായി വികസനസാധ്യതയുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗമുൾകൊള്ളുന്ന പ്രദേശമായ ഒളവട്ടൂർ, കോഴിക്കോട്, പാലക്കാട് റോഡുമായി ബന്ധപ്പെടാനും കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് വഴി കോഴിക്കോട്ടുമായി ബന്ധപ്പെട്ട് ഭൂപ്രകൃതിയനുസരിച്ച് വൻകിടവ്യവസായങ്ങൾക്ക് സാധ്യതകളേറെയുള്ള പ്രദേശങ്ങളാണ് അരൂർ, കൊട്ടംപാറ പെരിയാവ്, ചെവിട്ടാണിക്കുന്ന്, മായക്കര, കർകണ്ടം, പനച്ചികപ്പള്ളിയാളി, ചപ്പങ്ങാമല, തോണിക്കല്ലുപാറ, വലിയപറമ്പിലെ കരിമ്പൻചോല, വടക്കന്മല, കാഞ്ഞിരത്തടം, പുളിക്കൽക്കുഴി, നൂഞ്ഞല്ലൂർ-മലാട്ടിക്കൽ, കൊടികുത്തിപറമ്പ്-ആൽപറമ്പ്, ആന്തിയൂർകുന്ന് ചെമ്പാട്ടപ്പാറ എന്നിവ.

എന്നാൽ ഒരു റെകിട വ്യവസായ യൂണിറ്റ് പോലും ഈ പ്രദേശങ്ങളിൽ ഇല്ല. വ്യവസായ വളർച്ചക്കാവശ്യമായ അനുകൂലഘടകങ്ങളായ അഭ്യസ്തവിദ്യരായ യുവാക്കളും കായികശേഷിയുള്ളവരും വാർത്താവിനിമയ ഗതാഗത സൗകര്യങ്ങളും ഉയർന്ന ഉപഭോഗനിലവാരവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുമുണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിച്ചിട്ടില്ല.

കാരണങ്ങൾ (വ്യവസായ വളർച്ച കൈവരിക്കാൻ സാധിക്കാത്തതിന്)

1. മുഖ്യകാർഷികോൽപന്നമായ നാളികേരം വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. പുളിക്കൽ മേഖലയിൽ 1962 മുതൽ വൈദ്യുതി ലഭിച്ചെങ്കിലും, പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. വൈവദ്യുതി ലഭിച്ച സ്ഥലങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. സാങ്കേതിക പരിജ്ഞാനകുറവ്.
4. ധനസഹായം കിട്ടാനുള്ള സാങ്കേതികബുദ്ധിമുട്ട്.
5. തൊഴിലാളികൾക്ക് പരമ്പരാഗത വ്യവസായ മേഖലയിൽ പരിശീലനം ലഭിക്കാനുള്ള സാധ്യതക്കുറവ്.
6. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.
7. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യതയില്ല.
8. വ്യാവസായികമായി, ബന്ധപ്പെട്ടവരിൽ നിന്നും പ്രോത്സാഹനം ലഭിക്കുന്നതിലുള്ള കുറവ്.
9. വ്യവസായങ്ങളുടെ അഭാവംമൂലമുള്ള പരിജ്ഞാനക്കുറവ്.
10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണകുറവ്.
11. മരവ്യവസായത്തിന്നാവശ്യമായ തടി ലഭിക്കായ്ക.

വിവിധ മേഖലകളിലെ കൂലി നിരക്ക്

ക്രമ നമ്പർ	ഇനം	കൂലിനിരക്ക്	
		പുരു	സ്ത്രി
1.	നാളീകേരം	80	-
2.	തടിവ്യവസായം	100	-
3.	ആയൂർവേദമരുന്ന്	60	-
4.	അച്ചടി	60	40
5.	കരിങ്കൽ	100	70
6.	ചെങ്കൽ	100	80
7.	ചെരിപ്പ്	70	40
8.	ഇഷ്ടിക	80	50
9.	എൻജിനീയറിംഗ്	75	-
10	അലൂമിനിയം ഫാബ്രിക്കേഷൻസ്	80	-
11.	വുഡ് ഫർണിച്ചർ	100	-
12.	മറ്റുള്ളവ	75	50

സാധ്യതകൾ

മലപ്പുറം ജില്ലയിലെ നമ്മുടെ പഞ്ചായത്തിൽ ധാരാളം യുവതീയുവാക്കൾ ഇന്ത്യക്കകത്തും പുറത്തും ജോലിചെയ്യുന്നവരായുണ്ട്.

പരമ്പരാഗതമേഖലയിൽ ജോലി ചെയ്യുന്നവർ താരതമ്യേന കുറവാണ്. ഈ പഞ്ചായത്തിൽ കാർഷികമേഖലയിൽ ഏറെ ഉൽപാദനമുള്ളത് നാളികേരം, അടക്ക, നേന്ത്രക്കായ, മരച്ചീനി എന്നീ വിഭവങ്ങളാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവകൊണ്ട് വ്യവസായങ്ങളും നാളികേര കോംപ്ലക്സും, അടക്ക (സുപ്പരി)

കേന്ദ്രവും നേന്ത്രക്കായ, കപ്പ, ചക്ക എന്നിവകൊണ്ടുള്ള ചിപ്സും മറ്റുൽപന്നങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുകയും അതിനെക്കുറിച്ച് വിശദമായ ബോധവൽക്കരണം നടത്തുകയും ചെയ്യുകയാണെങ്കിൽ ഈ രംഗത്തേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാൻ സാധിക്കും.

കരിങ്കൽ ചെങ്കൽ മേഖല

പഞ്ചായത്തിന്റെ ഭൂവിഭാഗത്തിൽ നല്ലൊരു ഭാഗം കരിമ്പാറയും ചെങ്കൽപാറയുമാണ്. എടുത്തു പറയത്തക്ക ഒരു തൊഴിൽ മേഖലയാണിത്. ഈ രംഗത്ത് പ്രത്യക്ഷമായി 500 തൊഴിലാളികൾ തൊഴിൽ ചെയ്യുമ്പോൾ അത്രതന്നെ പരോക്ഷമായും തൊഴിൽ ചെയ്യുന്നു. എന്നാൽ നിയമത്തിന്റെ സങ്കീർണ്ണതയിൽ ലൈസൻസിന്റെയും എക്സ്പ്ലോസീവിന്റെയും പേരിൽ ജിയോളജി വിഭാഗത്തിന്റെ ഇടപെടൽ മൂലവും ഈ തൊഴിൽ മേഖല സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയാണ്. ഏറെ പേർക്ക് തൊഴിൽ നഷ്ടപ്പെടുന്നതോടൊപ്പം വികസന പ്രക്രിയയിൽ മുതൽക്കൂട്ടായ ഈ മേഖല നിലക്കാതിരിക്കാൻ നിയമം ഉദാരമാക്കി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവന്നാൽ തൊഴിലവസരം കൂട്ടാനും പഞ്ചായത്തിന് സാമ്പത്തികമായ പുരോഗതി ഉണ്ടാക്കാനും സാധിക്കും.

കരിങ്കൽ പാളികളുപയോഗിച്ച് ഫ്ളോറിംഗും ഗാർഹിക ഉപകരണങ്ങളും കരകൗശലവസ്തുക്കളും ബേബിമെറ്റലും കരിങ്കൽ പൊടിയും ഉപയോഗിച്ച് ഹോളോ ബ്രിക്സ് നിർമിക്കുന്നതിനും വിവിധയിനം കരിങ്കൽ ഉപയോഗിച്ച് വീടുകൾ മോടി കൂട്ടുന്നതിനും മറ്റും സാധ്യതകൾ ഏറെയുണ്ട്.

ചെങ്കൽപാറ ഉപയോഗിച്ച് കൽവെട്ടുവാനും, ക്രഷർ യൂണിറ്റ് സ്ഥാപിച്ച് മിനുസപ്പെടുത്തി വിവിധതരം ആഡംബര വസ്തുക്കളും കരകൗശല വസ്തുക്കളും ഉൽപാദിപ്പിക്കാൻ സാധ്യതകളുണ്ട്.

ഈ വ്യവസായങ്ങൾക്ക് സാധ്യതകൾ ഏറെയുള്ള സ്ഥലങ്ങൾ.

1. ആൽപറമ്പ്, കൊടികുത്തിപറമ്പ്
2. ചുക്കുപാറ
3. പാലപ്പറമ്പ്
4. മലാട്ടിക്കൽ
5 വടക്കൻമല, ചെറുമുറ്റം.
6. കരിമ്പൻചോല, കാഞ്ഞിരത്തടം.
7. മൂന്നിയൂർക്കുന്ന്, പൂവ്വത്തിക്കോട്ട്
8. (ചെമ്പാട്ടപ്പാറ) എട്ട്രകണ്ടി, മൂച്ചിത്തോട്ടം.
9. മായക്കര, ചെവിട്ടാണിക്കുന്ന്, കരടുകണ്ടം, പാണ്ടിയാലക്കണ്ടി.
10. വള്ളിക്കാട്, കൊട്ടപ്പാറ, പെതിയാട്ട്
11. മങ്ങാട്ടുമുറി, മങ്ങാട്ടുച്ചോല, തോണിക്കല്ലുപാറ. ചക്കിക്കുഴി.
12. പനിച്ചികപ്പള്ളിയാളി, ചക്കുംപൂള, കപ്പുറത്തുപാറ.

പട്ടിക 5

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ

വിഭാഗം	ക്രമനമ്പർ	ഇനം
ജനറൽ എഞ്ചിനീയറിംഗ്	1	തെങ്ങ്കൊണ്ട് കെട്ടിട നിർമാണ സാമഗ്രികളും ഫർണിച്ചറും
	2	തേങ്ങാപൗഡറും, ക്രീമും (തേങ്ങാപാൽ കുഴമ്പുരൂപത്തിൽ)
	3.	വെളിച്ചെണ്ണ
	4.	കന്നുകാലി തീറ്റ
	5.	കരിക്കിൻ വെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ
	6.	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ, ചക്ക) വനിതകൾക്ക് കൂടതൽ തൊഴിൽ സാധ്യതയുള്ളവ
	1.	ചിരട്ട, ചകിരി, തെങ്ങോല എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ.
	2.	പഴവർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ജാമുകൾ, സ്കാഷുകൾ (കൈതചക്ക, മാങ്ങ, ചക്ക, വാഴപഴം)
	3.	അവിൽ വ്യവസായം
	4.	കളിപ്പാട്ട നിർമ്മാണം. (വാഴനാര്, കഴുങ്ങിൻ-പോള, പട്ട, ചിരട്ടി
	5.	ഗാർഹിക വെയിസ്റ്റുകളായ പ്ലാസ്റ്റിക് കൊണ്ടുള്ള കരകൗശല വസ്തുക്കൾ
	6.	അരിമുറുക്ക് - പപ്പടം - അച്ചാർ
	7.	റെഡി മെയ്ഡ് വസ്ത്രങ്ങൾ
	8.	കൊട്ട, പായ, ലേഡീസ് ബാഗ്, പനയോല കൊണ്ടുള്ള തൊപ്പി, കുടകൾ എന്നിവ നിർമ്മാണം

പട്ടിക 6

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

വിഭാഗം	നമ്പർ	ഇനം
ജനറൽ എസ് എസ് ഐ	1.	ശാസ്ത്രീയമായ കോഴിവളർത്തൽ
	2.	ആധുനിക രീതിയിലുള്ള ആയുർ-വേദമരുന്നു നിർമ്മാണം
	3.	മരം ഫർണിച്ചർ
	4.	ബ്ലോക്ക് മോർഡ്സ് പ്ലാസ്റ്റിക് കണ്ടയിനർ
	5.	ഹവായ് പ്ലാസ്റ്റിക് ചെരുപ്പ്
	6.	ഫാൻസി ലതർ ഗുഡ്സ്
	7.	സ്കൂൾ ബാഗ്
	8.	പ്ലാസ്റ്റിക് ബട്ടൺസ്
	9.	അലങ്കാര പണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
	10.	ക്ലീനിംഗ് പൗഡർ
	11.	ഇനാമൽ പെയിൻറിന്റെ നിർമ്മാണം
	12.	ഇൻജക്ഷൻ മോഡലുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ
	13.	ഓട്ടോ ഇലക്ട്രിക്ഷോപ്പ്
	14	ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ്
	15.	ജനറൽ എൻജിനീയറിംഗ്
	16.	ഇരുചക്ര വാഹനങ്ങളുടെ വർക്ക്ഷോപ്പ്
	17.	ഇലട്രോണിക്സ് റഗുലേറ്റർ, ചോക്ക് നിർമാണം
	18.	ഇലട്രോണിക്സ് ഓവർലോഡ് കട്ട് ഓഫ്
	19.	എമർജൻസി ലാംബ്
	20	സ്വിച്ച് ബോർഡ് നിർമാണം
	21.	സിന്തറ്റിക് വിനാകിരി
	22.	കുട്ടികളുടെയും പുരുഷന്മാരുടെയും ഷൂ
സഹകരണ സംഘം (വനിത)	1.	ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് ഗാർമെൻറ്സ്
	2.	സോപ്പ്പൊടിനിർമാണം
	3.	കുട, നോട്ട്ബുക്ക്, പേപ്പർ കവർ നിർമാണം
	4.	ബാഗ്, റെയിൻ കോട്ട്, മുതലായ റെക്സിൻ ഉൽപ്പന്നങ്ങൾ
	5.	ഗ്യാസ് യൂണിറ്റ് പുളിക്കലിൽ
സഹകരണ സംഘം (ജനറൽ)	1.	സിമൻറ് കൊണ്ടുള്ള ജനാല, വാതിൽ കട്ടിൽ തുടങ്ങിയവ
	2.	സ്റ്റീൽഫർണിച്ചർ
	3.	ജില്ലി നിർമാണം
	4.	പഠന സഹായ സാമഗ്രികളും ലാബറട്ടറി ഉപകരണങ്ങളും
	5.	സോളാർ ലൈറ്റുകൾക്കുള്ള പ്ലേറ്റ്സും അനുബന്ധ ഉപകരണങ്ങളും

വ്യക്തിഗത സംരംഭം	1.	പട്ടുനൂൽ ഉൽപാദനം
	2.	കൂൺ കൃഷി
	3.	റെഡിമെയ്ഡ് വസ്ത്ര നിർമാണം
	4.	കിടക്ക നിർമാണം
	5.	ആടുവളർത്തൽ ക്രേന്ദം. മാംസ സംസ്കരണം

പട്ടിക v,vi ൽ വിവരിച്ച വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽപ്പെട്ട കൊടികുത്തിപറമ്പിലെ അങ്ങാടിപറമ്പ്, ചിക്കുപാറ, പാലപ്പറമ്പ്, നൂഞ്ഞല്ലൂരിലെ മലാട്ടിക്കൽ, വലിയപറമ്പിലെ അടിച്ചിനിക്കാട്, ഉണ്ണ്യത്തിപ്പറമ്പിലെ ചെറിയപ്പാട്ടി, പൂവത്തിക്കോട്ട, ആന്തിയൂർകുന്ന്, മായക്കര, ചെവിട്ടാണികുന്ന് , കരടുകണ്ടം, അരൂർ ,മങ്ങാട്ടമുറി, പനിച്ചികപള്ളിയാളി, പുതിയോടത്ത്പറമ്പ്, പോത്തുപെട്ടിക്കൽ എന്നീ സ്ഥലങ്ങളിൽ ആരംഭിക്കാവുന്നതാണ്.

വൻകിട വ്യവസായങ്ങൾ:-

1. പുളിക്കൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. അടക്ക സംസ്കരണശാല (സുപ്പാരി) സ്ഥാപിക്കുക.
3. ഒളവട്ടൂർ, അരൂർ കേന്ദ്രീകരിച്ച് ആയിരം തറികൾ ഉള്ള സ്പിന്നിംഗ് മിൽ സ്ഥാപിക്കുക.
4. അരൂർ, ഒളവട്ടൂർ കേന്ദ്രീകരിച്ച് റബ്ബർ സംസ്ക്കരണശാല സ്ഥാപിക്കുക.
5. വലിയ പറമ്പ് തോണിക്കല്ല്പാറ, അരൂർ, പാണ്ട്യാലക്കണ്ടി കേന്ദ്രീകരിച്ച് ഫ്ലോറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക
6. പാലപ്പറമ്പ് ,ചോലയിൽ പൊറായ്,പെരിയാട്ട് എന്നിവിടങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.

വൈദ്യുതി ഉൽപാദനവും വിതരണവും

പുളിക്കൽ ചെറുകാവ് വാഴയൂർ , ചീക്കോട് എന്നീ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന 110 കെ. വി. ലൈൻ ബന്ധപ്പെടുത്തി ഒളവട്ടൂരിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിച്ച് ഈ പ്രദേശങ്ങളിൽ വൈദ്യുതി നൽകാൻ സാധിച്ചാൽ വ്യവസായിക സ്ഥാപനങ്ങൾക്ക് പുരോഗതി കൈവരിക്കാൻ സാധിക്കും.

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ് ഫോമറുകൾ വെളുത്തപറമ്പ് പുതിയേടത്ത് പറമ്പ്, പനച്ചികപ്പള്ളിയാളി മായക്കര പാണ്ടിയാലകണ്ടി , വലിയപറമ്പ് നൂഞ്ഞല്ലൂർ കൊടികുത്തിപറമ്പ് ആൽപറമ്പ് ആന്തിയൂർകുന്ന് ആലുങ്ങൽ, കൊട്ടപ്പുറം കാരിപ്പറമ്പത്ത്, ചാലിപ്പറമ്പ്, മുഴുങ്ങല്ലൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ച് വ്യവസായിക ഊർജ്ജ പ്രതിസന്ധിക്ക് പരിപാരം കാണേണ്ടത് അത്യാവശ്യമാണ്. വ്യവസായശാലകൾക്ക് കൂടുതൽ സാധ്യതയുള്ള അരൂർ ചെവിട്ടാണിക്കുന്ന് കരിയാത്തുംകോട്ട ചോലങ്ങോട്ട്, കരടുകണ്ടം മായക്കര, വടക്കം പിലാക്കൽ എട്ടരക്കണ്ടി എന്നീ പ്രദേശങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

വൈദ്യുതി സംരക്ഷണം

വൈദ്യുതിയുടെ അമിത ഉപയോഗം കുറക്കുന്നതിന് കെ. എസ്. ഇ. ബി. അനർട്ട് സർക്കാർ എന്നിവയുടെ സഹായത്തോടെ സോളാർ ലാംപുകൾ സ്ഥാപിക്കുക (പരീക്ഷണാർത്ഥം ഓരോ വാർഡിലും 50 എണ്ണം.)

Industrial Growth Centre

ഇൻറസ്ട്രിയൽ ഗ്രോത്ത് സെൻറർ

ഭാവിയിൽ സ്ഥലത്തിൻെറ ലഭ്യതകുറയാൻ സാതയുള്ളതിനാൽ ചുരുങ്ങിയത് 10 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് (വിവിധ സ്ഥലങ്ങളിൽ) വ്യവസായ പ്ലോട്ടുകൾ വ്യവസായ സംരംഭകർക്ക് (ദീർഘകാലവായ്പാടിസ്ഥാനത്തിൽ) വാടകക്ക് കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കിയാൽ കൂടുതൽ വ്യവസായികളെ ആകർഷിക്കാൻ കഴിയും.

250 ഓളം ഗൾഫ് മലയാളികളെ സംഘടിപ്പിച്ച് സഹകരണടിസ്ഥാനത്തിൽ മിനി വ്യവസായ എസ്റ്റേറ്റ് നടത്താൻ ബോധവൽക്കരണവും പ്രോത്സാഹനവും സാങ്കേതിക വൈദഗ്ധ്യവും നതകുക.

മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പ്രിൻറിംഗ് കോംപ്ലക്സ് സ്ഥാപിക്കുക
2. കാർഡ്ബോഡ് പെട്ടികൾ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
3 മിഠായി നിർമ്മാണകുടിൽ വ്യവസായം
4 മത്സ്യമാംസ സംസ്ക്കരണം
5 ഐസ്പ്ലാൻറ്
6 കടലാസ് തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക
7 കുറ്റിമുല്ല വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുക
8 പാൽ ഉൽപന്ന സഹകരണസംഘം സ്ഥാപിക്കുക
9 സഹകരണജില്ലി നിർമ്മാണം
10 ഇലക്ട്രോണിക് ഉൽപന്നങ്ങളുടെ അസ്സംബ്ലിംങ്ങ് യൂണിറ്റ്
11 പാഴ്വസ്തുക്കൾ കൊണ്ടുള്ള കരകൗശല ഗാർഹിക ഉൽപന്നങ്ങളുടെ നിർമ്മാണം
12 ലേഡീസ് റെഡിമെയ്ഡ് സെൻററുകൾ സ്ഥാപിക്കുക
13 പട്ടുനൂൽ വ്യവസായം ആരംഭിക്കേണ്ട വേണ്ട സഹായവും പരിജ്ഞാനവും നൽകുക.
14 വുഡ് ഫർണ്ണിച്ചറുകളുടെ നിർമ്മാണം
15 പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഹവായ് ചെരുപ്പുകൾ, കിടക്ക നിർമ്മാണം, അച്ചാർ നിർമ്മാണം, പപ്പട നിർമ്മാണം കളിമൺ വ്യവസായം എന്നിവയുടെ യൂണിറ്റുകൾ തുടങ്ങുക
16 നഷ്ടപ്പെടുന്ന വ്യവസായം നിലനിർത്തുക

നിർദ്ദേശങ്ങൾ:-

വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന്നാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ധ പരിശീലനം നൽകുകയും പരിശീലനം നൽകുന്നതിന് താഴേപറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലനകേന്ദ്രം ബ്ലോക്ക് തലത്തിൽ തുടങ്ങുകയും വേണം.

(a) District Industrial Centre Malappuram.
(b) Small Industries Service Institute, Trichur.
(c) National Small Industries Corporation, Trichur
(d) Kerala State Industrial and Technology Consultancy Organisation, Ernakulam.
(e) S. T. E. D. Project Office,Kozhikode
(f) Regional Engineering College, Kozhikode
(g) National Institute for Enterprenership and Small Business Development, New Delhi.
(h) Enterprenership Development Institute of India, Ahammadabad.

കരകൗശലരംഗത്ത് വിദഗ്ധമായ പരിശീലനം നൽകുന്നതിന്ന് Deputy Commissioner, Ministry of Handloom $ Textiles Trichur എന്നിവരുമായി ബന്ധ-പ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് കാളികേരവികസനബോർഡ്, കേരഫെഡ്, കയർ വികസനഡയറക്ടർ, Regional Research Labouratory, Trivandrum തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുതരംഗത്തുള്ള നവീനരീതികളെപ്പറ്റിയും Indian Institute of Fashion technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ധ പരിശീലനം നൽകുക.

വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിന്നും വിജയകരമായ രൂപച്ചിൽ വ്യവസായം നടത്തികൊണ്ടു പോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.

പുളിക്കൽ പഞ്ചായത്തിൽ വ്യവസായ വളർച്ചക്കാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മലപ്പുറം ജില്ലാ ചെറുകിടവ്യവസായ അസോസിയേഷൻ, മറ്റു പൊതുമേഖലാ സ്ഥപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പത്ത് ദിവസം നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

വ്യവസായരംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതുന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 പ്ലസ് ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങാനും പ്രസ്തുത രംഗത്തെ നല്ലനിലയിൽ പ്രവർത്തകമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും വേണം.

വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം

വ്യവസായ കേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാകാവുന്ന പ്രദേശങ്ങൾ (പൊതു, സ്വകാര്യ മേഖലകൾ)


1. അങ്ങാടിപ്പറമ്പ്
2 പാണ്ടിയാട്ടുപുറം
3 പരപ്പാറ
4 പാലപ്പറമ്പ്
5 നൂഞ്ഞല്ലൂർ മലാട്ടക്കൽ
6 കോംപറമ്പ് അടിച്ചിനിക്കാട്
7 കാഞ്ഞിരത്തടം ഉണ്ണ്യത്തി പറമ്പ്
8 പൂവ്വത്തി-ക്കൊട്ട്
9 ചെമ്പാട്ടപ്പാറ
10 പുല്ലാനിപ്പാറ, ആലങ്ങാട്ട്, കരട്കണ്ടം
11 വള്ളിക്കാട്, കൊട്ടപ്പാറ, മങ്ങാട്ടു-ചോല, തോണിക്കല്ലുപാറ, ചക്കിക്കുഴി.
12 പനച്ചികപ്പള്ളിയാളി ചക്കുപൂള, കപ്പുറത്തുപാറ

അനുബന്ധങ്ങൾ

1962 മുതൽ വ്യവസായരംഗത്ത് ഉയർച്ചക്കുവേണ്ടി കാതോർക്കുന്ന പുളിക്കൽ പഞ്ചായത്ത് 9 പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി പുതിയ പഞ്ചായത്ത്രാജ് നിലവിൽ വന്നതോടെ മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാനിയമം നിശ്ചയിച്ചു. നടപ്പാക്കായാൽ നമ്മു-ടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങളിൽ ചെറുകിടവ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും നമുക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെതന്നെ പര്യാപ്തമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ല ഒരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുവാനും കഴിയും പഞ്ചായത്തിലെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതിമെച്ചപ്പെടുത്തുന്നതോടൊപ്പം നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

ഇത് ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ കാരണമാക്കുകയും ചെയ്യും എന്ന് നമുക്ക് ആശിക്കാം.

പുളിക്കൽ പഞ്ചായത്ത് നിലവിൽ വരുന്നതിനു മുമ്പ് ഈ പ്രദേശത്ത് ഒളവട്ടൂർ അംശത്തിലും ആന്തിയൂർകുന്നു അംശത്തിലുമായി രണ്ടു അധികാരികളുടെ കീഴിലായിരുന്നു റവന്യൂ കരം പിരിച്ചിരുന്നത്. ഒളവട്ടൂർ കേന്ദ്രമാക്കി ഒരു പഞ്ചായത്തും സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.





5.6 ഗതാഗതം ഊർജ്ജം മാർക്കറ്റ്

മാനവ വിഭവശേഷിതന്നെയാണ് ഒരു നാടിന്റെ ഭാവി നിർണയത്തിൽ പ്രധാന പങ്കുവഹിക്കുന്നത്. ഈ വസ്തുത മുൻകൂട്ടി മനസ്സിലാക്കുകയും അങ്ങനെ സംഘബോധത്തിലൂടെ നാടിന്റെ വികസനംനടത്താൻ സാധിക്കുമെന്ന് പഴയതലമുറ പ്രവർത്തനത്തിലൂടെ നമുക്ക് കാണിച്ചുതരുകയും ചെയ്തിട്ടുണ്ട്. 1962 ൽ പുളിക്കൽ ഗ്രാമപഞ്ചായത്തു രൂപീകൃതമാവുമ്പോൾ ഗതാഗതത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കമായിരുന്ന ഈ പഞ്ചായത്തിൽ പരേതനായ മുൻ പഞ്ചായത്ത് പ്രസിഡണ്ട് ജനാബ് കെ.പി. വീരാൻകുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ഒരു പഞ്ചായത്തു വികസനസമിതിക്ക് രൂപം നൽകുകയും ആലുങ്ങൽ - വെട്ടുകാട് റോഡിന്റെ ശ്രമദാനം ആരംഭിക്കുകയും ചെയ്തു. തുടർന്ന് വലിയ പറമ്പ് നീറാട് റോഡിന്റേറയും ശ്രമദാന പ്രവർത്തനങ്ങൾ ആരംഭിച്ചു. ആയിരക്കണക്കായ മനുഷ്യാധ്വാനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നിർമ്മിക്കപ്പെട്ട ഈ റോഡുകൾ പുതിയ ജനകീയാസൂത്രണത്തിന്റെ ആവേശതിമർപ്പിന്നിടിയിലും നമുക്ക് പ്രചോദനമരുളുന്നു.

1962ൽ പഞ്ചായത്തു രൂപീകരിച്ചപ്പോൾ കോഴിക്കോട് പാലക്കാട് ട്രങ്ക്റോഡ് മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളു. ഒരു നാടിന്റെ വികസനത്തിന്റെ പ്രധാന നാഴികക്കല്ല് റോഡുകളാണെന്ന് മനസ്സിലാക്കുകയും തൽഫലമായി റോഡുനിർമ്മാണത്തിൽ ജനങ്ങൾ അതീവ തല്പരരാവുകയും പൊതുഫണ്ടിന്റെ നല്ലൊരു ഭാഗം റോഡുനിർമ്മാണത്തിനായി നീക്കി വെക്കുകയും ചെയ്തു. തൽഫലമായി ഒരു വലിയ റോഡുശൃംഖല തന്നെ ഈ പഞ്ചായത്തിൽ രൂപപ്പെടുത്തുകയും ചെയ്തു.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ആകെ റോഡ് 106 കി.മീറ്റാണ്. ഇതിൽ 18 കി.മീറ്റർ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഗതാഗതയോഗ്യമായ റോഡുകളിൽ ടാർ ചെയ്ത റോഡുകൾ വെറും 17% മാത്രമാണുള്ളത്. ഈ വസ്തുതതന്നെ നിലവിലുള്ള മെറ്റൽ റോഡുകൾ ടാർചെയ്യേണ്ട ആവശ്യകതയിലേക്ക് ശക്തമായി വിരൽ ചൂണ്ടുന്നു.

ഈ പഞ്ചായത്തിൽ ബസ്സ്റ്റാൻറ്, ജീപ്പ്സ്റ്റാൻറ്, ഓട്ടോറിക്ഷാസ്റ്റാൻറ് എന്നിവയൊന്നും ഇല്ല. പഞ്ചായത്തിന്റെ ഹൃദയഭാഗമായ പുളിക്കൽ അങ്ങാടിയിൽ 100ഓളം ടാക്സി- ഓട്ടോ സർവീസുകൾ നടത്തുന്നുണ്ടെങ്കിലും ഒരു സ്റ്റാൻറില്ല എന്നള്ളത് വളരെ ദു:ഖകരമായ ഒരു കാര്യമാണ്. പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ കാണിക്കുന്ന പട്ടിക കൊടുക്കുന്നു.

ഈ പഞ്ചായത്തിൽ ഗതാഗത യോഗ്യമായ റോഡുകൾ 106 മീറ്റർ ഉണ്ടെങ്കിലും റോഡുകളുടെ അവസ്ഥ വളരെയധികം ശോചനീയമാണ്. അവയുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ ഫണ്ടു ലഭിക്കാത്തതും ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവവും റോഡിൽ വെള്ളം കെട്ടി നിൽക്കാനും മൺറോഡുകൾ ഒലിച്ചുപോവാനും കാരണമാവുന്നു.

II റോഡ് നിർമ്മാണം

II.1 ടാർ റോഡുകളുടെ പ്രശ്നങ്ങൾ

ഗതാഗതയോഗ്യമായ 106 കി.മീ റോഡുള്ള ഈ പഞ്ചായത്തിൽ ടാർചെയ്ത റോഡ് വെറും 16 കി.മീ. മാത്രമാണെന്ന വസ്തുത ടാർറോഡുകളുടെ അപര്യാപ്തതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിനാൽ പഞ്ചായത്തിലെ പ്രധാന മെറ്റൽറോഡുകൾ ഉടൻ ടാർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ. വീതിക്കുറവ്, വളവുകൾ, നടപ്പാതയില്ലായ്മ, റോഡ്

പട്ടിക - 1

പഞ്ചായത്തിലെ ടാർറോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	ബസ്, മറ്റു യാത്രാസൗകര്യങ്ങൾ
1	കൊട്ടപ്പുറം- കാക്കഞ്ചേരി	PWD	1.5	8	ഉണ്ട്
	കൊട്ടപ്പുറം- മുഴങ്ങല്ലൂർ	പഞ്ചായത്ത്	.5	6	ഇല്ല
2	കൊട്ടപ്പുറം- ആലുങ്ങൽ	PWD	1	12	ഉണ്ട്
	കെണിയത്തുഅരു- സലഫി	പഞ്ചായത്ത്	1	4	ഇല്ല
3	തലേക്കര- കൊട്ടപ്പുറം	PWD	1	12	ഉണ്ട്
	കൊട്ടപ്പുറം- ഹൈസ്കൂൾ റോഡ്	Block	700മീ.	8	ഇല്ല
4	ആലക്കപ്പറമ്പ്- നീറാട്	PWD	1.600	8	ഇല്ല
5	വലിയപറമ്പ്- ആലക്കപ്പറമ്പ്	PWD	1	8	ഇല്ല
	വലിയപറമ്പ്- ചെറുമിറ്റം	പഞ്ചായത്ത്	1കി.100മീ	8	ഇല്ല
6	വലിയപറമ്പ്- ഉണ്ണ്യത്തിപറമ്പ്	PWD	1	8	ഇല്ല
	ഉടുമ്പ്ര- ചെന്നീരി ഹാർബർകാവറി	ഹാർബാർ എഞ്ചിനീയറിംഗ്	1 600മീ.	8 8	ഇല്ല ഇല്ല
7	ആലുങ്ങൽ- വലിയപറമ്പ്	PWD	1.5	8	ഇല്ല
	ആലുങ്ങൽ- പുളിക്കൽ	PWD	400 മീ.	12	ഉണ്ട്
8	Nil				
9	Nil				
10	വള്ളിക്കാട് പുതിയേടത്ത്പറമ്പ്	PWD	4	8	ഉണ്ട്
11	തോണിക്കല്ല് പാറ- കാരങ്ങാട്ട്	PWD	3	8	ഉണ്ട്
12	പുതിയേടത്ത് പറമ്പ്- കോഴിപ്പടി	PWD	800 മീ.	8	ഉണ്ട്

സൈഡിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, താഴ്ന്നുകിടക്കുന്ന ടെലഫോൺകമ്പികൾ റോഡപകടങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു.

II. 2. പുതിയ റോഡുകൾ

പുതിയ ഒട്ടനവധി റോഡുകൾ നിർമ്മിക്കാനുള്ള ആവശ്യം എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. അവ മുൻഗണനാക്രമത്തിൽ അനുബന്ധം Bയിൽ കൊടുത്തിട്ടുണ്ട്.

II. 3. മെറ്റൽറോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

നിലവിലുള്ള മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ ചൂണ്ടികാണിക്കുന്ന വയായിരുന്നു ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളിൽ അധികവും. പൊട്ടിപൊളിഞ്ഞും താറുമാറായും

കിടക്കുന്ന ഈ റോഡുകളിൽ അടിയന്തര അറ്റകുറ്റപ ണികൾ നടത്തണമെന്ന് ഗ്രാമസഭകളിൽനിന്നും ശ ക്തിയായ ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. മെറ്റൽ റോഡുകളും മൺറോഡുകളും ടാർചെയ്തു ഗതാഗത യോഗ്യമാക്കാനുള്ള ശക്തമായ ആവശ്യങ്ങളും ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. ആവശ്യമുള്ളിടത്ത് മനുഷ്യവിഭവശേഷി നൽകാൻ തയ്യാറാണെന്നും ഗ്രാമ സഭകളിൽനിന്നും നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. മേൽ പ്രസ്താവിച്ച റോഡുകൾ അനുബന്ധം Aയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള പട്ടികയിലെ മുൻഗണനാക്രമം ഗ്രാമസഭാറിപ്പോർട്ടുകളിൽനിന്നും അവ അവ്യക്തമായിരുന്ന വാർഡുകളിലേത് പഞ്ചാ യത്ത് മെമ്പർമാരുടെ നിർദ്ദേശമനുസരിച്ചുമാണ് നിശ്ച യിച്ചിരിക്കുന്നത്.

II. 4. പുതിയ മൺറോഡുകൾ

ധാരാളം പുതിയ മൺറോഡുകൾ നിർമ്മിക്കാ നുള്ള നിർദ്ദേശങ്ങളും ഗ്രാമസഭകളിൽനിന്നും ഉയ ർന്നു വന്നിട്ടുണ്ട്. വീതികൂടിയ ഇടവഴികൾ മൺ റോഡുകളാക്കി മാറ്റാനുള്ള ആവശ്യങ്ങളാണ് അവ യിൽ പ്രധാനപ്പെട്ടത്. ഇത്തരം റോഡുകളുടെ പട്ടിക അനുബന്ധം Bയിൽ ചേർത്തിരിക്കുന്നു.

II. 5. റോഡുശൃംഖല ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡുകൾ നാടിന്റെ മുഖഛായതന്നെ മാറ്റു മെന്ന് ജനങ്ങൾ വിശ്വസിക്കുന്നതിനാൽ പാരിസ്ഥി തിക പ്രശ്നങ്ങളൊന്നും അവർ കാര്യമായി എടുക്കുന്നി ല്ല എന്നാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്.

II. റോഡ് ഗതാഗതം

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമസഭകൾ മുന്നോട്ടു വെച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രദേശങ്ങൾ റോഡ് ഗതാഗതത്തിന്റെ കാര്യത്തിൽ വളരെയധികം ദു രിതം അനുഭവിച്ചു കൊണ്ടിരിക്കുന്നു.

1. പുളിക്കൽ പഞ്ചായത്തിൽ ആലുങ്ങൽ – നീറാട് P.W.D. റോഡു നിലവിൽ വന്നിട്ട് കാലം ഏറെയാ യെങ്കിലും ഇതേവരെ ഒരു സ്ഥിരം ബസ്സർവ്വീ സ് ഇവിടെ ഇല്ല. റോഡ് ടാർചെയ്യുന്നതിന് വള രെയധികം മുമ്പുതന്നെ രണ്ടു ബസ്സുകളും ഒരു KSRTCയും ഈ റൂട്ടിൽ സർവ്വീസ് നടത്തിയി രുന്നു.
2. ഈ പഞ്ചായത്തിലെ 7, 5, 6, 9 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുമിറ്റം പ്രദേ ശത്തേക്കും മുൻകാലങ്ങളിൽ ഓടികൊണ്ടിരുന്ന ബസ്സു സർവ്വീസുകൾ നിലച്ചിരിക്കുകയാണ്.
3. ഒളവട്ടൂർ പനിച്ചികപള്ളിയാളി ഭാഗത്തേക്ക് സർ വ്വീസ് നടത്തിയിരുന്ന ബസ്സുകൾ റോഡ് ടാർ ചെയ്യാത്തതിന്റെ ഫലമായി ബസ്സ് സർവ്വീസ് നിർത്തി വെച്ചിരിക്കുകയാണ്.
4. ഗതാഗത യോഗ്യമായ റോഡുകൾ ധാരാളമുണ്ടെ ങ്കിലും മിനിബസ്സുകൾ പോലും ഈ ഭാഗങ്ങളി ലേക്ക് സർവ്വീസ് നടത്തുന്നില്ല.

ഗതാഗത സൗകര്യമില്ലാത്തതിനാൽ പൊതുജന ങ്ങളും വിദ്യാർത്ഥികളും അനുഭവിക്കുന്ന പൊതുജ നങ്ങളും വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധി മുട്ടുകൾ ചില്ലറയല്ല. ഈ ഭാഗങ്ങളിൽ നിന്നും ഫറോ ക്ക് കോളേജ്, തിരൂരങ്ങാടി കോളേജ്, ആർട്സ് കോ ളേജ് തുടങ്ങിയ സ്ഥലങ്ങളിൽ പഠിക്കുന്ന വിദ്യാർത് ഥികളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധി ആണ്.

വലിയപറമ്പ് കോഴിക്കോട് റൂട്ടിൽ ഓടികൊണ്ടി രിക്കുന്ന രണ്ടു KSRTC ബസ്സുകൾ ലാഭകരമായി സർവീസ് നടത്തിയിരുന്നെങ്കിലും നഷ്ടത്തിലാണെന്ന പ്രചരണം നടത്തി നിർത്തി വെച്ചിരിക്കയാണ്. ഈ ബസ് സർവീസുകൾ ഉടൻ പുനസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ മറ്റു പ്രൈ വറ്റ് ബസ് സർവീസുകളും ഇവിടെ ആരംഭിക്കേണ്ടതാ ണ്.

ഒളവട്ടൂർ പനിച്ചികപള്ളിയാളി ഭാഗത്തും ഇതേ രീതിയിൽ യാത്രാദുരിതം ഒഴിവാക്കുന്നതിനുള്ള നട പടികൾ സ്വീകരിക്കേണ്ടതാണ്.

III. മെറ്റൽ റോഡുകളും പ്രധാന മൺറോഡുകളും

ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

ടാർ ചെയ്ത റോഡുകൾ ആകെയുള്ള റോ ഡിന്റെ വെറും 17% വരുന്നതിനാൽ പട്ടിക 3ൽ കാണിച്ചിരിക്കുന്ന മെറ്റൽ റോഡുകൾ ടാർ ചെയ്യേണ്ട തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. (പട്ടിക-3)

III. 2. മറ്റു പ്രധാന മൺറോഡുകൾ

താഴെ പറയുന്ന റോഡുകൾ (പട്ടിക 4) അടി യന്തിരമായും മെറ്റൽ ചെയ്തു ടാർ ഇടേണ്ടതാണ്.

പട്ടിക 3

ടാർ ചെയ്യേണ്ട മെറ്റൽറോഡുകൾ

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട ദൂരം	വീതി
1	01	1	കൊട്ടപ്പുറം - ആൽപ്പറമ്പ്	1 കി.മി.	6 മീ.
2	01	1	ആൽപ്പറമ്പ് - പള്ളിക്കൽ ബസാർ	0.75 „	8 മീ.
3	02	2	സലഫി - വെട്ടിക്കുത്തിമല	800 മീ.	5 മീ
4	03	3	കൊട്ടപ്പുറം - ചാലിൽ പറമ്പ്	1 കീ.മീ.	8 മീ.
5	04	4	NIL		
6	05	5	വലിയപറമ്പ് - മങ്ങാട്ടുമുറി PWD	1 കീ.മീ.	8 മീ.
7	06	6	NIL		
8	07	7	NIL		
9	08	8	NIL		
10	09	9	ചെറുചിറ്റം - ഉരുണ്ടടി PWD	1 കി.മീ.	8 മീ.
11	10	10	NIL		
12	11	11	ഉരുണ്ടടി - മങ്ങാട്ടുമുറി PWD	0.75 കി.മീ.	8 മീ.
13	12	12	പള്ളിപുറായി - പുതിയേടത്ത് പറമ്പ്	1 കീ.മീ.	8 മീ.

പട്ടിക 4

മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.
1	01	1	കൊടിക്കുത്തിപറമ്പ് ആലുങ്ങൽ	2	3
2	01	1	കൊടിക്കുത്തിപറമ്പ് ആൽപറമ്പ്	1	6
3	01	1	ആൽപറമ്പ് - കൊട്ടപ്പുറം	15	6
4	02	2	ചുങ്കപ്പാറ HS	1	3
5	02	2	കണിയത്തരു - ആടിയകം സലഫി	1	4
6	02	2	കൊട്ടപ്പുറം മാർക്കറ്റ് H.S. റോഡ്	0.8	3
7	02	2	ഹൈസ്ക്കൂൾ ജംഗ്ഷൻ പ്രാഥമിക ആരോഗ്യകേന്ദ്രം	1	6
8	02	2	പാണ്ടിയാട്ടുപുറം മക്കക്കാട്	08	3
9	02	2	പാണ്ടിയാട്ടപുറം - കാരിയപറമ്പ്	06	3
10	02	2	ആലുങ്കൽ വിളക്കുമാടം - കൊടിക്കുത്തിപറമ്പ്	15	3
11	02	2	പാണ്ടിയാട്ടുപുറം - ചുങ്കപ്പാറ	05	3
12	03	3	തലേക്കര - വലിയപറമ്പ്	0.75	4
13	03	3	കൊട്ടപ്പുറം - കരിപ്പൂർ	15	3

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.
14	04	4	പോസ്റ്റോഫീസ് - നൂഞ്ഞല്ലൂർ	2.5	6
15	04	4	മലാട്ടിക്കൽ - കോമ്പറമ്പ് ഹരിജൻകോളനി പടിഞ്ഞാറെ ഭാഗം	1.5	4
16	04	4	മലാട്ടിക്കൽ - ചെറിയ കോമ്പറമ്പ്	0.75	3
17	04	4	ആലക്കപറമ്പ് - ചെമ്മലപറമ്പ്	1.5	8
18	04	4	മേച്ചേരി - നൂഞ്ഞല്ലൂർ	1.0	4
19	04	4	അക്കരപുറായ് - EMEA.HS	0.5	4
20	05	5	ആലക്കപറമ്പ് - ചെമ്മലപറമ്പ്	1.5	8
21	05	5	മസ്ജിദ്ബസാർ - കൊട്ടപുറം HS	2.0	4
22	05	5	ആലക്കപറമ്പ് - തോരക്കാട്	2	6
23	05	5	ചെറുചിറ്റം - മാക്കൽ ഹരിജൻകോളനി	2	6
24	05	5	ആലക്കപറമ്പ് - കോമ്പറമ്പ് ഹരിജൻകോളനി	1	4
25	05	5	മസ്ജിദ് ബസാർ - പുളക്കത്തടം ഹരിജൻകോളനി	1.5	6
26	05	5	ആലക്കപറമ്പ് - കൊട്ടപ്പുറം HS	1.5	8
27	05	5	മമ്മുട്ടിമുല്ല - സ്മാരക റോഡ്	05	3
28	05	5	പോസ്റ്റോഫീസ് കലങ്ങോട്ടിൽ	1.0	4
29	05	5	മസ്ജിദ്ബസാർ - തെക്കുവീട്ടിൽ റോഡ്	0.5	3
30	05	5	ചെറുചിറ്റം - പാലക്കലക്കണ്ടി റോഡ് വെട്ടുക്കാട്	3	6
31	06	6	കൃഷിഭവൻ - ലക്ഷംവീട് പൗരബസാർ	1.7	4
32	06	6	ഉണ്യത്തിപറമ്പ് - സലഫി	0.5	4
33	06	6	ഇർശാദിയ - ചെന്നിരി ഹരിജൻകോളനി	1.5	4
34	06	6	ഉണ്യത്തിപറമ്പ്, ഹരിജൻകോളനി	05	4
35	06	6	ഉണ്യത്തിപറമ്പ് ചൂരത്തിൽ	05	4
36	06	6	ഇർശാദിയ - കോളായ് ആന്തിയൂർകുന്ന്	2.0	4
37	06	6	കൊടിമരം - പാറയ്ക്കൽ	0.3	3
38	06	6	വെങ്ങാണം പാറ - പുതിയറമ്പത്ത് പുറായ് മുട്ടയൂർ റോഡ്	0.2	3
39	06	6	സലഫി ഗവ: ആശുപത്രിറോഡ്	0.2	3
40	07	7	മുട്ടയൂർ - പാലക്കൽറോഡ്	05	3
41	07	7	കൊടിക്കുത്തിപറമ്പ് - മക്കക്കാട് കോളനി	1.5	3
42	07	7	പുളിക്കൽ - പൂവത്തിക്കോട്ട	1.0	3
43	07	7	ആലുങ്ങൽ - മക്കക്കാട്	1.0	3

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.
44	07	7	മുട്ടയൂർ പുല്ലൂർപുറായ്	.75	3
45	07	7	മുന്നിയൂർകുന്ന് ഹരിജൻകോളനി	1	3
46	08	8	പുളിക്കൽ ഹൈസ്ക്കൂൾറോഡ്	0.5	3
47	08	8	പത്രോട്ട്പടി - പറവൂർറോഡ്	1	3
48	08	8	നരിക്കൂത്തുപടി - ലക്ഷംവീട്കോളനി	2	3.5
49	08	8	എടപ്പയിൽപടി പറവൂർ കരിക്കുന്ന് ഹരിജൻകോളനി	1.5	3
50	08	8	പൗരബസാർ - കീരിക്കുന്ന്	1.5	3
51	08	8	പൗരബസാർ - വലിയപറമ്പ്	1.5	4
52	08	8	പൗരബസാർ - മുട്ടയൂർ	2	4
53	08	8	ചെമ്പോട്ട്പാറ - ഒട്ടുപാടം	0.75	3
54	08	8	വലിയപറമ്പ് - കോളായി കച്ചേരികുറ്റി റോഡ്	3	3
55	09	9	ചെവിട്ടാണികുന്ന് - പാലക്കുഴി ചെറുചിറ്റം	2.5	3
56	09	9	ചെറുചിറ്റം - മായക്കര	0.5	4
57	09	9	ചെവിട്ടാണികുന്ന് കമ്മടക്കം ചാൽമായക്കര	1.0	3
58	09	9	ചക്കംമാട് - കരിയാത്തൻ കോട്ട പാണ്ട്യാലകണ്ടി എച്ചിലാക്കുഴി	1	4
59	10	10	അരൂർ പട്ടയിൽ റോഡ്	2	3
60	10	10	അരൂർ വാഴയൂർ റോഡ്	1	8
61	10	10	കരിയാത്തക്കോട്ട - കമ്പാറപറമ്പ്	1	3
62	10	10	തമ്പാറപറമ്പ് - ചോലക്കരകുന്ന് പോത്തുംവെട്ടി	2	3
63	10	10	അരൂർ ആക്കോട് റോഡ്	2	8
64	10	10	കമ്പാടപറമ്പ് കുടിപ്പന മരുതാല റോഡ്	3	3
65	10	10	കോൺഗ്രസ്വളവ് - തൈക്കാട്ടത്ത് മൂല	2	3
66	10	10	എട്ടൊന്ന് വാഴയൂർ റോഡ്	1.5	8
67	10	10	ഇട്ടുട്ടിൽ - വെള്ളാട്ട്ചോല	1	3
68	10	10	കല്ലുവെട്ടിയിൽ ചോലക്കരകുന്ന്	1	3
69	11	11	ചുണ്ടോക്ക്മുക്ക് - കൂട്ടപ്പച്ചാലി	0.75	3
70	11	11	കണ്ണംചേരി - ചെറുചിറ്റം	0.75	3
71	11	11	തെങ്ങൈ മുച്ചിക്കൽ - പാലക്കരക്കണ്ടി വെട്ടുകാട് - ചെറുമിറ്റം	0.75	5
72	11	11	ഉരുണ്ടടി - പോത്തുംപെട്ടി	4.0	5
73	11	11	യതീംഖാന - പനച്ചിപള്ളിയാളി	0.8	6
74	11	11	കുഴൽകിണർ - സബ്സെൻറർ റോഡ്	0.5	3

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.
75	12	12	വാലഞ്ചേരി തോട് - യതീംഖാന	1.8	6
76	12	12	മൊടക്കൈപടി ഓമാനൂർ റോഡ്	4.5	6
77	12	12	ചക്കുംപൂള കൊരണ്ടിപറമ്പ്	3	6
78	12	12	പനച്ചിപള്ളിയാടി - ചീനിബസാർ	8	8
79	12	12	താട്ടുവെട്ടി പുതിയേടത്ത് പറമ്പ്	1	3
80	9	9	PWD ഏറ്റെടുത്ത പാണ്ട്യാലകണ്ടി അരൂർ - വാഴയൂർറോഡ് കരട്കണ്ടം വള്ളിക്കാട്ട്റോഡ് ഇവ ഉടൻ പണി തുടങ്ങാൻ വേണ്ട ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതി എന്നിവ നല്കി ഉടൻ പ്രവർത്തനം ആരംഭിക്കണം		

എന്നാൽ മാത്രമെ ഈ പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു.

IV റോഡ് വികസനം

ഗവൺമെൻറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും റോഡ് വികസനത്തിനായി ചെലവഴിക്കുന്നുണ്ടെങ്കിലും അവ ശാസ്ത്രീയ ആസൂത്രണത്തിന്റെ അഭാവത്തിൽ നിഷ്ഫലമായിട്ടാണ് മിക്കവാറും കാണപ്പെടുന്നത്. പഞ്ചായത്തുകളും ഗവൺമെൻറും ഫണ്ടുകൾ അനുവദിക്കുന്നത് റോഡിന്റെ വീതികൂടി കണക്കിലെടുത്താണ്. പക്ഷെ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ JRY പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ 8 മീറ്റർ വേണമെന്ന നിബന്ധന വികസനത്തിനായി ദാഹിക്കുന്ന ഒട്ടനവധി പാവപ്പെട്ട കുടുംബങ്ങൾക്ക് വിനയായി തീരുന്നുണ്ട്. തുച്ഛമായ ഭൂമി മാത്രം കൈവശമുള്ള കുടുംബങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിൽ റോഡ് വികസനം തന്മൂലം അസാദ്ധ്യമായിത്തീരുന്നു.

പഞ്ചായത്തിലെ റോഡു പട്ടികകൾ എല്ലാവിധ വിവരങ്ങളും ലഭ്യമാക്കത്തക്ക രീതിയിൽ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതാണ്.

V മൺറോഡുകളുടെ വികസനവും നിർമ്മാണവും

അനുബന്ധം Aയിൽ അറ്റകുറ്റപണികൾക്കായി നിർദ്ദേശിച്ചിട്ടുള്ള എല്ലാ റോഡുകളും എത്രയും പെട്ടെന്ന് ശരിയാക്കേണ്ടതാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പട്ടിക 3, 4 എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകളും നിർമ്മിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പൊതുഫണ്ടുകളിൽ നിന്ന് വാർഡുകളിൽ തുക ചെലവഴിക്കുമ്പോൾ അത് ജനസംഖ്യക്ക് ആനുപാതികമായ തോതിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

VI ജനകീയപദ്ധതിയും ജനശക്തിയും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിമിതമായ ഫണ്ടും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ റോഡ് വികസനകാര്യത്തിൽ ജനശക്തിയുടെയും വിഭവസമാഹരണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കും. പഞ്ചായത്ത് ഫണ്ടിൽനിന്ന് അനുവദിക്കുന്നതിന്റെ എത്രയോ ഇരട്ടി ജനങ്ങൾ ശ്രമദാനം നടത്തിയാണ് ഈ പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ നിർമ്മിച്ചിരിക്കുന്നത്. പുതിയ റോഡുകൾ നിർമ്മിക്കുവാനും ഉള്ളവ സംരക്ഷിക്കുവാനും വർദ്ധിച്ച തോതിലുള്ള ജനസഹകരണവും ഗ്രാമസഭകളിൽനിന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവ പ്രയോജനപ്പെടുത്തി ഒരു നല്ല റോഡ് ശൃംഖല തന്നെ നമുക്ക് ഈ പഞ്ചായത്തിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

അനുബന്ധം Aയിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുകയും അനുബന്ധം Bയിൽ കാണിച്ചിരിക്കുന്ന റോഡുകൾ പുതുതായി നിർമ്മിക്കേണ്ടവയുമാണ്.

അനുബന്ധം A

നിലവിലുള്ള റോഡുകൾ

ഗ്രാമസഭാറിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽനിന്നും ശേഖരിച്ച വിവരങ്ങൾ കോഡിന്റെ ആദ്യ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയെയും സൂചിപ്പിക്കുന്നു.

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച് പൊതുഫണ്ട്	മെറ്റൽ		ഓട		കലുങ്ക്	
						ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	വേണ്ടത്	പ്രയോജനപ്രദം
1	01	കൊട്ടപ്പുറം ആൽപറമ്പ്	2	5		TAR			✓		✓
1	01	കൊടികുത്തിപറമ്പ് ആൽപറമ്പ്	1.200	5			✓				
1	01	ആൽപറമ്പ്- പള്ളിക്കൽ	1.500	8		TAR					
1	01	കൊട്ടപ്പുറം - കാക്കഞ്ചേരി	1.5	8		TAR					
1	01	ആൽപറമ്പ്- പള്ളിറോഡ്	.2	5			✓				
1	01	പാണ്ടിയാട്ടുപുറം മക്കക്കാട് - ഹരിജൻകോളനി	1	3			✓				
1	01	കൊടിക്കുത്തിപ്പറമ്പ് മക്കക്കാട്- ഹരിജൻകോളനി	1	4			✓				
1	01	കൊടിക്കുത്തിപറമ്പ്-പുളിക്കൽ	.25	4			✓				
1	01	കൊടിക്കുത്തിപറമ്പ്-മഠത്തിപടി	.5	5			✓				
2	02	കൊട്ടപ്പുറം- ആലുങ്ങൽ PWD	1	12		TAR					
2	02	കണിയത്ത്- സലഫിറോഡ്	1	4		TAR					
2	02	സലഫി - വെട്ടുകുത്തിമല	.8	5		✓					
2	02	ചുങ്കപ്പാറ - ഹൈസ്കൂൾറോഡ്	1	3		✓					
2	02	കണിയത്ത് അരു ആടിയകം സലഫി	1	3			✓				
2	02	കൊട്ടപ്പുറം മാർക്കറ്റ് H.S റോഡ്	.8	3			✓				
2	02	H.S. Jn പ്രാഥമികകേന്ദ്രം	1	6			✓				
2	02	പാണ്ടിയാട്ടുപുറം മക്കക്കാട്	.8	3			✓				
2	02	പാണ്ടിയാട്ടുപുറം കാരിയപറമ്പ്	.6	3			✓				
2	02	ആലുങ്കൽ വിളക്കുമാടം കൊടിക്കുത്തിപറമ്പ്	1.5	3			✓				
2	02	പാണ്ടിയാട്ടുപുറം- ചുക്കുപാറ	.5	3			✓				
3	03	തലേക്കര- കൊട്ടപ്പുറം P.W.D.	1	12		TAR					

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഇപ്പോഴുള്ള സ്ഥിതി ഒരു വർഷത്തിൽ	മെറ്റൽ		ഓട		കലുങ്ക്	
						യോഗ്യം	അയോഗ്യം	ഉള്ളത്	വേണ്ടത്	വേണ്ടവ	ഡ്രെയിനേജ്
3	03	കൊട്ടപ്പുറം H.S.റോഡ് Block	.8	8		TAR					
3	03	തലേക്കര- വലിയപറമ്പ്	.75	6			✓				
3	03	കൊട്ടപ്പുറം - കരിപ്പൂർ	1.5	3			✓				
3	03	കൊട്ടപ്പുറം- ചാലിൽപറമ്പ്	1	8		✓					
4	04	ആലക്കപ്പറമ്പ് നീറാട് P.W.D.	1.6	8		TAR					
4	04	പോസ്റ്റാഫീസ്- നൂഞ്ഞല്ലൂർ	2.5	6			✓				
4	04	മലാട്ടിക്കൽ- കോമ്പറമ്പ് ഹരിജൻ കോളനി	1	3			✓				
4	04	പടിഞ്ഞാറു ഭാഗം- മേച്ചീരി നൂഞ്ഞല്ലൂർ റോഡ്	1.5	3			✓				
4	04	മലാട്ടിക്കൽ ചെറിയകോമ്പറമ്പ് ഹരിജൻ കോളനി കിഴക്കുഭാഗം	.75	3			✓				
4	04	ആലക്കപ്പറമ്പ്- ചെമ്മലപ്പറമ്പ്	1.5	8			✓				
5	05	വലിയപറമ്പ്- ആലക്കപ്പറമ്പ് P.W.D	1	8		TAR					
5	05	വലിയപറമ്പ് ചെറുമിറ്റം (പഞ്ചായത്ത്)	1	8		TAR					
5	05	ആലക്കപറമ്പ്- ചെമ്മലപറമ്പ്	1.5	8			✓				
5	05	മസ്ജിദ്ബസാർ കൊട്ടപ്പുറം H.S.റോഡ്	2	4			✓				
5	05	ആലക്കപ്പറമ്പ്- തോരക്കാട്	2	6			✓				
5	05	ചെറുമിറ്റം മാക്കൻ ഹരിജൻകോളനി	2	6			✓				
5	05	ആലക്കപറമ്പ്- കോമ്പറമ്പ് ഹരിജൻകോളനി	1	4			✓				
5	05	മസ്ജിദ് ബസാർ പുളക്കത്തടം ഹരിജൻകോളനി	1.5	6			✓				
5	05	ആലക്കപ്പറമ്പ് - കൊട്ടപ്പുറം H.S.റോഡ്	1.5	8			✓				
5	05	മമ്മുട്ടിമുല്ലസ്മാരകറോഡ്	.5	3			✓				
5	05	പോസ്റ്റ്ആഫീസ്- കലങ്ങോടിൽ റോഡ്	1	3			✓				
5	05	മസ്ജിദ്ബസാർ- തെക്കുവീട്ടിൽ റോഡ്	.5	3			✓				

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ടാറിംഗ് ചെയ്യുന്നത്	മെറ്റൽ		ഓട		കലുങ്ക്	
						ചെയ്തത്	ചെയ്യാനുള്ളത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്
5	05	ചെറുമിറ്റം- പാലക്കലകണ്ടി	1	6			✓				
6	06	കൃഷ്ണിഭവൻ ലക്ഷംവീട് പൗരബസാർ	1.7	4			✓				
6	06	ഉണ്യത്തിപറമ്പ് സലഫിറോഡ്	.5	4			✓				
6	06	ഇർഷാദിയ ചെന്തീരി ഹരിജൻ കോളനി	1.5	4			✓				
6	06	ഉണ്യത്തിപറമ്പ് ഹരിജൻ കോളനി	.5	4			✓				
6	06	ഉണ്യത്തിപറമ്പ്- ചൂരത്തിൽ	.5	4			✓				
6	06	ഇർഷാദിയ കോളായി ആന്തിയൂർക്കുന്ന്	2	4			✓				
6	06	കൊടിമരം പാറക്കൽ	.3	3			✓				
6	06	വെങ്ങാണം പാറ പുതിയപറമ്പത്ത് പുറായ് മുട്ടയൂർ റോഡ്	.2	3			✓				
6	06	സലഫി ഗവ. ആശുപത്രി റോഡ്	.2	3			✓				
7	07	ആലുങ്ങൽ വലിയപറമ്പ് P.WD. റോഡ്	1.5	8		TAR					
7	07	ആലുങ്ങൽ- പുളിക്കൽ P.W.D.	.4	12		TAR					
7	07	മുട്ടയൂർ- പാലക്കൽറോഡ്	.5	3			✓				
7	07	കൊടിക്കുത്തിപറമ്പ് മക്കക്കാട് റോഡ്	1.5	3			✓				
7	07	പുളിക്കൽ പുവത്തിക്കോട്ട	1	3			✓				
7	07	ആലുങ്ങൽ മക്കക്കാട്	1	3			✓				
7	07	മുട്ടയൂർ പുല്ലൂർ പുറായ്റോഡ്	.75	3			✓				
8	08	പുളിക്കൽ എച്ച്.എസ്. റോഡ്	.5	3			✓				
8	08	പത്രോട്ടുംപടി പറവൂർ റോഡ്	1	3			✓				
8	08	നരിക്കുത്തുപടി ലക്ഷംവീട് റോഡ്	2	3			✓				
8	08	എടപ്പയിൽപടി പറവൂർ കീരിക്കുന്ന്	1.5	3			✓				
8	08	പൗരബസാർ-കീരിക്കുന്ന്	1.5	3			✓				
8	08	പൗരബസാർ വലിയപറമ്പ്	1.5	4			✓				
8	08	പൗരബസാർ മുട്ടയൂർ റോഡ്	2	4			✓				
8	08	ചെമ്പാട്ടപാറ ഒടുപാടം	.75	3			✓				

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച് പൊതുമരാമത്ത്	മെറ്റൽ		ഓട		കലുങ്ക്	
						ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	വേണ്ടവ	ഉള്ളവ
8	08	വലിയപറമ്പ് കോളായി കച്ചീരിക്കുറ്റി റോഡ്	3	3			✓				
9	09	ചെറുമിറ്റം ഉരുണ്ടടി P.W.D.	1	8		✓					
9	09	ചെവിട്ടാണിക്കുന്ന് പാലക്കുഴി, ചെറുമിറ്റം	2.5	4			✓				
9	09	മായക്കര തടം ചെറുമിറ്റം	.5	4			✓				
9	09	ചെവിട്ടാണിക്കുന്നു കമ്മടക്കംചാൽ മായക്കര	1	3			✓				
9	09	ഏച്ചിലാകുഴി പൈക്കാടത്തുമൂല കരട് കണ്ടംപുറായ്-പക്കാടത്ത്മല	1	4			✓				
10	10	വള്ളിക്കാട്-പുതിയേടത്തുപറമ്പ് P.W.D.	4	8		TAR					
10	10	അരൂർ പട്ടയിൽ റോഡ്	2	3			✓				
10	10	അരൂർ വാഴയൂർ	.8	8			✓				
10	10	കരിയാത്തക്കൊട്ട തമ്പാറപ്പറമ്പ്	1	3			✓				
10	10	തമ്പാറപ്പറമ്പ് ചോലക്കരകുന്നു പോത്തുംപെട്ടി	2	3			✓				
10	10	അരൂർ-ആക്കോട്	2	8			✓				
10	10	തമ്പാറപ്പറമ്പ് കുഴിപ്പന മരുതാല റോഡ്	3	3			✓				
10	10	കോൺഗ്രസ്സ് വളവ് പൈക്കാടത്തുമൂല	2	3			✓				
10	10	എട്ടൊന്ന് വാഴയൂർ റോഡ്	1.5	8			✓				
10	10	ഇട്ടൂട്ടിൽ വെള്ളാട്ടുചാലി	1	3			✓				
10	10	കല്ലുവെട്ടിയിൽ ചോലക്കര റോഡ്	1	3			✓				
11	11	തോണിക്കല്ല് പാറ കരങ്ങാട് P.W.D.	3	8		TAR					
11	11	മങ്ങാട്ടുമുറി ഉരുണ്ടടി	.75	8		✓					
11	11	ചുണ്ടോത്തുമുക്ക് കുട്ടാപ്പചലി	.75	3.5			✓				
11	11	കണ്ണംചീരി-ചെറുമിറ്റം റോഡ്	.75	3			✓				
11	11	വെട്ടുകാട്-ചെറുമിറ്റം	4	5			✓				
11	11	തെങ്ങൈമൂച്ചിക്കൽ - പാലക്കലക്കണ്ടി	1	5			✓				
11	11	ഉരുണ്ടടി - പോത്തുവെട്ടി റോഡ്	2	5			✓				

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ചേക്കാവുന്ന തുക	മെറ്റൽ		ഓട		കലുങ്ക്	
						ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	വേണ്ടത്	പ്രവൃത്തിയുള്ളത്
11	11	യത്തീംഖാന പനച്ചിപള്ളിയാളി	2.5	6			✓				
11	11	കുഴൽകിണർ സബ്സെൻറർ	5	3			✓				
12	12	പുതിയേടത്തുപറമ്പ് കോഴിപ്പടി	.8	8		TAR					
12	12	പള്ളിപുറായ് പുതിയേടത്തുപറമ്പ്	1	8			✓				
12	12	വാലഞ്ചേരി തോട് യത്തീംഖാന	2.5	6			✓				
12	12	മൊടക്കെപടി-ഓമാന്നൂർ റോഡ്	4.5	6			✓				
12	12	ചക്കുംപൂള കൊരണ്ടിപറമ്പ്	3	6			✓				
12	12	പനച്ചിപള്ളിയാളി ചീനിബസാർ	8	6			✓				
12	12	കാടുവെട്ടി പുതിയടത്തുപറമ്പ്	1	3			✓				

അനുബന്ധം B

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന പേര്	കോഡ്	ദൂരം കി.മീ.
1	ചൂലിപ്പുറം-മുടങ്ങല്ലൂർറോഡ്	01	1
	ആൽപ്പറമ്പ്-തൊടിച്ചാൽ	01	.5
	കള്ളാടിയിൽ മാട് റോഡ്	01	.75
	കൊടികുത്തിപറമ്പ് തൊടിയിൽ റോഡ്	01	1
	ആലുങ്ങൽ ചിനക്കൽ റോഡ്	01	1
2	കൊട്ടപ്പുറം എറിയാട്ട് റോഡ്	02	.5
	സലഫി വെട്ടിക്കുത്തുമല	02	.5
	പാണ്ടിയാട്ടുപുറം-എറിയാട്ട്റോഡ്	02	.75
3	കൊട്ടപ്പുറം എച്ച്.എസ്. കൈത്തിരിഭാഗം	03	1
	മണ്ണറംകോട് റോഡ്	03	1
	നവരിക്കുത്തു ചുക്കുപാറ	03	.5
	തലേക്കര വലിയപറമ്പ്	03	.75
4	മലാട്ടിക്കൽ-മൂലയിൽ പുറായ് ഹരിജൻ കോളനി റോഡ്	04	1
	നൂഞ്ഞല്ലൂർ അംഗൻവാടി അക്കരപുറായ് റോഡ്	04	.75
	മാട്ടുമ്മൽ മാടാരി റോഡ്	04	.5
	മലാട്ടിക്കൽ വാരിയൻതൊടി റോഡ്	04	.5

വാർഡ്	നിർദ്ദേശിക്കുന്ന പേര്	കോഡ്	ദൂരം കി.മീ.
	മൂലയിൽ പുറായ്-നീറാട് ജി.എം.യു.പി.എസ്. റോഡ്	04	.5
	ആലക്കപ്പുറമ്പ്-ചെറിയ കോമ്പറമ്പ് റോഡ്	04	2.5
5	ആലക്കപറമ്പ്-കുഴിക്കാട് റോഡ്	05	.5
	കരണി മുച്ചിക്കൽ റോഡ്	05	0.8
	പൂളക്കത്തടം-നെടിയാരം	05	1
	ചെറുമിറ്റം-കീരൻകുഴി	05	.8
	മേലുവീട്ടിൽ - കൊട്ടപ്പുറം എച്ച്.എസ്. റോഡ്	05	.5
	മാപ്പിളത്തൊടി ഭജനമഠം	05	.5
	ചാലിയിൽ പാലപ്പറമ്പ് സലഫി	05	.5
	കൊടപ്പറമ്പ് തെങ്ങുംതൈക്കൽ ചോലെപാടം		
	മരുതാട്ട് കളരണ്ടിക്കൽ	05	.5
6	കൊടിമരം അക്കരമ്മൽ	06	.5
	പത്രത്തൊടി വലിയപറമ്പ്	06	0.8
	പുല്ലൂർപുറായ് കാഞ്ഞിരത്തടം	06	1
	ചൂരത്തിൽ പാലപ്പറമ്പ്	06	.5
	ഉടുമ്പ്ര-കൊരണിചോല	06	.350
7	മണ്ണാരയ്ക്കൽ സലഫി	07	1
	മുട്ടയൂർ-പുവ്വത്തികൊട്ട	07	1
	ആലുങ്ങൽ-മുന്നിയൂർകുന്ന് ഹരിജൻ കോളനി		
	പള്ളിയാളിൽ-പുല്ലൂർ	07	1
8	വലടിക്കൽ ഹരിജൻ കോളനി	08	0.7
	ചങ്കരത്തും മനേക്കുഴി-പാലക്കാളിൽ	08	0.8
	കീരിക്കുന്ന് ഹരിജൻ കോളനി	08	0.8
	പുവ്വത്തിക്കാട് ഭാഗം	08	1.0
	കച്ചീരിക്കുറ്റി പത്രത്തൊടി-വലിയപറമ്പ്	08	1.0
	ചെമ്പാട്ടുപാറ-വലടിക്കൽ ഹരിജൻ കോളനി	08	0.6
	മലയിൽ പടി - പുളിക്കൽ ഹൈസ്ക്കൂൾ	08	0.7
9	ചെവിട്ടാണിക്കുന്ന് ആലങ്ങാട് പോത്തുംപെട്ടി	09	1
	മലക്കംപാറ-പോത്തുംപെട്ടി	09	.5
	ഏച്ചിലാക്കുഴി പൈക്കാടത്ത്		
	പോത്തുംപെട്ടി ആലങ്ങാട് കരിയാത്തംകോട്ട റോഡ്		1.5
	കീരൻകുഴി-പൊറ്റമ്മൽ	09	0.5
	പാണ്ടിയാലക്കണ്ടി-ആലങ്ങാട്	09	.5

വാർഡ്	നിർദ്ദേശിക്കുന്ന പേര്	കോഡ്	ദൂരം കി.മീ.
10	ചോലക്കരകുന്ന് കോളനി	10	.5
	അത്തിക്കോടം കുഴി	10	1
	കരിയാത്തക്കോട്ട	10	0.8
	പൈക്കാടത്ത് മൂല		
	അരൂർ പട്ടയിൽ റോഡ് ..	10	1
11	കണ്ണംചീരി റോഡ്	11	1
	മുണ്ടക്കോട്ട് റോഡ്	11	1
	തെക്കേചാലിൽ	11	.5
	തെങ്ങൈമൂച്ചി-പാലക്കൽകണ്ടി		
	വെട്ടുകാട്-ചെറുമിറ്റം		
12	മുടക്കേയിൽ പടി - വാളകണ്ടം		
	വാലഞ്ചേരി മങ്ങാട്ട്മുറി		
	കൊരണ്ടിപറമ്പ്-അച്ചാരപ്പുറായ് റോഡ്		

VII റെയിൽ, ജലഗതാഗതം

ഗതാഗത കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ റെയിൽവേ, ജലഗതാഗതം എന്നിവ ചർച്ച ചെയ്യപ്പെടേണ്ടതാണെങ്കിലും പുളിക്കൽ പഞ്ചായത്തിൽ ഇവ രണ്ടും ഇല്ലാത്തതിനാൽ അതു സംബന്ധമായ ചർച്ച അപ്രസക്തമാണ്.

VIII നടപ്പാലങ്ങൾ, ഫുട്പാത്തുകൾ

പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങൾ, ഫുട്പാത്തുകൾ എന്നിവ അനുബന്ധം C, D എന്നിവയിൽ കാണിച്ചിരിക്കുന്നു.

അനുബന്ധം C

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

വാർഡ്	കോഡ്	
1		സി.കെ. പടിപാലം
		ചൂലിപ്പുറംപാലം
		മുഴങ്ങല്ലൂർപാലം
		കടൂരൻ പടിപാലം
2		കണിയത്തെരു പാലം
		ചാലയിൽപാലം
		വിളക്കമടംപാലം



വാർഡ്	കോഡ്	
3		കളരണ്ടിക്കൽ പാലം
		കളരണ്ടി-ഐക്കരത്തൊടിപാലം
4	04	നുഞ്ഞല്ലൂർ മദ്രസ്സഭാഗം
4	04	നുഞ്ഞല്ലൂർ ഹംസപ്പീടികക്കടുത്ത്
4	04	നുഞ്ഞല്ലൂരിൽ ബാലവാടിയിലേക്കുള്ള വഴിയിൽ നുഞ്ഞല്ലൂർ പള്ളിയാളിഭാഗം
5	05	കലങ്ങോട്ടിൽ
5	05	ഭജനമഠം
5	05	ചോലയിൽപാടം
5	05	കീരൻകുഴി
5	05	മരുതാട്ടു ചേനെപുറം
6		കൊരണിയിൽ പാടത്ത്പാലം
7		ആലുങ്ങൽ സ്രാമ്പിയതോടിന് പാലം
8	08	ചെമ്പാട്ടപാറ മച്ചിങ്ങൽ ഭാഗം
8	08	വലിയപറമ്പ് കോളായിഭാഗത്ത് പത്രത്തൊടി ഭാഗം ചങ്കരത്ത്
8	08	പൗരബസാർ വലിയപറമ്പ് റോഡിൽ ഇല്ലിത്തൊടി ഭാഗം.
		ചെറാതൊടി കുന്നുമ്മൽ
9		ആലങ്ങാട്പാലം, നടുതൊടിപാലം, പൊടിയാട്ട് പാലം, മായക്കര
		പള്ളിയാളിപാലം, കമ്മടക്കം ചാലിൽപാലം പുളിയംവീട്ടിൽ കോളനി പാലം
10	10	തമ്പാറപറമ്പ് ഒലിക്കുംപുറം. ചക്കാലക്കണ്ടി ആനക്കുണ്ട് ചോലക്കരപ്പടി,
		കര്യതോട്ട, മഴുവഞ്ചീരി, മങ്ങലശ്ശീരി, പറമ്പുകുത്തി കൊളത്തൊടി
11		ചെറുതൊടി, പള്ളിയാളി, വലിയപാടം മുണ്ടക്കോട്ടിൽ, പരപ്പ്തോട്,
		കക്കുത്തുങ്ങൽ

അനുബന്ധം D

പുതുതായി നിർമ്മിക്കേണ്ട ഫുട്ട്പാത്തുകൾ

വാർഡ്	കോഡ്	നിർദ്ദേശിക്കുന്ന പേര്	എകദേശം ദൂരം (കി.മീ.)
		ആൽപ്പറമ്പ്-ആലുങ്ങൽ ചെനുക്കൽ	
		പള്ളിക്കൽ ജംഗ്ഷൻ അങ്ങാടിപ്പറമ്പ്	
2	02	കരിയംതൊടി ചോലയിൽ ഫുട്പാത്ത്	.5
2	02	കൊട്ടപ്പുറം ജുമാഅത്ത് പള്ളി വിളക്കുമാഠം	
2	02	കുന്നത്തു വെള്ളാരത്തൊടി	
2	02	ചോയക്കാട് പട്ടർതൊടുവഴി കുന്നത്ത്	1

വാർഡ്	കോഡ്	നിർദ്ദേശിക്കുന്ന പേര്	എകദേശം ദൂരം (കി.മീ.)
2	02	പട്ടേലത്ത് പാണ്ടിയാട്ടുപുറം	
2	02	വിളക്കുമഠം. മക്കക്കാട് എറിയാടു അരുപാണ്ടിയാട്ടുപുറം, ചോയക്കാട് ആറാം തൊടു, ചോയക്കാട് കൊട്ടപുറം എച്ച്.എസ്., കയ്ത്തിരി ഇടവഴി, മണ്ണറം കോട്ട ഇടവഴി, സ്റ്റേഡിയം മലയിൽ-പുതിയത്ത്	
3	03	വാങ്ങയിൽ-മഠത്തിൽ	1
4	04	മൂലയിൽ പുറായ് ഹരിജൻ കോളനി	.75
4	04	നെല്ലിക്കുന്ന് ഹരിജൻ കോളനി	.5
4	04	ആലക്കപ്പറമ്പ് കോമ്പറമ്പ് ഇടവഴി	1.5
4	04	മൂണപ്പുറത്തു കരണി ഇടവഴി	1
4	04	മാഠാരി ഇടവഴി	.5
4	04	ഓട്ടുപാറ ഇ.എം.ഇ.എ. ഹൈസ്ക്കൂൾ	.5
4	04	തച്ചർതൊടി പള്ളിയാളി കാരാടുപറമ്പ്, കുറ്റിത്തറ ചെമ്മലിപ്പറമ്പ്	1
4	04	ചോയക്കാട് ഇടവഴി	.5
4	04	വാരിയത്തുകുളം കറുത്തനംപുറത്തു ഫുട്ട്പാത്ത്	.3
4	04	അംഗനവാടി-മൂണപ്പുറത്തു അക്കരപുറായ്	.5
4	04	മലാട്ടിക്കൽ വാരിയൻതൊടി വഴി ഓട്ടുപാറ	.5
5	05	കോമ്പറമ്പ്-നെടിയാരം	.5
5	05	മുച്ചിക്കചാലി-കീരൻകുഴി	1
5	05	പുറ്റാണിക്കാട് കുട്ടശ്ശീരി	.5
5	05	തോരക്കാട് ചെറുമിറ്റം	.5
5	05	പൂളക്കത്തടം അടിച്ചിനിക്കാട്	1
5	05	ചാലിപാലപ്പറമ്പ് കൊട്ടപ്പുറം എച്ച്.എസ്.	.5
5	05	കണ്ണാടിപറമ്പ്-പള്ളിയാളി ആലക്കപറമ്പ്	.5
5	05	പാറക്കൽ വെണ്ണാരത്തൊടി	.4
5	05	പൂളക്കത്തടം ചോലക്കാട്	.5
5	05	കോമ്പറമ്പ് കരണി	.3
6	06	കൊടിമരം അക്കരമ്മൽ	.5
6	06	പത്രത്തൊടി വലിയപറമ്പ് ഇടവഴി	
6	06	പുല്ലൂർ പുറായ് കാഞ്ഞിരത്തടം	
6	06	ചൂരത്തിൽ പാലപ്പറമ്പ് ഉടുമ്പ കൊരണിച്ചോല	

വാർഡ്	കോഡ്	നിർദ്ദേശിക്കുന്ന പേര്	എകദേശം ദൂരം (കി.മീ.)
		പുളിക്കൽ അങ്ങാടിയിൽ നിന്ന് തുടങ്ങി പുളിക്കൽ എ.എം.എൽ.പി. സ്ക്കൂൾ വരെയുള്ള ഇടവഴി ആന്തിയൂർകുന്ന് ചിറക്കത്തൊടി ഇടവഴിമൂല ബസാർ ഹരിജൻ കോളനി പുളിക്കൽ ആന്തിയൂർകുന്ന് റോഡിൽ പി.വി.സി. പടി മുതൽ 1കി.മീ. ദൂരം തോടിന്റെ സൈഡ് കോൺക്രീറ്റ് ഭിത്തികെട്ടുക. അല്ലെങ്കിൽ കാൽനാട്ടുക.	
9	9	പാണ്ട്യലക്കണ്ടി-തോട്ടു കല്ലുങ്ങൽ പാണ്ട്യലക്കണ്ടി-ആലങ്ങാട്-വടക്കം പിലാക്കൽ. ചോലയിൽ മായക്കരതടം. മായക്കരമാക്കൽ. പുളിയംവീട് ഹരിജൻ കോളനി	
10	10	പൂളക്കോട്	
10	10	ഒലിക്കംപുറം	
10	10	മഴുവൻചേരി	
10	10	കണാറിൽ	
11		തോണിക്കല്ല് പാറ, വെട്ടുകാട്, കാളിയൻതൊടി തോണിക്കല്ല്, കുളമ്പിൽമൂല, മംഗലശ്ശേരി-ഉരുണ്ടടി, മുണ്ട	
12	12	നെല്ലിത്തടം-പനച്ചിപള്ളിക്കോട്ടിൽ ഹരിജൻ കോളനി കക്കുത്തിങ്ങൽ കാടുവെട്ടി ഭാഗത്തേക്ക്	
12	12	പുതിയേടത്തുപറമ്പ് മുണ്ടോളി	.5
12	12	പനച്ചി പള്ളിയാളി എ.എം.എൽ.പി.എസ്. ഒളവട്ടൂർ	.4
12	12	പനച്ചിപള്ളിയാളി തിരുത്തികുത്ത്	.5
12	12	പുതിയേടത്തു പറമ്പ് കാടുവെട്ടി	.6
12	12	പുതിയേടത്തു ചോലക്കര	.4

ബസ് വെയിറ്റിംഗ് ഷെഡ്ഡ് ആവശ്യമുള്ള സ്ഥലം

ആൽപ്പറമ്പ്, കൊടികുത്തിപ്പറമ്പ്, തലേക്കര, ആലക്കപ്പറമ്പ്, ഉണ്യത്തിപ്പറമ്പ്, മലാട്ടിക്കൽ, ട്രാൻസ്ഫോർമർ പടി, ചെറുമുറ്റം, തോണിക്കല്ല്പാറ, മങ്ങാട്ടുമുറി (യത്തീംഖാന), വെളുത്തപറമ്പ്, കള്ളിവളപ്പിൽ, പുതിയേടത്ത് പറമ്പ്, പോത്തുംപെട്ടിക്കൽ, അരൂർ, വള്ളിക്കാട്, ചെവിട്ടാണിക്കുന്ന്, മായക്കര.

ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാനഘടകമായ വൈദ്യുതി പുളിക്കൽ പഞ്ചായത്തിലെ പാലക്കാട് - കോഴിക്കോട് ട്രങ്ക് റോഡിലെ അപൂർവ്വം ചില വീടുകളിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. 1980ൽ ഒരു സായംസന്ധ്യയിൽ വലിയപറമ്പ് കൊട്ടപ്പുറം പ്രദേശത്തെ ചില വീടുകളിൽ ബൾബുകൾ പ്രകാശിക്കാൻ തുടങ്ങിയതോടെയാണ് ഈ പഞ്ചായത്തിൽ ഗ്രാമീണ മേഖലയിൽ വൈദ്യുതി ലഭിച്ചു തുടങ്ങിയത്. ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ട് കാലം ഏറെയായെങ്കിലും ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല എന്നു മാത്രമല്ല 9, 10, 12 വാർഡുകളിൽ വൈദ്യുതി തീരെ എത്തിയിട്ടില്ല എന്നുള്ളത് ഒരു പരിഷ്കൃത സമൂഹത്തിൽ അത്യന്തം ദുഃഖകരമായ കാര്യമാണ്. കൊണ്ടോട്ടി എലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിലാണ് ഈ പ്രദേശത്തെ വൈദ്യുത കണക്ഷനുകൾ.

കോഴിക്കോട് ജില്ലയിലെ 220 KV നല്ലളം സബ് സ്റ്റേഷനിൽനിന്നും മലപ്പുറം ജില്ലയിലെ കിഴിശ്ശേരി 110KV സബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വൈദ്യുതിചാർജ്ജ് അടയ്ക്കാൻ 10, 15 കി.മീറ്റർ അകലെയുള്ള കൊണ്ടോട്ടിയിൽ പോവണമെന്നുള്ള വസ്തുത കണക്കിലെടുത്ത് വൈദ്യുതി ബില്ലടക്കാൻ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ കൗണ്ടറുകൾ തുറക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. മുവ്വായിരത്തോളം ഉപഭോക്താക്കൾ ഉള്ളതിൽ 90% ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 3%വും വ്യവസായ ഉപഭോക്താക്കൾ 1%വും വ്യാപാരഉപഭോക്താക്കൾ 6%വുമാണെന്ന് KSEB കണക്കുകൾ വ്യക്തമാക്കുന്നു.

അധികൃതരുടെ കണക്കനുസരിച്ച് പഞ്ചായത്തിൽ 18 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. ഇതിൽ അഞ്ചെണ്ണം വ്യാവസായിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ള ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നവയായതിനാലാണ് വോൾട്ടേജ് ക്ഷാമം ഉണ്ടാവുന്നതെന്ന് അധികൃതർ പറയുന്നു.

വോൾട്ടേജ് ക്ഷാമത്തെക്കുറിച്ചുള്ള പരാതികളാണ് എല്ലാ ഗ്രാമസഭകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വൈകുന്നേരമായാൽ "മിന്നാമിനുങ്ങിന്റെ" വെളിച്ചംപോലും വീടുകളിൽ ലഭിക്കുന്നില്ല എന്ന വസ്തുത ഈ ആക്ഷേപങ്ങൾ ശരിയാണെന്ന് ബോധ്യപ്പെടുത്തുന്നു.

പഞ്ചായത്തു പ്രദേശത്തെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയായി കൊടുക്കുന്നു.

പട്ടിക.1

നമ്പർ	കപ്പാസിറ്റി	പേര്
1	100KVA	ആൽപ്പറമ്പ്
2	100KVA	കൊടിക്കുത്തിപറമ്പ്
3	100KVA	ചിരട്ടഫാക്ടറി
4	160KVA	ചുക്കുപാറ
5	160KVA	കൊട്ടപ്പുറം
6	100KVA	കൊട്ടപ്പുറം ജാക്സൺ (ഫാക്ടറി)
7	100KVA	തുലേക്കര
8	100KVA	കളരണ്ടി
9	160KVA	വലിയപറമ്പ്
10	63KVA	ചെറുമിറ്റം
11	100KVA	ചെന്നീരി ഹാർബർ ക്വാറി
12	100KVA	ഉണ്യത്തിപറമ്പ്
13	100KVA	പുളിക്കൽ II
14	160KVA	ആന്തിയൂർ കുന്ന്
15	200KVA	ബീറ്റാ ഗ്രാനൈറ്റ് ഫാക്ടറി ആന്തിയൂർകുന്ന്
16	100KVA	ഫിറോസ് ഗ്രാനൈറ്റ്സ്
17	100KVA	ഉരുണ്ടടി
18	100KVA	മങ്ങാട്ടുമുറി

പ്രശ്നങ്ങൾ

1. പുളിക്കൽ പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ വൈദ്യുതി എത്തിയിട്ടില്ല. തീരെ വൈദ്യുതി എത്താത്ത മൂന്ന് വാർഡുകൾ ഉണ്ട്.
2. വോൾട്ടേജ് ക്ഷാമം തന്നെയാണ് വൈദ്യുതി രംഗത്തെ ഏറ്റവും വലിയ പ്രശ്നം
3. ഈ പഞ്ചായത്തിലെ 20 ഹരിജൻ കോളനികളിൽ 5 എണ്ണത്തിൽ മാത്രമെ വൈദ്യുതി എത്തിയിട്ടുള്ളു.

4. പഞ്ചായത്തിലെ 12 വാർഡുകളിൽ 3 വാർഡുകളിൽ മാത്രമെ നാമമാത്രമായ രീതിയിലെങ്കിലും സ്ട്രീറ്റ്ലൈറ്റ് ഉള്ളത്.
5. അയഞ്ഞുകിടക്കുന്ന വൈദ്യുതികമ്പികൾ പല സ്ഥലങ്ങളിലും കുട്ടികൾക്കുപോലും തൊടാൻ സാധിക്കുന്ന ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.
6. ലൈനിൽ തട്ടിനിൽക്കുന്ന മരങ്ങൾ പ്രസരണ നഷ്ടം വരുത്തിത്തീർക്കുന്നു. അതിനും പുറമെ അടിക്കടി വൈദ്യുതിതടസ്സം ഉണ്ടാവുകയും ചെയ്യുന്നു.
7. സമ്പന്നകുടുംബങ്ങൾ സ്റ്റെപ്പ് അപ്പ് ഉപയോഗിച്ച് രാത്രികാലങ്ങളിൽ വൈദ്യുതി കണക്കിലേറെ ഉപയോഗിക്കുന്നതിനാൽ ചുറ്റുപാടുമുള്ള കുടുംബങ്ങൾക്ക് കടുത്ത വോൾട്ടേജ് ക്ഷാമം നേരിടുന്നു.
8. ഇപ്പോൾ നിലവിലുള്ള OYEC സമ്പ്രദായം പണക്കാരെ മാത്രം സഹായിക്കുമ്പോൾ ഇത് സാധാരണക്കാർക്ക് തടസ്സമായി നിൽക്കുകയും ചെയ്യുന്നു.
9. റോഡരുകിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകൾ അപകടം ക്ഷണിച്ചുവരുത്തുന്നു.
10. വൈദ്യുതബോർഡിൽ കണക്ഷനുവേണ്ടി അപേക്ഷ നൽകിയാൽ പല സാങ്കേതിക തടസ്സവാദങ്ങളും ഉന്നയിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു എന്ന ആക്ഷേപം പല ഗ്രാമസഭകളിൽനിന്നും ശക്തിയായി ഉയർന്നു വന്നിട്ടുണ്ട്. ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യ പ്രതിബദ്ധത മറന്നവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥ കാണിക്കുന്നവരുമാണെന്ന ആക്ഷേപം മിക്ക ഗ്രാമസഭകളിലും ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

സാധ്യതകൾ

1. പുളിക്കൽ കേന്ദ്രമാക്കി പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കൾക്കും ബന്ധപ്പെടത്തക്ക വിധത്തിൽ ഒരു സെക്ഷൻ ഓഫീസ് അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.
2. പഞ്ചായത്തിൽ മുഴുവൻ വൈദ്യുതി എത്തിക്കാൻ 40.5കി.മീ 11KV ലൈനുകളും 59കി.മീ ത്രീ ഫേസ് ലൈനുകളും 70 കി.മീ. സിംഗിൾഫേസ് ലൈനുകളും വലിക്കേണ്ടതാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നു. ഇത്രയും ഭീമമായ ആവശ്യം നേരിടാൻ ഫണ്ടിന്റെ അപര്യാപ്തത കാരണമാവുകയാണെങ്കിൽ അതിനുവേണ്ട മാനുഷിക വിഭവശേഷിയും വിഭവസമാഹരണവും നടത്താൻ തയ്യാറാണെന്ന് ഗ്രമസഭകളിൽ അവർ ഉറപ്പുനൽകിയിട്ടുണ്ട്.
3. നിലവിലുള്ള OYEC സമ്പ്രദായം എടുത്തുമാറ്റി ജനകീയ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും.
4. ഇലക്ട്രിക് പോസ്റ്റുകൾ നിർമ്മിക്കാനുള്ള കരാറുകൾ പഞ്ചായത്തുകളിലെ ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കുകയാണെങ്കിൽ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്താനും പോസ്റ്റുകളുടെ ഗുണനിലവാരം ഉയർത്താനും ഈ രംഗത്ത് നടക്കുന്ന അഴിമതികൾ ഒരു പരിധിവരെയെങ്കിലും കുറയ്ക്കാനും സാധിക്കുമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
5. ബോർഡ് ജീവനക്കാർ സാമൂഹ്യ പ്രതിബദ്ധത ഉള്ളവരും ജോലിയിൽ ശുഷ്ക്കാന്തി കാണിക്കുന്നവരുമായാൽ വൈദ്യുതരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.
6. ഈ പഞ്ചായത്തിൽ വളരെയധികം ഉയർന്ന പ്രദേശങ്ങൾ ഉള്ളതുകൊണ്ട് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഇവിടെ ഉണ്ട്.
7. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

   പഞ്ചായത്തിൽ മിക്കവാറും എല്ലാ വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകൾ, മണ്ണെണ്ണ, L.P.G. എന്നിവ ഉപയോഗിച്ച് ഭക്ഷണം പാചകം ചെയ്യുന്നവർ വളരെ ചുരുക്കമാണ്. അനർട്ട്, ശാസ്ത്രസാഹിത്യ പരിഷത്ത് മുതലായവയുടെ കീഴിൽ പുകയില്ലാത്ത അടുപ്പുകളും മണ്ണെണ്ണ സ്റ്റൗവുകളും സബ്സിഡി നിരക്കിൽ ലഭിക്കാൻ സാധ്യതയുള്ളതുകൊണ്ട് ഇവയെ സംബന്ധിച്ച് സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും അവരുടെ ആരോഗ്യത്തെ കാർന്ന്തിന്നുന്ന പുക അടുപ്പിൽനിന്ന് അവർക്ക് മോചനം നൽകാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.
8. 110KV ലൈൻ ഈ ഭാഗത്തുകൂടി കടന്നു പോകുന്നതിനാൽ അരൂരിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം.

   പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികളുടെയും പുതിയ ലൈൻ വലിക്കേണ്ട

സ്ഥലങ്ങൾ, ദൂരം, ലൈനിന്റെ സ്വഭാവം, ട്രാൻ ഫോർമറുകളുടെ എണ്ണം, പ്രതീക്ഷിക്കുന്ന ചില വ്, ജനവിഹിതം എന്നിവ സംബന്ധിക്കുന്ന വിവ രങ്ങൾ പട്ടിക 2, 3 ഇവയിൽ കൊടുത്തിരിക്കുന്നു.

9. ചില സ്ഥലങ്ങളിൽ നിലവിലുള്ള സ്പോട്ട് ബി ല്ലിംങ് സമ്പ്രദായം നിലനിർത്തുക.

പട്ടിക.2

വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ

വാർഡ്	ഹരിജൻ കോളനിയുടെ പേര്
1	മംഗലശ്ശേരി ഹരിജൻ കോളനി
1	കാരാട്ടുപുറായ് ഹരിജൻ കോളനി
4	മൂലയിൽ പുറായ്
4	നെല്ലിക്കുന്ന് (നൂഞ്ഞല്ലൂർ)
5	കോമ്പറമ്പ്
5	മാക്കൽ കീരൻകുഴി
7	മൂന്നിയൂർ കുന്ന്
7	മക്കക്കാട്
8	വലടിക്കൽ
10	പൈക്കാടത്തു മൂല
10	കരിയാത്തൻ കോട്ട
10	അത്തിക്കോടൻ കുഴി
10	തമ്പാറ
10	ചോലക്കുന്നകുന്ന്
10	ചെറുതൊടിപുറായ്

സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമുള്ള സ്ഥലം

	എണ്ണം
കൊടുകുത്തിപറമ്പ്- ആൽപറമ്പ് റോഡ്	12
കൊട്ടപ്പുറം ഹൈസ്കൂൾ, ഉപ്പിണിറോഡ്	12
കൊട്ടപ്പുറംഹൈസ്കൂൾ മാത്തിൽപടിറോഡ്	19
തലേക്കര കളരണ്ടിക്കൽ റോഡ്	8
കൊട്ടപ്പുറം ആൽപ്പറമ്പ്	10
വെട്ടുകാട് മുണ്ടുമുഴി റോഡ്	14
ചെറുമുറ്റം മങ്ങാട്ടുമുറി റോഡ്	8
കൊട്ടപ്പുറം ഹൈസ്കൂൾ റോഡ് പുളിക്കൽ വെട്ടുകാട് റോഡിലെ ആന്തിയൂർകുന്ന് ഭാഗത്ത് വലിയപറമ്പിൽ അടിവാരം റോഡ് മുതൽ വലിയപറമ്പ് ഈസ്റ്റ് എ.എം.എൽ.പി.സ്കൂൾ വരെയും മൊല്ലപടി മുതൽ ചെറുമുട്ടം വരെയും ആലുങ്ങൽ ഉണ്യത്തിപറമ്പ് കൊടികുത്തിപറമ്പ്- മക്കക്കാട് ഹരിജൻകോളനി റോഡ്	

പട്ടിക.3

വാർഡ്, പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ദൂരം, ലൈനിന്റെ സ്വഭാവം, ലൈനുകൾ, ട്രാൻഫോമറുകൾ, പ്രതീക്ഷിക്കാവുന്ന ചിലവ്, ജനവിഹിതം.

വാർഡ്	പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം K.M	ലൈനിന്റെ സ്വഭാവം Phase	ലൈനുകൾ ട്രാൻസ്ഫോർമറുകൾ	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
						രൂപ	സംഖ്യ
1	കൊട്ടപ്പുറം പാണ്ടിയാട്ടുപുറം	1.5	1ϕ	1	2,58,000	400	20,000
2	ചോലയിൽ പ്രദേശം	1	1ϕ	1	1,80,000	200	11,000

വാർഡ്	പുതിയ ലൈനുകൾ വലി ക്കേണ്ട സ്ഥലങ്ങൾ	ദൂരം K.M	ലൈനിന്റെ സ്വഭാവം Phase	ലൈനുകൾ ട്രാൻസ്ഫോർമറുകൾ	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
						രൂപ	സംഖ്യ
4	വാരിയം തൊടി ഭാഗം	0.8	1ϕ	1	1,20,000	150	4,000
	മേച്ചേരി ഭാഗം	0.8	1ϕ	–	1,00,000	100	12000
	മാടാരി ചെമ്പക്കുഴി	0.75	1ϕ	–	75,000	75	10,000
	പെരുപ്പറമ്പ്	0.5	1ϕ	–	40,000	60	6,000
	മൂലയിൽ പുറായ് ഹരിജൻകോളനി	1.0	1ϕ	1	1,25000	200	7000
	അക്കരപുറായ് കുന്നത്ത്	0.8	1ϕ	–	40,000	65	7,000
5	മാക്കൽ കീരംകുഴി ഹരിജൻകോളനി	1	1ϕ	1	1,00000	100	3500
	പറക്കുത്ത്	.4	1ϕ	–	60,000	100	5,000
	വേരലക്കാട് ഭാഗം	.5	1ϕ	–	40,000	50	8,000
	മണക്കാട്ടുകുഴി	0.3	1ϕ	–	30,000	40	3,500
	കരണി ഉപ്പിണിക്കുഴി	0.6	1ϕ	–	50,000	100	10,000
	ചോലക്കാട്	.2	1ϕ	–	15,000	45	2,500
	തോരക്കാട്	.2	1ϕ	–	15,000	45	2,500
	കോമ്പറമ്പ് ഹരിജൻകോളനി	1.5	1ϕ	1	2,75,750	100	10,000
6	ലക്ഷംവീട് കോളനി	0.5	1ϕ	–	40,000	82	60,000
	ചാളക്കണ്ടി	0.75	1ϕ	–	55,000	40	5,500
	പാലപ്പറമ്പ് P.H.C.	0.2	1ϕ	1	1,00,000	50	5,000
7	മൂന്നിയൂർകുന്ന് ഹരിജൻകോളനി	0.3	1ϕ	–	30,000	40	3,500
	പൂവ്വത്തിക്കോട്ട പുല്ലൂർപുറായ്	0.4	1ϕ	–	45,000	50	6,000
	ചോലങ്ങോട്ട് പ്രദേശം	0.3	1ϕ	–	30,000	40	4,000
	മക്കക്കാട് കോളനി	0.75	1ϕ	1	80,000	75	2,500
8	വലടിക്കൽ ഹരിജൻകോളനി	0.25	1ϕ	–	30,000	50	10,000
	കീരിക്കുന്ന് ഹരിജൻകോളനി	0.3	1ϕ	–	40,000	60	12,000
	പുതിയപറമ്പത്ത് പുറായ്	0.3	1ϕ	–	40,000	60	12,000
	പാണപ്പുറത്ത് പുറായ്	0.25	1ϕ	–	30,000	55	8,000
	പനേക്കണി ഭാഗം	0.3	1ϕ	–	40,000	60	7,000
	താഴെ ദേവർ തൊടി മണ്ണാറക്കൽ	0.25	1ϕ	–	30,000	50	5,000
	കുടുക്കിൽ എട്ടരക്കണ്ടി	0.5	1ϕ	1	80,000	150	15,000
9	വാർഡിൽ മൊത്തം വൈദ്യുതീകരണം	12	1ϕ, 3ϕ	2	18ലക്ഷം	1000	25,000
10	വാർഡിൽ മൊത്തം വൈദ്യുതീകരണം	15	1ϕ, 3ϕ	3	20ലക്ഷം	15,000	30,000
12	വാർഡിൽ മൊത്തം വൈദ്യുതീകരണം	9	1ϕ, 3ϕ	2	15ലക്ഷം	1000	25,000

മാർക്കറ്റ്

മലമ്പ്രദേശങ്ങളും വിശാലമായ കൃഷിസ്ഥലങ്ങളും വയലേലകളും സുലഭമായ ഈ പഞ്ചായത്തിലെ പ്രധാന കാർഷികോൽപ്പന്നങ്ങൾ നെല്ല്, നാളികേരം, നേന്ത്രക്കായ, അടയ്ക്ക, കുരുമുളക്, കശുവണ്ടി, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയാണ്. ഇതിൽ പ്രധാന ഉൽപ്പന്നമായ നാളികേരത്തിന് ഒരു പൊതുവിപണിയോ സഹകരണവിപണിയോ വിശ്വസനീയമായ സ്വകാര്യ വിപണിയോ ഇല്ല എന്ന വസ്തുത വളരെയധികം പരിതാപകരമാണ്. ഈ പഞ്ചായത്തിൽ ആഴ്ചചന്തകളോ പൊതുമാർക്കറ്റോ ഇല്ല. ഇതു സംബന്ധമായി ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽനിന്നും താഴെ പറയുന്ന ആവശ്യങ്ങൾ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

ഒരു സംഘമുണ്ടാക്കി പ്രവർത്തിപ്പിക്കുകയാണെങ്കിൽ കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനും ഒരു പരിധി വരെ തൊഴിലില്ലായ്മാപ്രശ്നം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. നമ്മുടെ നാട്ടിൽ ഈയിടെയായി വിപുലമായ തോതിൽ വെറ്റിലകൃഷിയും നടത്തിവരുന്നുണ്ട്. ഇവരിൽ പലരും ബാങ്കിൽനിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ലോൺ എടുത്താണ് കൃഷിചെയ്യുന്നത്. വെറ്റിലകൃഷിക്ക് വിപുലമായ വിപണി കണ്ടെത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും ഗ്രാമസഭകളിൽനിന്നും ഉയർന്ന നിർദ്ദേശം ബന്ധപ്പെട്ടവരെ അറിയിച്ചുകൊള്ളുന്നു.

അനുബന്ധ നിർദ്ദേശം

ഇപ്പോൾ നിലവിലുള്ള പുളിക്കൽ പഞ്ചായത്ത്

ആഴ്ചചന്ത, മത്സ്യമാർക്കറ്റ്, കാർഷികോല്പ്പന്ന വിപണനകേന്ദ്രം എന്നിവ ആവശ്യമായ സ്ഥലങ്ങൾ

വാർഡ്	ആഴ്ചചന്ത	മത്സ്യമാർക്കറ്റ്	കാർഷികോൽപ്പന്ന വിപണന കേന്ദ്രം
1	-	ആൽപ്പറമ്പ്	-
2,3	-	കൊട്ടപ്പുറത്ത് നിലവിലുള്ള മാർക്കറ്റ് വിപുലപ്പെടുത്തുക.	-
4,5	-	ആലക്കപ്പറമ്പ്	-
6	-	ഉണ്യത്തിപറമ്പ്	-
7,8	പുളിക്കൽ അങ്ങാടി	പുളിക്കൽ അങ്ങാടി	പുളിക്കൽ അങ്ങാടി
9	-	ചെവിട്ടാണിക്കുന്ന്, പൊത്തുംവെട്ടിക്കൽ	മായക്കര
10,11,12	പുതിയേടത്ത് പറമ്പ്	പുതിയേടത്ത് പറമ്പ്	പുതിയേടത്ത് പറമ്പ്


പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നം നാളികേരമാണ്. അതു കൊണ്ട് നാളികേരമുപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണാടിസ്ഥാനത്തിൽ C.B.N.P അയൽക്കൂട്ടങ്ങളെയും സാക്ഷരതാപ്രവർത്തകരേയും കോർത്തിണക്കി

ഒളവട്ടൂർ അംശവും ആന്തിയൂർകുന്ന് അംശവും ചേർന്നതാണ്. പഞ്ചായത്തിലെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 9, 10, 11, 12 വാർഡുകൾ പഞ്ചായത്ത് ആസ്ഥാനത്തു നിന്നും 10 കി.മീറ്ററോളം അകലെയാണ് സ്ഥിതിചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ സവിശേഷതകളാൽ ഒളവട്ടൂർ ഭാഗങ്ങ


ളിൽനിന്നും ജനങ്ങൾക്ക് പുളിക്കലിൽ സ്ഥിതി ചെയ്യു ന്ന വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കൃഷി ഭവൻ, സഹകരണ ബാങ്ക്, എന്നിവയുമായി ബന്ധ പ്പെടാൻ വളരെധികം പ്രയാസങ്ങളനുഭവിക്കേണ്ടിവ രുന്നു.

പുളിക്കൽ പഞ്ചായത്ത് നിലവിൽ വരുന്നതിന് മുമ്പ് ഈ പ്രദേശങ്ങളുടെ റവന്യു ഭരണം നടത്തിയി രുന്നത് ഒളവട്ടൂർ അംശത്തിൽ ഒരധികാരിയുടേയും ആന്തിയൂർകുന്ന് അംശത്തിൽ മറ്റൊരു അധികാരിയു ടെയും കീഴിലായിരുന്നു. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണമായ 6953.81 ഏക്കറിൽ പകുതിയിലധികം വരുന്ന 3640.93 ഏക്കർ വിസ്തീർണ്ണവും ഒളവട്ടൂർ അംശത്തിലാണ്.

അതിനാൽ ഒളവട്ടൂർ നാല് വാർഡുകളിലെ ജന ങ്ങളുടെ ഇപ്പോഴത്തെ പ്രയാസങ്ങൾ അകറ്റുവാനും ഈ പ്രദേശങ്ങളുടെ സത്വരവികസനത്തിന് ഒളവട്ടൂ രിൽ ഒരു വില്ലേജ് ഓഫീസും പഞ്ചായത്ത് വിഭജിച്ച് ഒളവട്ടൂർ ആസ്ഥാനമായി ഒരു പഞ്ചായത്തും കൃഷി ഭവൻ, സഹകരണ ബാങ്ക്, ആശുപത്രി തുടങ്ങിയവയും സ്ഥാപിക്കാൻ ആവശ്യമായ മേൽ നടപടികൾ സ്വീക രിക്കാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.



5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും



സാമൂഹ്യമായും സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന പുളിക്കൽ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ഒരു പരിധിവരെ പാർപ്പിടമെന്ന യാഥാർത്ഥ്യം കാത്ത്കഴിയുന്നവരാണ് അധികവും. സാമ്പത്തിക ബുദ്ധിമുട്ടും സ്ഥലപരിമിതിയും ചിലവ് കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മയും ബന്ധപ്പെട്ടവരിൽ നിന്നുള്ള നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കുന്നതിലുള്ള കാലതാമസവും പലപ്പോഴും വീട്നിർമ്മാണത്തെയും വീട് അറ്റകുറ്റപ്പണികളെയും സാരമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗംജനതയും കൂലിപ്പണിയിൽ മുഴുകുന്നവരായത്കൊണ്ട് കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ കൂടുതലായുള്ളത്. ഇവരിലധികവും കൃഷിപ്പണിക്കാരാണ്.

പഞ്ചായത്തിൽ 6448 ഓളം വീടുകളുണ്ട്. ഇതിൽ 672 വീടുകൾ ഭേദപ്പെട്ടതും 4317 വീടുകൾ ഇടത്തരവും ബാക്കി 1459 വീടുകൾ ഓലമേഞ്ഞവയും കുടിലുകളുമാണ്. ഇതിലുപരി പഞ്ചായത്തിലെ 12 വാർഡുകളിലായി സ്വന്തമായി വീടില്ലാത്തവർ ഏകദേശം 2000-ത്തോളംവരും.

വീടുകളുടെ വാർഡ് തലത്തിലുള്ള പട്ടിക- 1.

വാർഡ്	ഓട്	ടെറസ്സ്	ടെറസ്സ്/ഓട്	ഓല	ഇരുനില	കുടിൽ
1	390	40	40	25	55	60
2	380	45	25	15	35	55
3	395	60	30	120	20	260
4	295	50	35	40	35	60
5	346	75	25	40	30	125
6	280	50	25	40	40	60
7	260	75	101	30	100	32
8	380	75	40	35	55	30
9	299	27	25	46	25	46
10	295	100	40	200	25	150
11	305	25	35	30	26	25
12	400	50	32	35	27	30

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പട്ടികജാതിക്കാരും മറ്റു പിന്നോക്ക വിഭാഗത്തിൽ പെട്ടവരും, സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടു നിർമ്മിക്കാൻ പറ്റാത്തവരും, സ്വന്തമായി വീടു നിർമ്മിക്കാൻ സ്ഥലമില്ലാത്തവരും, ഉള്ള വീടുകൾ അറ്റകുറ്റപ്പണികൾ നടത്താൻ ശേഷിയില്ലാത്തവരായും വളരെയധികം പേരുണ്ട്.

പഞ്ചായത്തിൽ കൂലിപ്പണിയെടുത്ത് ജീവിക്കുന്നവരാണ് കൂടുതലെങ്കിലും, ചില വാർഡുകളിൽ ഗൾഫ് പണത്തിന്റെ സ്വാധീനം ഉണ്ടെങ്കിലും ഭവനനിർമ്മാണരംഗത്ത് വേണ്ടത്രരീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല് മുതലായവ പഞ്ചായത്തിലെ 1, 5, 6, 8, 9, 10, തുടങ്ങിയ വാർഡുകളിൽ നിന്ന് കയറ്റി അയക്കുന്നുണ്ട്.

പാർപ്പിട നിർമ്മാണത്തിനാവശ്യമായ മരം, സിമൻറ്, ഓട്, കമ്പി തുടങ്ങിയ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചു വരുന്നത് സാധാരണക്കാരന്റെ വീടു നിർമ്മാണത്തിന് തടസ്സമാവുന്ന പ്രധാന ഘടകമാണ്.

നിർമ്മാണ തൊഴിലാളികളുടെ ദിവസക്കൂലി ദിവസേനയെന്നോണം വർദ്ധിച്ചു വരുന്നത് പാർപ്പിടനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു.

നിർമ്മാണ തൊഴിലാളികളുടെ ദിവസക്കൂലി വർദ്ധനപ്പട്ടിക അടുത്തപേജിൽ

പട്ടിക.2
പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിർമ്മിക്കേണ്ട ഭവനങ്ങളുടെ വിവരം

വാർഡ്	നിർമ്മിക്കേണ്ട വീടുകൾ	നിർമ്മാണത്തിന് ശേഷിയില്ലാത്തവർ	അറ്റകുറ്റപ്പണികൾ നടത്തേണ്ടവ	ആകെ
1	150	75	100	325
2	100	150	150	400
3	250	200	156	606
4	100	65	125	290
5	250	200	200	650
6	100	60	75	235
7	100	100	150	300
8	100	75	200	375
9	117	96	182	395
10	100	50	150	300
11	100	75	150	325
12	100	100	150	350
ആകെ	1567	1246	1738	

പട്ടിക 3.
നിർമ്മാണ തൊഴിലാളികളുടെ ദിവസക്കൂലി വർദ്ധന

വർഷം	വേതനം		
	ആശാരി	കൽപണിക്കാരൻ	കുമ്മായ പണിക്കാരൻ
1990-91	90	90	90
1991-92	100	100	100
1992-93	110-115	110-115	110-115
1993-94	115-120	115-120	115-120
1994-95	120-125	120-125	120-125
1995-96	125-130	125-130	125-130

പുളിക്കൽ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പൊതുവെ ആർഭാടകരമായ രീതിയിൽ വീടുണ്ടാക്കുന്ന പ്രവണത കൂടി വരുന്നുണ്ട്. ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണശൈലിക്ക് പഞ്ചായത്തിൽ പ്രചാരം ലഭിച്ചിട്ടില്ല.

വീട് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളും വിദഗ്ധരായ തൊഴിലാളികളുടെ അഭാവവും വീട് നിർമ്മാണത്തെ ബാധിക്കുന്നുണ്ട്. ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ പഞ്ചായത്തിലില്ല.

വയൽ നികത്തി വീടുണ്ടാക്കുന്ന പ്രവണത പൊതുവെ പഞ്ചായത്തിലെ ചില വാർഡുകളിൽ കണ്ടു വരുന്നുണ്ട്. കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരത്തിലുള്ള പ്രവർത്തനത്തിൽ കർഷക തൊഴിലാളികൾ വ്യാകുലരാണ്.

ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങൾ പുളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. IRDP, JRY തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളെക്കുച്ച് പൊതുവെ അറിവില്ലാത്തവരാണ്.

വിവിധ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ പാർപ്പിട നിർമ്മാണത്തിന് അപര്യാപ്തമാണ്. അത് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. വീടുകൾ നിർമ്മിക്കുന്നതിന് ബ്ളോക്ക് വഴിയും മറ്റും ലഭിക്കുന്ന പദ്ധതികളുടെ വായ്പാപരിധിയും സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടണം.

പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പുളിക്കൽ പഞ്ചായത്തിൽ ലഭിക്കുന്നില്ല.

പഞ്ചായത്തിലെ ചില വാർഡുകളിൽ കുടിലുകൾക്ക് നമ്പറിടാത്ത പരാതികൾക്ക് പരിഹാരം കാണുന്നതിന് കേരള ബിൽഡിംഗ് റൂളിൽ(KBR) ഭേദഗതി വരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ പൊതുവെ സ്ഥലത്തിന്റെ അമിതമായ വില കാരണം കുടിൽ പോലും നിർമ്മിക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

അന്യസംസ്ഥാനങ്ങളിൽ നിന്നും (പ്രത്യേകിച്ച് തമിഴ് നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്ന്) കൂലി വേലക്ക് പുളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ധാരാളം പേരുണ്ട്. അവർക്ക് സ്വന്തമായി വീടില്ലാത്തവരാണ്.

ഭവന നിർമ്മാണം കാര്യക്ഷമമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ:

- പുളിക്കൽ പഞ്ചായത്ത് ആസ്ഥാനമായി ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.
- ഭൂമിയില്ലാത്തവർക്ക് സർക്കാർ വക ഭൂമിയോ ധന സഹായമോ ലഭ്യമാക്കുക.
- ചിലവ് കുറഞ്ഞ വീട് നിർമ്മിക്കാൻ പരിശീലനം നൽകാൻ വാർഡിൽ നിന്നും യുവാക്കളെ തെരഞ്ഞെടുക്കുകയും അവർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകുകയും ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

- ഭവനനിർമ്മാണപ്രവർത്തനങ്ങളിൽ നിർമ്മിതി കേന്ദ്രയുടെ പ്രവർത്തനങ്ങളിലൂടെ ആവശ്യമായ പരിശീലനംനൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- സർക്കാർ ഭവനപദ്ധതികൾ കൂടുതൽ കാര്യക്ഷമവും പ്രയാസരഹിതവുമാക്കുക. സർക്കാർ പദ്ധതികളുടെ നടത്തിപ്പിലുള്ള കാലതാമസവും നിയമ നടപടികളും ലഘൂകരിക്കുക.
- ഭവനപദ്ധതിപ്രകാരമുള്ള വിവിധ വായ്പകളുടെ പലിശ നിരക്ക് 8 ശതമാനമാക്കി സ്ഥിരപ്പെടുത്തണം.
- ഭവന നിർമ്മാണ സാമഗ്രികൾ മിതമായ വിലയിൽ ലഭ്യമാക്കുന്നതിന് സർക്കാർ ഏജൻസികൾ മുഖേന വിതരണം നടത്തുക.
- ഭവനനിർമ്മാണത്തിന് സർക്കാർ തലത്തിലുള്ള വിവിധ പദ്ധതികൾ മുഖേനയുള്ള സാമ്പത്തിക സഹായത്തിന്റെ തോത് വർദ്ധിപ്പിക്കണം.
- ബാങ്കുകളുടെ നിസ്സഹരണം മൂലം ധനസഹായം ലഭ്യമാവുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമിയും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ചിലവ് കുറഞ്ഞ ഭവന നിർമ്മാണത്തിന് പുളിക്കൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും സന്നദ്ധ സംഘടനകളിലെയുവാക്കൾക്ക് പരിശീലനം നൽകുകയും പരമാവധി മനുഷ്യാധ്വാനം നിർമ്മാണത്തിനായ് വിനിയോഗിക്കാനും ശ്രമിക്കേണ്ടതുണ്ട്. നിർമ്മാണ രംഗത്ത് കണ്ട് വരുന്ന ആഡംബര പ്രവണത തടയാനും ചിലവ് കുറഞ്ഞ വീട് നിർമ്മാണം പ്രോത്സാഹിപ്പിക്കാനും ശ്രമങ്ങൾ നടക്കാതിരുന്നാൽ ഉള്ളവനും ഇല്ലാത്തവനുമെന്ന അന്തരം വർദ്ധിക്കാനേ ഇടമുള്ളൂ.

കോളനി വീടുകൾ

പുളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 20 ഹരിജൻ കോളനികളും ഒരു ലക്ഷംവീട്കോളനിയും ഉണ്ട്. ഇവയിൽ മിക്കതിലും അറ്റകുറ്റപണികൾ നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തവരാണ്.

പുളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന കോളനി വീടുകളുടെ അറ്റകുറ്റപണികൾക്കായി മതിയായ സാമ്പത്തിക സഹായം നൽകാൻ കഴിയുന്ന സൊസൈറ്റികൾ സ്ഥാപിക്കുക.

കോളനി ഭവന നിർമ്മാണ പ്രവർത്തനത്തിന് സന്നദ്ധ സംഘടനകളിലെ യുവാക്കൾക്ക് പരിശീലനം നൽകുകയും മനുഷ്യാദ്ധ്വാനത്തെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകാൻ പരിശീലന കേന്ദ്രങ്ങൾ വിവിധ വാർഡുകളിലായി സ്ഥാപിക്കുക.

പ്രാഥമികാവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, എന്നിവയുടെ അഭാവം പുളിക്കൽ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും കോളനി വീടുകളെ അലട്ടുന്നുണ്ട്.

പഞ്ചായത്തിലെ മിക്ക കോളനികളിലേക്കും വീടു നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സാധനസാമഗ്രികൾ എത്തിക്കുന്നതിനാവശ്യമായ റോഡ് ഇല്ലാത്തവയാണ്.

പുളിക്കൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കോളനി നിവാസികളും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സർക്കാരിൽ നിന്ന് സമഗ്ര ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ അനുവദിച്ചതിൽ നാമമാത്രമായുള്ളതിന്റെ നിർമ്മാണം മാത്രമെ നടന്നിട്ടുള്ളൂ. ഇതിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ തടസ്സങ്ങൾ എത്രയും പെട്ടെന്ന് നീക്കേണ്ടത് അത്യാവശ്യമാണ്.

സർക്കാരിന്റെ അംഗീകാരത്തിനായി കാത്തിരിക്കുന്ന കോളനികൾ പഞ്ചായത്തിന്റെ ചില വാർഡുകളിലുണ്ട്. അതിന് അംഗീകാരം ലഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവധ സ്ഥലങ്ങളിലായി ഹരിജൻ കുടുംബങ്ങൾ കുടിൽ കെട്ടി താമസിക്കുന്നുണ്ട്. കോളനി വീടുകളുടെ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ അവരേയും ഉൾപ്പെടുത്തേണ്ടതാണ്.

സാമൂഹ്യക്ഷേമം

പുളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്നവരായി വളരെ പേരുണ്ട്. ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമൂഹ്യ ക്ഷേമ ബോർഡുകളോ മറ്റു സർക്കാർ സംഘങ്ങളോ മറ്റു പദ്ധതികളോ മാർഗ്ഗ നിർദ്ദേശ സംഘങ്ങളോ പുളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

IRDP പ്രകാരമുള്ള സഹായ ലഭ്യത പഞ്ചായത്തിലെ വളരെ കുറച്ച്പേർക്കേ ലഭിക്കുന്നുള്ളൂ.

IRDP പദ്ധതി പ്രകാരം സഹായധനം ലഭിക്കുന്നതിന് അർഹരായി പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്. സർവ്വെ നടത്തി ഇത്തരം ആളുകളെ ഇതിന്റെ ഗുണഭോക്താക്കളാക്കേണ്ടതുണ്ട്.

പദ്ധതികളെക്കുറിച്ചുള്ള അവബോധമില്ലായ്മയും ഉദ്യോഗസ്ഥ തലത്തിലുള്ള നൂലാമാലകളും ഇത്തരം പദ്ധതികളുടെ ഗുണം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

വാർഡ് തലത്തിൽ വിവിധ പദ്ധതികളെക്കുറിച്ചുള്ള ബോധം ഉണ്ടാക്കുന്നതിനും സഹായങ്ങൾ നേടിയെടുക്കുന്നതിനും ബോധവൽക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

വിവിധ പദ്ധതികൾമുഖേന ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾക്ക് അപര്യാപ്തമായി വരുന്നുണ്ട്. അതിലേക്ക് നിലവിലുള്ള വായ്പാതുക പരിധി നിലവിലുള്ളതിൽ നിന്നും ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാണ്.

വായ്പാ നയം ഉദാരമാക്കേണ്ടതും പലിശ നിരക്ക് കുറക്കേണ്ടതും അത്യാവശ്യമാണ്.

DWCRA സഹായ ലഭ്യതാ പട്ടിക.

വർഷം	എണ്ണം
1991 - 92	ഇല്ല
1992 - 93	25
1993 - 94	28
1994 - 95	20
1995 - 96	30

DWCRA സ്കീമുകളേയും യൂനിറ്റുകളേയും കുറിച്ച് പുളിക്കൽ പഞ്ചായത്തിലെ മുഴുവൻ ജനത്തിനും അറിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഉദ്യോഗസ്ഥ തലത്തിലെ കെടുകാര്യസ്ഥതയും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്ത പ്രശ്നങ്ങളുംകാരണം ഈ പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ഒട്ടും തന്നെയില്ല.

ഈ പ്രശ്നപരിഹാരത്തിന് ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഏർപ്പെടുത്തുക.

പഞ്ചായത്തിലെ രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ ഗ്രാമസേവകിനെ നിയമിക്കുക.

പുളിക്കൽ പഞ്ചായത്തിൽ DWCRA സഹായം ലഭിക്കേണ്ടവരായി ഏകദേശം 2000 ത്തോളം ആളുകളുണ്ട്.

ടൂൾകിറ്റ്

ടൂൾകിറ്റിന്റെ ഗുണഭോക്താക്കളായിട്ട് പുളിക്കൽ പഞ്ചായത്തിൽ ധാരാളം പേരുണ്ട്. ഇതിനെക്കുറിച്ചുള്ള ബോധമില്ലായ്മയും ബന്ധപ്പെട്ടവരിൽ നിന്നുള്ള നിർദ്ദേശങ്ങൾ വേണ്ട സമയത്ത് ലഭിക്കാതെ വരികയും ചെയ്യുന്നത് ടൂൾകിറ്റിന്റെ ഗുണഭോക്താക്കളായുള്ളവരെ പ്രതികൂലമായി ബാധിക്കുന്നു.

ടൂൾകിറ്റ് വിതരണ ലഭ്യത പട്ടിക

വർഷം	എണ്ണം
1992 - 93	5
1993 - 94	3
1994 - 95	6
1995 - 96	7
ആകെ	21

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയായ ടൂൾകിറ്റിനെ കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

പുളിക്കൽ പഞ്ചായത്തിൽ ടൂൾ കിറ്റിന്റെ ഗുണഭോക്താക്കളായി ഏകദേശം 2000 ത്തോളം പേരുണ്ട്. ഇതിന്റെ വിതരണത്തിനായി പഞ്ചായത്തിൽ പ്രത്യേകം ഗ്രാമവികസന ഏജൻസികൾ ഏർപ്പെടുത്തണം.

ട്രൈസം

18 മുതൽ 30 വയസ്സ് വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതിയെക്കുറിച്ച് ബോധവാന്മാരായവരുടെ എണ്ണം പുളിക്കൽ പഞ്ചായത്തിൽ വളരെ കുറവാണ്.

ട്രൈസംപദ്ധതി പരിശീലന ലഭ്യത പട്ടിക

വർഷം	എണ്ണം
1992 - 93	20
1993 - 94	15
1994 - 95	25
1995 - 96	30

പഞ്ചായത്തിലെ ഓരോ വാർഡിലും അനുയോജ്യമായ തൊഴിൽപരിശീലനം നൽകാനും വായ്പകൾ ലഭ്യമാക്കി തൊഴിൽസംരംഭങ്ങൾ ആരംഭിക്കാനും സഹായിക്കണം.

ട്രൈസംപദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ബോധവാന്മാരാക്കുന്നതിനും പുളിക്കൽ പഞ്ചായത്തിലെ യുവജന സംഘടനകളെ ചുമതലപ്പെടുത്താവുന്നതാണ്.

ട്രൈസംപദ്ധതിയുടെ ഗുണഭോക്താക്കളായി നിരവധിപേർ ഈ പഞ്ചായത്തിന്റെ പരിധിയിലുണ്ട്.

ദാരിദ്ര്യരേഖക്കുതാഴെ പുളിക്കൽ പഞ്ചായത്തിൽ കക്കൂസ് നിർമ്മിക്കേണ്ടവരായ കുടുംബങ്ങൾ ധാരാളമുണ്ട്

വിവിധ ധനസഹായപദ്ധതിമുഖേന പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിർമ്മിച്ച കക്കൂസുകളുടെ ലഭ്യതാ പട്ടിക.

വാർഡ്	1	2	3	4	5	6	7	8	9	10	11	12
വിവിധ പദ്ധതിമുഖേന നിർമ്മിച്ച കക്കൂസുകളുടെ എണ്ണം	6	7	8	8	10	6	5	5	4	6	7	5

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി നിർമ്മിക്കേണ്ട കക്കൂസുകളുടെ വിവരപ്പട്ടിക

വാർഡ്	1	2	3	4	5	6	7	8	9	10	11	12
എണ്ണം	250	100	200	100	350	150	200	150	162	250	110	200

കക്കൂസ്നിർമ്മാണത്തിന് അനുവദിക്കുന്ന നിലവിലുള്ള തുക നിർമ്മാണത്തിന് അപര്യാപ്തമാണ്. അത്കൊണ്ട് സഹായധനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ചിലവ്കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള പ്രചരണം അത്യാവശ്യമാണ്. പഞ്ചായത്തിൽ ഇതിന്റെ പ്രചരണത്തിന് സന്നദ്ധസംഘടകളിലെ യുവാക്കളെ പരിശീലനംനൽകി ഉപയോഗപ്പെടുത്താവുന്നതാണ്.

പെൻഷൻവിവര ലഭ്യതാപട്ടിക

വാർഡ്	പെൻഷൻ ലഭിക്കുന്നവർ					
	വാർദ്ധക്യകാല	വിധവ	വികലാംഗ	കർഷകതൊഴിലാളി	ക്ഷയരോഗ	തൊഴിലില്ലായ്മ
1	3	5	1	7	0	5
2	2	7	2	9	0	4
3	2	5	1	6	0	6
4	1	6	4	40	0	6
5	2	4	3	8	0	8
6	3	5	2	7	0	4
7	4	6	3	10	0	3
8	2	7	2	5	0	8
9	5	6	5	4	0	4
10	3	4	3	7	0	6
11	3	5	2	4	0	5
12	2	6	2	8	0	4
ആകെ	32	66	30	115	0	65

പെൻഷൻ വിവരങ്ങൾ

പുളിക്കൽപഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിധവ - വികലാംഗ - കർഷകത്തൊഴിലാളി - വാർദ്ധക്യ അഗതിപെൻഷൻ, തൊഴിലില്ലായ്മവേതനം, ഇതിനെല്ലാം അർഹരായവർ ധാരാളം പേരുണ്ടെങ്കിലും വിരലിലെണ്ണാവുന്നവർക്കേ നിലവിൽ പെൻഷൻ ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവിധ പെൻഷനുകൾ ലഭിക്കേണ്ടവരുടെ പട്ടിക.

വാർഡ്	പെൻഷൻ ലഭിക്കേണ്ടവർ					
	വാർദ്ധക്യകാല	വിധവ	വികലാംഗ	കർഷകതൊഴിലാളി	ക്ഷയരോഗ	തൊഴിലില്ലായ്മ
1	100	75	10	100	2	50
2	50	50	20	60	3	50
3	60	45	20	70	15	65
4	50	40	10	60	3	35
5	75	40	10	50	1	50
6	60	45	15	65	10	75
7	45	40	8	25	3	35
8	50	40	15	45	12	48
9	90	60	11	82	35	112
10	50	10	5	50	2	25
11	45	25	20	75	15	40
12	50	25	15	60	10	50
ആകെ	675	495	159	742	111	635

പഞ്ചായത്തിൽ പെൻഷനുകൾക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവരും അപേക്ഷ നൽകിയിട്ടും സാങ്കേതിക തടസ്സങ്ങൾ മൂലം ലഭിക്കാത്തവരും ധാരാളം പേരുണ്ട്. ഉദ്യോഗസ്ഥ തലത്തിലുള്ള തടസ്സങ്ങൾ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.

പെൻഷൻ നൽകാനുള്ള അധികാരം ഇപ്പോൾ ജില്ലാ പഞ്ചായത്തിനാണെങ്കിലും അർഹരായവരെ കണ്ടെത്തുന്നതിനും പെൻഷൻ നൽകുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കണം.

അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാതെ പോകുന്നത് തടയാൻ പുളിക്കൽ പഞ്ചായത്തിലെ വാർഡ് തലത്തിൽ സർവ്വെ നടത്തുക. ഇതിനായിട്ട് യുവജന സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ച വെക്കേണ്ടുന്ന അംഗൻവാടികളുടെ പ്രവർത്തനം പുളിക്കൽ പഞ്ചായത്തിലെ 12 വാർഡിലും തൃപ്തികരമല്ല. ആയിരം ജനത്തിന് ഒരു അംഗൻവാടി എന്ന ഐ.സി.സി.എസിന്റെ പദ്ധതി പുളിക്കൽ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ 12 വാർഡുകളിലായി ഏകദേശം 18 അംഗൺ വാടികളുണ്ട്.

അംഗൺ വാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവയും കെട്ടിടം നിർമ്മിക്കാൻ സ്ഥലമില്ലാത്തവയും അടിസ്ഥാന സൗകര്യങ്ങളില്ലാത്തവയും ധാരാളമുണ്ട്.

പുളിക്കൽ പഞ്ചായത്തിലെ അംഗൺവാടികളുടെ വാർഡ് തിരിച്ചുള്ള പട്ടിക

അംഗൺവാടികൾ

വാർഡ്	എണ്ണം	സ്വന്തമായി കെട്ടിടമുള്ളത്	സ്വന്തമായി കെട്ടിടമില്ലാത്തത്	കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമുള്ളത്	കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമില്ലാത്തത്	കളിപ്പാട്ടങ്ങൾ ഉള്ളത്	കളിപ്പാട്ടങ്ങൾ ഇല്ലാത്തത്
1	3	1	2	2	0	2	1	1
2	2	1	1	1	0	0	0	0
3	1	1	0	0	0	1	0	1
4	2	1	1	1	0	2	0	1
5	1	1	0	0	0	0	0	0
6	2	1	1	1	1	1	1	1
7	1	0	1	1	0	0	0	0
8	2	0	2	2	0	0	0	0
9	1	0	1	1	0	0	0	0
10	1	0	1	1	0	0	0	0
11	1	0	1	1	0	0	0	0
12	1	1	0	0	1	0	0	0
ആകെ	18	7	11	11	2	6	2	4

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലഭ്യമാക്കേണ്ട അംഗൻവാടികളുടെ വിവരപ്പട്ടിക.

വാർഡ്	എണ്ണം
1	1
2	0
3	3
4	2
5	5
6	2
7	3
8	1
9	6
10	5
11	3
12	4
ആകെ	35

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ അങ്കൺവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് വിവിധ പദ്ധതികൾ മുഖേനയുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തുക.

നിലവിലുള്ള അങ്കൺവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരസാധനങ്ങൾ യഥാസമയം ലഭ്യമാക്കണം. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ ഈ ആവശ്യത്തിലേക്കായി ഉപയോഗപ്പെടുത്തുക.

DWCRA ഫണ്ടിൽ നിന്നുള്ള തുകയുടെ നിശ്ചിത ശതമാനം അങ്കൺ വാടികളിൽ കളിപ്പാട്ടങ്ങൾ വാങ്ങാൻ വിനിയോഗിക്കാം.

കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ലഭിക്കേണ്ട പ്രതിരോധ കുത്തിവെപ്പുകൾ അങ്കൺവാടികൾ മുഖേന കാര്യക്ഷമമായി നടപ്പാക്കുക.

കുട്ടികളുടെയും അമ്മമാരുടെയും ഗർഭിണികളുടെയും പോഷകാഹാര കുറവ് പരിശോധിക്കുന്നതിന്

ഹെൽത്ത് നഴ്സുമാരുടെ സേവനം പഞ്ചായത്തിലെ 12 വാർഡിലും ഉപയോഗപ്പെടുത്തണം.

പഞ്ചായത്തിലെ ഏതാനും വാർഡുകളിൽ മാത്രമേ മഹിളാ സമാജങ്ങളുടെ പ്രവർത്തനമുള്ളൂ. അങ്കൺവാടികളുടെ പരിധിയിൽപെട്ട അമ്മമാരുടെ സേവനം ഉപയോഗപ്പെടുത്തി മുഴുവൻ വാർഡിലും മഹിളാ സമാജങ്ങൾ രൂപീകരിക്കാവുന്നതാണ്. മഹിളാ സമാജങ്ങളെ ഉപയോഗപ്പെടുത്തി അങ്കൺവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

അങ്കൺവാടികളുടെ നിർമ്മാണ പ്രവർത്തനത്തിനും നടത്തിപ്പിനും പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

അബലവൃദ്ധകൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പഞ്ചായത്തിൽ അബല-വൃദ്ധമന്ദിരം സ്ഥാപിക്കണം.

പഞ്ചായത്തിലെ 11ാം വാർഡിൽ പ്രവർത്തിക്കുന്ന അനാഥാലയത്തിന്റെ ഗ്രാൻറ് പുന:സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

പുളിക്കൽ പഞ്ചായത്തിലെ അംഗൻവാടികൾ മുഖേനയുള്ള ഗർഭിണികളുടെയും കുട്ടികളുടെയും പട്ടിക

വാർഡ്	ഒരുവയസ്സിന് താഴെ	1-2 വയസ്സ്	2-3 വയസ്സ്	3-5 വയസ്സ്	ഗർഭിണികളുടെഎണ്ണം	മുലയൂട്ടുന്നവരുടെ എണ്ണം	ജനനം (1995- 96)
1	81	71	78	68	24	28	63
2	20	24	96	39	10	9	20
3	44	30	40	79	20	43	44
4	52	41	34	121	14	23	42
5	35	55	40	115	25	27	45
6	28	24	24	73	6	11	38
7	50	33	30	95	15	13	60
8	67	63	80	60	25	27	67
9	92	70	72	170	30	39	88
10	33	43	44	97	15	13	40
11	74	85	56	124	15	22	21
12	31	45	67	44	11	13	32

ക്ഷേമനിധി

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികളും കൈതൊഴിലാളികളും ആഭരണ തൊഴിലാളികളും, തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റക്കാർ, വാച്ച്-സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ, കരിങ്കൽ തെഴിലാളികൾ, കർഷക തൊഴിലാളികളും ധാരാളമുണ്ട്.

നിലവിലുള്ള തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും തൊഴിലാളികളെ ബോധവൽക്കരിക്കുക.

കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തുക.

പൊതുവിതരണം

പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ പൊതുവെ തൃപ്തികരമല്ല. അവശ്യസാധനങ്ങൾ മിതമായ വിലയിൽ ലഭിക്കുന്നതിന് പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.


പുളിക്കൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക.


പഞ്ചായത്തിൽ സഞ്ചരിക്കുന്ന കൺസ്യൂമർ സ്റ്റോർ ഏർപ്പെടുത്തുക.

പൊതുവിതരണ കേന്ദ്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് പുളിക്കൽ പഞ്ചായത്തിലെ 10ാം വാർഡിൽ അരൂരിലെ തമ്പാറ പറമ്പിലും 9 ാം വാർഡിലെ ചെവിട്ടാണി കുന്നിലും പൊതുവിതരണ കേന്ദ്രം സ്ഥാപിക്കണം. പുളിക്കൽ പഞ്ചായത്തിലെ 8 ാം വാർഡിലെ പൊതുവിതരണ കേന്ദ്രം ജനങ്ങളുടെ ഉപകാരപ്രദമായ രീതിയിൽ ആന്തിയൂർകുന്ന് പൗരബസാറിലേക്ക് മാറ്റണം.

പൊതുവിതരണനില മെച്ചപ്പെടുത്തുന്നതിന് വാർഡ് തലത്തിൽ വാർഡ് മെംബർ ഉൾപ്പെടുന്ന ജനകീയ കമ്മറ്റികൾ അത്യാവശ്യമാണ്. ഒളവട്ടൂരിലെ പുതിയേടത്ത്പറമ്പിലും 11 ാം വാർഡിലെ മങ്ങാട്ട് മുറിയിലും മാവേലിസ്റ്റോർ ആരംഭിക്കണം. കാൻസർ രോഗികളായി ധാരാളം പേർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉണ്ട്. അവർക്ക് പെൻഷൻ ഏർപ്പെടുത്തേണ്ടത് ഉണ്ട്.

ക്ഷേമനിധിയിലേക്ക് ഇപ്പോൾ വീട്ടുടമകൾ അടക്കുന്ന സംഖ്യ ആർഭാടമായുള്ള വീടുകൾക്കും മണിമന്ദിരങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുക. ഇപ്പോൾ അതിനുവേണ്ടി നിർണ്ണയിക്കുന്ന മാനദണ്ഡം പുതുതായി നിർമ്മിക്കുന്ന ഭവനങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ സംഖ്യ 5 ലക്ഷത്തിന് മീതെയുള്ളവർക്കായി മാത്രം നിർണയിക്കുക.







5.8

സംസ്കാരം

ചരിത്ര താളുകളിൽ ആവശ്യമായ ഇടം കിട്ടാതെ കൊണ്ടും കൊടുത്തും കഴിഞ്ഞ നാളുകൾ അയവിറക്കി പരിഭവവും പരാതിയുമില്ലാതെ കഴിഞ്ഞു കൂടുന്ന ഒരു ജന സംസ്കൃതിയാണ് പുളിക്കൽ പഞ്ചായത്തിന്റെത്. ഏറെനാടിന്റെ പടിഞ്ഞാറ്, പഴയ മലബാറിൽ ഉൾപ്പെടുന്ന ഈ ഗ്രാമം, പണ്ട് സാമൂതിരിപ്പാടിന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലായിരുന്നു. രാജഭരണത്തിനും തുടർന്ന് വന്ന ബ്രീട്ടീഷ് വാഴ്ചക്കുമെതിരെ ഉയർന്നുവെന്ന രോഷപ്രകടനങ്ങളിൽ ഈ ഗ്രാമവും അതിന്റെതായ പങ്ക് വഹിച്ചിട്ടുണ്ട്. ബ്രിട്ടന്റെ ഖിലാഫത്ത് വഞ്ചനയിൽ പ്രതിഷേധവുമായി ജനരോഷം ആർത്തിരമ്പുന്ന കാലം കോൺഗ്രസ്സ് ഖിലാഫത്ത് കമ്മിറ്റിയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധ പൊതു യോഗങ്ങളിൽ ഒന്ന് പുളിക്കൽ അങ്ങാടിയിൽ വെച്ചായിരുന്നു. അന്ന് അവിടെ തടിച്ചുകൂടിയ കർഷക ജനത ഈ മണ്ണിന്റെ സ്വാതന്ത്ര്യദാഹമാണ് പ്രകടിപ്പിച്ചത്.

രാജഭരണത്തിനും ബ്രിട്ടീഷ് തേർവാഴ്ചക്കുമെതിരെ പടവാളുയർത്തിയ ധീരദേശാഭിമാനികളുടെ പേരുകൾകൊണ്ട് ധന്യമാണ് ഈ മണ്ണും. ആ പ്രജണ്ഡ പ്രവാഹത്തിലേക്ക് എടുത്തെറിയപ്പെട്ട ഒട്ടേറെ ജീവിതങ്ങൾ ഈ തലമുറയെ കർമ്മനിരതരാക്കുന്നു. ചരിത്ര താളുകളിൽ ഇല്ലെങ്കിലും ജനസ്മൃതികളിൽ ജീവിക്കുന്നവർ. പ്രമുഖ ദേശീയ വാദിയും ചരിത്രകാരനും ഗ്രന്ഥകാരനുമായിരുന്ന ശ്രീ. കെ. സി. കോമുക്കുട്ടിമൗലവിയുടെ പേർ, ശ്രീ. മൊയ്തു മൗലവിയുടെയും എ. വി. കുട്ടിമാളുഅമ്മയുടെയും കൂടെ ചേർത്ത് വായിക്കേണ്ടതാണ്.

ഖിലാഫത്ത് ചിലയിടങ്ങളിൽ വർഗ്ഗീയ ലഹളയായി പരിണമിച്ചപ്പോൾ അതിന്റെ ഭീകരത അനുഭവപ്പെട്ടതേറെ ഏറനാട്ടിലായിരുന്നല്ലൊ പലരും പ്രാണരക്ഷയ്ക്ക് കോഴിക്കോട്ടും കൊണ്ടോട്ടി തങ്ങളുടെ അടുത്തും അഭയം പ്രാപിച്ചപ്പോൾ അവർക്കാവശ്യമായ സഹായവുമായി ഓടിനടന്നതിൽ പ്രമുഖനായിരുന്നു ശ്രീ. മൗലവി. പുളിക്കലും, ഒളവട്ടൂരും, വലിയപറമ്പുമായി എത്രവീടുകളായിരുന്നു അന്ന് അഭയ കേന്ദ്രങ്ങളായിരുന്നത്. അതൊരു പക്ഷെ തുടക്കവും ഒടുക്കവുമായിരുന്നു. ആ നടുക്കുന്ന നാളുകൾക്കു ശേഷം ഇവിടം തുടിക്കുന്ന നാളുകളായിരുന്നു. സൗഹൃദത്തിന്റെറയും സഹകരണത്തിന്റെറയും നാളുകൾ -ഒരു പക്ഷെ മൺമറഞ്ഞുപോയ ആകർമ്മധീരരുടെ മരിക്കാത്ത സ്മരണകളിൽ നിന്നും ഉരുവം കൊണ്ടതായിരിക്കാം.

തനതായ സംസ്കാരവും പാരമ്പര്യവുമാണ് ഈ കുന്നുകളുടെ ഗ്രാമത്തിനുള്ളത്. ഭൂരിഭാഗം വരുന്ന മുസ്ലീംകളും, ഹിന്ദു സമുദായക്കാരുമടങ്ങുന്ന ഒരു അഥ: സ്ഥിത വർഗ്ഗത്തിന്റെറ പഞ്ചായത്താണിത്. ക്രിസ്ത്യാനികളോ മറ്റ് മതസ്ഥരോ ഇവിടെ നിവാസികളായിട്ടില്ലായിരുന്നു. സവർണ്ണമേധാവികളുടെ അസ്പൃശ്യത കൂടുതൽ കടന്നു വരുവാൻ അനുവദിക്കാത്ത ചെറുത്തു നിൽപ്പിന്റെറ വിജയഗാഥയാണ് ഈ മണ്ണിന്. കുന്നും, കാവുകളും, തെരുവും, പള്ളികളും ഇതിന്റെറ മുഖമുദ്രയാണ്, ഉത്സവങ്ങളും ആചാരങ്ങളും സഹകരണത്തിന്റെറ സാഹോദര്യത്തിന്റെറ ഉദാത്തമാതൃകങ്ങളാണ്. മുസ്ലിം സമുദായങ്ങളാണ് മുൻപന്തിയിലെങ്കിലും ഹൈന്ദവ ആചാരങ്ങളും ഉത്സവങ്ങളും അനുസൂതമായി നടന്നുവരുന്നു. ഓരോ കുടുംബത്തി

നും ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ട ആണ്ടുത്സവങ്ങളുമുണ്ട്. ഉത്സവങ്ങളിൽ സർവ്വമതസ്ഥരുടെയും പൂർണ്ണ പങ്കാളിത്തമുണ്ട്.

അയിത്തോച്ചാടനം ഹരിജനോദ്ധാരണം നിരക്ഷരതാ നിർമ്മാർജ്ജനം എന്നീ ദേശീയ പ്രസ്ഥാനങ്ങളുടെ അലയൊലികൾ ഈ പ്രദേശത്തെയും ആകർഷിച്ചിട്ടുണ്ട്. ഒട്ടേറെ സാമൂഹ്യ സ്നേഹികൾ വിവിധ കേന്ദ്രങ്ങളിലായി ഇത്തരം പ്രവർത്തനങ്ങളിലുമായി ഏർപ്പെട്ടിട്ടുണ്ട്. സാക്ഷരതാപ്രസ്ഥാനം കടന്ന് വരുന്നത്വരെ ഒളവട്ടൂരിലും മറ്റും നിലനിന്നിരുന്ന വയോജന വിദ്യാഭ്യാസ പരിപാടി ഇതിന് നിതാന്ത ഉദാഹരണമാണ്. അരനൂറ്റാണ്ടിലേറെ പഴക്കമുള്ള ഒളവട്ടൂർ പൊതുജനഗ്രന്ഥാലയം, കൊട്ടപ്പുറം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗ്രന്ഥാലയം ഇന്നും കർമ്മനിരതമായി മുന്നോട്ടു പോവുന്നു. (പട്ടിക അന്യത്ര കൊടുക്കുന്നു).

മുളയിലെ മുരടിച്ച് പോയതും പാതി വഴിയിൽ തളർന്നുപോയതും, കർമ്മനിരതമായി മുന്നോട്ടു പോവുന്നതുമായി ഒട്ടേറെ കലാസാംസ്കാരിക സംഘടനകൾ ഈ പ്രദേശങ്ങളിലുണ്ടെങ്കിലും തന്റെ തട്ടകം വിട്ട് മുന്നോട്ട് പോകുവാൻ അവർക്ക് സാധിച്ചിട്ടില്ല. കേവലം വാർഷിക ആഘോഷങ്ങളിലും ഔദ്യോഗികരേഖകളിലും മാത്രം ഒതിങ്ങിക്കൂടുന്ന ഇത്തരം സംഘടനകൾക്ക് വേണ്ടത്ര പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാനാവാതെ പോവുന്നു. അധാർമ്മിക മേഖലയാണെന്ന മിഥ്യാധാരണയാണെന്ന് തോന്നുന്നു ഈ പങ്കാളിത്തമില്ലായ്മക്ക് കാരണം. വേണ്ടത്ര ബോധവൽക്കരണം ഈ മേഖലയിൽ ആവശ്യമാണ്. ആധികാരികപക്ഷത്ത് നിന്നുള്ള പ്രോത്സാഹനക്കുറവും കഴിവുകളെ പ്രകടിപ്പിക്കുവാനുള്ള അവസരമില്ലായ്മയും ഇതിന് കാരണമാണ്. (പഞ്ചായത്തിലെ ക്ലബ്ബുകളുടെ വിവരം അന്യത്ര കൊടുക്കുന്നു).

മൂന്ന് ഹൈസ്കൂളുകളും 5 യു. പി. സ്കൂളുകളും പതിനൊന്ന് എൽ. പി. സ്കൂളുകളും രണ്ട് അറബിക് കോളേജും ഒരു അനാഥശാലയും ഈ പഞ്ചായത്തിലുണ്ടെങ്കിലും ഭൂപ്രകൃതി അനുസരിച്ച് പര്യാപ്തമായെന്ന് പറയാനാവില്ല. ഉയർന്ന സംസ്കാര പൈതൃകത്തിനുള്ള മണ്ണൊരുക്കി തരുവാൻ അവയ്ക്കായിട്ടുണ്ട്. ഒന്നാം ഘട്ട സാക്ഷരതാ പ്രസ്ഥാനം ആവേശപൂർവ്വമാണ് പഞ്ചായത്ത് ഏറ്റെടുത്തത്. പഞ്ചായത്തിന്റെ മുക്കും മൂലയും ഇളക്കിമറിച്ച പ്രവർത്തനം അത്ഭുതാവഹകമായ ഫലമാണുണ്ടാക്കിയത്. കൊണ്ടോട്ടി പ്രൊജക്ട്റ്റിലും മലപ്പുറം ജില്ലയിലും ഏറ്റവും നല്ല പഞ്ചായത്ത് എന്ന ബഹുമതി പുളിക്കൽ പഞ്ചായത്തിനാണ്. ഇത് നേടികൊടുക്കുന്നതിൽ കോ-ഓർഡിനേറ്റർമാരായ കെ.കെ ഹൈദർ മാസ്റ്റർ, പി.എം. ആറ്റക്കോയ തങ്ങൾ എന്നിവരുടേയും പഞ്ചായത്ത് പ്രസിഡൻറ് പി. മോയ്തുട്ടിമൗലവിയുടേയും സേവനം വിസ്മരിക്കുവുന്നതല്ല, എന്ത് കൊണ്ടോ തുടർ സാക്ഷരത പ്രവർത്തനം വേണ്ടത്രഫലം കാഴ്ചവെച്ചില്ല.

അന്യം വന്ന് കൊണ്ടിരിക്കുന്ന നാട്ടിപ്പാട്ട്, ചവിട്ടുകളി, കോൽകളി, അറവാന, ദഫ്മുട്ട്, തെയ്യം, തിറയ തുടങ്ങിയ നാടൻ കലകൊണ്ട് സമ്പന്നമാണിവിടം. അറിയപ്പെടുന്നവരും എഴുതികൊണ്ടിരിക്കുന്നവരുമായ യുവ സാഹിത്യകാരൻമ്മാരുടെ നിര തന്നെയുള്ള ഈ ഗ്രാമത്തിന് അവസരമൊരുക്കിയാൽ അഭിമാനമായ സ്ഥാനം ലഭിക്കുമെന്നതിൽ തർക്കമില്ല.

നാമമാത്രമായ മഹിള സംഘടനകളെ ഉള്ളൂവെങ്കിലും ബഹുജന പങ്കാളിത്തത്തോടു കൂടിയുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സജീവപങ്കാളിത്തം പ്രശംസനീയമാണ്. പൊതു വേദികളിൽ തങ്ങളുടെ പ്രശ്നം അവതരിപ്പിക്കുവാനും ശ്രദ്ധപിടിച്ചുപറ്റി പരിഹാരം കാണുവാനും അവർ കാണിക്കുന്ന ഉത്സാഹം പ്രോത്സാഹജനകമാണ്.

കലാ-സാംസ്കാരിക സംഘടനകളെന്നപോലെ സാമുദായിക രാഷ്ട്രീയ സംഘടനകൾക്കും വളക്കൂറുള്ളമണ്ണാണിവിടം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, സി.പി.ഐ, സി.പി.എം, ജനതാദൾ, ബി.എസ്.പി., ബി.ജെ.പി, കോൺഗ്രസ്സ് (എസ്), എന്നീ രാഷ്ട്രീയ സംഘടനകളും അവയുടെ പോഷക സംഘടനകളും, സുന്നി, മുജാഹിദ്, ജമാഅത്ത്, ഹൈന്ദവ സംഘടനകളും വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ അര നൂറ്റാണ്ട് കാലമായിട്ട് എടുത്ത്പറയാവുന്ന സാമുദായിക രാഷ്ട്രീയസംഘട്ടനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലുണ്ടായില്ല.

ഇല്ലായ്മകൾ

1. പഞ്ചായത്തിന് അനുവദിച്ച ഏക പഞ്ചായത്ത് മിനി സ്റ്റേഡിയം കൊട്ടപ്പുറത്താണുള്ളത്. ഭൂപ്രകൃതി അനുസരിച്ച് പലർക്കും ഉപയോഗപ്രദമല്ല. ഒട്ടുമിക്ക സ്കൂളുകൾക്കും കളിസ്ഥലങ്ങളോ ഗ്രൗണ്ടോ ഇല്ല.
2. പഞ്ചായത്തിന് പൊതുവായി ഒരു കലാ സാംസ്കാരിക നിലയം ഇല്ല എന്നുള്ളത് കലാ കായിക രംഗത്തെ മുരടിപ്പിന് കാരണമാകുന്നു.
3. ഒന്ന്, മൂന്ന്, അഞ്ച്, എട്ട്, പത്ത്,എന്നീ വാർഡുകളിൽ പൊതു ഗ്രന്ഥാലയമില്ല. ഉള്ള വാർഡുകളിൽ

തന്നെ പ്രവർത്തനം വേണ്ടത്ര പുരോഗതിയില്ല. ഒട്ടുമിക്ക ഗ്രന്ഥാലയത്തിനും പഞ്ചായത്ത് വക പത്രം ലഭ്യമല്ല.

4. ആറാം വാർഡിൽ മാത്രമാണ് പൊതു ടി. വി. യുള്ളത്. ഹരിജൻ കോളനികളിൽ ഒന്നും തന്നെ ടി. വി.കളില്ല.

5. ജനവിദ്യാകേന്ദ്രങ്ങൾ കർമ്മനിരതമല്ല. അരൂർ ജെ. വി. കെ. ക്ക് പൊതുകെട്ടിടമില്ല.

6. ഒളവട്ടൂർ പൊതുജനഗ്രന്ഥാലയത്തിന് സ്വന്തമായി കെട്ടിടമില്ല.

7. നാടൻ കലകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

8 പല വാർഡിലും കള്ളവാറ്റ് വർദ്ധിക്കുന്നു.

9 പൊതുസ്മശാനവും, കല്ല്യാണമണ്ഡപവും ഈ ഗ്രാമത്തിലില്ല.

10. അംഗൻവാടി കേന്ദ്രത്തിന് 10, 11 വാർഡുകളിൽ പൊതുകെട്ടിടമില്ല.

11. കമ്മ്യൂണിറ്റിഹാൾ എല്ലാവാർഡിലും നിർമിക്കാനാവശ്യമായ ധനസഹായം ഉണ്ടാക്കുക.


നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിലെ രണ്ട് മേഖലകളായ പുളിക്കലിലും ഒളവിട്ടൂരിലും സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുക.
2. ഇല്ലാത്ത വാർഡുകളിൽ വായനശാലയും, വായനശാലകളിൽ ചുരുങ്ങിയത് മൂന്ന് പത്രങ്ങളും സർക്കാർ ഗസറ്റും മറ്റ് പ്രസിദ്ധീകരണങ്ങളും എത്തിക്കുക.
3. വായനശാലക്ക് സ്ഥാപിത വർഷങ്ങളുടെ മുൻഗണനാ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുക.
4. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകയും തുടർ സാക്ഷരതയ്ക്ക് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും വേണം.
5. പഞ്ചായത്ത് വക എല്ലാ വാർഡിലും ടി. വി. സെറ്റുകളും വാർത്താബോർഡുകളും സ്ഥാപിക്കുക.
6. ബോധവൽകരണക്ലാസ്സുകൾക്ക് സാമുദായിക സൗഹാർദ്ദത്തിന് മുൻതൂക്കം കൊടുക്കുക.
7. പഞ്ചായത്തിൽ നിലവിലുള്ള ക്ലബ്ബുകൾക്കും മറ്റു സാംസ്കാരിക കേന്ദ്രങ്ങൾക്കും ആവശ്യമായ സഹകരണങ്ങളും ധനസഹായവും ലഭ്യമാക്കുക.
8. വളരെ ദ്രുതഗതിയിൽ മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കുന്ന സി. ബി. എൻ. പി.യുടെ പ്രവർത്തനത്തിന് വേണ്ട കെട്ടിടവും മറ്റു സൗകര്യങ്ങളും പഞ്ചായത്ത് മുഖേന നൽകുക.
9. എല്ലാ വാർഡുകളിലും പൊതുസ്മശാനം നിർമ്മിക്കുക.
10. ശൈശവ വിവാഹങ്ങൾ തടയുക.
11. സൗന്ദര്യമത്സരം, അശ്ലീല പ്രസിദ്ധീകരണങ്ങൾ, പോസ്റ്ററുകൾ, സിനിമകൾ എന്നിവ നിരുത്സാഹപ്പെടുത്തേണ്ടതാണ് .

അതിഭീകരമായ ഒരു ഉപഭോഗ സംസ്കാരത്തിലൂടെയാണ് നാം കടന്ന് പോവുന്നത്. പരസ്യങ്ങളുടെ മാസ്മരിക വലയത്തിലകപ്പെട്ട് സ്വയം നഷ്ടപ്പെട്ടവരായി മാറികൊണ്ടിരിക്കുകയാണ് നാം. റേഡിയോ, ടി. വി., വാർത്താമാധ്യമങ്ങളിലൂടെ പലതും ഗ്രഹിക്കുവാനാകുമെങ്കിലും അറിയാതെ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെക്കുറിച്ച് ബോധവാന്മാരാവേണ്ടിയിരിക്കുന്നു. വാർത്തകൾ കാതുകളുടെ കർണ്ണപടത്തെ തകർത്തിട്ടുപോലും നാം നിസ്സംഗതരാകുന്നതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്. ഇത് നമ്മുടെ ഗ്രാമത്തിലെ മാത്രം പ്രശ്നമല്ല പക്ഷെ നാമും അതിൽ നിന്നും മുക്തരല്ലല്ലോ

കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള ഈ പ്രയാണത്തിൽ നാം സ്നേഹവും സൗഹാർദ്ദവും മറന്ന് പോകുന്നുവോ. മനുഷ്യത്വം മരവിച്ച മനസ്സുകൾക്ക് സാംസ്കാരികരംഗത്തെ എങ്ങിനെ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും. അമൂല്യം എന്ന് കല്പിച്ച് മുൻഗാമികൾ നമ്മളിലേൽപിച്ച നൈതികമൂല്യങ്ങൾക്ക് അപചയം സംഭവിക്കുമ്പോൾ കയ്യും കെട്ടി നോക്കിനിൽക്കുന്നതെങ്ങിനെ. അതുകൊണ്ട് നാം മുന്നേറേണ്ടിയിരിക്കുന്നു. നമുക്ക് മുമ്പിൽ ഒരേ ഒരു വഴി , സംഘടിക്കുക, പ്രതിലോമ ശക്തികൾക്കെതിരെ പോരാടുക. വിജയം വരെ.

വാർഡ്	ക്ലബ്ബ്	വായനശാല ഗ്രന്ഥാലയം	സ്കൂൾ	എണ്ണം	കാവ്	വാടി	കേന്ദ്രം	
1.	3 എണ്ണം		എ. എം. എൽ. പി. ആൽപറമ്പ്	3 എണ്ണം	3	3		
2.	സി. എച്ച്. കൾച്ചറൽ സെൻറർ ജിംനേഷ്യാ സ്പോട്ടിംഗ്	മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് വായനശാല സി. എച്ച്. കൾച്ചറൽ സെൻറർ	മൂട്ടയൂർ എ. എം. എൽ പി. സ്കൂൾ	2 എണ്ണം		2 എണ്ണം		
3.	സെവൻ സ്റ്റാർ യൂത്ത് ക്ലബ്ബ്, കൊട്ടപ്പുറം ഫ്രൻസ് ക്ലബ്ബ് ഐ. ടി. എ. സ്പോർട്ടിംഗ്		ജി. എച്ച്. എസ് കൊട്ടപ്പുറം എ. എം. എൽ. പി. എസ് കൊട്ടപ്പുറം	3 എണ്ണം	ഒന്ന്	1		
4.	ഉല്ലാസ് (2 എണ്ണം) കിളിക്കൂട്	ആയിഷ വായനശാല വലിയപറമ്പ്		3 എണ്ണം	3 എണ്ണം			
5.	കിളിക്കൂട്, കാസ്ക് ചെറുമുറ്റം		പി. ടി. എ. എം.യു.പി.എസ് വെസ്റ്റ് എ. എം. എൽ. പി. ഈസ്റ്റ് എ. എം. എൽ. പി	7 എണ്ണം	2 എണ്ണം	1		
6.	രചന ക്ലബ്ബ് റെഡ് സ്റ്റാർ	രചന വായനശാല റെഡ് സ്റ്റാർ വായനശാല പൂക്കോയ തങ്ങൾ സ്മാരക വായനശാല	ഐ. എ. യു. പി. എസ്.	4 എണ്ണം	2 എണ്ണം	2 എണ്ണം	1	1
7.	ഓസ്കാർ ആലുങ്ങൽ	പുളിക്കൽ ഗ്രന്ഥാലയം ആൻറ് വായനശാല		2 എണ്ണം.	1 എണ്ണം	1 എണ്ണം		
8.	അറീന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്		എ. എം.എൽ പി. എസ്. ആന്തിയൂർ കുന്ന്	2 എണ്ണം	1 എണ്ണം	2 എണ്ണം		
9.	നൈയൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് സി. എച്ച് കൾച്ചറൽ സെൻറർ	കരടുകണ്ടം പൊതു വായനശാല	എ. എം. എം. എൽ. പി. പുളിക്കൽ എ. എം. എൽ. പി. സ്കൂൾ ചെവിട്ടാണിക്കുന്ന്	2 എണ്ണം	-	ഒന്ന് (1)		
10.	'ഡാക്ക' അരൂർ		എ. എം. യു. പി. എസ്. അരൂർ ജി. എച്ച് എസ്. തടത്തിൽ പറമ്പ-അരൂർ	2 എണ്ണം	ഏഴ്	ഒന്ന് (1) കെട്ടിടം ഇല്ല	6	1
11.	യംഗ്മെൻസ്	ഇഖ്ബാൽ വായനശാല	എച്ച്. ഐ. ഒ. എച്ച്. എസ്. ജി. എം. എൽ. പി. സ്കൂൾ	ഒന്ന്(1)	ഒന്ന്(1)	ഒന്ന്(1)		
12.	ഒകാസ്, പാസ്ക്	പൊതുജന ഗ്രന്ഥാലയം പുതിയേടത്ത്പറമ്പ്	എ. എം. എൽ. പി. എസ് ഒളവട്ടൂർ	നാല് (4)	രണ്ട്(2)	ഒന്ന്(1)		





5.9 വനിത

ജനപ്രാതിനിധ്യ നിയമമനുസരിച്ച് വനിതകൾക്ക് മൂന്നിലൊന്ന് സംവരണം ഭരണഘടനാപരമായി ഉറപ്പായിട്ടുണ്ടെങ്കിലും സാമൂഹ്യ രാഷ്ട്രീയ രംഗത്ത് വനിതകളുടെ പങ്കാളിത്തം വേണ്ടത്ര ഉണ്ടാകുന്നില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പഴയ കാലഘട്ടത്തിൽ നിന്നും ചുരുങ്ങിയതോതിലെങ്കിലുമുള്ള പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷെ സമൂഹത്തിന്റെ പുനഃസൃഷ്ടിക്കാവശ്യമായ മുന്നേറ്റം ഈ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പോലും അടിസ്ഥാനതലത്തിലോ കൂടിയാൽ സെക്കൻഡറി തലത്തിലോ ഒതുങ്ങുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. സാക്ഷരതാ പ്രവർത്തന ഘട്ടത്തിൽ പൊതുരംഗത്തേക്ക് സ്ത്രീകളെ കൊണ്ടുവരുന്നതിന്നും പ്രവർത്തനനിരതരാക്കാനും ഒരു പരിധിവരെ കഴിഞ്ഞിരുന്നു. എന്നാൽ പഞ്ചായത്തിലെ തന്നെ സാംസ്കാരിക പിന്നോക്ക മേഖലയിൽ ഇതും വേണ്ടത്ര ഏശിയില്ല എന്നതും ശ്രദ്ധേയമാണ്. വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ പുതിയ കർമ്മ പരിപാടികൾ പഞ്ചായത്തു തലത്തിൽ തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആകെ ജനസംഖ്യ 32764 ഉം അതിൽ 16226 സ്ത്രീകളാണ്.

മുൻകാലങ്ങളിൽ സാമൂഹികരംഗത്ത് സ്ത്രീകളുടെ പങ്ക് വളരെ കുറവായിരുന്നു. അക്കാലത്ത് പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നില്ല. അപൂർവ്വം ചിലർ എഴുത്തച്ഛന്മാരിൽ നിന്നും ഓത്തുപള്ളിയിൽ നിന്നും വിദ്യാഭ്യാസം നേടിയിരുന്നു. എന്നാൽ അധ:കൃത വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ നിലവാരം ശോചനീയമായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വം തന്നെയായിരുന്നു പ്രധാന കാരണം. ആചാരനുഷ്ടാനങ്ങളിലും വേഷവിധാനങ്ങളിലും ശോചനീയാവസ്ഥ പ്രകടമായിരുന്നു. എന്തിനധികം പറയുന്നു ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് മാറിടം മറക്കുന്നതുപോലും നിരോധിക്കപ്പെട്ടിരുന്നു.

പഴയ ആചാരാനുഷ്ടാനങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ സമൂഹത്തിൽ ശൈശവവിവാഹം നിലനിന്നു പോന്നിരുന്നു. സ്ത്രീകൾക്ക് അവരുടെ സ്വന്തമായ അഭിപ്രായം സ്വഭവനത്തിൽ പോലും പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചിരുന്നു. സ്വന്തം പിതാവിനോടും, ഭർത്താവിനോട് പോലും വാതിൽ മറചാരിനിന്നു സംസാരിച്ചിരുന്ന കാലഘട്ടത്തെപ്പറ്റി ഇന്നു നമുക്ക് ചിന്തിക്കാതിരിക്കാൻ കഴിയില്ല. എന്നിരുന്നാലും പുളിക്കൽ പഞ്ചായത്തിന്റെ ചരിത്രം നോക്കുകയാണെങ്കിൽ 1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് ചില വിഭാഗങ്ങളുടെ ഇടയിൽ പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നില്ല എങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് എത്താൻ പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീകളുടെ പ്രവർത്തനമേഖല അതതു അടുക്കളത്തളങ്ങളിൽ ഒതുങ്ങുകയായിരുന്നു.

പുളിക്കൽ പഞ്ചായത്തിലെ ആദ്യത്തെ ഉദ്യോഗസ്ഥ കളത്തിൽ തങ്ങൾ മാസ്റ്ററുടെ സഹോദരികളത്തിൽ മുത്തു ബീബി ടീച്ചർ കൊട്ടപ്പുറം മൊയ്തു മാസ്റ്ററുടെ ഭാര്യ പാത്തു ബീവി എന്നിവരെല്ലാം ഈ ഗണത്തിൽ ഉൾപ്പെടുന്നു. അതിനുശേഷം പഞ്ചായത്തിലെ ആദ്യ വനിതാ മെമ്പറായി വന്ന എം. യു. ദേവകി പഞ്ചായത്തിലെ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തിക്കൊണ്ടുവരാൻ സജീവമായി രംഗത്തു വന്നു.

സ്വാതന്ത്ര്യസമര പ്രസ്ഥാനം സജീവമായിരുന്ന

കാലത്ത് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഖാദി-നൂൽനൂൽപു കേന്ദ്രങ്ങൾ വഴി സ്വന്തം കുടുംബത്തേയും അതോടെ സമൂഹത്തെയും രക്ഷിക്കുന്നതിനും തന്റേതായ കഴിവു പ്രകടിപ്പിക്കാൻ തനിക്കും കഴിയും എന്ന ബോധം സ്ത്രീകൾക്കിടയിൽ വളർത്തിയെടുക്കുവാൻ വളരെയേറെ സഹായകമായിട്ടുണ്ട്.

1938ൽ ഇത്തരത്തിലുള്ള ഒരു നൂൽനൂൽപുകേന്ദ്രം പുളിക്കൽ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. 11 വയസ്സുള്ള പെൺകുട്ടികൾ പോലും ഈ കേന്ദ്രങ്ങളിൽ ജോലി ചെയ്തിരുന്നു. വളരെകാലം മിക്കവീടുകളിലും ഇതിന്റെ അനുബന്ധയൂണിറ്റുകൾ പ്രവർത്തിച്ചു വന്നിരുന്നു. 1921 ലെ ലഹളകാലത്ത് ബ്രിട്ടീഷുപട്ടാളത്തേയും അവരുടെ ദല്ലാളന്മാരായിരുന്ന നാട്ടുപ്രമാണിമാരെയും ഈ നാട്ടിൽ നിന്നും കെട്ടുകെട്ടിക്കാൻ സ്വാതന്ത്ര്യസമരനായകന്മാരുടെ നിദ്ദേശമുണ്ടായപ്പോൾ വിവിധമേഖലയിലെ തൊഴിലാളി-കർഷകാദി ബഹുജനങ്ങളോടൊപ്പം അനേകം സ്ത്രീകൾ പങ്കെടുത്തു എന്ന വസ്തുത പൂർവ്വകാല ചരിത്രങ്ങളിൽ നിന്നും, ജീവിക്കുന്ന ദൃക്സാക്ഷികളുടെ വാമൊഴികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ തന്നെ ഈ പഞ്ചായത്തിലെ 10ാം വാർഡിൽ അരൂരിൽ 30 സ്ത്രീകൾ ജോലിചെയ്തിരുന്ന നൂൽനൂൽപ്പ് കേന്ദ്രം നിലനിന്നിരുന്നു. പക്ഷെ ഏറെക്കാലം ഇവിടെ പിടിച്ചു നിൽക്കാൻ സാധിച്ചില്ല. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്തതിനാൽ ഇവിടെ നിന്നും സ്ഥലം മാറ്റപ്പെട്ടു.

1990 ലെ സാക്ഷരതാ പ്രസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഏറെ ശ്രദ്ധേയമായിരുന്നു. തന്മൂലം സ്ത്രീ സാക്ഷരതാ നിരക്ക് ഉയർത്തുവാനും അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടുന്നതിനും സാമൂഹിക അനാചാരങ്ങൾക്കും അനീതിക്കുമെതിരെ ശബ്ദിക്കുവാനുമുള്ള അറിവു നേടിക്കൊടുക്കുന്നതിനും സഹായിച്ചു.

1972-ൽ പുളിക്കൽ മഹിളാസമാജം നിലവിൽ വന്നു. ഇതിന്റെ കീഴിൽ കോഴിവളർത്തൽ, ആടുവളർത്തൽ, ബാലവാടി, തുന്നൽ പരിശീലനകേന്ദ്രം നേഴ്സറി, കുറ്റിമുല്ലച്ചെടി, സാക്ഷരതാപ്രവർത്തനം ബോധവൽക്കരണ കേമ്പ് എന്നീ മേഖലകളിൽ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. പുറമേ കൊണ്ടോട്ടി ബ്ലോക്ക് യൂണിയൻ മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ കൊണ്ടോട്ടി ബ്ലോക്ക് വനിതാ സഹകരണസംഘം പുളിക്കൽ ഏഴാം വാർഡിൽ പ്രവർത്തിക്കുന്നു. ഇതിന്റെ മുഖ്യപങ്ക് പുളിക്കൽ മഹിളാ സമാജമാണ് വഹിച്ചത്. ലീല. ജി.നമ്പ്യാർ, സുബൈദ.പി., അലീമ, എൻ. സുബൈദ, കെ.ടി. സൈനബ, എന്നിവർ സജീവ പങ്കു വഹിച്ചിട്ടുണ്ട്. സമാജ പ്രവർത്തകയായി കെ.ടി.സൈനബയെ തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പ്രിയ മഹിളാ സമാജം, ഉദയാ മഹിളാ സമാജം, നവരശ്മി മഹിളാ സമാജം. ഒകാസ് വനിതാ വേദി, ശിൽപിമഹിളാ സമാജം, അഗതി മഹിളാ സമാജം, പ്രിയദർശിനി മഹിളാ സമാജം, ലൗലി മഹിളാ സമാജം പാലകുഴി മഹിളാ സമാജം എന്നീ മഹിളാ സമാജങ്ങളും ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു.

സ്ത്രീകളുടേയും കുട്ടികളുടേയും സർവ്വതോന്മുഖമായ ഉന്നമനത്തെ ലക്ഷ്യമാക്കിക്കൊണ്ട് കൊണ്ടോട്ടി ഐ.സി.ഡി.എസ്. പ്രൊജക്ടിന്റെ കീഴിൽ പുളിക്കൽ പഞ്ചായത്തിൽ 1982ൽ 11 അംഗൻവാടികൾ തുറന്നു പ്രവർത്തന മാരംഭിച്ചു. കൂടാതെ 1994ൽ 7 അംഗൻവാടികൾ തുറക്കുകയും മൊത്തം 18 അംഗൻവാടികൾ ഇപ്പോൾ നിലവിൽ പ്രവർത്തിച്ചു-കൊണ്ടിരിക്കുകയും ചെയ്യുന്നു. അംഗൻവാടിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വനിതകളെ ബോധവൽക്കരിക്കുകയും, വനിതകൾ പൊതുരംഗത്തേക്ക് വന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഓരോ അംഗൻവാടിയും ഓരോ മാതൃരംഗം ഉണ്ടാക്കുകയും ആ മാതൃരംഗം മഹിളാ സമാജമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുകയും ചെയ്യുന്നു.

1994 ൽ സി.ബി.എൻ.പി. നിലവിൽ വരുകയും അയൽ കൂട്ടങ്ങൾ രൂപികരിക്കുകയും അതിന്റെ ഫലമായി ത്രിഫ്റ്റ് സൊസൈറ്റി രൂപികരിക്കുകയും ചെയ്തു. ഈ ത്രിഫ്റ്റ് സൊസൈറ്റികളിൽ സ്ത്രീകാണ് അംഗങ്ങൾ, പക്ഷെ ഈ രംഗത്ത് വേണ്ടത്ര ഫലം സിദ്ധിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്ത് പഠനപര്യടനം, സാമൂഹ്യ സാമ്പത്തിക സർവ്വേ, നീരൊഴുക്ക് സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ഉയർന്നാണ്. വനിതകളുടേത് മാത്രമായി ഏഴ് തൊഴിൽ യൂണിറ്റുകൾ D.W.E.R.A യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 500 ഓളം വീടുകളിൽ സത്രികളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാഭ്യാസത്തിലും പഠന പരീശിലനത്തിലും പെൺകുട്ടികളാണ് മുന്നിൽ എന്നാൽ ഉന്നത വിദ്യഭ്യസ രംഗംത്ത് പെൺകുട്ടികൾ കുറവായിട്ടാണ് കാണാൻ കഴിയുന്നത്.

അടിസ്ഥാന ആവശ്യങ്ങളുടെ അപര്യാപ്തതയാണ് ഇതിന് കാരണം.

തൊഴിൽ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991 ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാർ
കർഷകൻ	108	675
കർഷകതൊഴിലാളി	605	1585
മൃഗസംരംക്ഷണം	23	646
ചെറുകിട വ്യവസായം	44	522
കരങ്കല്ല്	200	498
ചെരിപ്പ്	11	25
മറ്റുള്ളവ	216	497
സർവ്വീസ് രംഗം	32	87

ക്രമ നമ്പർ	ഇനം	മെമ്പർമാർ	പു	സ്ത്രീ	ആകെ	ലാഭം നഷ്ടം
1)	നാളി-കേരസംഭരണം	-	-	-	-	-
2)	ജല്ലിനിർമ്മാണം (D.W.C.R.A)	60	-	60	60	ലാഭം
3)	ആട് വളർത്തൽ പായനെയത്ത് (D.W.C.R.A)	10	-	10	10	ലാഭം

സ്ത്രീകളുടെ പ്രശ്നങ്ങൾ

വമ്പിച്ച തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ രൂക്ഷമായ പ്രശ്നമാണ്. സ്ത്രീ പീഠനവും സ്ത്രീധന സമ്പ്രദായവും, അശ്ലീല പോസ്റ്ററുകൾ, പുരുഷന്മാരുടെ മദ്യപാനം മൂലം സ്ത്രീകൾ അനുഭവിച്ചുവരുന്ന യാതനയും പ്രശ്നങ്ങളാണ്.

പഞ്ചായത്തു തലത്തിൽ നിന്നും ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളെപറ്റിയും സ്ത്രീകൾ അറിയുന്നില്ല. സ്ത്രീകളെ അത്തരം രംഗത്ത് പങ്കാളികളാക്കുന്നില്ല എന്നതാണ് വസ്തുത.

തുല്യ ജോലിചെയ്യുന്ന സത്രിയും പുരുഷനും തമ്മിൽ കൂലി നിരക്കിൽ വളരെ അന്തരമുണ്ട്.

കൂലി നിരക്ക്

തൊഴിൽ മേഖല	സ്ത്രീ	പുരുഷൻ
കരിങ്കൽ	70	100
ചെങ്കൽ	80	100
ചെരിപ്പ്	40	70
ഇഷ്ടിക	50	80
മറ്റുള്ളവ	50	75

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ

വനിതകളെ മുന്നോട്ട് കൊണ്ട് വരുവാൻ വനിതകൾക്കും പുരുഷന്മാർക്കും ബോധവൽക്കരണം നടത്തുക.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖല മെച്ചപ്പെടുത്തുക

വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുവാനും പരിശീലനം കൊടുക്കുവാനുള്ള സാഹായം നൽകുക.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സാമ്പത്തിക സഹായം നൽകുക.

വാർഡുതലത്തിൽ മഹിളാ സമാജങ്ങൾ രൂപീകരിക്കുക. നിലവിലുള്ള മഹിളാ സമാജങ്ങൾക്കും മറ്റുമഹിളാ സംഘടനകൾക്കും വേണ്ടത്ര സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുക.

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും നിർമ്മിച്ചുകൊടുക്കുക. ആവശ്യമെന്നു തോന്നുന്ന ഭാഗത്ത് പുതിയ അംഗൻവാടികൾ സ്ഥാപിക്കുക.

അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനം നൽകുക. അംഗൻവാടിയിൽ വരുന്ന ജോലി ഒഴിവുകളിലേക്ക് പഞ്ചായത്തു തലത്തിലുള്ളവർക്ക് പ്രാതിനിധ്യം കൊടുക്കുക

സി.ബി.എൻ.പി. പ്രവർത്തകർക്ക് വേണ്ടത്രസഹായം നൽകുക. ഓഫീസ് നിർമ്മിച്ചുകൊടുക്കുക.

പഞ്ചായത്തു തലത്തിലും വാർഡുതലത്തിലും മദ്യനിരോധന കമ്മറ്റികൾ സംഘടിപ്പിക്കുക.

സ്ത്രീകളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് - വാർഡു മേഖലയിൽ വനിത കമ്മറ്റികൾ രൂപികരിക്കുക.

സ്ത്രീ പീഠനത്തിന് ഇരയാകുന്നവർക്ക് ധനസഹായം നൽകുക. സംരംക്ഷണവും നൽകുക.

സ്ത്രീകൾക്ക് ക്ഷേമ നിധി ഏർപ്പെടുത്തുക.

വികലാംഗരായ സ്ത്രികൾക്ക് തൊഴിലും സാമ്പത്തിക സഹായവും നൽകുക.

വിധവാ - അവിവാഹിത - അഗതി മുതലായവർക്ക് തൊഴിൽ ധന സഹായംനൽകുക

താഴ്ന്ന വരുമാനക്കാർക്കും വിധവകളുടെ മക്കൾക്കുമുള്ള വിവാഹ ധന സഹായം വർദ്ധിപ്പിക്കുക. അത് യഥാസമയത്ത് നൽകുക.

അനാഥ മന്ദിരങ്ങൾ സ്ഥാപിക്കുക.

സാമ്പത്തിക ശേഷിയില്ലാത്തതും ഭൂമിയില്ലാത്തതുമായ കുടുംബനാഥകളായ സ്ത്രീകൾക്ക് ധനസഹായം അനുവദിക്കുക.

കുടിവെള്ളം ലഭിക്കുവാൻ പ്രയാസമുള്ള മേഖലയിലേക്ക് പൈപ്പുലൈൻ സ്ഥപിച്ച് ശുദ്ധജലമെത്തിക്കുക.

ആർഭാടത്തോടെയുള്ള വിവാഹ ചടങ്ങുകൾ ഒഴിവാക്കുക.

സാക്ഷരതാ പ്രവർത്തകരായിട്ടുള്ള സ്ത്രീകൾക്ക് സർക്കാർ തൊഴിലിൽ മുൻഗണന നൽകുക.

പുളിക്കൽ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളുകൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ പ്രദേശത്തെ സ്ത്രികൾക്ക് തൊഴിൽ നൽകുക.

സ്ത്രീകൾ കൂടുതലുള്ള പുളിക്കൽ പഞ്ചായത്തിൽ സ്ത്രീകൾക്ക് മുൻഗണനയും നേതൃത്വപരമായ സഹായവും നൽകുക.

വാർഡുതലത്തിൽ വനിതാവായനശാല, ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.

വിധവാ പെൻഷൻ, കർഷകപെൻഷൻ എന്നിവ വർദ്ധിപ്പിക്കുക. അവ യഥാസമയം വിതരണം ചെയ്യുക. വാർദ്ധക്യ പെൻഷൻ പ്രായം 55 വയസാക്കുക. വനിതാ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുക.

രാഷ്ട്രിയ സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

25 ൽ കൂടുതൽ അംഗങ്ങളുള്ള മഹിളാസമാജങ്ങൾ വിഭജിക്കുക. വനിതകൾക്കായുള്ള തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുക. സോഷ്യൽ വെൽഫേർ മുഖാന്തിരമുള്ള പഠനം സ്ത്രീകൾക്ക് അനുവദിക്കുക.

സ്ത്രീധന നിരോധനത്തിനുവേണ്ടി വാർഡ് അടിസ്ഥാനത്തിൽ കമ്മറ്റികൾ രുപീകരിക്കുക.

വ്യവസായ സംരംഭങ്ങളിൽ സ്ത്രികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ നൽകുക. സ്വയംതൊഴിൽ, കുടിൽ വ്യവസായം തുന്നൽ കോഴിവളർത്തൽ പലഹാരമുണ്ടാക്കൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നീ യൂണിറ്റുകൾ തുടങ്ങാൻ പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുക.

സഹകരണ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക
സ്ത്രികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി സഹകരണ കോളേജുകൾ സ്ഥാപിക്കുക.

തയ്യൽ പരിശിലന കേന്ദ്രങ്ങൾ രൂപികരിക്കുക.
സ്ത്രീകളെ വഴിതെറ്റിക്കുന്ന പൈങ്കിളി മാസികകളും അശ്ലില പോസ്റ്ററുകളും നിരോധിക്കുക.
മുതിർന്ന സ്ത്രികൾക്ക് തൊഴിൽ പഠിക്കാനുള്ള യൂണിറ്റുകൾ തുടങ്ങുക.

മിനിമം പ്രിഡിഗ്രി വരെയെങ്കിലും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിർബന്ധമാക്കുക.
അർഹരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുകയും അവർക്ക് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ ശാലകൾ തുറന്ന് കൊടുക്കുക.

സ്ത്രീ കുടുംബനാഥയായി വരുമ്പോൾ ആ കുടുംബത്തിന് അർഹതപ്പെട്ട സ്വയംതൊഴിൽ യൂണിറ്റുകൾ നൽകുന്നതിനുള്ള ലോണുകൾക്ക് പഞ്ചായത്തുകൾ വഴി മുൻഗണന നൽകുക.
സ്ത്രീകൾക്ക് കൂട്ടായി സഹകരിക്കത്തക്കരീതിയിൽ കൃഷി ചെയ്യുന്നതിനു സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള യൂണിറ്റുകൾ പഞ്ചായത്ത്തലത്തിൽ രൂപികരീക്കുക.

പൊതു വിതരണ കേന്ദ്രങ്ങളിൽ നിത്യോപയോഗസാധനങ്ങളുടെ വിലവിവരം പ്രദർശിപ്പിക്കുക.

സ്ത്രീധന പീഢനം കുറക്കുന്നതിന് വേണ്ടി മത സംഘടനകളെ ഉൾപ്പെടുത്തി ബോധവത്കരണം നടത്തുക. ത്രിഫ്റ്റ് സൊസൈറ്റിയുടെ പ്രവർത്തനം ഗവൺമെൻറ് ഏറ്റെടുക്കുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.100 വീടുകൾക്ക് ഒരു അംഗൻവാടി വീതം അനുവദിക്കുക.

ആരോഗ്യസംരക്ഷണത്തിനായി ഹെൽത്ത് സെൻറുകൾ സ്ഥാപിക്കുക. കുന്നുകളും മലകളും നിറഞ്ഞപ്രദേശങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളുടെ സൗകര്യം പരിഗണിച്ച് വാർഡുതലത്തിൽ ആയൂർവേദ -ഹോമിയോ ഡിസ്പെൻസറികൾ, പ്രകൃതിചികിത്സാകേന്ദ്രം തുടങ്ങിയവ സ്ഥാപിക്കുക. ഇവിടങ്ങളിൽ ഈ പഞ്ചായത്തിലെ തന്നെ സ്ത്രീകളെ ജീവനക്കാരികളാക്കി വനിതകളുടെ തൊഴിൽ മേഖല വർദ്ധിപ്പിക്കുക.
ബ്ളോക്ക് പഞ്ചായത്ത് ആശുപത്രികളിൽ സ്ത്രീ ജീവനക്കാരെ നിയമിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നതിന് വാർഡുതലത്തിൽ ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

ഖാദി-നൂൽനൂൽപുവ്യവസായത്തിൽ മുൻകാലങ്ങളിൽ ജോലി ചെയ്തിരുന്ന സ്ത്രീതൊഴിലാളികൾക്ക് അർഹമായ പെൻഷൻ നൽക്കുക. അത്തരം യൂണിറ്റുകൾ പുന:സ്ഥാപിക്കുക. ആ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. തയ്യൽ പരീശീലന കേന്ദ്രങ്ങൾ എല്ലാവാർഡുകളിലും ആരംഭിക്കുക.

സർക്കാറിൽ നിന്നുള്ള ആനുകൂല്യങ്ങളും പദ്ധതികളും അറിയിപ്പുകളും യഥാസമയങ്ങളിൽ റേഷൻഷാപ്പുകൾ ബസ്സ്റ്റോപ്പുകൾ, സർക്കാർ ആപ്പീസുകൾ, വായനശാലകൾ എന്നിവയിൽ പ്രദർശിപ്പിക്കുക. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.

എല്ലാവീടുകളിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള വിത്തും വളവും സൗജന്യനിരക്കിൽ അനുവദിക്കുക.

പൊതു വിതരണമേഖല ശക്തിപ്പെടുത്തുക. മാവേലി സ്റ്റോറുകൾ റേഷൻ ഷോപ്പുകൾ എന്നിവയിൽ സ്ത്രീതൊഴിലാളികളെ നിയമിക്കുക.

പഞ്ചായത്തിൽ ഉദ്യോഗ രംഗത്ത് സ്ത്രീകൾക്ക് പ്രാതിനിധ്യം കുറവാണ്. ഇത് നികത്തണം.

സ്ത്രീകളെ തൊഴിൽ രംഗത്തേക്കും മറ്റു സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലേക്കും കടന്നുവരുവാൻ വാർഡുതലത്തിൽ ഫലവത്തായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, വിദ്യാലയങ്ങളിൽ വിളിക്കുന്ന മാതൃസംഗമങ്ങളിൽ അമ്മമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

പാൽ ഉൽപ്പന്ന സംസ്കരണ യൂണിറ്റുകൾ തുടങ്ങുകയും വനിതകൾക്ക് കൂടുതൽ തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയും ചെയ്യുക.

ഇങ്ങനെ ആനുകാലിക സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ അത്യാവശ്യമായ ഈ സമയത്ത് സ്ത്രീകൾ അടുക്കളകളുടെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങാതെ എല്ലാ ചട്ടക്കൂട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ എല്ലാ രംഗത്തേക്കും കടന്നുവരേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായി ഫലപ്രദമായ ഉപദേശനിർദ്ദേശങ്ങളും, ബോധവത്കരണങ്ങളും നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി മത രാഷ്ട്രീയ സാംസ്കാരിക സാമൂഹ്യ സംഘടനകൾ മുന്നോട്ട് വന്നാൽ നമ്മുടെ നാട്ടിനെ എല്ലാ മേഖലകളിലും ഉയർത്തികൊണ്ട് വരുവാൻ സാധിക്കും ഒരു പുരുഷൻ വിദ്യ അഭ്യസിച്ചാൽ ഒരു വ്യക്തി നന്നാവുകയൊള്ളു എന്നാൽ ഒരു സ്ത്രീ വിദ്യ അഭ്യസിച്ചാൽ ഒരു സമൂഹം നന്നായിയെന്ന സത്യത്തിൽ അധിഷ്ഠിതമായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ.

5.10
സഹകരണസംഘങ്ങൾ



"Each for all and all for each"(ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും)

റെയ്ഫീസൻ

"കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ പിൻതലമുറക്ക് ഭാഗിച്ചു കൊടുത്തുകൊണ്ട് മരണമടയുന്ന ഇന്ത്യൻ കർഷകരെ" മോചിപ്പിക്കുന്നതിന്നായി 1904-ലെ Xാം നമ്പർ ആക്ട് പ്രകാരം ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം നിലവിൽ വന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതാണ് ഇന്നുള്ള സഹകരണ പ്രസ്ഥാനം. 1969 ാം കൊല്ലത്തിൽ ഈ വിഷയം സംസ്ഥാനങ്ങൾക്ക് കൈമാറി. എല്ലാ മേഖലകളിലും മുൻപന്തിയിലെത്തിയിരിക്കുന്നു ഇന്നു സഹകരണ പ്രസ്ഥാനം

30,000 ത്തിലധികം ജനങ്ങൾ വസിക്കുന്ന പുളിക്കൽ പഞ്ചായത്തിൽ ഭൂരിഭാഗവും കർഷകരാണ്. വിവിധ മേഖലകളായി 6 സഹകരണ സംഘങ്ങളാണ് ഈ പ്രദേശത്ത് നിലവിലുള്ളത്. അവ താഴെ കൊടുക്കുന്നു.

1. പുളിക്കൽ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം No.F 1892
2. പുളിക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം No. M.251
3. പുളിക്കൽ ഗട്ട്നിർമ്മാണ സഹകരണ സംഘം
4. കൊണ്ടോട്ടി ബ്ളോക്ക് വനിതാ സഹകരണ സംഘം SIND(M)24
5. രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ.

കാർഷിക മേഖലയിൽ പുളിക്കൽ സർവ്വീസ് സഹകരണ ബേങ്കും, പുളിക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘവും പ്രവർത്തിക്കുന്നു. മുകളിൽ പറഞ്ഞ സംഘങ്ങൾ ഒഴിച്ചാൽ വിപുലമായ ഈ മേഖലക്ക് പഞ്ചായത്തിലെ സ്ഥാനം വളരെ പിന്നിലാണ്.

3000 ത്തിലധികം കർഷക കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ കാർഷിക വായ്പകൾ രണ്ട് സംഘങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകാൻ ഈ സംഘത്തിന് സാധിക്കുന്നില്ല.

മുകളിൽ കൊടുത്ത സഹകരണ സംഘങ്ങളെക്കുറിച്ച് ഇനം തിരിച്ച് താഴെ പ്രതിപാദിക്കുന്നു.

പുളിക്കൽ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം NO. F 1892

1964-ൽ ശ്രീ. പി.എം. കാതർ ഹാജി, കെ.പി. വീരാൻ കുട്ടി, എം.വി.എ. പറങ്ങോടൻ മാസ്റ്റർ, എൻ. ഗോവിന്ദൻ, എൻ.കെ. എസ്. തങ്ങൾ, കെ.സി. മോനുദ്ദീൻ ഹാജി, കെ.പി. മുഹമ്മദ് കുട്ടി, കെ.പി. മുഹമ്മദ്, പി.പി. മുഹമ്മദ്, മോയിൻ കുട്ടി ഹാജി, കെ. വീരാൻ, കുറ്റിപ്പൊളിയൻ രായിൻകുട്ടി ഹാജി, എൻ.കെ.എസ്. കാസ്മികോയ തങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ 436 അംഗങ്ങളോട് കൂടി 6. 2. 64 ൽ രജിസ്റ്റർ ചെയ്യുകയും 21. 2 64 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പി.എം. കാദർ ഹാജിയായിരുന്നു ചീഫ് പ്രമോട്ടർ. 21. 2. 64ൽ ആദ്യയോഗം ചേരുകയും ശ്രീ. പി.എം. കാദർഹാജിയെ (Late) പ്രസിഡണ്ടായും, ശ്രീ. പി.പി. മുഹമ്മദിനെ സെക്രട്ടറിയായും(ഓണറേറിയം) തിരഞ്ഞെടുത്തുകൊണ്ട് ആദ്യ ഭരണസമിതി നിലവിൽ വന്നു. സിക്രട്ടറി പി.പി. മുഹമ്മദിന്റെ അശ്രാന്ത പരിശ്രമഫലമായി ഇന്ന് ബാങ്ക് ക്ളാസ്സ് Iൽ എത്തിനിൽക്കുന്നു. ടി. ആലി പ്രസിഡണ്ടായും കെ. ടി. മൂസ്സക്കുട്ടി സെക്രട്ടറിയായും ഈ സ്ഥാപനം ഇന്ന് അനവരതം, അനസ്യൂതം വളർന്നു വരുന്നു.

മുൻകാല പ്രസിഡണ്ടുമാർ:

ശ്രീ. പി.എം. കാദർഹാജി, ടി.പി. സെയ്ത് അഹമ്മദ്, കെ.വി. മുഹമ്മദ് ഹാജി, കെ.പി. കുഞ്ഞമ്മത്, പി.പി. മൂസ്സ.

അംഗങ്ങളുടെ മിതമായ കാർഷികാവശ്യങ്ങൾ പരിഹരിക്കുന്നതിന് ഒരു കോടി രൂപ വർഷം തോറും ആവശ്യമാണ്. എന്നാൽ 1995 – 96 കാലംവരെ 15 ലക്ഷത്തോളം രൂപയെ കാർഷികാവശ്യങ്ങൾക്ക് ആവശ്യത്തിന് നൽകാൻ സാധിച്ചിട്ടുള്ളു. കാർഷിക വായ്പകളിൽ നബാർഡ്, R.B.I, ജില്ലാബാങ്ക് എന്നീ സ്ഥാപനങ്ങൾ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതും കൃത്യമായി വായ്പ തിരിച്ചടവ് വരാതിരിക്കുന്നതും ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. എല്ലാവർഷവും ക്രെഡിറ്റ് സ്റ്റേറ്റ് മെൻറ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹമായ എല്ലാവർക്കും വായ്പ നൽകുവാനുള്ള സംവിധാനം നിലവിലില്ല.

ത്രി ടയർ സിസ്റ്റം ഒഴിവാക്കി നബാർഡ് നേരിട്ട് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പകൾ നൽകിയാൽ മാത്രമെ കാർഷിക വിതരണം ഉദ്ദേശിച്ച രീതിയിൽ വിതരണം ചെയ്യാൻ സാധിക്കുകയുള്ളു.

ബാങ്കിന്റെ 30. 9. 96 കാലത്തെ പ്രവർത്തനത്തെപ്പറ്റിയുള്ള പട്ടിക താഴെ ചേർക്കുന്നു.

പുളിക്കൽ സഹകരണ ബാങ്ക് ക്ലിപ്തം NO F 1892

30. 9. 96

I		
1	സ്ഥാപനത്തിന്റെ പേര്	പുളിക്കൽ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം NO F 1892
2	പ്രവർത്തന പരിധി	പുളിക്കൽ പഞ്ചായത്ത്
3	ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്
4	പ്രവർത്തനം ആരംഭിച്ച വർഷം	1964
5	ആകെ അംഗങ്ങൾ	8213
6	ഒരു ഓഹരിയുടെ വില	5രൂപ
7	അംഗീകൃത ഓഹരിമൂലധനം	5,10,000
8	പിരിഞ്ഞു കിട്ടിയ. ഓഹരിമൂലധനം	77,3155
9	സർക്കാർ ഓഹരിയുണ്ടോ	ഉണ്ട്
10	ഉണ്ടെങ്കിൽ ലഭിച്ച തുക	250200
11	പരമാവധി കടം എടുക്കാവുന്ന തുക	25,000
II	പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ	
	a. സ്ഥിരം	61,28,965
	b. ഹ്രസ്വകാലം	39,27,344
III	നൽകിയിട്ടുള്ള വായ്പകൾ	
	a. കാർഷിക വായ്പകൾ	15,17,018
	b. മറ്റു വായ്പകൾ	
	NAST	12,46,584
	Gold Loan	97,44,885
	c. പ്രത്യേക വായ്പകൾ	
	1. IRDP,LT Well, IRDPLT	22,1062

ബാങ്ക് കാർഷികവായ്പകൾ, കാർഷികേതരവായ് പകൾ, സ്വർണ്ണാഭരണ പണയവായ്പകൾ, IRDP വാ യ്പകൾ, സർക്കാറിന്റെ പ്രത്യേക നിർദ്ദേശപ്രകാര മുള്ള CCDP വായ്പകൾ CNCRA വായ്പകൾ എന്നി വ നൽകിവരുന്നു.

കൂടാതെ സേയ്ഫ് ലോക്കർ സൗകര്യവും ലഭ്യമാ ണ്. വ്യക്തി ജാമ്യത്തിൻമേൽ 5000 രൂപയും സ്വത്ത് ജാമ്യത്തിൻ മേൽ 25,000 രൂപയും വായ്പകൾ നൽകുന്നു. 5. 5. 96 ന് ചേർന്ന പൊതുയോഗത്തിൽ ആൾ ജാമ്യത്തിൻ മേൽ 10,000 രൂപയും സ്വത്ത് ജാ മ്യത്തിൻമേൽ 50,000 രൂപയും ആക്കി മാറ്റി നിശ്ച യിക്കാൻ തീരുമാനമെടുത്തിരുന്നുവെങ്കിലും റജിസ്ട്രാ റുടെ അനുമതി ലഭിക്കാത്തതിനാൽ ഇത് ന ടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ബാങ്ക് മുൻകാലത്ത് നിയമിച്ച ജീവനക്കാരെ ഇന്നും ബാങ്കിൽ ജോലി ചെയ്യുന്നുള്ളു. ഇതു കാരണം പുരോ ഗതിക്കനുസരിച്ച് വേഗത പല ഇടപാടുകൾക്കും ല ഭിക്കുന്നില്ല. ബാങ്കിന്റെ ക്ളാസ് തിരിച്ച് മിനിമം ജീ വനക്കാരെ നിയമിക്കാനെങ്കിലും ശ്രദ്ധിക്കേണ്ടിയിരി ക്കുന്നു.

നിലവിൽ കേരഫെഡിന്റെ നിർദ്ദേശാനുസരണം കൊപ്രസംഭരണം നടത്താറുണ്ട് . എന്നാൽ ഈ മേഖ ലയിൽ വളരെയധികം പിന്നിലാണ് ഈ ബാങ്ക്. കൊപ്രസംഭരണം വികസിപ്പിക്കാനുള്ള പദ്ധതികൾ ന ടപ്പിലാക്കേണ്ടതാണ്. Capexന്റെ നിർദ്ദേശാനുസരണം കാലാകാലങ്ങളിലായി കശുവണ്ടി സംഭരണം ന ടത്തുന്നുണ്ട്. F.A.C.T യുടെ ഒരു വളം ഡിപ്പോ ബാ ങ്കിൽ പ്രവർത്തിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. ഓഡിറ്റ് സർക്കാർ ചിലവിലാക്കുക.
2. ചീഫ് എക്സിക്യൂട്ടീവിന്റെ ശമ്പളത്തിലേക്കുള്ള മാ നേജിരീൽ സബ്സിഡി കാലാകാലങ്ങളിൽ നില നിറുത്തുക.
3. ഗവൺമെൻറിന്റെ ഷെയർ സംഖ്യ വർദ്ധിപ്പിക്കുക.
4. വിദേശത്തുള്ളവരുടെ നിക്ഷേപങ്ങൾ സ്വീകരി ക്കുന്നതിനും മറ്റും ആവശ്യമായ നിയമനിർമ്മാണം നടത്തുക.
5. ആവശ്യമായ എല്ലാവർക്കും വായ്പ അനുവ ദിക്കാൻ ഫണ്ട് അനുവദിക്കുക.

2. പുളിക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം NO. M 251 ആന്തിയൂർകുന്ന് പി.ഒ

15. 10. 1976 ൽ രജിസ്റ്റർ ചെയ്യുകയും എം.പി. കൊലവൻ ചീഫ് പ്രമോട്ടറായി 1. 11. 76 ൽ പ്രവ ർത്തനം ആരംഭിച്ച ഒരു സംഘമാണിത്. പുളിക്കൽ പഞ്ചായത്ത് മുഴുവനും ചെറുകാവ് പള്ളിക്കൽ, ചേ ലേമ്പ്ര, വാഴയൂർ എന്നീ പഞ്ചായത്തുകളെ ഈ സംഘത്തിലെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തി യിരിക്കുന്നു. ചെറുകാവ്, ചേലേമ്പ്ര, പള്ളിക്കൽ, വാ ഴയൂർ പഞ്ചായത്തുകളെ ഈ സംഘത്തിന്റെ പരി ധിയിൽ ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. മൊത്തം 569 അംഗങ്ങളുണ്ട്. സംഘത്തിന് സ്വന്തമായി സ്ഥലവും ഓഫീസ് കെട്ടിടവുമുണ്ട്.

ഗവൺമെൻറിൽ നിന്നും പ്രവർത്തന മൂലധന ഗ്രാൻറായി അനുവദിച്ച പതിനായിരം രൂപയും ഷെയ ർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ലഭിച്ച 1 ലക്ഷം രൂപയും മെമ്പർമാർക്ക് IRDP കാർഷിക വായ് പകളായ് വിതരണം ചെയ്തിട്ടുണ്ട്. കരിങ്കൽചില്ലി ഉട യ്ക്കുന്നതിന് അനുവദിച്ച 50,000 രൂപ വിനിയോ ഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇരുപത് വർഷമായിട്ടും ജി ല്ലാ സഹകരണബാങ്കിൽ അംഗമല്ലാത്തതിനാൽ ജി ല്ലാ ബാങ്കിൽ നിന്നുള്ള വായ്പകൾ ഒന്നും ലഭിക്കുന്നി ല്ല. ഗവൺമെൻറ് ഗ്രാൻറുകളെ ആശ്രയിച്ചു മാത്രമാ ണ് പ്രവർത്തനം നടത്തുന്നത്. കാലാവധിക്കു മുമ്പ് വായ്പകൾ തിരിച്ചടക്കുന്ന അംഗങ്ങൾക്ക് മുഴുവൻ പലിശയും സർക്കാറിൽ നിന്ന് പലിശ സബ്സിഡിയാ യി ലഭിക്കുന്നു. അംഗങ്ങൾ ഷെയർ വിലയുടെ പത്ത് ശതമാനം അടച്ചാൽ 90 ശതമാനം തുകയും ഗവൺ മെൻറിൽ നിന്നും ഷെയർ ഗ്രാൻറായി ലഭിക്കുന്നു. ഇത് പട്ടിക ജാതി സഹകരണ സംഘത്തിന്റെ മാത്രം പ്രത്യേകതയാണ്. എന്നാൽ 93- 94 കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2,52,967 രൂപ 33 പൈസ നഷ്ടത്തിലാണ് ഈ സംഘം. ഈ സംഘത്തിന്റെ കീഴിൽ ഒരു ട്രാക്റ്ററുണ്ട്. ഈ സംഘത്തിൽ ജീവ നക്കാരനായി സെക്രട്ടറി മാത്രമെ ഉള്ളൂ. ഷെയറായും ഗ്രാൻറായും ലഭിച്ച 2 ലക്ഷം രൂപ കാർഷിക IRDP വാ യ്പകളായി വിതരണം ചെയ്തത് 70 ശതമാനവും അവധി ബാക്കിയായി നിൽക്കുന്നത് സംഘത്തിന്റെ സുഗമമായ പ്രവർത്തനത്തിനും നഷ്ടത്തിനും കാര ണമായിട്ടുണ്ട്.

നിർദ്ദേശങ്ങൾ

a. പട്ടിക ജാതി സഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം ഗവൺമെൻറിൽ നിന്നും ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

b. പട്ടികജാതി സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ജീവനക്കാർക്ക് 80 ാം വകുപ്പ് ബാധകമാക്കുകയും ചെയ്യുക.

c. ഈ സംഘത്തെ ജില്ലാ സഹകരണ ബേങ്കിൽ അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

d. സംഘത്തിൽ നിന്നും അംഗങ്ങൾക്ക് നൽകിയ വായ്പകളിൽ 70% ത്തിൽ അധികം അവധി ബാക്കിയാണ്. അവധി ബാക്കിയായ കടങ്ങൾ പിരിച്ചെടുക്കുന്നതിന് ഭരണസമിതി അംഗങ്ങളും ജീവനക്കാരനും നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും അവധി ബാക്കി പിരിക്കുന്നതിനും, ബിൽഡിംഗ് ഫണ്ടിൽ ബാക്കി നിൽക്കുന്ന 44,000 രൂപ വിനിയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട അധികാരികൾ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

സംഘത്തിന്റെ 30. 6. 96 ലെ പ്രവർത്തനത്തെപ്പറ്റിയുള്ള പട്ടിക താഴെ ചേർക്കുന്നു.

8. പുളിക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം NO M 251

ആന്തിയൂർകുന്ന് പി.ഒ.

I		
1.	സ്ഥാപനത്തിന്റെ പേര്	പുളിക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം NO M 251
2	പ്രവർത്തന പരിധി	പുളിക്കൽപഞ്ചായത്ത്
3	ക്രെഡിറ്റ്/നോൺക്രെഡിറ്റ്	ക്രെഡിറ്റ്
4	പ്രവർത്തനം ആരംഭിച്ച വർഷം	1976
5	ആകെ അംഗങ്ങൾ	569
6	ഒരു ഓഹരിയുടെ വില	10 ഉറുപ്പിക
7	അഗീകൃത ഓഹരി മൂലധനം	1220000
8	പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം	20841
9	സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്
10	ഉണ്ടെങ്കിൽ ലഭിച്ച തുക	100000
11	പരമാവധി കടം എടുക്കാവുന്ന തുക	3000
II പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ		
	a. സ്ഥിരം	Nil
	b. ഹ്രസ്വകാലം- S.B.	36846
III നൽകിയിട്ടുള്ള വായ്പകൾ		
	a. കാർഷിക വായ്പകൾ	108654
	b. പ്രത്യേക വായ്പകൾ.	
	c. IRDP	47499

3. പുളിക്കൽ ഗട്ട് നിർമ്മാണ സഹകരണ സംഘം

ഗട്ട് നിർമ്മാണ തൊഴിലാളികൾ 1957 ൽ രൂപീകരിച്ച സഹകരണസംഘമാണ് പുളിക്കൽ ഗട്ട് നിർമ്മാണ സഹകരണ സംഘം

പരുത്തി കാർഡിംഗിന് മെഷിനറി വന്നപ്പോൾ ഗട്ടിന് മാർക്കറ്റില്ലാതായി. പിന്നീട് ടാനറി ബോൺ ക്രഷിംഗ്, ലതർ യൂനിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ഖാദി ബോർഡ് സഹായത്തോടെ നടത്തി. പ്രായോഗികമായി ലാഭകരമായി നടത്താൻ കഴിയാതെ വന്നു. ആയതിനാൽ സഹകരണ സംഘത്തിന്റെ എല്ലാ പ്രവർത്തനവും നിർത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ലോൺ മുഴുവനും മടക്കി അടച്ചു യാതൊരു ബാധ്യതയും ഇല്ലാതെ സംഘം ഇന്നും നിലനിൽക്കുന്നു.

പുതിയ പ്രവർത്തന മേഖല കണ്ടുപിടിക്കാൻ ശ്രമിച്ചെങ്കിലും മെമ്പർമാർ ലോൺ വാങ്ങാൻ അനുവദിക്കാത്തതിനാൽ പ്രവർത്തനം ആകെ സ്തംഭിച്ചു പോയി. മെമ്പർമാരുടെ പൊതു ആവശ്യം സ്ഥാപനത്തിന്റെ ആസ്തി വിറ്റ് ഓഹരി വീതം വെക്കണമെന്നാണ് സഹകരണ നിയമപ്രകാരം അനുവദനീയമല്ലാത്തതിനാൽ അങ്ങനെ തീരുമാനം എടുക്കാൻ സാധിക്കാതെ വന്നു. ഈ സാഹചര്യത്തിൽ ലോൺ എടുത്തു പുതിയ വ്യവസായം തുടങ്ങാൻ കഴിയാതെ വന്നതിനാൽ ഖാദി ബോർഡ് മലപ്പുറം ഓഫീസിലേക്ക് എഴുതിയെങ്കിലും പുതിയ ഭരണസമിതി രൂപീകരിച്ചിട്ടില്ല.

ഈ സംഘത്തിൽ ആകെ 91 മെമ്പർമാരും 3625 ഉറുപ്പിക ഓഹരി മൂലധനവുമുണ്ട്. കൂടാതെ താഴെ പറയുന്ന ആസ്തികളുമുണ്ട്.

മലപ്പുറം ഡിസ്ട്രിക് ട്രഷറിയിൽ 3640 ഉറുപ്പികയും പുളിക്കൽ സർവ്വീസ് സഹകരണ ബേങ്കിൽ 40247 ക.യും കയ്യിരുപ്പുണ്ട്. ചെറുകാവ് വില്ലേജിൽ 75 സെൻറ് ഭൂമി റോഡ് സൈഡിലും, പുളിക്കൽ വില്ലേജിൽ ഓഫീസും നിലകൊള്ളുന്ന ഇരുനില കെട്ടിടവും റോഡ് സൈഡിലാണ് സ്ഥിതി ചെയ്യുന്നത്. സുമാർ ഈ സ്വത്തിന് മതിപ്പ് വില 7 ലക്ഷത്തോളം ഉറുപ്പിക ലഭിക്കുമെന്ന് ഉറപ്പുണ്ട്. കൂടാതെ 2000 ത്തിലധികം രൂപയുടെ ഫർണിച്ചറുകളും സ്വന്തമായിട്ടുണ്ട്.

1995-96 കാലംവരെയുള്ള എക്കൗണ്ടുകൾ ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. സ്ഥാപനം ഏറ്റെടുത്ത് നടക്കുകയാണെങ്കിൽ നേരിട്ടും പരോക്ഷമായും 100 പേർക്ക് ജോലി കിട്ടുന്നതിന് വളരെയേറെ സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

a ഊർജ്ജസ്വലരായ പുതിയ അംഗങ്ങളെ ചേർത്ത് ഭരണ സമിതി രൂപീകരിക്കുന്നതിന് ഉടൻ നടപടികൾ സ്വീകരിക്കുക.

b ഭരണസമിതി രൂപീകരിച്ചതിനുശേഷം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ മേഖലകളിലായി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

c വ്യത്യസ്ത ആവശ്യങ്ങൾ ഫണ്ടുകൾ ചുരുങ്ങിയ പലിശ നിരക്കിൽ നൽകുക.

4. കൊണ്ടോട്ടി ബ്ളോക്ക് വനിതാ സഹകരണ സംഘം SIND (M)24

കൊണ്ടോട്ടി ബ്ളോക്ക് യൂനിയൻ മഹിളാ സമാജത്തിന്റെ കീഴിൽ പുളിക്കൽ മഹിളാ സമാജത്തിന്റെ പ്രവർത്തന ഫലമായി ശ്രീമതി ലീലാജി നമ്പ്യാർ, പി. പ്രമീള കുമാരി, എം.വി. പങ്കജാക്ഷി എന്നിവരുടെ നേതൃത്വത്തിൽ 159 അംഗങ്ങളോട് കൂടി 6. 10. 76 ന് റജിസ്ട്രർ ചെയ്യുകയും 15. 11. 76 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തതാണ് ഈ സംഘം . നിലവിൽ 25 അംഗങ്ങളെ ഈ സംഘത്തിലുള്ളു. ഷെയർ സംഖ്യ വർദ്ധിപ്പിച്ചതാണ് അംഗങ്ങൾ കുറയാൻ കാരണമായത്.

ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം റെഡിമെയ്ഡ് ഉല്പാദനമാണ്. നേരിട്ടും പരോക്ഷമായും 10 വനിതകൾക്ക് തൊഴിൽ അവസരങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ട്. ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

a. ഷെയർ സംഖ്യ വർദ്ധിപ്പിച്ച് ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

b. ജീവനക്കാർക്ക് 80 ാം വകുപ്പ് ബാധകമാക്കുക.

c. സർക്കാർ ഗ്രാൻറുകൾ നൽകുക.

d. സ്ക്വാഷ്, ജാം, അച്ചാർ മുതലായ ഉല്പന്നങ്ങളും സോപ്പ് നിർമ്മാണം, മെഴുക്തിരി മുതലായവ ഉല്പാദിപ്പിക്കാൻ നിയമഭേദഗതി വരുത്തി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

5. സ്ക്കൂൾ സഹകരണസംഘം

സ്കൂൾ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ 2 എണ്ണമുണ്ട്. പുസ്തകവിതരണം മാത്രം നടത്തിവ രുന്നു. എല്ലാ വിദ്യാലയങ്ങളിലും സംഘങ്ങൾ സ്ഥാ പിക്കുക.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. പുളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന് ഒള വട്ടൂരിലും, അരൂരിലും, പുതയേടത്ത് പറമ്പിലും, കൊട്ടപ്പുറത്തും ബ്രാഞ്ചുകൾ തുറക്കുന്നതിനാവ ശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.
2. പുളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ സായാഹ്ന ശാഖ പുളിക്കൽ അങ്ങാടിയിൽ തുറ ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ക്കുക.
3. ക്ഷീരോൽപാദക സഹകരണ സംഘം എല്ലാ വാ ർഡിലും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരി ക്കുക.
4. കരിങ്കൽ തൊഴിലാളികളെയും, ചെങ്കൽ തൊഴിലാ ളികളെയും സംഘടിപ്പിച്ച് ഒരു കരിങ്കൽ വ്യവസാ യ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ്. ആയതിനാൽ ഭവനനിർമ്മാണ സംഘം രൂപീകരി ക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയോ, അത ല്ലെങ്കിൽ നിലവിലുള്ള സർവ്വീസ് സഹകരണ ബേ ങ്കുകൾ വഴി വായ്പാ വിതരണം നടത്തുകയോ ചെയ്യുക.
6. മാർക്കറ്റിങ്ങ് വിപണന സഹകരണ സംഘം രൂപീ കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
7. ജനങ്ങളുടെ പൊതുജനാരോഗ്യത്തിന്റെ സംരംക്ഷ ണത്തിനു വേണ്ടി സഹകരണ ആശുപത്രി സ്ഥാ പിക്കുന്നതിന് നടപടികൾ ആരംഭിക്കുക.
8. വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി സഹക രണ കോളേജ് സ്ഥാപിക്കുന്നതിന് വേണ്ട നടപ ടികൾ സ്വീകരിക്കുക.
9. ജനങ്ങൾക്ക് ന്യായമായ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നതിന് കൺസ്യൂമർ സഹക രണസംഘം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിക്കുക.
10. എംപ്ലോയിസ് ക്രഡിറ്റ് സഹകരണ സംഘം രൂ പീകരിക്കുക.
11. അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുന്നതിന് നടപടികൾ സ്വീക രിക്കുക.
12. കശുമാങ്ങയിൽ നിന്ന് ശീതളപാനീയം, ജാം, എന്നി ല ഉണ്ടാക്കുന്നതിന് കശുവണ്ടി സഹകരണ സംഘം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരി ക്കുക.
13. സഹകരണ കോഴി വളർത്തൽ കേന്ദ്രം രൂപീകരി ക്കുന്നതിന് നടപടികൾ ആരംഭിക്കുക.
14. കർഷകരുടെ ഭാരിച്ച ചിലവുകൾ ചുരുക്കുന്നതിന് ഗ്രൂപ്പ് ഫാമിങ് സഹകരണ സംഘം രൂപീകരി ക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
15. വനിതകളുടെ ഉന്നമനത്തിനുവേണ്ടി തുന്നൽ വ നിതാ വ്യവസായ സഹകരണസംഘം പഞ്ചാ യത്തിൽ ആരംഭിക്കുക
16. കയർ സഹകരണസംഘം രൂപീകരിക്കുന്നതിന് നട പടികൾ ആരംഭിക്കുക.
17. സഹകരണ ബുക്ക് ബൈഡിംഗ്, സഹകരണ പ്രസ്സ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
18. കൃഷി വികസനത്തിന്നാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് വാർഡുകളിൽ കാർഷിക വിക സന ബാങ്ക് ശാഖയോ, ജില്ലാ സഹകരണ ബാ ങ്കിന്റെ ശാഖയോ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.


മറ്റ് നിർദ്ദേശങ്ങൾ

a. പുളിക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ വ്യ ക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ലാ എന്ന ആരോ പണം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അർഹമായ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തുക
b. സഹകരണ സംഘങ്ങളുടെ പ്രസക്തി സംബന്ധിച്ച് പഞ്ചായത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും, പ്രവർത്തനങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.


3. സഹകരണ സംഘങ്ങളിൽ നിന്നും കർഷകന് ലഭിക്കേണ്ട ആനുകൂല്യം യഥാസമയം ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
4. എല്ലാ വാർഡിലെ സ്കൂളുകളിലും സഹകരണ സംഘം ആരംഭിക്കേണ്ടതും, വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്താൻ പ്രോത്സാഹനം നൽകുകയും ചെയ്യുക. പുസ്തകങ്ങൾക്കും മറ്റു ആവശ്യസാധനങ്ങൾക്കും സബ്സിഡി ഏർപ്പെടുത്തുക. രക്ഷാകർതൃസമിതിയുടെ അദ്ധ്യക്ഷനെ സ്കൂൾ സഹകരണസംഘം യോഗത്തിൽ പ്രത്യേക ക്ഷണിതാവായി വിളിക്കുകയും അഭിപ്രായങ്ങൾക്ക് അവസരം നൽകുകയും ചെയ്യുക.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പുളിക്കൽ പഞ്ചായത്തിലെ 12 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭ റിപ്പോർട്ട് കോർഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ചചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

ഗ്രാമസഭകളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ പുളിക്കൽ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



5.11
പട്ടികജാതിക്ഷേമം



പുളിക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10% പട്ടികജാതിവിഭാഗമാണ്. കാലാകാലങ്ങളിലുള്ള ഗവൺമെൻറ്നടപടികളുടെ ഫലമായി അൽപം പുരോഗതി നേടാനായെങ്കിലും സാമ്പത്തികമായും സാംസ്കാരികമായും ഈ വിഭാഗം ഇന്നും പിന്നോക്കം നിൽക്കുന്നു. പഞ്ചായത്തിലാകെ 20 അംഗീകൃത കോളനികൾ ഉണ്ട്. ഇതിൽ ഒന്ന് ഐ.എച്ച്.ഡി.പി. കോളനിയാണ്. കൂടാതെ 1 കോളനി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകൃത കോളനികളിലായി 494 കുടുംബങ്ങളും, അംഗീകാരത്തിനായി സമർപ്പിച്ച കോളനിയിൽ 15 കുടുംബങ്ങളും, ഒറ്റപ്പെട്ട് 113 കുടുബങ്ങളും ആകെ 622 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വസിക്കുന്നു. പട്ടികവർഗ്ഗക്കാരായി ഒറ്റകുടുംബവും ഈ പഞ്ചായത്തിൽ താമസിക്കുന്നില്ല.

സർക്കാർനടപടികളുടേയും മറ്റും ഫലമായി പല മാറ്റങ്ങളും വന്നെങ്കിലും ഈ വിഭാഗം ഇന്നും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്നു. മിക്കകുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയോ വീടോ ലഭ്യമല്ല. നിലവിലുള്ള വീടുകളിൽ അടിസ്ഥാനസൗകര്യങ്ങളായ കക്കൂസ്, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ല. വിദ്യാഭ്യാസ കാര്യങ്ങളിൽ ഈ വിഭാഗം മുന്നോട്ടുവന്നു തുടങ്ങിയിട്ടുണ്ടെങ്കിലും സാമ്പത്തിക കാരണങ്ങളാൽ പല കുട്ടികളും ഇടക്ക്വെച്ച് വിദ്യാഭ്യാസം നിർത്തുന്നു. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനംനേടാൻ പ്രസ്തുത വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്.

പട്ടികവിഭാഗത്തിൻെറ ഉയർച്ചക്ക്വേണ്ടി സർക്കാർ നടത്തുന്ന പല പദ്ധതികളും അതിൻെറ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, പ്രയാസമേറിയ സർക്കാർനടപടികളും നിബന്ധനകളും തുടങ്ങിയവ ഇതിൻെറ പ്രധാന കാരണങ്ങളാണ്. ഒറ്റപ്പെട്ട്ജീവിക്കുന്ന കുടുംബങ്ങളെ അപേക്ഷിച്ച് സർക്കാർനടപടികളുടെ ഫലമായി കൂടുതൽ നേട്ടം കോളനിനിവാസികൾക്കാണ് ലഭിച്ചത്.

ഒമ്പതാംപദ്ധതിയുടെ മുന്നോടിയായി പഞ്ചായത്തിലെ വാർഡ്തലങ്ങളിൽ നടത്തപ്പെട്ട സ്പെഷ്യൽ ഗ്രാമസഭ ഈ വിഭാഗം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളും അവയുടെ പരിഹാരത്തിന്വേണ്ട നിർദ്ദേശങ്ങളും സമഗ്രമായി ചർച്ചചെയ്യപ്പെട്ടു. ഗ്രാമസഭകളിൽനിന്നും ഉയർന്ന പ്രശ്നങ്ങളും അവക്കുള്ള നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർക്കുന്നു.

വിദ്യാഭ്യാസം

പഞ്ചായത്ത് തലത്തിൽ ഹരിജൻ വിഭാഗങ്ങളുടെ വിദ്യഭ്യാസനിലവാരം വളരെ പിന്നോക്കമാണ്. പൂർവ്വികരുടെ നിരക്ഷരതാവസ്ഥ പുതിയതലമുറയുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്ക് പ്രധാന ഹേതുവായി. ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ ആധിക്യം കാരണം മറ്റ് കുട്ടികളുമായി മൽസരിച്ച് പോകുവാനുള്ള ശേഷി നഷ്ടപ്പെടുന്നു. പഞ്ചായത്ത് തലത്തിൽ സർക്കാർസർവ്വീസിൽ ജോലിചെയ്യുന്നവരും, മറ്റ് സാങ്കേതിക വിദ്യാഭ്യാസം കരസ്ഥമാക്കിയവരും, ബിരുദധാരികളും കുറവാണെങ്കിലും S.S.L.C. വരെ പഠനം പൂർത്തിയാക്കിയ നിരവധി കുട്ടികൾ നിലവിലുണ്ട്. സാമ്പത്തികവും, കുടുംബഭാരവും, സർക്കാർപദ്ധതികളുടെ അറിവില്ലായ്മയും വേണ്ടത്ര പ്രോത്സാഹനവും ഉപദേശവും ലഭിക്കാത്തതുംകാരണം ഇത്തരക്കാരുടെ തുടർവിദ്യാഭ്യാസം മുരടിക്കുന്നതിന് പ്രധാന കാരണമാകുന്നു. വിദ്യാഭ്യാസരംഗത്ത് ഇവർക്ക് മറ്റ് സമുദായങ്ങളുടെ അതേ നിലവാരത്തിൽ എത്തുവാൻ സർക്കാർതലത്തിലും, ഗാർഹിക ചുറ്റുപാടുകളിലും മറ്റും മൽസരബുദ്ധിയോട് കൂടിയുള്ള ഒരു ചിട്ടയായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരവിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത്തലത്തിൽ താമസിച്ച് പഠിക്കാവാൻ സൗകര്യപ്രദമായ വിദ്യാഭ്യാസവും മറ്റ് തുറകളിൽ നിന്നുള്ള പ്രോത്സാഹനങ്ങളും ഉണ്ടായെങ്കിൽ മാത്രമേ ഒരു പരിധിവരെ വിദ്യാഭ്യാസ രംഗത്തുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

പട്ടിക - 1

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	I	മംഗലശ്ശേരി	17	183
2	I	കാരാട്ടുപുറായ്	27	142
3	I,II,V	ചാലി- പാലപറമ്പ്	76	480
4	IV	മൂലയിൽപുറായ്	15	90
5	V	പൂളക്കത്തടം	26	134
6	V	കോമ്പറമ്പ്	28	155
7	V	മാക്കൽ- കീരംകുഴി	30	142
8	VI	ചെന്നീരി	24	113
9	VI	ഉണ്ണിയത്തിപറമ്പ്	32	171
10	VII	മൂന്നിയൂർകുന്ന്	16	64
11	VII	മക്കക്കാട്	29	127
12	VIII	വലടിക്കൽ	15	87
13	X	ഇയ്യംകുന്ന്	20	78
14	X	പൈക്കാടത്ത്മൂല	24	167
15	X	കരിയാത്തംകോട്ട	25	112
16	X	അത്തിക്കോടൻകുഴി	15	63
17	X	തമ്പാറ	15	52
18	X	ചോലക്കരകുന്ന്	23	126
19	XI	ചെറുതൊടിപുറായ്	8	47
20	IV	നെല്ലികുന്ന് അംഗീകാരത്തിനുള്ളത്.	25	182
21	XI	പൂവ്വത്തി കണ്ടി- ചക്കിലകുഴി	11	72
		ഒറ്റപ്പെട്ട വീടുകളുടെ എണ്ണം	113	554
		ആകെ	614	3341

വിദ്യാഭ്യാസ - നിർദ്ദേശങ്ങൾ

വാർഡ്കേന്ദ്രീകരിച്ച് പുതിയ വിദ്യാഭ്യാസസ്ഥാപനം തുടങ്ങിയാൽ മംഗലശ്ശേരി, കാരാട്ട്പുറായി എന്നീ കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുവാൻ സാധിക്കും.

വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായി ഉയർത്തിക്കൊണ്ടുവരണം.

ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി വിദ്യാലയങ്ങളിലെ വിദ്യഭ്യാസനിലവാരം ഉയർത്താവുന്നതാണ്.

നീറാട് G.H.U.P.S ലേക്കുള്ള യാത്രാപ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തതിർത്തിയിൽ എത്തിനിൽക്കുന്ന റോഡിൽനിന്ന് മുക്കാൽ കിലോമീറ്റർ റോഡ് വെട്ടിയാൽ ഈ കോളനിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വളരെ ഉപകാരപ്രദമാകും.

വിദ്യാഭ്യാസ സാംസ്കാരിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്വേണ്ടി ഹരിജൻവിദ്യാർത്ഥികൾക്ക് മാത്രമായി മാതൃകാവിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുക.

കോമ്പറമ്പ്, മാക്കൽ എന്നീ കോളനികളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

വാർഡിൽ ഒരു റസിഡെൻഷ്യൽസ്കൂൾ സ്ഥാപിക്കുക.

ഉണ്യയത്തിപറമ്പ് ഹരിജൻകോളനിയിൽ അംഗൻവാടി സ്ഥാപിക്കുക. ഒരു L.P സ്കൂൾ കോളനിഉൾപ്പെടുന്ന സ്ഥലത്ത് ആരംഭിക്കുക.

വിദ്യാഭ്യാസചിലവുകൾ പ്രത്യേകമായി അനുവദിക്കുക.

വാർഡിൽ നേരിടുന്ന വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ നികത്തുന്നതിന് സഹായങ്ങൾ ചെയ്യുക.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകം പരിശീലനം നൽകുകയും, ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുക.

വിദ്യാഭ്യാസപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി തമ്പാറ, അത്തിക്കോടൻകുഴി, ഇയക്കുന്ന്, കരിയാത്തൻകോട്ട, പൈക്കാടത്ത്മൂല, ചോലക്കരകുന്ന്, എന്നീ കോളനികളിൽ ആധുനികസൗകര്യങ്ങളോട്കൂടിയ ഓരോ നഴ്സറിസ്കൂൾ സ്ഥാപിക്കുക. ഹരിജൻ കാളനികളിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരമാവധി ഒഴിവാക്കുക. വിദ്യാഭ്യാസമുള്ള ഒരു വീട്ടിൽ ഒരാൾക്കെങ്കിലും തൊഴിൽ നൽകുക, വിദ്യാഭ്യാസത്തിന് സാമ്പത്തികസഹയം അനുവദിക്കുക.

* കുട്ടികളുടെ വിദ്യഭ്യാസ നിലവാരം സംരക്ഷിക്കാൻ ഒരു പ്രീപ്രൈമറിസ്കൂൾ സ്ഥാപിക്കുക.
* സൈക്കണ്ടറിതലംവരെ സ്കൂൾപഠനചെലവ് സർക്കാർ വഹിക്കുക.
* പട്ടികജാതിവിദ്യാർത്ഥികൾക്ക്മാത്രമായി ഇംഗ്ളീഷ്മീഡിയംസ്കൂളുകൾ സ്ഥാപിക്കുക.
* ആധുനിക സൗകര്യങ്ങളോട്കൂടിയ നഴ്സറി - എൽ. പി. സ്കൂൾ സ്ഥാപിക്കുക.
* ഹൈസ്ക്കൂളുകൾ വൊക്കേഷണൽ ഹയർസെക്കണ്ടറിസ്കൂളുകളായി ഉയർത്തുക.
* സാങ്കേതിക സ്കൂൾ, പഞ്ചായത്തിലെ ഏതെങ്കിലും ഒരു കോളനിയിൽ സ്ഥാപിക്കുക.
* കോളേജ്പഠനം സമ്പൂർണ്ണ സൗജന്യമാക്കുക. അതിനുള്ള ചിലവ് സർക്കാർ വഹിക്കുക.
* പഞ്ചായത്തിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക
* ഉന്നതവിദ്യാഭ്യാസത്തിനു ഉതകുന്നവിധത്തിൽ ലൈബ്രറി ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.

വിദ്യാഭ്യാസ പ്രശ്നങ്ങൾ

ഹരിജൻ കോളനികളിലെ മിക്ക രക്ഷിതാക്കളും കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുന്നില്ല.

വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ കാണുന്ന പിന്നോക്കാവസ്ഥ.

ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ നിന്നും അനുവദിക്കുക.

കുട്ടികളെ സ്കൂളിൽ പറഞ്ഞയക്കാൻ മിക്ക കുടുംബങ്ങളും ശ്രദ്ധിക്കുന്നില്ല.

സാമ്പത്തിക പിന്നോക്കാവസ്ഥമൂലമാണ് കൂടുതൽ കുട്ടികൾക്കും പഠനം പൂർത്തിയാക്കാൻ സാധിക്കാത്തത്.

രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും കാരണമാവുന്നു.,

വിദ്യാഭ്യാസത്തിന് വേണ്ടത്ര സാമ്പത്തിക സഹായം ഇല്ല.

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്നു. കൊഴിഞ്ഞ് പോക്ക് വളരെയധികം കാണപ്പെടുന്നു.

വിദ്യാർത്ഥികളുടെ യാത്ര വളരെ പ്രധാന പ്രശ്നമാണ്.

ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നു.

പ്രാഥമിക ആവശ്യങ്ങൾ

പാർപ്പിടം

സ്വന്തമായി ഒരു വീട് എന്നത് ഇന്ന് പല കുടുംബങ്ങളിലും ഒരു സ്വപ്നമായി അവശേഷിക്കുന്നു. സ്വന്തമായി വീട് ഇല്ലാത്ത ധാരാളം കുടുംബങ്ങൾ എല്ലാ കോളനികളിലും നിലനിൽക്കുന്നു. കാലങ്ങൾക്കുമുമ്പ് പണിതീർത്ത ലക്ഷംവീടുകൾ ജീർണ്ണിച്ച് ഇന്ന് നാശത്തിൻെറ വക്കിലാണ്. ലക്ഷംവീടുകൾ പുനരുദ്ധ

പട്ടിക. 2.

ആവശ്യമുള്ള വീടുകളും കക്കൂസുകളും

വാർഡ് നമ്പർ	കോളനിയുടെ പേര്	കോൺഗ്രീറ്റ്	ഓട്	ഓല	ആവശ്യമുള്ളത്	നിലവിലുള്ളത്	ഇല്ലാത്തത്
1	മംഗലശ്ശേരി	–	11	6	15	7	10
2	കാരാട്ടുപുറായ്	1	22	5	15	3	24
1,2,5	ചാലി- പാലപറമ്പ്	–	71	5	15	3	13
4	മൂലയിൽ പുറായ്	–	3	12	15	–	15
5	പൂളക്കതടം	–	22	4	15	16	10
5	കോമ്പറമ്പ്	–	8	20	28	5	23
5	മാക്കൽ- കീരം കുഴി	–	10	20	26	3	27
6	ചെന്നീരി	–	20	4	13	12	12
6	ഉണ്ണ്യത്തിപറമ്പ്	–	28	4	20	6	26
7	മൂന്നിയൂർകുന്ന്	–	10	6	12	4	12
7	മക്കക്കാട്	–	25	4	15	5	24
8	വലടിക്കൽ	–	10	5	15	2	13
10	ഇയ്യംകുന്ന്	–	18	2	5	–	20
10	പൈക്കാടത്ത് മൂല	–	5	19	19	–	24
10	കരിയാത്തം കോട്ട	–	3	22	31	–	25
10	അത്തിക്കോടൻകുഴി	–	6	9	9	–	15
10	തമ്പാറ	1	6	9	13	–	15
10	ചോലക്കരകുന്ന്	–	4	19	23	–	23
11	ചെറുതൊടിപുറായ്	–	4	4	4-		8
4	നെല്ലിക്കുന്ന്(നുഞ്ഞല്ലൂർ)	–	8	17	23	–	25
	അംഗീകാരത്തിനുള്ളത്						
11	പൂവ്വത്തികണ്ടി- ചക്കികുഴി	–	9	2	8	1	10

രിക്കുവാനോ നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ ണി നടത്തുവാനോ ഇത്വരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അംഗീകൃത കോളനികളിലായി 614 കുടുംബങ്ങൾ താമസിക്കുന്നുവെങ്കിലും 236 കുടുംബ ങ്ങൾക്ക് ഓട്മേഞ്ഞ വീടുകൾ ലഭ്യമല്ല. ഒറ്റപ്പെട്ട്താമ സിക്കുന്ന 113 കുടുംബങ്ങളിൽ 38 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. ഇവരിൽ പല കുടുംബങ്ങളും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന വായ്പയെ ടുത്ത് കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണ്.

കക്കൂസ്

ഭൂരിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി കക്കൂ സ് ഇല്ല. ഇതിന്റെ ഫലമായി ആരോഗ്യവും, സാമൂ ഹികപരവുമായ പല പ്രശ്നങ്ങളും അനുഭവിക്കുന്നു. കോളനികളിൽ ആകെ 156 പേർ സ്വന്തമായി കക്കൂ സ് ഉള്ളവരും 458 ആളുകൾ സ്വന്തമായി കക്കൂസ് ഇല്ലാത്തവരുമാണ്. കൂടാതെ ഒറ്റപ്പെട്ട കുടുംബങ്ങളിൽ 25 കുടുംബങ്ങൾക്ക് കക്കസ് ഉണ്ടെങ്കിലും 88 കുടുംബ ങ്ങൾക്ക് നിലവിൽ കക്കൂസ് ഇല്ല. മിക്ക കുടുംബ ങ്ങൾക്കും സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തികശേഷിയില്ല. വിശദവിവരങ്ങൾ പട്ടിക 2 കാണുക.

പാർപ്പിടം (ഗ്രാമസഭാ റിപ്പോർട്ട്)

പ്രശ്നങ്ങൾ

W.1 സ്വന്തമായി വീട് ഇല്ലാത്തവർ ഉണ്ട്

W.2 30 ൽപരം കുടുംബങ്ങൾക്ക് സ്വന്തം വീട് ഇല്ല.

W.4/8. 10 ൽപരം കുടുംബങ്ങൾക്ക് സ്വന്തം വീട് ഇല്ല

W.5. ഭൂരിഭാഗം ആളുകൾക്കും സ്വന്തമായി വീടില്ല. ഭൂരിഭാഗം ആളുകൾക്കും വീട് നിർമ്മിക്കുന്ന തിന് സ്വന്തമായി ഭൂമിയില്ല. മിക്ക വീടുകളും ഓലമേഞ്ഞതും കുടിലുകളുമാണ്.

W.6 ലക്ഷംവീടുകൾ പുതുക്കിപ്പണിയുക

W.7. താമസിക്കുവാൻ വീടില്ലാത്തവരും സ്ഥലംഇല്ലാ ത്തവരുമായി 40 ൽപരം കുടുംബങ്ങൾ ഉണ്ട്.

W.8. വീടില്ലാത്ത നിരവധി കുടുംബങ്ങൾ ഉണ്ട്

W.10. കൂടുതൽ വീടുകളും ഓലമേഞ്ഞവയാണ്.

W.11. വീടില്ലാത്ത കുടുംബങ്ങൾ ഉണ്ട്.

W.12. കൂട്ടുകുടുംബ വ്യവസ്ഥയിൽ കൂടുതൽ ആളുക ൾക്ക് വീട് ആവശ്യമായി വരുന്നു.

നിർദ്ദേശങ്ങൾ

W.1 ഓലവീടുകൾ ഉണ്ട്. അവ ഓടിട്ട് നൽകുക.

W.4. ചിലവ് കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി നിർമ്മിക്കുക.

W.5 വീടുവെക്കുവാൻ സർക്കാർ നൽകുന്ന ധന സഹായം വർദ്ധിപ്പിക്കുക.
15,000 രൂപയിൽനിന്നും 30,000 രൂപയാക്കി ഉയ ർത്തുക

,, വീട് പുതുക്കിപണിയുവാൻ ധനസഹായം നൽകുക.

കുടിവെള്ളം

പഞ്ചായത്തിലെ മിക്ക കോളനികളിലും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു. കോളനികളിൽ ശുദ്ധ ജലമെത്തിക്കുന്നതിന് യാതൊരു നടപടികളും ഇത് വരെ സ്വീകരിച്ചിട്ടില്ല. പ്രാഥമിക ആവശ്യത്തിന് പോലും വെള്ളംകിട്ടുവാൻ വളരെ ദൂരം താണ്ടേണ്ട അവസ്ഥയാ ണ് നിലവിലുള്ളത്. ചില കോളനികളിൽ കിണറുകൾ ഉണ്ടെങ്കിലും മിക്കതും ഉപയോഗ്യശൂന്യമാണ്. കൃഷി വകുപ്പ്മുഖേന വളരെ കുറച്ച്പേർക്ക് മാത്രമേ കിണ റുകൾ ലഭ്യമായിട്ടുള്ളു. മിക്ക ഗ്രാമസഭകളിലും ഉയ ർന്ന് വന്ന ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്ന തിന് ടാങ്കുകൾ നിർമ്മിച്ച് പൈപ്പ്ലൈൻ മുഖേന വെള്ളം ലഭ്യമാക്കേണ്ടാതാണ്. കൂടുതൽ വിവരങ്ങൾ ക്ക് പട്ടിക.3. നോക്കുക.

ഈ മേഖലയിലെ പ്രധാനപ്രശ്നങ്ങൾ (പാർപ്പിടം)

- പല കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി ഇല്ല.
- സ്വന്തമായി വീടില്ലാത്തതും, നിർമ്മിച്ച വീടുകൾ അറ്റകുറ്റപണി നടത്താത്തതുമായ പല കുടുംബ ങ്ങളും പഞ്ചായത്ത്പരിധിയിൽ ഉണ്ട്.
- വർഷങ്ങൾക്ക്മുമ്പ് പണിതീർത്ത ലക്ഷം വീടുകൾ ഇന്ന് ജീർണ്ണിച്ച് നാശത്തിന്റെ വക്കിലാണ്.
- വീട്നിർമ്മാണത്തിന് സർക്കാർ ലഭ്യമാക്കുന്ന ധ നസഹായം അപര്യാപ്തമാണ്.
- മിക്ക കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ല ഭ്യമല്ല.
- ഒരു കോളനിയിലും ശുദ്ധജലവിതരണം നിലവി ലില്ല.

ജലവിതരണം. 3

ജലവിതരണം - ടാപ്പ്

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	പൊതു കിണർ	ജലവിതരണം നിലവിലുള്ളത്	ആവശ്യമുള്ളവ
01	1	മംഗലശ്ശേരി	ഇല്ല	ഇല്ല	ഉണ്ട്
02	1	കാരാട്ട് പുറായി	ഉണ്ട്	ഇല്ല	ഭാഗികം
03	2,3,5	ചാലി- പാലപറമ്പ്	ഉണ്ട്	ഇല്ല	ഉണ്ട്
04	4	മൂലയിൽ പുറായ്	ഇല്ല	ഇല്ല	ഉണ്ട്
05	5	പൂളക്കത്തടം	ഉണ്ട്	ഇല്ല	ഉണ്ട്
06	5	കോമ്പറമ്പ്	ഉണ്ട്	ഇല്ല	ഉണ്ട്
07	5	മാക്കൽ കീരൻകുഴി	ഇല്ല	ഇല്ല	ഉണ്ട്
08	6	ചെന്നീരി	ഉണ്ട്	ഇല്ല	ഉണ്ട്
09	6	ഉണ്ണ്യത്തിപറമ്പ്	ഉണ്ട്	ഇല്ല	ഉണ്ട്
10	7	മൂന്നിയൂർകുന്ന്	ഇല്ല	ഇല്ല	ഉണ്ട്
11	1,2,7	മക്കക്കാട്	ഉണ്ട്	ഇല്ല	ഉണ്ട്
12	8	വലടിക്കൽ	ഇല്ല	ഇല്ല	ഉണ്ട്
13	10	ഇയ്യക്കുന്ന്	ഉണ്ട്	ഇല്ല	ഉണ്ട്
14	10	വൈക്കാടത്ത് മൂല	ഉണ്ട്	ഇല്ല	ഉണ്ട്
15	10	കരിയാത്തൻ കോട്ട		ഇല്ല	ഉണ്ട്
16	10	അത്തിക്കോടൻ കോട്ട		ഇല്ല	ഉണ്ട്
17	10	തമ്പാറ		ഇല്ല	ഉണ്ട്
18	10	ചോലക്കരകുന്ന്		ഇല്ല	ഉണ്ട്
19	11	ചൊറുതൊടി പുറായ്	ഇല്ല	ഇല്ല	ഉണ്ട്
20	04	നൂഞ്ഞല്ലൂർ(നെല്ലിക്കുത്ത്)	ഇല്ല	ഇല്ല	ഉണ്ട്

നിർദ്ദേശങ്ങൾ

- ❑ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുക.
- ❑ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുകയും നിലവിലുള്ള വീടുകൾ അറ്റകുറ്റപണി നടത്തുന്നതിന്വേണ്ട ധനസഹായം ലഭ്യമാക്കുക.
- ❑ സർക്കാർ നടപ്പാക്കുന്ന ഭവനപദ്ധതികളുടെ നടപടികൾ ലഘൂകരിക്കുക.
- ❑ ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങൾക്കും കോളനികളിലെ അതേ ആനുകൂല്യം ലഭ്യമാക്കുക.
- ❑ മിച്ചഭൂമിവിതരണത്തിൽ പട്ടികജാതിക്കാർക്ക് മുൻഗണനനൽകുക
- ❑ കെട്ടിടനിർമ്മാണ സഹകരണ യൂണിറ്റ് സ്ഥാപിച്ച് അതിന്റെ കീഴിൽ സന്നദ്ധതൊഴിലാളിസേന രൂപീകരിച്ച് ഭവനനിർമ്മാണത്തിനുള്ള ചിലവ് ചുരുക്കുക.
- ❑ പട്ടികജാതിക്കാരെ വീട്ടുനികുതി, ഭൂനികുതി എന്നിവയിൽനിന്നും ഒഴിവാക്കുക.
- ❑ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുക.

കൃഷി

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും ഉപജീവനത്തിനായി കാർഷികമേഖലയെ ആശ്രയിച്ച് കഴിഞ്ഞുവന്നവരായിരുന്നു. എന്നാൽ കാർഷികമേഖലയിൽ പൊതുവെ കാണപ്പെടുന്ന മാന്ദ്യംനിമിത്തം കാർഷികമേഖലയിലെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ട്കൊണ്ടിരിക്കുന്നു. സ്വന്തമായി കാർഷിക ആവശ്യത്തിന് ഭൂമിയുള്ളവർ നാമമാത്രമാണ്. ഉപജീവനത്തിനായി അന്യരുടെ കൃഷിപാടങ്ങളെയാണ് ആശ്രയിക്കുന്നത്. പുതിയ ആസൂത്രണത്തിന്റെ ഭാഗമായി കാർഷികഉപകരണങ്ങൾ, വളം, അനുബന്ധ ജോലികൾ എന്നിവയുടെ ചിലവ് അനുദിനം വർദ്ധിച്ച് വരുന്നു. അതുകൊണ്ട്തന്നെ കൃഷി ഇന്ന് പലരും ഉപേക്ഷിക്കുന്നു. നെല്ല്, വാഴ, മരച്ചീനി, വിവിധയിനം പച്ചക്കറികൾ എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന കാർഷിക വിളകൾ. അന്യരുടെ ഭൂമികൾ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തുവരുന്നത്. ധാന്യത്തെക്കാൾ അധികം ഇവർക്ക് ലഭിക്കുന്നത് കന്നുകാലി തീറ്റയായ വൈക്കോൽ ആണ്. സ്വന്തമായി പച്ചക്കറി തോട്ടമോ, അടുക്കള തോട്ടമോ ആരും വെച്ച് പിടിപ്പിച്ചിട്ടില്ല. ഒരു വർഷത്തിൽ ചിലസീസണിൽ മാത്രമേ ഇവർക്ക് ജോലി ലഭിക്കുന്നുള്ളൂ. ശേഷിച്ച കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും ജീവിതചിലവുകൾ താങ്ങാവുന്നതിലും അധികമാണ്. പരമാവധി പത്ത്സെന്റ് സ്ഥലം മാത്രമുള്ള ഈ വിഭാഗത്തിന് കൃഷി ഒരു നിത്യവരുമാനമായി കൊണ്ട് പോകുവാൻ കഴിയുന്നില്ല

നിർദ്ദേശങ്ങൾ

- കൃഷിഭൂമി മണ്ണിട്ട് നികത്തുന്നത് തടയുക.
- സ്വന്തമായി അടുക്കളത്തോട്ടവും, കൃഷിത്തോട്ടങ്ങളും ഉണ്ടാക്കുക.
- കാർഷിക ആവശ്യങ്ങൾക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക
- പമ്പ്സെറ്റ്, കാർഷിക വിളകൾ, വളം എന്നിവ പൂർണ്ണമായി സബ്സിഡി നിരക്കിൽ യഥാസമയങ്ങളിൽ കർഷകർക്ക് ലഭ്യമാക്കുക.
- കർഷകർക്ക് ആറ് മാസമെങ്കിലും തൊഴിൽ ഉറപ്പ് വരുത്തുക.

വൈദ്യുതി

പഞ്ചായത്തിലെ മുഴുവൻ കോളനികളിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. കേവലം കോളനികൾ മാത്രമാണ് വൈദ്യുതീകരിച്ചത്. ബാക്കി വരുന്ന കോളനികൾ എത്രയും വേഗം വൈദ്യുതീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു. ഇരുട്ടിൽ ആഞ്ഞുകിടക്കുന്ന കോളനികളെ വെളിച്ചത്തിന്റെ പാതയിൽ കൊണ്ടുവരുന്നതിലൂടെ ഈ വിഭാഗത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്തികൊണ്ടുവരുവാൻ കഴിയുന്നതാണ്.

പഞ്ചായത്തിലെ മൊത്തം വൈദ്യുതീകരിച്ച കോളനികളുടെ കണക്കുകൾ പട്ടിക 4ൽ ചേർത്തിരിക്കുന്നു.

ഒറ്റപ്പെട്ട കുടുംബങ്ങളെ ഇത്തരം പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം പരിഗണന നൽകേണ്ടത് അത്യാവശ്യമാണ്. വയറിങ്ങ് പൂർത്തിയായ എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തുകയുംചെയ്യുന്നതോടെ ഇത്തരം കോളനികളിലെ വൈദ്യുതിപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

പട്ടിക.4

വൈദ്യുതി

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ് നമ്പർ	വൈദ്യുതി	
			ഉണ്ട്	ഇല്ല
1	മംഗലശ്ശേരി	1	–	ഇല്ല
2	കാരാട്ടുപുറായ്	1	–	ഇല്ല
3	ചാലി- പാലപറമ്പ്	2,3,5	ഉണ്ട്	–
4	മൂലയിൽ പുറായ്	4	–	ഇല്ല
5	പൂളക്കതടം	5	ഉണ്ട്	–
6	കോമ്പറമ്പ്	5	–	ഇല്ല
7	മാക്കൽ - കീരംകുഴി	5	–	ഇല്ല
8	ചെന്നീരി	6	ഉണ്ട്	–
9	ഉണ്ണ്യത്തിപറമ്പ്	6	ഉണ്ട്	–
10	മുന്നിയൂർ കുന്ന്	7	–	ഇല്ല
11	മക്കക്കാട്	1,2,7	–	ഇല്ല
12	വലടിക്കൽ	8	–	ഇല്ല
13	ഇയ്യംകുന്ന്	10	ഉണ്ട്	–
14	പൈക്കാടത്ത് മൂല	10	–	ഇല്ല
15	കരിയാത്തം കോട്ട	10	–	ഇല്ല
16	അത്തിക്കോടൻ കുഴി	10	–	ഇല്ല
17	ചോലക്കര കുന്ന്	10	–	ഇല്ല
18	ചെറുതൊടി പുറായ്	11	–	ഇല്ല
19	നൂഞ്ഞല്ലൂർ (നെല്ലിക്കുന്ന്)	4	–	ഇല്ല
20	തമ്പാറ	10	–	ഇല്ല
	അംഗീകാരത്തിനുള്ളത്.			
21	പുവ്വത്തികണ്ടി- ചക്കിലകുഴി	11	–	ഇല്ല
	ആകെ		5	16

പട്ടിക. 5

ഗതാഗതം

ക്രമ:ന:	കോളനിയുടെ പേര്	ടാർചെയ്തത്	ടാർ ചെയ്യാത്തത്	പുതിയ റോഡ് ആവശ്യമുള്ളത്
1	മംഗലശ്ശേരി	ഉണ്ട്	-	ഉണ്ട്
2	കരാട്ട് പുറായ്			
3	ചാലി- പാലപ്പറമ്പ്	ഉണ്ട്	-	ഉണ്ട്
4	മൂലയിൽ പുറായ്	ഇല്ല		
5	പുളക്കതടം	ഇല്ല	ഉണ്ട്	-
6	കോമ്പറമ്പ്	ഇല്ല	ഉണ്ട്	ഉണ്ട്
7	മാക്കൽ കീരം കുഴി	ഇല്ല	ഉണ്ട്	ഉണ്ട്
8	ചെന്നീരി	ഇല്ല	ഉണ്ട്	ഉണ്ട്
9	ഉണ്ണ്യത്തിപറമ്പ്	ഇല്ല	ഉണ്ട്	ഉണ്ട്
10	മുന്നിയൂർ കുന്ന്	ഇല്ല	ഇല്ല	ഉണ്ട്
11	മക്കക്കാട്	ഇല്ല	ഇല്ല	ഉണ്ട്
12	വലടിക്കൽ	ഇല്ല	ഇല്ല	ഉണ്ട്
13	ഇയ്യകുന്ന്	ഇല്ല	ഉണ്ട്	ഉണ്ട്
14	പൈക്കാടത്ത് മൂല	ഇല്ല	ഉണ്ട്	ഉണ്ട്
15	കരിയാത്തംകോട്ട	ഇല്ല	ഉണ്ട്	ഉണ്ട്
16	അത്തിക്കോടൻ കുഴി	ഇല്ല	റോഡ് ഇല്ല	ഉണ്ട്
17	തമ്പാറ	ഇല്ല	ഉണ്ട്	ഉണ്ട്
18	ചോലക്കര കുന്ന്	ഇല്ല	റോഡ് ഇല്ല	ഉണ്ട്
19	ചെറുതൊടി പുറായ്	ഇല്ല	ഇല്ല	ഉണ്ട്
20	നുഞ്ഞല്ലൂർ(നെല്ലിക്കുന്ന്)	ഇല്ല	ഉണ്ട് ഉണ്ട്	
	അംഗീകാരത്തിനുള്ളത്.			
21	പുവ്വത്തികണ്ടി- ചക്കിലകുഴി	ഇല്ല	ഇല്ല	ഉണ്ട്

നിർദ്ദേശങ്ങൾ

- എല്ലാ അംഗീകൃതകോളനികളും വൈദ്യുതീകരിക്കുക.
- കോളനികളിലെ എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക.
- എല്ലാ കോളനികളിലും ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

റോഡുകൾ

പഞ്ചായത്തിൽ പട്ടികജാതി കോളനികളിലെ റോഡിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. മിക്ക കോളനികളിലും ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല. കേവലം 2 കോളനികളിൽ മാത്രമാണ് ടാറിട്ട റോഡുകൾ ഉള്ളത്. റോഡ് തീരെ ഇല്ലാത്ത 5 കോളനികൾ ഉണ്ട്. വിവിധ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ പഞ്ചായത്തിൽ വളരെ കുറവാണ്. അതിനാൽതന്നെ പുതിയ റോഡുകൾ അത്യാവശ്യമായി വരുന്നു. ആശുപത്രികൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലേക്ക് എത്തുവാൻ ഇതുകാരണം വളരെയധികം സമയമെടുക്കുന്നു. വാഹനങ്ങൾ ആവശ്യത്തിന് ലഭിക്കുകയും ചെയ്യുന്നില്ല. കോളനി റോഡുകൾ ടാറിടുകയും തെരുവ്വിളക്കുകൾ സ്ഥാപിക്കുകയും ചെയ്താൽ കോളനിയിലേയും അല്ലാത്തവർക്കും ഒരുപോലെ പ്രയോജനപ്പെടും. കൂടുതൽ വിവരങ്ങൾ പട്ടിക 5ൽ നോക്കുക.

നിർദ്ദേശങ്ങൾ

1. പുതിയ റോഡുകൾക്ക് അംഗീകാരം കൊടുക്കുമ്പോൾ ഹരിജൻ കോളനികൾക്ക് മുൻഗണന കൊടുക്കുക
2. എല്ലാ റോഡുകളും ടാറിട്ട് ഗതാഗതയോഗ്യമാക്കുക.
3. റോഡുകളിൽ തെരുവ്വിളക്കുകൾ സ്ഥാപിക്കുക
4. കോളനികളിൽനിന്നും ആശുപത്രികൾ, സ്കൂളുകൾ എന്നിവ ഉള്ള സ്ഥലങ്ങളിലേക്കുള്ള റോഡുകൾ നിർമ്മിക്കുക.
5. എല്ലാ റോഡുകളും ഒരു പൊതുകേന്ദ്രമായി ബന്ധിപ്പിക്കുക.

ആരോഗ്യം

പഞ്ചായത്തിലെ P.H.C സെൻററിന്റെ പ്രയോജനം വേണ്ട രീതിയിൽ എല്ലാ കോളനിനിവാസികൾക്കും ലഭ്യമാകുന്നില്ല. മാരകമായ രോഗങ്ങൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും അതിന്വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കി എടുക്കേണ്ടതുമാണ്. മിക്ക കോളനികളിൽനിന്നും കിലോമീറ്ററുകൾ താണ്ടി വൻനഗരങ്ങളിലെ ചികിത്സാചിലവ് വഹിക്കുവാൻ പഞ്ചായത്തിലെ സാമ്പത്തികശേഷിയില്ലാത്ത കോളനി കുടുംബങ്ങൾക്ക് സാധിക്കുന്നില്ല. ആവശ്യമായ പോഷകാഹാരം കുട്ടികൾക്ക് നൽകുവാൻ കൂലിപ്പണിക്കാരായ കോളനിനിവാസികൾക്ക് സാധ്യമല്ല. ഇത് കാരണം ആരോഗ്യമുള്ള ഒരു ജനത ഇത്തരക്കാരിൽ ഇല്ലാതാവുന്നു. ആരോഗ്യരംഗം പുഷ്ടിപ്പെടുന്നതിന് ആരോഗ്യബോധവൽക്കരണ ക്ളാസുകൾ എല്ലാ കോളനികളിലും സംഘടിപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

- കോളനികളിൽ നിന്നും തെരഞ്ഞെടുത്ത അംഗങ്ങൾക്ക് പരിശീലനംനൽകി ഹെൽത്ത് വളണ്ടിയർമാരായി നിയമിക്കുക.
- പ്രഗത്ഭ ഡോക്ടർമാരെ ഉൾപ്പെടുത്തി ആരോഗ്യസെമിനാറുകൾ ബോധവൽക്കരണക്ളാസുകൾ എന്നിവ മൂന്ന് മാസത്തിലൊരിക്കൽ എല്ലാ കോളനികളിലും സംഘടിപ്പിക്കുക.
- എല്ലാ കോളനികളിലും P.H.C, വില്ലേജ് ഹെൽത്ത് ഗൈഡ് എന്നിവരുടെ സേവനം ഉറപ്പ് വരുത്തുക.
- മാരകരോഗങ്ങൾക്ക് അടിമയാകുന്നവർക്ക് ചികിത്സാധനസഹായ വിതരണത്തിന് പഞ്ചായത്ത്തലത്തിൽ ഫണ്ട് ലഭ്യമാക്കുക.
- കോളനികളുടെ എല്ലാ കുടുംബത്തിനും പ്രയോജനകരമാകത്തക്ക രീതിയിൽ ഒരു സഞ്ചരിക്കുന്ന ആശുപത്രി സ്ഥാപിക്കുക.

സാംസ്കാരികം

തനതായ നാടൻ കലകൾ ഇന്ന് പിൻതുടർച്ചക്കാരില്ലാതെ മൺമറഞ്ഞ് പോയിരിക്കുന്നു. വിവാഹം, ദേശീയ ആഘോഷങ്ങൾ എന്നീ അവസരങ്ങളിൽ കൊണ്ടാടിയിരുന്ന ചവിട്ട് കളി, കോൽക്കളി, കുറത്തിപാട്ട്, പൂരംകളി, പൂതപ്പാട്ട് എന്നിവ പരിപോഷിപ്പിക്കാനാവശ്യമായ ഒരു സ്ഥാപനമോ സംഘടനകളോ കോളനികളിൽ ഇല്ല. ഇത്തരം കലകൾ സംരക്ഷിക്കേണ്ടത് ആവശ്യമാകുന്നു.

അന്ധവിശ്വാസത്തിന്റേതായ ഒരു അന്തരീക്ഷമാണ് മിക്ക കോളനികളിലും കാണുന്നത്. പരസ്പര സഹിഷ്ണുത വളർത്തുവാൻ, അതിലൂടെ പുരോഗതിയിലേക്ക് കുതിക്കുവാൻ ഒരൊറ്റ ജനതയെ വാർത്തെടുക്കുവാൻ, സാംസ്കാരികനായകൻമാരെ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. ഫിലിം പ്രദർശനം, സെമിനാറുകൾ, മാതൃസംഗമം, പഠനക്ലാസുകൾ, പഠന വിനോദയാത്രകൾ, കാർഷിക വികസന യാത്രകൾ എന്നിവയിലൂടെ നാം എന്തിന് എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു. അതിനുള്ള അവസരങ്ങളും, ആവശ്യമായ സാമ്പത്തിക സഹായങ്ങളും കോളനികൾ കേന്ദ്രീകരിച്ച് നടപ്പിൽ വരുത്തുക.

എല്ലാ കോളനികളിലെയും തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി പഠന വിനോദയാത്രകൾ സംഘടിപ്പിക്കുക.

എല്ലാ കോളനികളിലും ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

എല്ലാ കോളനികളിലും ലൈബ്രറി, വായനശാല സൗകര്യങ്ങൾ ഉണ്ടാക്കുക.

പൊതുകാര്യങ്ങൾ

- പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 35% മെങ്കിലും ഈ വിഭാഗത്തിലേക്ക് നീക്കിവയ്ക്കുക.
- ചെലവ് കുറഞ്ഞ രീതിയിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
- എല്ലാവിധ ആനുകൂല്യങ്ങളും ചിട്ടയായും യഥാസമയങ്ങളിലും വിതരണം ചെയ്യുക.
- സർക്കാർ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുക.
- പഞ്ചായത്ത്തലത്തിൽ ഈ വിഭാഗക്കാർക്ക് അനുവദിക്കാവുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് മോണിറ്ററിംങ്ങ് കമ്മിറ്റി രൂപീകരിക്കുക.
- ഐ.എച്ച്.ഡി.പി. പദ്ധതി 5, 6, 10 വാർഡുകളിലെ കോളനികളെകൂടി ഉൾപ്പെടുത്തുക.
- എല്ലാ കോളനികളിലും കളർ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
- എല്ലാ കോളനികളിലേക്കും പൊതുവഴികൾ സ്ഥാപിക്കുക.
- മദ്യപാനം അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ എല്ലാ കോളനികളിലും സംഘടിപ്പിക്കുക.
- കോളനികളിലേക്ക് വാഹനഗതാഗതം ഏർപ്പെടുത്തുക.
- എല്ലാ കോളനികളിലും കുഴൽകിണറുകൾ സ്ഥാപിക്കുക.
- അരൂരിൽ ഒരു ഹോമിയോആശുപത്രി സ്ഥാപിക്കുക.
- മണ്ണൊലിപ്പ് തടയുന്നതിന് നടപടികൾ സ്വീകരിക്കുക.
- എല്ലാ കോളനികളിലും പൊതുകിണർ, പൊതുകുളം എന്നിവ നിർമ്മിക്കുക
- സാംസ്കാരികനിലയം സ്ഥാപിക്കുക.
- പൊതുശ്മശാനം അനുവദിക്കുക.
- അരൂരിൽ ഒരു പൊതുസ്റ്റേഡിയം അനുവദിക്കുക.
- ടെലഫോൺബൂത്ത് ഐ.എച്ച്.ഡി.പി. കോളനിയിൽ അനുവദിക്കുക.
- ഐ.ആർ.ഡി.പി. മുഖേന എല്ലാവർക്കും ലോൺ അനുവദിക്കുക.
- പാൽസൊസൈറ്റി അനുവദിക്കുക.
- നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക.

ജലസേചനം

W.1 മംഗലശ്ശേരി, കാരാട്ട്പുറായ് എന്നീ കോളനികളിലേക്ക് ടാപ്പ് മുഖേന വെള്ളം ലഭ്യമാക്കുക.

W 2,3,5 ചാലിയിൽനിന്നും വെള്ളം ശേഖരിച്ച് സലഫിയിൽ ടാങ്ക് നിർമ്മിച്ച് ചാലി - പാലപ്പറമ്പ് കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.

W 4,5 ആലക്കപറമ്പ്, കലാട്ട് ചോല, കരണിയിൽ എന്നീ പ്രദേശങ്ങളിൽനിന്ന് വെള്ളം ശേഖരിച്ച് കോമ്പറമ്പിൽ ടാങ്ക് നിർമ്മിച്ച് കോമ്പറമ്പ്, പൂളക്കതടം, മാക്കൻ കീരൻ കുഴി, മൂലയിൽ പുറായ്, നെല്ലിക്കുത്ത് എന്നീ കോളനികളിലെ ജലക്ഷാമം പരിഹരിക്കുക.

W 6,8 കൊരണിയിൽനിന്ന് വെള്ളം ശേഖരിച്ച് കാഞ്ഞിരത്തടായി ഉണ്യത്തിപറമ്പ് ചെന്നീരി, ഭാഗങ്ങ

ളിൽ ടാങ്ക് നിർമ്മിച്ച് ചെന്നീരി, ഉണിയത്തി പറമ്പ്, വലടിക്കൽ എന്നീ കോളനികളിലെ ജലക്ഷാമം പരിഹരിക്കാം.

W7 ആലുങ്ങൽ പാടത്ത് നിന്നും വെള്ളം ശേഖരിച്ച് മുന്നിയൂർ കുന്ന് മലയിൽ ടാങ്ക് നിർമ്മിച്ച് മൂന്നിയൂർ കുന്ന് മക്കക്കാട്, മംഗലശ്ശേരി കാരാട്ട് പുറായ് എന്നീ കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

W11 ഒളവട്ടൂർ, ചേളുംതാൽ തൊയലിൽ നിന്നും വെള്ളം ശേഖരിച്ച് ഉരുണ്ടടി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ചെറുതൊടി പുറായ്, ഇയ്യക്കുന്ന് എന്നീ കോളനികളിലെ ജലക്ഷാമം പരിഹരിക്കുക.

W10 കുറിയിൽ പള്ള്യാളിയിൽനിന്നും വെള്ളം ശേഖരിച്ച് കരിയാത്തൻ കോട്ട കോളനിയിൽ ടാങ്ക് നിർമ്മിച്ച് തമ്പാറ, ചോലക്കര പുറായ് എന്നീ കോളനികളിലെ ജലക്ഷാമം പരിഹരിക്കുക.

പൈക്കാടത്ത്നിന്നും വെള്ളം ശേഖരിച്ച് പൈക്കാടത്ത്മൂലയിൽ ടാങ്ക് നിർമ്മിച്ചാൽ പൈക്കാടത്ത്മൂല കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

കാർഷിക ഉപകരണങ്ങൾ, നടീൽ വസ്തുക്കൾ, എന്നിവ നൽകുക. മണ്ണൊലിപ്പ് തടയുവാൻ കയ്യാലകെട്ട്, ഒരു പൊതുകുളം എന്നിവ സ്ഥാപിക്കുക.

പൊതു നിർദ്ദേശങ്ങൾ

W1. അവശകുടുംബങ്ങൾക്ക് അർഹമായ പെൻഷൻ നൽകുക. തുടർവായനക്കാവശ്യമുള്ള പുസ്തകങ്ങൾ ലഭ്യമാക്കുക.

W3 പെൺകുട്ടികൾക്ക് സ്വയം തൊഴിൽകണ്ടെത്തുന്നതിനായി കുടിൽവ്യവസായങ്ങൾ ആരംഭിക്കുക. നിയമങ്ങളും നിബന്ധനകളും ലഘൂകരിക്കുക. ക്ഷീരോല്പാദന യൂണിറ്റ് സ്ഥാപിക്കുക.

W4 ഐ.ആർ.ഡി.പി. സർവ്വെയിൽ ഉൾപ്പെട്ടവർക്ക് വീട്, കക്കൂസ്സ് എന്നിവ നൽകുക. സാമൂഹ്യ ക്ഷേമവകുപ്പിൽനിന്ന് കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുക. കോളനിയിൽ പൊതുനടപ്പാതകൾ സ്ഥാപിക്കുക.

W5 സർക്കാർ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുക. ഈ വിഭാഗങ്ങളെ ചൂഷണങ്ങളിൽ നിന്നും വിമുക്തമാക്കുന്നതിന് പ്രത്യേക മോണിറ്ററിംങ്ങ് പഞ്ചായത്ത്തലത്തിലും വാർഡ്തലത്തിലും കമ്മിറ്റികൾ സ്ഥാപിക്കുക. കോമ്പറമ്പ്, മാക്കൽ, പൂളക്കതടം എന്നീ കോളനികളെ ഐ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തുക. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലേക്കായി പ്രത്യേക തൊഴിൽ ദാന പദ്ധതികൾ നടപ്പിൽ വരുത്തുക. ജാതി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ മുഖേന നൽകുക.

W.6 ഒരു സാധാരണ സംഘം സ്ഥാപിക്കുക.

W.8 കോളനിയിലെ മണ്ണൊലിപ്പ് തടയുക- കൂലി വേല ചെയ്യുന്നതിന് പണിയായുധുങ്ങൾ നൽകുക.

W.9 വനിതകൾക്ക് തുന്നൽ പരിശീലനം, കുടിൽ വ്യവസായം, ചെരിപ്പ് നിർമ്മാണം,- പരമ്പരാഗത വ്യവസായങ്ങൾ എന്നിവ ആരംഭിക്കാൻ ആവശ്യമായ പരിശീലനവും ധനസഹായവും നൽകുക. ആട്, പശു എന്നിവയെ വളർത്തുവാൻ സാമ്പത്തിക സഹായം നൽകുക.

W.10 വനിതകൾക്ക് തുന്നൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. ടെലഫോൺ ബൂത്ത് നിർമ്മിക്കുക, ഒരു ഹരിജൻ സൊസൈറ്റി സ്ഥാപിക്കുക.- വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഒരു വീട്ടിലെ ഒരാൾക്ക് ജോലി നൽകുക. വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക, പൊതുശുശാനം ഉണ്ടാക്കുക, ജീവനും സ്വത്തിനും ഇൻഷുറൻസ് ഏർപ്പെടുത്തുക, പത്ത് കിടക്കകളോട്കൂടിയ ഒരു ആശുപത്രി നിർമ്മിക്കുക., പൊതുകളിസ്ഥലം നിർമ്മിക്കുക, ഐ.ആർ.ഡി.പി മുഖേന എല്ലാവർക്കും ലോൺ അനുവദിക്കുക.- ഓരോ വീടിനും പുകയില്ലാത്ത അടുപ്പ് നിർമ്മിച്ച് കൊടുക്കുക, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, കുടിൽവ്യവസായങ്ങൾ അനുവദിക്കുക, പാൽ സൊസൈറ്റി സ്ഥാപിക്കുക, കൈവശപ്പെടുത്തിയ ശൂശാന ഭൂമി തിരിച്ച് നൽകുവാൻ നടപടികൾ സ്വീകരിക്കുക, ഭൂമിയില്ലാത്തവർക്ക് മിച്ച ഭൂമി നൽകുക, വായനശാല അനുവദിക്കുക, വിധവകളായ സ്ത്രീകൾക്ക് വിധവാ പെൻഷൻ അനുവദിക്കുക.


W11. നടപ്പാലം നിർമ്മിക്കുക, കയ്യാലകെട്ടുക

W12. സാമ്പത്തിക സഹായങ്ങൾ യഥാസമയങ്ങളിൽ

അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

- പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി കൂടുതൽ പട്ടികജാതി സഹകരണസംഘങ്ങൾ ആരംഭിക്കുകയും, അതിലൂടെ പായനെയ്ത്ത് കൊട്ടപരമ്പ് നിർമ്മിക്കൽ കൂടാതെ മറ്റ് കുലതൊഴിലുകൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിക്കുക.
- നാടൻ ചാരായ വാറ്റ് കേന്ദ്രങ്ങളിൽനിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശന മാർഗ്ഗങ്ങൾ സ്വീകരിക്കുക.

ഭൂതകാലത്തിന്റെ കൂഴികുമ്പിളിന്റെ കഞ്ഞിയിലൂടെ വിയർപ്പിന്റെ ഗന്ധമറിഞ്ഞ മണ്ണിന്റെ മക്കളിലൂടെ സാമൂഹിക- സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ അടിത്തട്ടിന്റെ ആഴങ്ങളിൽനിന്നും പതുക്കെ ഉയർത്തെഴുന്നേറ്റ് ഉച്ചനീചത്വങ്ങൾ നിർമ്മാർജ്ജനം ചെയ്ത ഒരു ജനത. സാമൂഹികസമത്വം കൈവരിച്ച് ഇന്ന് മറ്റുള്ളവർക്കൊപ്പം മുട്ടിയുരുമ്മി തോളോട്ചേർന്ന് വികസനത്തിന്റെ പാതയിൽ പല തുള്ളികളിൽ ഒരു തുള്ളിയായ് ഒരു നല്ല നാളെയുടെ പുലരിക്കായ് കാതോർക്കുന്നു.



5.12

വിഭവസമാഹരണം

മലപ്പുറം ജില്ലയുടെ പടിഞ്ഞാറെ ഭാഗത്തായി സ്ഥിതിചെയ്യുന്ന പൂളിക്കൽ പഞ്ചായത്ത് ഭൂപ്രകൃതിയുടെ വൈവിധ്യം കൊണ്ടുതന്നെ വികസന രംഗത്ത് വളരെയധികം പിന്നോക്കം നിൽക്കുന്നു.

ഭൂപ്രകൃതിയുടെ വൈവിധ്യം മറികടക്കുകയും വിഭവങ്ങൾ കണ്ടെത്തുകയും മനുഷ്യാധ്വാനം പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്താൽ നമ്മുടെ ഗ്രാമത്തിന് വികസനരംഗത്ത് കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയും.

ജനങ്ങളുടെ പ്രധാന വരുമാനമാർഗം കൃഷിയാണ്. പക്ഷെ അശാസ്ത്രീയമായ കൃഷിരീതിയും ഉൽപ്പാദനക്ഷമത കുറഞ്ഞ വിത്തുകളുടെ ഉപയോഗവും കാരണം കാർഷിക രംഗം മുരടിച്ചു നിൽക്കുകയാണിന്ന്. തൊഴിൽ രഹിതരുടെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ ഗ്രാമത്തിൽ തൊഴിൽ ദായകങ്ങളായ വ്യവസായശാലകളുടെ എണ്ണം പരിമിതമാണ്. ഇത് പരിഹരിക്കുന്നതിന്ന് ഗ്രാമത്തിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയണം. ഗ്രാമത്തിൽ ഇന്ന് നിലവിലുള്ള വിഭവങ്ങളോടൊപ്പം മനുഷ്യാധ്വാനവും ചിട്ടയോടെ, ഉപയോഗപ്പെടുത്തിയാൽ വികസനത്തിനുതകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

32764 ജനസംഖ്യയുള്ള നമ്മുടെ ഗ്രാമത്തിൽ 16538 പുരുഷൻമാരും 16226 സ്ത്രീകളുമാണുള്ളത്. അതിൽ 40 ശതമാനത്തോളം ആളുകൾ മാത്രമേ ഒരു തൊഴിലെടുത്തു ജീവിക്കുന്നുള്ളൂ. ബാക്കിയുള്ള മനുഷ്യശേഷി പഴായിപോവുകയാണ്. പാഴായി പോകുന്ന മനുഷ്യശേഷി ചെറുകിട വ്യവസായങ്ങളിലും വിവിധങ്ങളായ ഉത്പാദന മേഖലകളിലും ജെ. ആർ. വൈ. പദ്ധതി പോലെ പഞ്ചായത്തിലും മറ്റു വകുപ്പുകളിലും നടക്കുന്ന വികസന പ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന് വികസന രംഗത്ത് വളരെയേറെ മുന്നോട്ട് പോകാൻ കഴിയും.

പഞ്ചായത്തിലെ നിലവിലുള്ള വരുമാന മാർഗ്ഗങ്ങൾ

(പട്ടികാ അന്യത്രം)

പഞ്ചായത്തിലെ ചെലവ്-വ്യതിയാനം

(പട്ടിക - 2)

വരുമാന മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ. . . . .

കെട്ടിട നികുതി

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തുക. കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കുക. വീടുകളുടെ വലിപ്പവും അവയുടെ ആർഭാടവും കണക്കിലെടുത്ത് നികുതി നിരക്ക് പരിഷ്കരിക്കുക. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക. നികുതി പിരിക്കുന്ന തീയതിയും സ്ഥലവും വ്യക്തമായി ജനങ്ങളെ അറിയിക്കണം. (നിലവിലുള്ള സംവിധാനം പരിഷ്കരിക്കേണ്ടതുണ്ട്).

മറ്റു ധനാഗമന മാർഗ്ഗങ്ങൾ

പഞ്ചായത്തിൽ നടക്കുന്ന എല്ലാവിധ കരാർ പ്രവർത്തനങ്ങൾക്കും കാരാറുകാരിൽ നിന്ന് നിശ്ചിതസംഖ്യ ഈടാക്കാവുന്നതാണ്. കൃഷിക്കു പയുക്തമായ ഭൂമി തരിശിടുന്ന ഭൂവുടമകളിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. പഞ്ചായത്തിൽ നടക്കുന്ന മുഴുവൻ ഭൂമി കൈമാറ്റങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന സംഖ്യയുടെ നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കണം. കരിങ്കല്ല്, ചെങ്കല്ല് ഉടമകളിൽ നിന്ന് പ്രത്യേക നികുതി പിരിക്കാനുള്ള സംവിധാനം ഉണ്ടാവണം.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമായി നിലവിലുള്ള വിഭവങ്ങൾ എങ്ങിനെ ഉപയോഗിക്കാം- നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

കാർഷിക വിഭവങ്ങൾ

പഞ്ചായത്തിൽ ഏറ്റവും കൂടുതലുള്ള കാർഷിക വിഭവങ്ങളായ തേങ്ങ, അടക്ക, കശുവണ്ടി തുടങ്ങിയവ സംഭരിച്ച്, സംസ്കരിക്കുന്നതിന്നാവശ്യമായ കേന്ദ്രങ്ങളാരംഭിക്കാം. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമായി നടത്താവുന്നതാണ്. മാങ്ങ, ചക്ക, പപ്പായ, നേന്ത്രപ്പഴം, തുടങ്ങിയ വിഭവങ്ങളുപയോഗപ്പെടുത്തി ജാം, ജെല്ലി, സ്കാഷ്, അച്ചാറുകൾ എന്നിവ നിർമ്മിക്കുന്നതിന്നാവശ്യമായ ചെറുകിട വ്യാവസായ യൂണിറ്റുകൾ നടത്താവുന്നതാണ്.

ജലസമ്പത്ത്.

(ജലസ്രോതസ്സുകളുടെ പട്ടിക 3)

നിലവിലുള്ള ജലസമ്പത്ത് ഉപയോഗപ്പെടുത്തി കൃഷി മെച്ചപ്പെടുത്തുന്നതിന്നും മത്സ്യകൃഷി ആരംഭിക്കുന്നതിന്നും കഴിയും.

കോഴി, ആടുമാടുകൾ

(പട്ടിക 4)

ഗ്രാമത്തിലെ ജനങ്ങളുടെ ഭക്ഷണ രീതി പരിഗണിക്കുമ്പോൾ കോഴി, ആട്, മാടിറച്ചി ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഇന്നീഗ്രാമത്തിന്നാവശ്യമായ വിഭവത്തിൽ അൻപത് ശതമാനവും പുറത്തുനിന്ന് കൊണ്ട് വരികയാണ്. ഈ കാര്യത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കുന്നതിന്ന് പോൾട്രി ഫാമുകൾ ആരംഭിക്കാവുന്നതാണ്.

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പാൽ സംഭരിച്ച് ഉൽപാദകർക്ക് ന്യായവില കിട്ടുന്നതിനുള്ള സംവിധാനമുണ്ടാക്കാം. പാലുൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സംസ്ക്കരണ കേന്ദ്രങ്ങളും തുടങ്ങാവുന്നതാണ്. പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ ജൈവവളങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായാൽ - ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കാം.

ഔഷധത്തോട്ടങ്ങൾ

പഞ്ചായത്തിലെ ഓരോവീട്ടിലും ഓരോ ചെറിയ ഔഷധത്തോട്ടം നിർമ്മിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

സഹകരണ സംഘങ്ങൾ

സഹകരപണ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ ചെറിയതോതിലേ നടക്കുന്നുള്ളു. എല്ലാ മേഖലകളിലും ജനങ്ങളുടെ കൂട്ടായ്മ വളർത്തിയെടുക്കാൻ സഹകരണപ്രസ്ഥാനങ്ങൾ അനിവാര്യമാണ്. സഹകരണാടിസ്ഥാനത്തിൽ തയ്യൽ, പാൽ ഉൽപന്നങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പായനെയ്ത്ത് എന്നിവ ആരംഭിക്കാവുന്നതാണ്. - പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രാമുഖ്യം നൽകി വിവിധ കൈത്തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

പ്രകൃതി വിഭവങ്ങൾ

കരിങ്കല്ല്, ചെങ്കല്ല് എന്നിവ നമ്മുടെ പഞ്ചായത്തിൽ വളരെ സുലഭമായി ലഭിക്കുന്നു. ഈ മേഖലയിൽ ധാരാളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. (പട്ടിക 5 കാണുക.)

ഈ വ്യാവസായം ഇനിയും അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിന് കൂടുതൽ വരുമാനവും തൊഴിൽസാധ്യതയും വർദ്ധിപ്പിക്കാൻ സാധിക്കും.

മനുഷ്യാധ്വാനം

ഏറ്റവും പ്രധാന വിഭവമായ മനുഷ്യാധ്വാനമുപയോഗിച്ച് നാടിന്റെ വികസനം ത്വരിതപ്പെടുത്താനുള്ള നടപടിയാണിനി വേണ്ടത്. സന്നദ്ധ സംഘങ്ങളുടെ സഹായത്തോടെ അതാതു പ്രദേശത്തെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകാൻ പഞ്ചായത്തിന് കഴിയണം.

വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകാൻ എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സമിതി നിലവിൽ വരണം.

ബഹുജന സംഘടനകളുടെ സ്വാധീനമുപയോഗിച്ച് എല്ലാമേഖലയിലും വമ്പിച്ചമാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയണം.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
1. കെട്ടിടനികുതി	50937	108537	57600	53.69
2. വിനോദനികുതി	-	-	-	-
3. തൊഴിൽനികുതി	46548	50200	3652	7.27
4. ഉപാധി രഹിതനിധി	400000	500000	100000	25
5. എസ്.സി.പി.	-	-	-	-
6. ജെ.ആർ. വൈ.	450000	500000	5000	1
7. ഗ്രാൻറുകൾ, സംഭാവനകൾ	300000	380000	80000	26.65
ആകെ വരവ്	**1247482**	**1988737**	**741255**	**59.42**

പട്ടിക 2 ചെലവിനത്തിലെ വ്യതിയാനം

	1991-92	1995-96	വ്യത്യാസം	ശതമാനം
മൊത്തം ചെലവ്	250000	400000	150000	60

പട്ടിക 3

	കരിങ്കൽ	ചെങ്കൽ
ജോലി ചെയ്യുന്നവർ	40 പു.+സ്ത്രീ 100+200=300	40 പു.+സ്ത്രീ 150+50=200

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് കരിങ്കല്ല്, ചെങ്കല്ല് തുടങ്ങിയ വിഭവങ്ങളുടെ കയറ്റുമതിക്ക്മേൽ പഞ്ചായത്തിന് കീഴിൽ Toll സംവിധാനം ഏർപ്പെടുത്തുക.
2. ജിയോളജിയുടെ ലൈസൻസ് (ക്വോറികൾക്ക്) എക്സ് പ്ലോസീവ്, റോയൽറ്റി വകുപ്പുകൾ ഉദാരമാക്കി അനുവദിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയും - ക്വോറികൾക്ക് കരം ചുമത്തിയും മറ്റും വിഭവസമാഹരണം നടത്താം -


പട്ടിക 4 കാലിസമ്പത്ത്

വാർഡ്	പശു	ആട്	കോഴി
1	32	20	808
2	62	33	615
3	94	62	850
4	86	55	816
5	95	102	1215
6	43	28	560
7	36	30	445
8	82	48	640
9	95	106	1303
10	108	92	1325
11	68	37	812
12	55	65	789
ആകെ	**905**	**1678**	**10178**

കിണറുകൾ

പൊതുകിണർ		സ്വകാര്യകിണറുകൾ		കുഴൽകിണർ		
വെള്ളമുള്ളത്	ഇല്ലാത്തത്	വെള്ളമുള്ളത്	ഇല്ലാത്തത്	ഉപയോഗിക്കുന്നത്	ഉപയോഗിക്കാത്തത്	ആകെ
19	21	2948	1718	17	12	4735

കുളങ്ങൾ			തോടുകൾ
പൊതു	സ്വകാര്യം	ആകെ	
4	237	241	10



അദ്ധ്വാനത്തിന്റെ വിയർപ്പ്തുള്ളി അടങ്ങും മുമ്പ്
ന്യായമാക്കി അവന് വേതനം നൽകുക

നബിവചനം

6

ഉപസംഹാരം

ആസൂത്രണ ചരിത്രത്തിലെ പൊളിച്ചെഴുത്തായ ജനകീയാസൂത്രണം ബഹുജന പങ്കാളിത്തത്തോടെ നടപ്പിൽവരുത്തുന്നു എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ കുറിപ്പെഴുതുന്നത്. വികസന പ്രവർത്തനങ്ങൾക്ക് കൃത്യമായ ആസൂത്രണം വേണമെന്നും ഈ ആസൂത്രണങ്ങളാകട്ടെ ജനകീയതലത്തിൽ രൂപപ്പെടേണ്ടതാണെന്നുമുള്ള തീരിച്ചറിവിന്റെ സന്ദേശം മുഴുവൻ ജനങ്ങളിലും എത്തിക്കുവാൻ നമുക്ക് കഴിഞ്ഞു.

ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടമായ ഗ്രാമസഭകളിൽ നേരിട്ടറിഞ്ഞ ജനപങ്കാളിത്തം ഗുണപരമായ സൂചനകളായാണ് നാം കാണുന്നത്. നാടിന്റെ വികസനം എന്നത് ബഹുജനങ്ങളുടെ ആവശ്യവുമായി ബന്ധപ്പെടുത്തി അവരുടെ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകി സാദ്ധ്യമാക്കുകയാണ് പ്രധാനലക്ഷ്യം. റോഡും, പാലവും കെട്ടിട നിർമ്മാണവുമാണ് സമ്പൂർണ്ണ വികസനം എന്ന മിഥ്യധാരണയെ തിരുത്തുവാൻ പര്യാപ്തമായ പ്രചാരണമാണ് വ്യാപകമായി ഇവിടെ നടന്നത്. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന പുതിയ രീതിയാണ് ജനകീയവികസന ആസൂത്രണത്തിലൂടെ ഉണ്ടായിവരുന്നത്.

അഴിമതി-അരാചകത്വം-സ്വജനപക്ഷപാതം തുടങ്ങിയ സാമൂഹ്യ ജീർണ്ണതകൾ രാഷ്ട്രവ്യാപകമായി നിലനിൽക്കുന്ന സാഹചര്യത്തിൽ അഴിമതി വിമുക്തമായ സാമൂഹ്യവികസന പ്രക്രിയ നടത്താൻ ബഹുജനസഹകരണത്തിലൂടെ കഴിയും. ഇന്നത്തെ നിലയിൽ സാർവ്വത്രികമായ അഴികതിയിൽ നിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. വികസനകാര്യങ്ങളിൽ ജനപങ്കാളിത്തവും ജനശ്രദ്ധയും സ്വയം വിമർശനവും വളർത്തിയെടുത്ത് സംശുദ്ധവും സ്ഥായിയുമായ വികസനം കൈവരിക്കാൻ നമുക്ക് കഴിയണം.

വികസനത്തെക്കുറിച്ച് പറയുമ്പോഴൊക്കെ പ്രതികൂലമാകുന്നത് സമ്പത്തികമായിരിക്കും. സാമ്പത്തിക പരാധീനത കൊണ്ട് മാത്രം വികസന പ്രവർത്തനങ്ങൾ വഴിമുട്ടി നിൽക്കുന്ന ഒരു പാട് ഉദാഹരണങ്ങൾ ഓരോ ഗ്രാമത്തിലും ഉണ്ടാവും. വികസന പ്രക്രിയക്ക് വേണ്ടിയുള്ള സാമ്പത്തിക വിഭവ സമാഹരണത്തിന് അതതു പഞ്ചായത്തുകളിൽ സംവിധാനം ഉണ്ടാവണം. സർക്കാർ സഹായത്തിന് പുറമെ ഇതര ഏജൻസികളിൽ നിന്നും പദ്ധതി നടത്തിപ്പിന്നുള്ള സാമ്പത്തികം ശേഖരിക്കാനുള്ള ശ്രമം ഉണ്ടാവണം. ഇത്തരം പദ്ധതികൾ സമർപ്പിച്ച് ധനസഹായം ലഭ്യമാക്കാൻ ബഹുജനങ്ങളുടെ സഹകരണവും അത്യാവശ്യമാണ്. സമൂഹത്തിലെ പ്രശ്നങ്ങളെ മനോനിഷ്ടമായി വിലയിരുത്തുന്നതാണ് സാമൂഹിക രാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം. കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്ന രീതി വളർന്നുവന്നാൽ അനാവശ്യമായ തർക്കവിതർക്കങ്ങൾ ഒഴിവാക്കാൻ കഴിയും. ഐക്യതയോടെ വർത്തിക്കുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ ഇതുകൊണ്ടേ സാധ്യമാകുകയുള്ളൂ.

ആസൂത്രണ പ്രക്രിയ പൂർണ്ണമാകാൻ മനുഷ്യപ്രയത്നങ്ങൾ തന്നെ ആവശ്യമാണ്. നാടും നാട്ടുകാരെയും നേരിട്ട് അറിഞ്ഞ് ആവശ്യങ്ങളെ

ഭ്ടികപ്പെടുത്താനുള്ള ഊർജ്ജസ്വലത കൈവരണം. നാടിന്റെ മർമ്മമറിയാൻ നാട്ടുവഴികളിലൂടെയും, ഊട് പാതകളിലൂടെയും സംഘം ചേർന്നുള്ള പഠനപര്യടനം നടക്കണം. വിഭവ ഭൂപടങ്ങൾ നിർമ്മിക്കുകയും സാമൂഹ്യ സാമ്പത്തിക സർവ്വേ പൂർത്തീകരിക്കുകയും ആവശ്യമായ സമഗ്ര സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും വേണം. വിഭവ ഭൂപടങ്ങൾ, സർവ്വേറിപ്പോർട്ടുകൾ എന്നിവ എല്ലാവികസന പ്രക്രിയകൾക്കും വസ്തുനിഷ്ഠമായ അടിത്തറയാണ് നൽകുന്നത്.

വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് ആസൂത്രണം അർത്ഥവത്താകുന്നത്. വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനകൾ നിർണ്ണയിക്കാൻ ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കണം. മുൻഗണനാക്രമത്തിൽപദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്ക് ഉണ്ടാവണം. ചരിത്രപരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്ത് ജനവിഭവങ്ങൾ, ഭൂവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ പ്രാദേശിക പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം.ഗ്രാമ സഭകളിൽ ഗ്രൂപ്പ് ചർച്ച നടത്തിയ എല്ലാവിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് ടാസ്ക് ഫോഴ്സ് (കർമ്മസേന) കൾക്ക് കഴിയും. സർക്കാർ ഇതര ഏജൻസികളിൽ നിന്നും പരമാവതി സാമ്പത്തിക സമാഹരണം ലഭ്യമാവുന്നതിന് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടിവരും. ഓരോ ഏജൻസികളുടെയും നിബന്ധനകളെ വസ്തുനിഷ്ഠമായി പഠിച്ച് പ്രൊജക്ടുകൾ സമർപ്പിക്കുവാൻ അതതു വിഷയങ്ങളിൽ ഈ ടാസ്ക് ഫോഴ്സിന് സ്ഥിരമായും പ്രവർത്തിച്ചേ പറ്റൂ.

ഒരു പുതിയ സംവിധാനം എന്ന നിലയിൽ തുടക്കത്തിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുമെങ്കിലും സ്ഥായിയായ സംവിധാനമെന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഓരോ വിദഗ്ദ്ധ സമിതികൾക്കും കഴിയും. നേരത്തേ സൂചിപ്പിച്ചപോലെ ആസൂത്രണം അടിത്തട്ടിൽ നിന്ന് മേലോട്ടാവുന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദ വേലയല്ല മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന സാമൂഹിക ആയുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമ്പന്നമാക്കി കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷിരാഷ്ട്രീയത്തിന്നതീതമായി ജനത ഒറ്റക്കെട്ടായി വികസനരാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്ന് ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടെ ഗ്രാമസഭകളുടെയും ജനകീയ ശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈവികസനരേഖ പുളിക്കൽ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനുമുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി.

പുളിക്കൽ ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

കേരളാപഞ്ചായത്തീരാജ് ആക്ട് നിലവിൽ വന്നതിനു ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ അധികാരമേറ്റ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഒരു വർഷം പിന്നിടുന്ന ഘട്ടത്തിലാണ്, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നത് സാക്ഷരതാ പ്രവർത്തനഘട്ടങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന സന്നദ്ധ പ്രവർത്തകരെ സഹകരിപ്പിച്ചുകൊണ്ടാണ് നമ്മുടെ പഞ്ചായത്തിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും മുന്നേറുന്നത്. മുൻകാലങ്ങളെപ്പോലെ എല്ലാ തലങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. കക്ഷിഭേദമന്യേ എല്ലാ വിഭാഗമാളുകളും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോഴും തുടരുന്നത്. മുൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോധ്യമാകുന്നത് ബഹുജനങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെ വികസനപ്രവർത്തനങ്ങൾ നടത്താൻ സാധ്യമാകുന്ന പ്രദേശമാണ് പുളിക്കൽ ഗ്രാമപഞ്ചായത്ത് എന്നാണ്.

വികസനകാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകളിലും പരിപാടികളിലും പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നതിൽ ഈ പ്രദേശത്തെ മുഴുവൻ ആളുകളും തൽപരരാണ്. ഇത്തരം പുരോഗമന പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന എല്ലാവരെയും ആദ്യമായി അഭിനന്ദിക്കട്ടെ.

പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്ന പുതിയ കാലഘട്ടത്തിൽ പഞ്ചായത്ത് പൂർണ്ണമായും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. വികസനപ്രവർത്തനങ്ങൾ താഴേകിടയിൽ നിന്നും രൂപപ്പെടുത്തി നടപ്പിൽവരുത്തുക എന്നതാണ് പുതിയ സംവിധാനത്തിന്റെ പ്രത്യേകത. ഇതു നടപ്പിൽ വരാൻ പൊതുജനങ്ങൾ എല്ലാ രീതിയിലും സഹകരിക്കേണ്ടതുണ്ട്. എല്ലാവരും ഒത്തൊരുമിച്ച് നിന്നാൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും നടത്താൻ സാധിക്കും.

60 കളുടെ ആദ്യത്തിൽ രൂപീകൃതമായ നമ്മുടെ പഞ്ചായത്ത്, 90 കളുടെ അവസാനത്തിലേക്ക് കുതിക്കുമ്പോൾ,ഈ കാലഘട്ടത്തിനിടയിൽ നമുക്കഭിമാനിക്കാവുന്ന ഒരുപാട് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കാണാം. വികസനത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് ഓരോ പ്രദേശത്തും ദൃശ്യമാണ്. പഞ്ചായത്തിലെ റോഡുകളുടെകാര്യം പരിശോധിച്ചാൽ വിവിധ പ്രദേശങ്ങളുമായി നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ഒരു പാട് റോഡുകൾ നമുക്കുണ്ട്. റോഡുകളുടെ കാര്യത്തിൽ റിക്കാർഡുതന്നെ പുളിക്കൽ പഞ്ചായത്ത് സൃഷ്ടിച്ചിട്ടുണ്ട്.

പരേതനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് 60കളിൽപ്രവർത്തനോൽഘാടനം നടത്തിയെങ്കിലും വികസനം വഴിമുട്ടിക്കിടന്ന പുളിക്കൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത്കൂടി കടന്നു പോകുന്നതും ചീക്കോട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതുമായ 10 കി.മി. ദൈർഘ്യം വരുന്ന പുളിക്കൽ - ചെവിട്ടാണിക്കുന്ന് - വെട്ടുകാട് റോഡിന്റെ പ്രവർത്തനം 1994ൽ സർക്കാർ ഏറ്റെടുത്ത് ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നുണ്ട്. ഈ റോഡ് പഞ്ചായത്തിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലാണ്. പുളിക്കൽ, ആന്തിയൂർകുന്ന്, ഒളവട്ടൂർ പ്രദേശത്തുകാരുടെ പതിറ്റാണ്ടുകൾ പഴ

ക്കമുള്ള ഈ സ്വപ്നം യാഥാർത്ഥ്യമാകുന്നതിനു വേണ്ടി പഞ്ചായത്തു ബോർഡുമായി ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ചമുൻ എം. എൽ. എ. - കെ. കെ. അബുസാഹിബ്, പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന പി. കെ. കെ.ബാവ സാഹിബ് എന്നിവരെ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം സ്മരിക്കട്ടെ.

വിദ്യാഭ്യാസ സാംസ്കാരിക ആരോഗ്യ രംഗത്തുമെല്ലാം ഈ കാലഘട്ടത്തിൽ പുളിക്കൽ പഞ്ചായത്ത് തനതായവ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. 1990ൽ സാക്ഷരതായജ്ഞം കേരളത്തിൽ നടന്നപ്പോൾ കൊണ്ടോട്ടി പ്രൊജക്ടിലെ ഏറ്റവും നല്ല സബ് പ്രൊജക്ടിനുള്ള ജില്ലാ ട്രോഫി നമ്മുടെ പഞ്ചായത്ത് നേടുകയുണ്ടായി. സാമൂഹിക പ്രതിബന്ധതയോടെ ഇറങ്ങത്തിരിച്ച ഒരു കൂട്ടം പ്രവർത്തകരുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആവേശങ്ങളും നൽകിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിച്ചതിനാലാണ് ഇത്തരം ബഹുമതി കഴിഞ്ഞകാല ഭരണസമിതിക്കും പഞ്ചായത്തിനും നേടാൻ കഴിഞ്ഞത്.

തുടർസാക്ഷരതാ പ്രവർത്തന രംഗത്തും നമ്മുടെ പഞ്ചായത്ത് മികവു കാട്ടി. അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് സമിതി ദിനപത്രങ്ങളും നൽകുന്നു. പഞ്ചായത്തിലെ രണ്ട് സന്നദ്ധ സംഘടനകൾക്ക് കഴിഞ്ഞ വർഷങ്ങളിലായി ഓരോ ടി.വി. സെറ്റും നൽകി. തുടർന്നും ഇത്തരം പ്രവർത്തനങ്ങളുമായി പഞ്ചായത്ത് മുന്നോട്ട് പോകും.

കൊട്ടപ്പുറം ഗവ. ഹൈസ്കൂളിന്റെ വികസനത്തിന്നായി നടത്തിയിരുന്ന ശ്രമങ്ങൾ ഒരു പരിധിവരെ സക്ഷാത്കരിക്കപ്പെട്ടു. ഒളവട്ടൂർ പുതിയേടത്തുപറമ്പ്, തടത്തിൽ പറമ്പ് ഹൈസ്കൂളിന്റെയും കെട്ടിട വികസനത്തിന് ടെണ്ടർ ആയെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് പുളിക്കൽ പഞ്ചായത്തിനുണ്ടായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന്നായി എല്ലാ ശ്രമങ്ങളും പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും പഞ്ചായത്തു മേളകളും, കേരളോത്സവവും, ഓണോത്സവവുമെല്ലാം ഒരു ചടങ്ങായി മാത്രം സംഘടിപ്പിക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് അതിൽ നിന്നെല്ലാം വ്യത്യസ്തമായി പ്രൗഡിയോടെ വർഷാവർഷവും മേളകൾ സംഘടിപ്പിക്കുന്ന ചരിത്രം കൂടി നമുക്കുണ്ട്. യുവാക്കളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളെ ആവിധത്തിൽ പ്രോത്സാഹിപ്പിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധവെച്ചു.

നേരത്തെ സൂചിപ്പിച്ച പോലെ ഭരണത്തിന്റെ രണ്ടാം വർഷത്തിലേക്ക് പ്രവേശിച്ച പഞ്ചായത്ത് സമിതിക്കും അടുത്ത വർഷങ്ങളിൽ ചെയ്യാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ട്. പദ്ധതികളൊക്കെ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ആകും. കുടിവെള്ളത്തിന്റെ കാര്യവും, വൈദ്യുതീവത്കരണത്തിന്റെ കാര്യവും പ്രത്യേകമായി പരിഗണന അർഹിക്കുന്നു.

ജനകീയ പരിപാടികൾ

പുളിക്കൽ പഞ്ചായത്തിൽ ഓരോ വാർഡു തലത്തിലും ബന്ധപ്പെട്ട മെമ്പർമാരുടെ നേതൃത്വത്തിൽ വിഭവശേഖര ഗ്രൂപ്പുകൾ സജ്ജമാവുകയും, വാർഡുതലത്തിൽ വിദ്യാഭ്യാസം, തൊഴിൽ, കൃഷി തുടങ്ങി മറ്റു മേഖലകളിൽ സർവ്വേ നടത്തുകയും ചെയ്തു. ഇതിൽ ഫലപ്രദമായി നടത്താനായത് കാർഷിക വിദ്യാഭ്യാസ മേഖലകളിലെ പ്രവർത്തനം സമ്പന്ധിച്ചുള്ള സെമിനാറുകളും മറ്റു ബോധവത്കരണ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള സർവ്വേകളാണ്. വാർഡുകളിലുള്ള സന്നദ്ധ സംഘടനകളുടെയും മറ്റ് സാമൂഹ്യപ്രവർത്തകരുടെയും അകമഴിഞ്ഞ സേവനം ഇതിൽ ഫലപ്രദമായി വിനിയോഗിക്കപ്പെട്ടു. വീടുകളിൽ നിന്ന് ഭക്ഷണം മുതലായവ ലഭ്യമാവുകയും ചെയ്തു. സ്ത്രീകൾക്കിടയിൽ ബോധവൽകരണ ക്ലാസ്സുകൾ (ജനകീയാസൂത്രണത്തെ സംബന്ധിച്ചും മറ്റും) സംഘടിപ്പിക്കുകയുണ്ടായി, K.I.L.A. യുടെ നേതൃത്വത്തിൽ ലഭിച്ച ചെറിയ പ്രചാരണ മാധ്യമങ്ങളുപയോഗിച്ച് ഇതിനുവേണ്ട പ്രവർത്തനങ്ങൾ ആദ്യകാലങ്ങളിൽ ജനവിദ്യാകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് നടത്തുകയുണ്ടായി.

ജെ.ആർ.വൈ ഫണ്ട്, അൺടൈസ് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് അവികസിത പ്രദേശ

ങ്ങളിൽ റോഡുകളും പാലങ്ങളും നിർമ്മിക്കുവാനും ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഈ പഞ്ചായത്ത് ബോർഡിന് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സമൂലമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടി കൃഷി ഓഫിസിന്റെ സഹകരണത്തോടുകൂടി കാർഷിക സെമിനാറും കർഷകർക്ക് ശാസ്ത്രീയാടിസ്ഥാനത്തിലുള്ളകൃഷി രീതികളെക്കുറിച്ചുള്ള അവബോധവും സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിന് കക്കൂസുകൾ നിർമ്മിക്കുന്നതിന്നുവേണ്ടി 252 കുടുംബങ്ങൾക്ക് 2000 രൂപ വീതം നൽകുവാൻ തീരുമാനിക്കുകയും പകുതിയോളം ആളുകൾക്ക് ഇതു ലഭ്യമാക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകൾ വളരെ കുറവാണ്. പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിലുള്ള ചെറിയ മൺറോഡുകളുടെ അറ്റകുറ്റ പണികൾക്കും പുതിയതിന്റെ നിർമ്മാണത്തിനും അൺടൈസ് ഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം ബോർഡു നൽകുകയുണ്ടായിട്ടുണ്ട്. പുളിക്കൽ അങ്ങാടിയിൽ ഒരു മത്സ്യ മാർക്കറ്റിനുള്ള സ്ഥലം പഞ്ചായത്ത് പ്രാങ്ങുകയുണ്ടായി. കെട്ടിടം പണിയാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്നായി പല ഭാഗങ്ങളിലുള്ള പൊതു കിണറുകളും, കുളങ്ങളും നന്നാക്കാൻ വേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ നടത്തുകയുണ്ടായി. പാർപ്പിടം, കുടിവെള്ളം, ഗതാഗതം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് പ്രഥമപരിഗണന കൊടുത്തുകൊണ്ടുള്ള ഈ പ്രവർത്തനശൈലിയാണ് പഞ്ചായത്ത് നടത്തിവരുന്നത്. ബഹുജന പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തന പരിപാടികളാണ് പഞ്ചായത്ത് ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നത്.

സാമ്പത്തിക പരാധീനതയുള്ള പഞ്ചായത്തായിട്ടും, ഇത്രയും വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത്. ജനങ്ങളുടെ കൂട്ടായ്മ കൊണ്ട് കൂടിയാണെന്ന് തന്നെ പറയട്ടെ. എല്ലാവരും ഒരുമിച്ച് നിന്നാൽ ഇനിയും കൂടതൽ പുരോഗതി പ്രാപിക്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിയും.

അധികാരം ജനങ്ങളിലെത്താനും ഗുണം കൊയ്യാനുമുള്ള എല്ലാവരുടെയും താല്പര്യത്തെ അഭിനന്ദിക്കുന്നു.

പി. മൊയ്തീൻ മൗലവി

പ്രസിഡണ്ട് പുളിക്കൽ ഗ്രാമപഞ്ചായത്ത്



പുളിക്കൽ ഗ്രമപഞ്ചായത്ത് വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കെ.പി.അബ്ദുറഹിമാൻ മാസ്റ്റർ (കൺവീനർ)
റസാക്ക് പയമ്പ്രോട്ട് (കോഴ്സ് കോ- ഓർഡിനേറ്റർ)

1. കൃഷി - ജലസേചനം

M.K.മമ്മദിശ്ശ ഹാജി (ചെയർമാൻ)
M. അൻവർ (കൃഷി ഓഫീസർ) പുളിക്കൽ (കൺവീനർ)
M.C. ജാഫർ ഷരീഫ് (മൈനർ ഇറിഗേഷൻ)
M. സത്യദേവൻ (കൃഷി ഓഫീസർ)
P. മുഹമ്മദ്
P.M. മുഹമ്മദ് അബ്ദുറഹിമാൻ മാസ്റ്റർ
K.K. വീരാൻ മൊയ്തീൻ ഹാജി.

2. മൃഗസംരക്ഷണവും മത്സ്യബന്ധനും

P. മോയുട്ടി മൗലവി (ചെയർമാൻ)
ഡോ. കെ.നാരായണൻ
(വെറ്റിനറി സർജൻ കൊണ്ടോട്ടി)**കൺവീനർ**
സി. അഹമ്മദ് കുട്ടി
(അസി. ഫിഷറീസ് ഓഫീസർ)പൊന്നാനി.
E. അസ്സൻകോയ
K. കുഞ്ഞഹമ്മദ്
മഠത്തിൽ അബൂബക്കർ
U. അബ്ദുറഹിമാൻ
C. മുഹമ്മദ്കുട്ടി

3. വിദ്യാഭ്യാസം

P. അബ്ദുല്ല മാസ്റ്റർ (ചെയർമാൻ)
K.M. അബ്ദുല്ല മാസ്റ്റർ (കൺവീനർ)
K.P.O. അബൂബക്കർ മാസ്റ്റർ
(H.M., G.H.S. കൊട്ടപ്പുറം)
P.T. ബിച്ചിക്കോയ മാസ്റ്റർ
മലയിൽ ഖാലിദ് മാസ്റ്റർ
M. റഷീദ് മാസ്റ്റർ
മദനൻ മാസ്റ്റർ
കൈനാടൻ ബഷീർ

4. കുടിവെള്ളവും പൊതുജനാരോഗ്യവും

K.P. ബീരാൻ കുട്ടി
K. അബ്ദുറഹിമാൻ മാസ്റ്റർ
K.K. ഹൈദർ മാസ്റ്റർ
K.P. അബ്ദുള്ള കോയ
K. കൃഷ്ണൻ
K. മുഹമ്മദ് കുട്ടി മാസ്റ്റർ
K.M. മമ്മദ് കുട്ടി മാസ്റ്റർ
K.T. കുഞ്ഞഹമ്മദ്

5. വ്യവസായം

A.K. പോക്കരുട്ടി (ചെയർമാൻ)
K.P. മൂസകുട്ടി (കൺവീനർ)
P.P. മൊയ്തീൻ
K. അബ്ദുൽ മജീദ്
C.K. മുഹമ്മദ് കുട്ടി മാസ്റ്റർ
A.K. അബ്ദുൽ അസീസ്
P. സുന്ദരൻ
A.K. അബ്ബാസ് അലി
V.K. സലീം
K.P. മുജീബുറഹിമാൻ

6. ഗതാഗതവും ഊർജ്ജവും

C. ഖദീജ (ചെയർമാൻ)
C. മുഹമ്മദ് മാസ്റ്റർ (കൺവീനർ)
C. ഷൗക്കത്തലി
K.V. ഹുസ്സൻ കുട്ടി
മലയിൽ മുഹമ്മദ് കുട്ടി
M.V.A. വത്സരാജൻ മാസ്റ്റർ
P.N.V. അലി
P. അലവി ഹാജി

7. പാർപ്പിടവും സാമൂഹ്യക്ഷേമവും

P. സുഭദ്ര (ചെയർമാൻ)
P.P. മുഹമ്മദ് കുട്ടി (കൺവീനർ)
P. ശിവദാസൻ
K.P. അൻവർ
അബ്ദുൽ മജീദ് മാസ്റ്റർ
K.P. മുഹമ്മദലി മാസ്റ്റർ
P.P. മുഹമ്മദ് കുട്ടി.

8. സംസ്കാരം

P.M. അബ്ദുല്ലക്കുട്ടി മാസ്റ്റർ (ചെയർമാൻ)
ബാലകൃഷ്ണൻ (കൺവീനർ)
M.E. റസാക്ക്.
M. കാർത്തികേയൻ
നീലകണ്ഠൻ
ഹംസ കയനിക്കര
K.T. റഫീഖ്
K. ശ്രീധരൻ

9. വനിത

K. നദീറ (ചെയർമാൻ)
U. സരോജിനി (കൺവീനർ)
N. നഫീസ
P. വേലായുധൻ
പ്രമീള
A.K. സൽമത്ത്
K.T. സൈനബ
ശ്യാമള

10. സഹകരണം


P.P. മൂസ്സ (ചെയർമാൻ)
M. ശ്രീധരൻ (കൺവീനർ)
A. മണി
P.T. മൂസ്സക്കുട്ടി
T. അലി
K.P. കുഞ്ഞാപ്പു
K. വീരാൻകുട്ടി

11. പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം

C. വേലായുധൻ (ചെയർമാൻ)
A. ബഷീർ (കൺവീനർ)
K. വേലായുധൻ
K. നീലകണ്ഠൻ
K.കൃഷ്ണൻ
T.K. കുഞ്ഞിരായിൻ
N. കുഞ്ഞൻ
B. മാധവൻ


12. വിഭവസമാഹരണം

മേച്ചീരി സൽമാബി (ചെയർമാൻ)
മുരളീധരൻ (കൺവീനർ)
N. മുഹമ്മദ് മാസ്റ്റർ
രവീന്ദ്രൻ മാസ്റ്റർ
M. കാർത്തികേയൻ
M. അബ്ദു റഹീം
K.A. ബഷീർ



"പേനയും പെൻസിലും ഉപയോഗിക്കുന്ന ലാഘവത്തോടും അഭിമാനത്തോടും കൂടി ചൂലും മൺവെട്ടിയും സ്വമനസ്സാലെ പ്രയോഗിക്കുന്ന പ്രവർത്തകരുണ്ടായാൽ ഇൻഡ്യയിലെ ദുഖമനുഭവിക്കുന്ന മനുഷ്യസമൂഹത്തിന് ഇത് അപാരമായ പ്രയോജനമുണ്ടാക്കും"

ഗാന്ധിജി.


കാസറഗോഡ്
കണ്ണൂർ
വയനാട്
കോഴിക്കോട്
മലപ്പുറം
പാലക്കാട്
തൃശൂർ
ഇടുക്കി
എറണാകുളം
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം
ഇന്ത്യ

ആസൂത്രണചരിത്രത്തിലെ പൊളിച്ചെഴുത്ത് ജനകീയാസൂത്രണം



അധികാരം ജനങ്ങൾക്ക്

Ramakrishnan

Printed at MANGALAM offset press Kallai ,Calicut,Ph. 300063